# ഉദിയംപേരൂർ സൂനാദോസിന്റെ

# കാനോനാകൾ



ഈ പുസ്തകത്തിന്റെ കവറിൽ ചേർത്തിരിക്കുന്നതു കോ...
...ിയ പള്ളിയിലെ പ്രാചീന കുരിശിന്റെ രൂപമാണ്.
...ള്ള കുരിശുകൾ മലങ്കരയിൽ അപൂർവ്വമായി മററുചിലയ...
...ദ്രാസിനടുത്തു് സെൻറ് തോമ്മസ് മൗണ്ടു് എന്ന സ്ഥലത്തും
...ണ.

malankaralibrary.com

ക്രിസ്തുവർഷം 1599 ജൂലായിമാസം

20 മുതൽ 27-ാംനു-വരെ നടന്ന

# ഉദിയംപേരൂർ സൂനാദോസിന്റെ

# കാനോനാകൾ

ST. THOMAS APOSTOLIC SEMINARY LIBRARY
13951
KOTTAYAM

**കെ. എൻ. ഡാനിയേൽ**

കൂട്ടിച്ചേർത്തു

THE MALAYALAM BRANCH OF
THE CHRISTIAN LITERATURE SOCIETY FOR INDIA
(UNITED SOCIETY FOR CHRISTIAN LITERATURE)
MADRAS, BANGALORE, MYSORE, TIRUVALLA.

Personal Library
Fr. G. CHEDIATH
malankaralibrary.com

MALANKARA
LIBRARY

malankaralibrary.com

*First published, 1952.*

Copyright.

This book is published with aid from the Board of Christian Literature of the National Christian Council.

Printed by
LITERATURE PRESS
TIRUVALLA.

malankaralibrary.com

# ശുദ്ധിപത്രം

| പുറം | വരി | അബദ്ധം | സുബദ്ധം |
|---|---|---|---|
| 4 | 27 | നാം മൌത്വാ | രണ്ടാം മൌത്വാ |
| 6 | 7 | കർഡോനിലും | കർസോനിലും |
| ,, | 11 | കർഡോൻ | കർസോൻ |
| ,, | 12 | കർഡോനിൽ | കർസോനിൽ |
| 13 | 18,19 | കന്നാൽ | കടന്നാൽ |
| 57 | 19 | മന്നിച്ചും | വന്നിച്ചും |
| 61 | 6,7 | വാപാക്കടെ | വാവാക്കടെ |
| 65 | 3 | ഇടിപ്പടവും | ഇരിപ്പടവും |
| 66 | 6 | നിങ്ങൾക്കു | തിങ്ങൾക്കു |
| ,, | 9 | പാത്രിക്ക | പാദ്രിക്ക |
| 92 | 5 | ഉദയം | ഉഭയം |
| 94 | 15 | നെറി | തെറി (തേറി) |
| 118 | 18,19 | പെരുമാറുമാറാറ | പെരുമാറാറ |
| 122 | 8,9 | അംശത്തുംമൽ | അംശത്തുംമേൽ |
| 133 | 5 | ആയിതിന്ന | ആയിനിന്ന |
| 137 | 5 | എന്ന എന്ന | എന്ന |
| 142 | 8,9 | ത്രോമന്തോസ | ത്രേന്തോസ |
| 146 | 24 | പരിഞ്ഞിരുന്നു് | പിരിഞ്ഞിരുന്നു് |
| 174 | 11 | അതിൾ | അതിൽ |
| ,, | 15 | മെത്രാപ്പൊലീത്തായെ | മെത്രാപ്പൊലീത്തായൊട |
| 178 | 25 | ദൈവനെക്കുറിച്ചു | ദൈവത്തെക്കുറിച്ചു |
| 180 | 16 | വെക്കുംന്നതിനും | വെക്കുന്നതിനും |
| 188 | 12 | വരകയും | പറകയും |
| 193 | 8 | ചെയ്യുകയും | ചെല്ലുകയും |
| 216 | 20 | കാസൊയിക്കാ | കാസൊലിക്കാ |

malankaralibrary.com

# അവതാരിക

പതിനാറാംശതകത്തിൻെറ പ്രാരംഭത്തിൽ പറങ്കികൾ ഇവിടെ വന്നപ്പോൾ കേരളീയർക്ക് ജന്മസിദ്ധമായ അതിഥിസല്ക്കാരപ്രിയത്തോടുകൂടെ, വിശിഷ്യാ അവർ ക്രൈസ്തവരായ വിദേശീയർ എന്ന പ്രത്യേക താല്പര്യത്തോടുകൂടെ, കേരളത്തിലെ നസ്രാണികൾ അവരെ സ്വാഗതം ചെയ്തു. എന്നാൽ പറങ്കികൾക്കു ഇവിടെ കാലുറച്ച നാൾമുതൽ അവർ നസ്രാണികളെ നിഷ്കരുണമായി പീഡിപ്പിക്കാൻ തുടങ്ങി. നസ്രാണികളെ റോമൻ കത്തോലിക്കരാക്കിത്തീർക്കണമെന്നുള്ള ഉദ്ദേശത്തിലാണ് ഇവരെ അവർ പീഡിപ്പിച്ചത്. സാമം, ദാനം, ഭേദം, ദണ്ഡം എന്നീ ചതുരുപായങ്ങളും അവർ ഇവരുടമേൽ ഒരു ശതാബ്ദകാലത്തേക്കു പ്രയോഗിച്ചുനോക്കിയിട്ടും ഉദ്ദിഷ്ടകാര്യപ്രാപ്തി അസാദ്ധ്യമെന്നാണു കണ്ടത്.

അങ്ങനെ ഇരിക്കെ മെനേസിസ് എന്നു പേരായ ഒരു മഹാവീരൻ ഗോവായിൽ ആർച്ചു ബിഷോപ്പായി വന്നു. ഇദ്ദേഹം അനിതരസാധാരണമായ സാമത്ഥ്യവും ശ്ലാഘനീയമായ ധീരതയും അജയ്യമായ കർമ്മോദ്യുക്തതയും എന്തു വന്നാലും വിചാരിച്ചകാര്യം സാധിച്ചേ മടങ്ങു എന്നുള്ള ദൃഢനിശ്ചയവും ഉള്ള ആളായിരുന്നെന്നു മാത്രമല്ല പരിപൂർണ്ണമായ ശരീരസൌഖ്യത്തോടും നല്ല രക്തത്തിളപ്പുള്ള പ്രായത്തോടും—വയസ്സു മുപ്പത്തിയെട്ടു മാത്രം—കൂടിയ ആളായിരുന്നു. എന്നു മാത്രമല്ല ഉദ്ദിഷ്ട കാര്യപ്രാപ്തിക്കു ഇന്ന മാർഗ്ഗത്തിലൂടെ മാത്രമെ സഞ്ചരിക്കാവു എന്നു അദ്ദേഹം നിർബന്ധം പിടിച്ചിരുന്നില്ല. അദ്ദേഹം ഉപയോഗിച്ച വ്യാജപ്ര

malankaralibrary.com

യോഗങ്ങൾ അദ്ദേഹം തന്നെ രേഖപ്പെടുത്തിയിട്ടുണ്ടു്. ഇത്രമാത്രമൊ? ഗോവായിലെ ആർച്ചു ബിഷോപ്പു ഒരു വൈദികപ്രമുഖൻ മാത്രമല്ല, ഇന്ത്യയിലെ പറങ്കി ഗവമ്മെൻറിൻെറ രണ്ടാമത്തെ ഉദ്യോഗസ്ഥനുംകൂടെ ആയിരുന്നു. ഗവർണ്ണർമാർ മുതലായവരെല്ലാം അദ്ദേഹത്തിൻെറ കീഴിലായിരുന്നു. വൈസ്രോയി സ്ഥാനത്തിനു ഒഴിവുണ്ടായാൽ ആ സ്ഥാനം വഹിക്കേണ്ടതു ആർച്ചുബിഷോപ്പായിരുന്നു. ഈ മെനേസിസു തന്നെ വൈസ്രോയി ആയി ഏതാനും കാലം ഇരുന്നിട്ടുണ്ടു്.

ഇദ്ദേഹത്തിൻെറ ശ്രദ്ധ കേരളത്തിലെ നസ്രാണികളുടെമേൽ പതിഞ്ഞു, കേരളത്തിലേക്കു പുറപ്പെടുവാൻ തീരുമാനിച്ചു. 1599 ഫെബ്രുവരി 1-ാംതിയതി അദ്ദേഹം കൊച്ചിയിൽ വന്നിറങ്ങി. കേരളത്തിലെ നസ്രാണികളുടെ പരമാധിപതിയായ ഗീവർഗ്ഗീസ് അക്കദിയാക്കോനെ ഒരു അഭിമുഖ സംഭാഷണത്തിനായി ക്ഷണിക്കുന്ന ഒരു ഓല അയച്ചു. മെനേസിസു തൻെറ യാത്രാവിവരം മുഴുവൻ വിസ്താരമായി എഴുതിവച്ചിരുന്നതു ഗൊവെയാ എന്നൊരു പാദ്രിയെ ഏല്പിച്ചതു നോക്കി അദ്ദേഹം ഒരു പുസ്തകം എഴുതി 1606-ൽ പ്രസിദ്ധം ചെയ്തു. അതിൻെറ ഒരു കോപ്പി ഇരുന്നൂററിഅമ്പതു രൂപാ കൊടുത്തു തിരുവിതാംകൂർ സർവ്വകലാശാല വിലയ്ക്കു വാങ്ങി സൂക്ഷിച്ചിട്ടുണ്ടു്. ആ പുസ്തകത്തിൽനിന്നാണു് താഴെപ്പറയുന്ന വിവരങ്ങൾ എടുത്തിട്ടുള്ളതു്. അക്കദിയാക്കോൻ തൻെറ സഭയിലെ പ്രമുഖന്മാരെ ഓല അയച്ചു വരുത്തി ആലോചിച്ചതിൽ സഭയുടെ സ്വാതന്ത്ര്യത്തേയും ഉപദേശാചാരങ്ങളെയും എന്തു വന്നാലും അണുവോളമെങ്കിലും നഷ്ടപ്പെടുത്താൻ പാടില്ലെന്നും എന്നാൽ നിവൃത്തി ഉണ്ടെങ്കിൽ രക്തച്ചൊരിച്ചിൽ കൂടാതെ കഴിക്കണമെന്നും അവർ ഏകകണ്ഠമായി അഭി

malankaralibrary.com

പ്രായപ്പെട്ടു. ആർച്ചുബിഷോപ്പു പള്ളികളിൽ സഞ്ചരിക്കാൻ അനുവദിക്കാമെന്നും എന്നാൽ മേല്പട്ട സ്ഥാനത്തിന്റെ കർമ്മങ്ങളൊന്നും നടത്തുകയില്ലെന്നു അദ്ദേഹം വാഗ്ദാനം ചെയ്യണമെന്നും തീരുമാനിച്ചു. കൊച്ചിയിലേക്കു പോകുന്നതു വേണ്ട കരുതലോടുകൂടെ വേണമെന്നു നിശ്ചയിച്ചതനുസരിച്ച് ആയുധപാണികളായ മൂവായിരം സൈനികന്മാരുടെയും അവരുടെ നായകന്മാരായ രണ്ടു പണിക്കർമാരുടെയും അകമ്പടിയോടുകൂടെ അക്ദിയാക്കോൻ കൊച്ചിയിലേക്കു തിരിച്ചു. ഗവർണ്ണർ പടിവാതിൽവരെ ഇറങ്ങിച്ചെന്നു അക്ദിയാക്കോനെ ബഹുമാനപൂർവം സ്വീകരിച്ചു ആർച്ചുബിഷോപ്പിന്റെ അടുക്കലേക്കു ആനയിച്ചു. ആർച്ചുബിഷോപ്പ് അദ്ദേഹത്തെ ബഹുമാനിച്ചിരുത്തി. പറുങ്കികൾ വല്ല ചതിവും ചെയ്യാൻ മുതിരുന്ന പക്ഷം പ്രതികാരത്തിനു തയ്യാറായി രണ്ടു പണിക്കർമാരും ഊരിപ്പിടിച്ച വാളോടുകൂടെ ആർച്ചുബിഷോപ്പിന്റെ കസേരയോടു ചേർന്നുനിന്നു. വെളിക്കുള്ളവർ അകത്തേക്കു ഇരച്ചു കയറാതിരിക്കാനായി ഇതിനിടയിൽ ആരൊ വാതിൽ ഒന്നടച്ചു. അക്ദിയാക്കോനെ അറസ്റ്റു ചെയ്യുന്നു എന്നു ശങ്കിച്ചിട്ടു അദ്ദേഹത്തിന്റെ സൈനികന്മാർ കതകു ഇടിച്ചുപൊളിക്കാനായി ഓടി അടുത്തു. അപ്പോൾ കതകു തുറക്കുകയും യാതൊരാപത്തും ഇല്ലെന്നു അവരെ ബോധപ്പെടുത്തുകയും ചെയ്തു.

ആർച്ചുബിഷോപ്പു തന്റെ പള്ളികളിൽ സഞ്ചരിക്കുന്നതിനു അനുവദിക്കാമെന്നും മേല്പട്ട സ്ഥാനത്തിന്റെ കർമ്മങ്ങളൊന്നും നടത്തുകയില്ലെന്നു വാഗ്ദാനംചെയ്യണമെന്നും അക്ദിയാക്കോൻ പറകയും അതു ആർച്ചുബിഷോപ്പു സമ്മതിക്കയും ചെയ്തു. ഇങ്ങനെ ഈ കൂടി

malankaralibrary.com

ക്കാഴ്ച വിജയകരമായെന്നുള്ള ചാരിതാൎത്ഥ്യത്തോടുകൂടെ അൎക്കദിയാക്കോൻ തിരികെപോയി

പള്ളികളിൽ പ്രവേശം കിട്ടിക്കഴിഞ്ഞപ്പോൾ ആൎച്ച്ബിഷോപ്പിന്റെ മട്ടുമാറി. തൽഫലമായി വലിയ മത്സരം ഉണ്ടായി. ഈ മത്സരത്തിൽ രണശൂരന്മാരും നസ്രാണികളോടു തലമുറതലമുറകളായി സഹോദരഭാവേന വൎത്തിച്ചുപോന്നവരുമായ നായന്മാർ എന്തിനും തയ്യാറായി മുമ്പോട്ടുവന്നു. കേരളത്തിലെ രാജാക്കന്മാരും അവരുടെ വാത്സല്യപ്രജകളായ നസ്രാണികളുടെ പക്ഷത്തുതന്നെ നിന്നു. എന്നാൽ അതിവീരനായ ആൎച്ച്ബിഷോപ്പു പ്രധാനമായി ഭീഷണികൊണ്ടും ചിലപ്പോൾ കൈക്കൂലികൊണ്ടും രാജാക്കന്മാരെ ഒന്നിനു പുറകെ ഒന്നായി മുട്ടുമടക്കിച്ചു. അവർ വൈമനസ്യത്തോടെങ്കിലും ആൎച്ച്ബിഷോപ്പിനു കീഴ്പ്പെട്ടുവാനായി അൎക്കദിയാക്കോനെ ഹേമിച്ചുതുടങ്ങി. ഈ തികഞ്ഞ വൈരിയോടെതിരിടത്തക്ക പ്രാപ്തി ഇല്ലാതിരുന്ന അൎക്കദിയാക്കോൻ ഭയങ്കരമായ ഈ ദുൎഘടഘട്ടത്തിൽ നിരാശാഭരിതനായിച്ചമഞ്ഞു. മെനേസിസിന്റെ മുമ്പാകെ അടിപണിഞ്ഞു. 1599 ജൂലൈമാസം 20-ാംതീയതി (കൊല്ലം 774 മിഥുനം 11-ാംതീയതി*) ഞായറാഴ്ച തുടങ്ങി ഒരാഴ്ചത്തേക്കു ഉദയമ്പേരൂർ പള്ളിയിൽവച്ചു ഒരു സൂന്നാദോസു നടത്തണമെന്നു നിശ്ചയിക്കയും വിവരത്തിനു പള്ളികൾക്കു സൎക്കുലർ അയയ്ക്കയും ചെയ്തു. സൂന്നാദോസെന്ന പേരോടുകൂടെ നടത്തുവാൻ ഉദ്ദേശിച്ചിരുന്ന കൂട്ടത്തിലെ ആളുകളെക്കൊണ്ടു ഒപ്പു കുത്തിക്കുന്നതിനായി ഒട്ടുവളരെ നിശ്ചയങ്ങൾ മെനേസിസ്

---

* "മിഥുനം ഞായർ 21-ാംതീയതി" എന്നു നാം മൌത്വാ ഒന്നാം കാനോനായിൽ പറയുന്നതു മലയാളമാസമല്ല. ജൂൺ മാസത്തിനു മിഥുനം എന്നു പറക പതിവാണു്.

malankaralibrary.com

പറങ്കിഭാഷയിൽ എഴുതി ഉണ്ടാക്കി. മലയാളവും സുറിയാനിയും നല്ലപോലെ പഠിച്ചിരുന്ന റോസെന്നു പേരായ പറങ്കിപാതിരിയുടെ മേൽനോട്ടത്തിൽ ചില നാട്ടുപട്ടക്കാരെക്കൊണ്ടു അതിന്റെ സ്വതന്ത്രമായ ഒരു മലയാള പരിഭാഷ തയ്യാറാക്കിച്ചു.

ഗൊവെയാ പാദ്രി പറകയാണ്:–"മലങ്കര ഉള്ള ഏററം പ്രമുഖ്യന്മാരായ എട്ടു പട്ടക്കാരെ തിരഞ്ഞെടുക്കയും അവരെയും അൎക്കദിയാക്കോനേയും കൂട്ടിവരുത്തുകയും ചെയ്തിട്ടു സൂന്നാദോസിലേക്കായി താൻ എഴുതി വച്ചിരുന്ന നിശ്ചയങ്ങൾ ആൎച്ചുബിഷോപ്പു അവരെ വായിച്ചുകേൾപ്പിക്കയും അവരുടെ അഭിപ്രായം ചോദിക്കയും ചെയ്തു."......ഈ എട്ടു ആലോചനക്കാർ ചോദിച്ച ചോദ്യങ്ങൾക്കെല്ലാം അദ്ദേഹം മറുപടി കൊടുക്കയും അവയുടെ സത്യത്തെ തെളിയിക്കയും ചെയ്തു. വലിയ സാരമില്ലാത്ത ആചാരങ്ങളുടെ കാൎയ്യത്തിൽ എതിർപ്പുള്ള സംഗതികൾ ആവശ്യംപോലെ തിരുത്തി.........ജാതിപരമായ ആചാരവിഷയങ്ങൾ സംബന്ധിച്ചു വൈദികന്മാരല്ലാത്ത നാലു പ്രധാനന്മാരെ വിളിച്ചു ആലോചിച്ചു" (Jornada, Liv. I, Cap. XX).

ഇങ്ങനെയുള്ള നിശ്ചയങ്ങൾക്കു 133 പട്ടക്കാരും 20 ശെമ്മാശന്മാരും 660 അത്മായ പ്രതിനിധികളും ഗത്യന്തരമില്ലായ്കയാൽ ഒപ്പുകുത്തി. ഇതിന്റെ പോൎട്ടുഗീസ് കോപ്പി ഏഴുകൊല്ലത്തിന്റെ ശേഷം 1606-ൽ ഗൊവയാ അച്ചടിപ്പിച്ചു. അതിന്റെ ഇംഗ്ലീഷ് തൎജ്ജമ The History of Malabar by Dr. M. Geddes, Christianity in India by Rev. J. Hough, M. A. vol. II എന്നീ ഗ്രന്ഥങ്ങളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ടു. അന്നു തൊണ്ണൂറു പള്ളികൾ ഉണ്ടായിരുന്നു. പ്രധാന

malankaralibrary.com

പ്പെട്ടവ എഴുപത്തിരണ്ടു്. "എല്ലാ പള്ളികളിലെ വികാരിമര സൂനാദോസിൽ എഴുത്തപ്പെട്ടതു ഒക്കയും പേത്തു തന്റെ പള്ളിയിൽ വെക്കണം" എന്നും "പൊരുൾപടാർത്ഥ ഇല്ലാത്ത ദിവസം ഇപ്പൊസ്തകത്തിൽ എഴുത്തപ്പെട്ടവുത്താൽ ഏതാനും ലോകർക്ക വായിക്കയും കേൾപ്പിക്കയും വേണം" എന്നും ഇതു "മലയാഴ്മയിലും കർശോനിലും എഴുത്തപ്പെട്ട" എന്നും ഇതിന്റെ അവസാന കാനോനായിൽ പറഞ്ഞിരിക്കുന്നു. മലയാളം മുതലായ ഭാഷകൾ ഇംഗ്ലീഷ് അക്ഷരത്തിൽ എഴുതുന്നതുപോലെ സുറിയാനി അക്ഷരത്തിൽ മലയാളം എഴുതുന്ന രീതി ഉണ്ടു്. അതിനു കർശോൻ എന്നു പറയുന്നു. കർശോനിൽ എഴുതിയ ഒരു പഴയ കോപ്പി മാന്നാനം കോവേന്തയിലുണ്ടു്.

മലയാളം കോപ്പികൾ ക്രമേണ നഷ്ടപ്പെട്ടുപോയി. അടുത്തകാലത്തു ഞാൻ അഞ്ചു കോപ്പികൾ ശേഖരിച്ചു (1) മാന്നാനം കോൺവന്റിൽ സൂക്ഷിക്കപ്പെട്ടിരിക്കുന്ന മലയാള അക്ഷരത്തിലുള്ള കോപ്പി. അതിൽ ഇങ്ങനെ വായിക്കുന്നു:– "മശിഹാ പിറന്നിട്ടു 1768–ാംകാലം അന്നു കൊല്ലം തൊള്ളായിരത്തിനാല്പത്തിമൂന്നാമാണ്ടു കർക്കടകമാസം മൂന്നാംതീയതി എഴുതിയ പുസ്തകം. വരകാൽപുഴക്കാരൻ വെള്ളൂരു പൌലൂസു ശെമ്മാശ്ശു ആലങ്ങാട്ടു അപ്പൊസ്തലിക്കാ ശിമ്മനാരിയിൽ പഠിച്ചു നടക്കയിലെ എഴുതിയതെന്നറിക." ഇതിന്റെ പകർപ്പു എന്റെ പക്കലുള്ളതിലെ വിശേഷാൽ കുറിപ്പു:– "ഇതു മാന്നാനം കോൺവന്റിൽ സൂക്ഷിക്കപ്പെട്ടിരിക്കുന്ന പുസ്തകത്തിൽനിന്നു സെന്റു എംഫ്രയിം ഹൈസ്കൂളിലെ വിദ്യാർത്ഥി ആയ പുന്നാവേലി ചാക്കൊ പകർത്തിയതു. 1098 മകരം ഏഴാംനു എഴുതി തീർന്നു". അന്നു അവിടത്തെ പ്രസ്സുമാനേജരായിരുന്ന

malankaralibrary.com

ഫാ. സൈമനാണ് ഈ വിദ്യാൎത്ഥിയെക്കൊണ്ടു ഇതു പകൎത്തിച്ചുതന്നതു്. വിദ്യാൎത്ഥിക്കു ഞാൻ പ്രതിഫലം കൊടുക്കയും ചെയ്തു.

(2) പാലായിൽ വാഴയിൽ ഡൊമിനിക്കു കുരുവിളയുടെ വക കയ്യെഴുത്തു പുസ്തകം. ഇതു എഴുതിയ തീയതി പറഞ്ഞിട്ടില്ല. ഏകദേശം മാന്നാനം കോപ്പിയോളം പഴക്കമുള്ളതാണെന്നു തോന്നുന്നു.

(3) എറണാകുളം പള്ളിവികാരി ആയിരുന്ന ഫാദർ പഞ്ഞിക്കാരൻെറ പുസ്തകം. ഇതിലും എഴുതിയ തീയതി ഇല്ല. ഒരു നൂറാമ്പതു കൊല്ലത്തെ പഴക്കമുണ്ടെന്നു തോന്നുന്നു.

(4) പുളിക്കീക്കളത്തിൽ പടിയറെ ഔസേഫ കൊച്ചൌസേഫ വക. അദ്ദേഹം അതെനിക്കു തന്നതാണ്. എൻെറ പക്കൽനിന്നു ഒരു സ്നേഹിതൻ വാങ്ങിച്ചു. അദ്ദേഹത്തിൻെറ കയ്യിൽനിന്നു അതു നഷ്ടപ്പെട്ടുപോയി. അതെഴുതിയ തീയതി പറഞ്ഞിട്ടുണ്ടായിരുന്നു. കൊല്ലം 1000–ാമാണ്ടിനു മുമ്പാണെന്നാണു ഓൎമ്മ. അതിലുണ്ടായിരുന്ന കുറിപ്പിൽ തീയതി ഒഴിച്ചുള്ള ഭാഗം എനിക്കു നല്ല ഓൎമ്മ ഉണ്ടു്. "എറണാകുളത്തു മൎത്തമറിയത്തുമ്മാടെ പള്ളി എടവകക്കാരൻ കെല്പക്ഷയപ്പെട്ടവനും പൈതലാനുമായ കട്ടിയക്കാരൻ കുരുവിളകയ്യാൻെറ കൈയക്ഷരത്താലെ എതിഴുതിത്തീൎത്തു."

(5) 1840–ൽ മലയാളംവിട്ടുപോയ ബയിലി സായ്പിൻെറ പുസ്തകങ്ങൾ അദ്ദേഹത്തിൻെറ പുത്രൻ പരിശോധിച്ചപ്പോൾ കണ്ട മലയാളം കയ്യെഴുത്തു പുസ്തകം എടുത്തു സി. എം. എസ്. പ്രസ്സ് സൂപ്രണ്ടായിരുന്ന ജോൺചാണ്ടിക്കു അയച്ചുകൊടുത്തു. അദ്ദേഹം അതെനിക്കു തന്നു. അതിപ്പോഴും എൻെറപക്കലുണ്ടു്.

malankaralibrary.com

ഈ അഞ്ചു കയ്യെഴുത്തു പുസ്തകം പരിശോധിച്ചു എഴുതി ഉണ്ടാക്കിയതാണു് ഇതിൽ ചേൎത്തിരിക്കുന്നതു്. ഇതു മിക്കവാറും മൂന്നാം പുസ്തകംപോലെ ആണു്. ഇവിടെ കൊടുത്തിരിക്കുന്ന പാഠത്തിൽ മേല്പറഞ്ഞ ഗ്രന്ഥങ്ങൾ തമ്മിലുള്ള സകല വ്യത്യാസങ്ങളും ഫുട്ട്നോട്ടായി ചേൎക്കുവാൻ ഉദ്ദേശിച്ചു എഴുതിഉണ്ടാക്കി എങ്കിലും അതെല്ലാം അച്ചടിക്കുന്നതു പ്രയാസമെന്നു കാണുകയാൽ ആദ്യത്തെ കുറെ പുറങ്ങളിൽ ആ ഫുട്ട്നോട്ടു മുഴുവൻ ചേൎക്കയും ശേഷമുള്ളതു വിടുകയും ചെയ്തിരിക്കുന്നു. വ്യത്യാസങ്ങൾ ഗൌരവാവഹങ്ങളല്ലായ്കയാലാണു വിട്ടുകളഞ്ഞതു്. ഫുട്ട്നോട്ടിൽ 1-ാം നമ്പർ 2-ാം നമ്പർ എന്നിങ്ങനെ പറയുന്നതു മേൽപറഞ്ഞ അഞ്ചു ഗ്രന്ഥങ്ങളുടെ നമ്പരുകളാണു്.

അക്ഷരത്തെററുകൾ എന്നു നാം ഇന്നു വിചാരിക്കുന്ന "അനുവാസം (അനുവാദം) വിസ്താരം, വിശാരം, (വിചാരം), ദിവസി (ദിവസം), എടവകേടെ (എടവകയുടെ), അമിശം (അംശം), പള്ളിക്കെന്നു (പള്ളിക്കൽനിന്നു) മുതലായവ യഥാസ്ഥിതിയിൽ അടിപ്പിച്ചിരിക്കുന്നു. ഇതെല്ലാം അന്നത്തെ സാമാന്യനസ്രാണികളുടെയും നായന്മാരുടെയും മററും ഇടയിലെ ഉച്ചാരണരീതിയാണു്. പുരാതനകാലത്തു വിരാമങ്ങളോ കെട്ടുപുള്ളികളോ മീത്തലൊ ഇല്ലായിരുന്നു. എങ്കിലും വായനക്കാൎക്കു സംഗതികൾ സുഗ്രാഹ്യമാകുന്നതിതിനു വിരാമങ്ങളും കെട്ടുപുള്ളികളും ആവശ്യാനുസരണം ചേൎത്തിട്ടുണ്ടു്. അച്ചടിക്കാൎക്കു ഒഴിച്ചുകൂടാത്ത ആവശ്യം വന്നെങ്കിലെ മീത്തൽ ഉപയോഗിക്കയുള്ളു.

ഇത്ര ദീൎഘമായതും ഇത്ര പഴക്കമുള്ളതുമായ മലയാള ഗദ്യകൃതി മററില്ല. അതുകൊണ്ടു ഇതു ഭാഷാപരമായി അത്യന്തം പ്രാധാന്യം അൎഹിക്കുന്ന ഒരു ഗ്ര

malankaralibrary.com

നമാണ്. ഭാഷയുടെ വികാസം പഠിക്കുന്ന പണ്ഡിതന്മാർക്ക ഇതെത്രയും പ്രയോജനപ്രദമാണ്. "മാനം വളഞ്ഞതിനകത്തു ആകേനാൽ ഒരു പള്ളിയെ ഉള്ളു." "മാനം കാലൂന്നിയതിനകത്തു കത്തോലിക്കാ പള്ളി ഒന്നെ ഉള്ളു" എന്നിപ്രകാരമുള്ള പഴയ ശൈലികൾ വായനക്കാർക്ക രസാവഹമായിരിക്കും.

ഇന്നു നാം ഉപേക്ഷിച്ചിരിക്കുന്ന "പട്ടാങ്ങ", "പടാത്ഥ" മുതലായ പദങ്ങൾ ഇതിലുള്ളതുപോലെ ഷൈദവരേഖകളിലും കാണുന്നുണ്ട്. ഇതിലെ ഭാഷ പതിനാറാംനൂററാണ്ടിലെ നല്ല മലയാളം തന്നെ ആണ്. മലയാളത്തിൽ വരുത്താൻ വളരെ വിഷമമുള്ള ഭാഗങ്ങൾ അവർ ഭാഷാന്തരീകരിച്ചിരിക്കുന്നതു വായിക്കുമ്പോൾ നാം പരിഭാഷകന്മാരെ ശ്ലാഘിക്ക തന്നെ ചെയ്യും. ഒന്നുനോക്കുക.

Our holy faith that is believed with one unanimous consent by the Catholic Church spread all over the world is, that we believe in one only true, almighty, immutable, incomprehensible, and ineffable God, the eternal Father, Son, and Holy Ghost, one in essence and three in persons (Hough II, 525,) ഇതിൻെറ പരിഭാഷ.

"മാനം വളഞ്ഞതിനകത്തു പരന്നപ്പെട്ട നസ്രാണികളുടെ കൂട്ടം ഒക്കയുംകൂടെ ഏകമനസ്സാലെ അഴിഞ്ഞ പട്ടാങ്ങയാലെ വിശ്വസിക്കുന്നത ഇവണ്ണം. ബാവായും പുത്രനും റൂഹാദകുദിശായും മൂവര ഒരു കാതൽ തമ്പുരാൻ എന്നും ഈ തമ്പുരാനു ആദിയും അറുതിയും ഇല്ലാത്തവൻ എന്നും വശനംകൊണ്ടു പറഞ്ഞാൽ ഒപ്പിച്ചുകൂടാത്തവൻ എന്നും ബുദ്ധിവിസ്താരം കൊണ്ടുള്ള നിരൂപണയിൽ അടക്കികൂടാത്തവൻ, പകർച്ച ഒണ്ടാ

malankaralibrary.com

യിക്രൂടാത്തവൻ എന്നും, സവ്വത്തും ആകുന്നാവൻ ഒരുവൻ തമ്പുരാൻ എന്നും വിശ്വസിക്കുന്നോൻ".

ഇക്കാലത്തെ മൂന്നു ഹൈന്ദവ രേഖകൾ ഇവിടെ പകർത്താം.

"കൊല്ലം 711–ാമാണ്ടു മേടമാസം 4 തിരുവെള്ളനല്ലൂർ മുക്കാൽ വട്ടത്തു എണ്ടലെയപ്പെൻ തിരുമുമ്പാക തവയാരിയർ തിരുക്കൂട്ടമാക ഇരുന്നരുള കൽപിച്ചു എഴുതിയ കണക്ക. കാരിമറുക ചീവിതത്തിൽ ഇളംകുളംതെ ചത്തുചെരുപെരുംകുളത്തു കുന്നമ്മേൽ ഇളെയടത്തു ശ്രീവീരകൊതവമ്മർ തിരുവടിക്കമെന്തകൊയിക്കമ്മികെൾക്കു ഒള്ള നാല തൊട്ടിനാകം ഉള്ളിട്ട തടി പലവിനാൽ 457 വിത്തുപ്പാട്ടം ഇതിന്നു ഇരുകരയും ചരിഞ്ഞ കരപ്പുരെടങ്ങളും കരെക്കാട്ടും തൊട്ടമന്റെം കരെക്കുടിപതിയേയുംക്രുടി തിരുവെള്ളനൊന്തൂർ എണ്ടലെയപ്പെൻെറ തിരുനടെയിൽ എഴുതിവച്ചു കൊട്ടത്താർ ശ്രീവീരകൊതവമ്മർ തിരുവടിക്കമെന്ത കൊയിക്കമ്മികൾ തിരുവെള്ളനാന്തൂർ എണ്ടലെയപ്പെന്നു ഇമ്മാക്കമെ".

"715–ാമാണ്ടു മിത്തുനമാസം 4 നു– തിരുവെള്ളനാന്തൂർ മുക്കാൽവട്ടത്തു വാതിൽമാടത്തിൻകൽ എണ്ടലെയപ്പെൻ മുമ്പാകെ തവയാരിയർ തിരുക്കൂട്ടമാക ഇരുന്തരുളി കല്പിച്ചു എഴുതിയ കണക്ക. ആതിച്ചനല്ലൂർ മുതെൽക്കരകളും തെചത്തിനു കുന്നമ്മേൽ ഇളെയടത്തു ശ്രീവീരകൊതവമ്മർ തിരുവടിക്കമെന്ത കൊയിക്കമ്മികൾക്കു ഒള്ള കരകളും ഉള്ളിട്ടവയൽത്തൊട്ടിന്നും കരപ്പുരേടങ്ങൾക്കുംക്രുട തിരുവെള്ളനാന്തൂർ എണ്ടലെയപ്പെൻെറ തൊരണം വച്ചി രക്ഷിക്കുമാറു കല്പിച്ചു തൊരണത്തരകുവിലെയൊലയും എഴുതി കൊട്ടത്താർ".

malankaralibrary.com

"793 മാണ്ട കുമ്പഞായറ 8 ചെന്നാ നാൾ തിരു വെല്ലുന്നന്തൂർ മുക്കാൽവട്ടത്തു വാതിൽമാടത്തിംകൽ എ ണ്ടലെയപ്പെൻതിരുമുമ്പാകെ തവെയാരിയർ തിരുക്കു ട്ടമാക ഇരുന്നരുളിക്കൽപ്പിച്ചു എഴുതിയ കണക്ക. മുട്ടെ ക്കായിൽ തെചത്തു മെൽപ്പടി എലായിൽ കീഴപ്പെരൂർ സ്രീവീരകേരളരാമവമ്മൻ തിരുവടിക്കമെന്ത കൊയിക്ക മ്മികെൾക്ക ഒള്ള തടിപലവിനാൽ നിലം 457 വി ത്തുപാട്ടംക്രുട തിരുവെല്ലുന്നന്തൂർ എണ്ടലെയപ്പെൻ ഉ ഷപൂജെക്ക വകയായി കല്പിച്ചുകൊടുത്താർ സ്രീവീര കേരളരാമവമ്മെർ തിരുവടിക്കമെന്ത കൊയിക്കമ്മികൾ തിരുവെല്ലുന്നന്തൂർ എണ്ടലെയപ്പെന ഇമ്മാക്കമെ". (Trav. Arch. Series Vol. V., part I, pp. 52, 54).

സൂനാദോസിൻെറ മൂന്നാം യോഗത്തിലേക്കായി എഴുതി വച്ചിരുന്നതു അഞ്ചാംദിവസം അതായതു ജൂൺ 24-ാംനു- ആണു വായിച്ചു പാസ്സാക്കിയതു്. ആ രീതി യാണു മലയാളത്തിലുള്ളതു്. ആദ്യം എഴുതിയ രീതി യിൽതന്നെ ആണു പോർട്ടുഗീസിലുള്ളതു്.

ഭാഷാപരമായ പ്രാധാന്യത്തേക്കാൾ അധികം ഇതിനു ചരിത്രപരമായ പ്രാധാന്യം ഉണ്ടു്. പതിനാ റാംശതകത്തിലെ നസ്രാണികളുടെ വിശ്വാസാചാര ങ്ങൾ, സാമൂഹ്യസമ്പ്രദായങ്ങൾ മുതലായവയെ ഉള്ളതു പോലെ ചിത്രീകരിക്കുന്ന ഒരു രേഖയാണിതു്.

ഇപ്പോൾ സാധാരണന്മാക്കു മനസ്സിലാക്കാൻ പ്ര യാസമുള്ള വാക്കുകളുടെ അത്ഥം അവസാനത്തിൽ കൊടുത്തിട്ടുണ്ടു്.

തിരുവല്ലാ<br>126 ധനു 15. } കെ. എൻ. ഡാനിയേൽ.

malankaralibrary.com

# ഉദിയമ്പേരൂർ സൂനഹദോസിൻെറ കാനോനാകൾ[1]

ശുദ്ധമാനമാപ്പാപ്പാടെ കല്പനയാലെ മാർ അല്ലേസോസു മെത്രാൻ ഉതിയമ്പേരൂര മത്തമെറിയത്തുമ്മാടെ [2] പള്ളിക്കൽ പട്ടക്കാരരയും എണങ്ങരയും അവുടെ യോഗപ്പെട്ടുത്ത മാർതോമ്മാ നസ്രാണികളുടെ നന്മക്കം ഗുണത്തിന്നം ആയിട്ട അങ്കമാലി എന്ന പേർ വിളിക്കപ്പെട്ട [3] മാർഅല്ലേസോസ മെത്രാൻ ഈ സൂനാഹദോസ കല്പിച്ചു.

തമ്പുരാൻെറ ശുദ്ധമാനപള്ളി [4] അടക്കിവാഴുന്ന ശുദ്ധമാന മാർ ക്ലമ്മീസ എന്ന പാപ്പാടെ പ്രമാണത്താലെ പോത്തുക്കാൽ രാജ്യത്തിന്ന കെഴക്കൊള്ള മെത്രാന്മാൎക്ക ഒക്കെക്കം തലവെൻ ആകുന്ന മാർ അല്ലേസോസു മെത്രാപ്പോലീത്താ [5] മലങ്കര പണ്ടുപണ്ടെ ഒള്ള മാർതോമ്മാനസ്രാണികളുടെ എടവകയിലെ പട്ടക്കാരരെയും എണങ്ങരെയും യോഗം കൂട്ടി കല്പിച്ചു സൂനഹദോസഇത.

## 1-ാം മൌതാ 1-ാം യോഗവിചാരം.

നസ്രാണികളുടെ ഒരിംപാടിനുവേണ്ടി മെത്രാൻ താൻ റാസാകുറുബാനയും ചെയ്തു പൊരുൾപാടാൎത്ഥയും കട്ടന്നാൽ മേല്പട്ടക്കാരൻെറ അമിശത്തിന്ന തക്കവെണ്ണം ഒ

1 ഇങ്ങനെ ഒരു തലക്കെട്ടു ഞാൻ കൊടുത്തിട്ടുള്ളതാണ്.
2 നമ്പർ 1-ൽ 'മത്തമറിയത്തുമ്മാടെ' എന്നാണ്. 3 ന. 1-ൽ 'അങ്കമാലി എന്ന പേർ വിളിക്കപ്പെട്ട' കൂടുതൽ. 4 ന. 1-ൽ 'പള്ളി' എന്നു മാത്രമേയുള്ളു. 5 ന. 1-ൽ 'മെത്രാൻ' എന്നേയുള്ളു.

malankaralibrary.com

ളള ശമയങ്ങളും ചമഞ്ഞ തന്റെ സിംഹാസനത്തി
ന്മേൽ ഇരുന്ന തക്കസായിൽ എഴുത്തുപെട്ട അപ്പഴത്തെ
ക്രിയകളും ചെയ്ത തെകച്ച ഈ യോഗത്തിന്ന ഈ എട
വകയിലെ മര്യാദക്ക തക്കവണ്ണം വിളിക്കപ്പെട്ട വന്ന
പട്ടക്കാരരും എണങ്ങരും ക്രമത്താലെ ഒരിമിച്ച ഇരുന്നാ
റെ അനേകമനേകം ബഹുമാന [6] പ്പെട്ട മാർ അല്ലേശ
മെത്രാപ്പോലീത്താ ചൊല്ലിയത ഇത. തനിക്ക മലയാം
പേച്ച അറിയപ്പോകായ്കകൊണ്ടും വിശ്വാസവും പ
ള്ളിക്കടുത്ത വസ്തുക്കൾമേൽ അറിവും ഉള്ള ഒരുത്തൻ
താൻ പറയുന്നതു കൂടിയ യോഗത്തോട പറഞ്ഞ അറി
പ്പാനും ആ യോഗം പറയുന്നത തന്നോട്ട അറിയിപ്പാ
നും അതിന്ന ഏതുമൊരന്തരം കൂടാതെയും ഇതുമ്മേൽ മ
നസ്സ ചെലുത്തുവനും ഒരുത്തൻ വേണമെന്ന കല്പിച്ചാ
റെ പള്ളുരുത്തിലെ പള്ളിക്കൽ ഇരുന്ന യാക്കോവ പാ
തിരിയെ വിളിപ്പിച്ച ഇപ്രവൃത്തിക്ക ആക്കുകയും ചെ
യ്തു ഇപ്രവൃത്തിക്ക അന്തരം കൂടാതെ ഇരിപ്പാൻ എന്ന
യോഗത്തിങ്കേന്ന അയാളെക്കൊണ്ടു സത്യവും ചെയ്യിപ്പി
ച്ചു. എന്നാൽ മൂവരുടെ വായാൽ ഉള്ളതിന്ന് പട്ടാങ്ങ
ക്ക ഉറപ്പ ഉണ്ടന്ന മശിഹാകർത്താവു അരുളിച്ചെയ്തതി
നെക്കൊണ്ട ഈ എടവകയിൽ ഇരിക്കുന്ന സമ്പാളൂക്കൂ
ട്ടത്തിൽ മലയാഴ്മക്ക തെളിവൊള്ള അപ്രാനാസീസക്രോ
സപാതിരിയും അന്തോനീസ്സ സംകാന്ത പാതിരിയും
യാക്കോബുപാതിരിയും സാക്ഷിപ്പെട്ടവാൻ കൂടെ കല്പി
ച്ചു. മററും പ്രത്തുക്കാൽഭാഷയും മലയാഴ്മയും അറിഞ്ഞ
വര [7] യോഗത്തിങ്കൽകൂടെ ഉണ്ടായിരുന്നു. ഇതു ഇങ്ങ

---

6. ന. 5-ൽ 'പ്പട്ടമാർ അല്ലേശമെത്രാൻ' എന്നിങ്ങനെ ആരംഭിക്കുന്നു. അതിനു മുൻപുള്ള കടലാസ്സ് നഷ്ടപ്പെട്ടിരിക്കുന്നു. 7 ന. 2-ൽ അറിഞ്ഞവരു, ന. 1-ൽ അറിയാത്തോരു.

malankaralibrary.com

നെ ആയാൽ യോഗത്തിന്ന വിളിക്കപ്പെട്ടുവന്ന പട്ടക്കാരരേയും എണങ്ങരേയും ഓരോരുത്തരുടെ പേര വെച്ചേറെ തിരിച്ചുവിളിച്ചു എല്ലാവരും അവിടെ ഒണ്ടെന്ന അറിഞ്ഞു.

ഒന്നാം കാനോനാ.

എല്ലാവരുംക്രുടെ യോഗം ആയാറെ മെത്രാൻ തന്റെ സിംഹാസനത്തുന്മേൽഇരുന്ന മറെറല്ലാവരും തങ്ങടെഎടങ്ങളിൽ ക്രമത്താലെ ഇരുന്നാറെ മെത്രാൻ ചൊല്ലിയതു ഇത ബാവാടയും പുത്രാന്റെയും റൂഹാദകുദിശാടയും മൂവരൊരുവൻ തമ്പുരാന്റെ നാമത്താലെ ആമ്മെൻ. എന്നതിന്റെ ശേഷം എല്ലാവരോടുംക്രുടെ ചോദിച്ചുത ഇത. തമ്പുരാന്റെ പെരിമസൊകത്തിനം പൊകഴ്ചക്കം [8] ശുദ്ധമാന കത്തോലിക്കാ വിശ്വാസത്തിനം അതിന്റെ മുഴപ്പിനം തെളിവിന്നും ഈ എടവകയിലെ പട്ടക്കാരരുടെയും എണങ്ങരുടെയും മയ്യാദകൾക്കു വേണ്ടുന്ന വെടിപ്പിന്നും ഒറപ്പിന്നും സുറിയാനി പൊസ്തകങ്ങടെ ത്തുമക്കം മാനം കാല്യന്നിയതിനകത്തൊള്ള പള്ളികളോട്ടു ഈ പള്ളി ഖ്വ്യമോസ്സ്യപ്പെട്ട ഒന്നിപ്പാനം നസ്രാണികൾ ഒക്കെക്കും തലയായ ശുദ്ധമാന മാപ്പാപ്പാനെ വേണ്ടുന്ന മുഴുവനാകുന്ന വഴക്കത്തിന്നും വേണ്ടീട്ടു ഈ സുനഹദോസ തൊടങ്ങണമെന്നു മിശിഹായാലെ സ്ലേഹിക്കപ്പെട്ട എന്റെ പുത്രരും ജേഷ്ടൻ അനുജന്മാരും ആകുന്ന തങ്ങൾക്കു തോന്നുന്നതോ? ഇതു എല്ലാവരോടുംക്രുടെ ചോദിച്ചാറെ അപ്പണ്ണമെന്നു അവര ചൊല്ലുകയും ചെയ്തു.

---

8 ന. 3 'ശുദ്ധമാന കത്തോലിക്കാവിശ്വാസത്തിന്റെ മുഴപ്പിനം തെളിവിനം' എന്നിങ്ങനെ ആരംഭിക്കുന്നു.

malankaralibrary.com

അപ്പോൾ മെത്രാൻ അവരോടു ചൊല്ലി ബഹുമാനപ്പെട്ടപട്ടക്കാരരെ സ്നേഹിക്കപ്പെട്ട ജേഷ്ടൻ അനുജന്മാരെ തമ്പുരാൻെറ ലോകരെ ഈ സൂനഹദോസ് തുടങ്ങണമെന്ന നിങ്ങൾക്ക തോന്നുന്നതിനാംപക്ഷം [9] തമ്പുരാനോടു അനേകം നമസ്കരിച്ചു ഇരന്നുംകൊണ്ടു വേണം [10] ഈ സൂനദോസ തുടങ്ങുവാൻ. വിശേഷിച്ചും ഈ സൂനദോസ് കല്പിക്കുന്നതൊക്കയും മാൎഗ്ഗത്തിൻെറ മുഴുപ്പിനും നമ്മുടെ ലോകരുടെ നന്മക്കും ആയതിനെ കൊണ്ടു ഇവിടേന്ന കല്പിക്കുന്നതൊക്കയും പ്രിയത്തോടു കൂടെ കൈക്കൊൾകയും വേണം. തമ്പുരാൻെറ മനഗുണത്താലെ അതെല്ലാം തെകപ്പാൻ എല്ലാവരും തന്നാൽ തന്നാൽ ആകുംവണ്ണം [11] ശ്രമിക്കയുംവേണം. നെറിവുകേടാകുന്നത ഏതാനും ഒണ്ടെങ്കിൽ അതിൻെറ നെറിവു വരുത്തുവാൻ ഉത്സാഹിക്കയും വേണം. ആക്കാനും ഗുണമായ വസ്തു ഏതാനും പറവാൻ ഒണ്ടെങ്കിൽ അതിനെ ഏതിനെ ഏതും അറിയാതെ വെളിച്ചമെ പറകയുമാം. പട്ടാങ്ങ എന്നതിനെ അറിവാൻ എല്ലാവരും തങ്ങളിൽ തങ്ങളിൽ ഐമോസ്യപ്പെട്ടും നെല അല്ലാത്ത [12] ഉത്സാഹത്തോടുകൂടെ തെരഞ്ഞ അന്വേഷിച്ചു ഉണ്ടാക്കുകയും വേണം.

## രണ്ടാം കാനോനാ.

പ്രത്തുക്കാൽ രാജ്യത്തിന്ന കെഴക്കുള്ള മെത്രന്മാ

---

9 ന. 1-ൽ തോന്നുന്നതിനാംപക്ഷം 10 ന. 1, 2, 5-ൽ 'ഈ സൂനഹദോസ് തുടങ്ങുവാൻ' എന്നില്ല. 11 ന. 5-ൽ 'ശ്രമിക്കയും വേണം' എന്നില്ല. 12 ന. 1, 5-ൽ 'ഐമോസ്യപ്പെട്ടും നിലയല്ലാത്ത ഉത്സാഹവും കൂടാതെ' ന. 2-ൽ 'ഐമേദ്യപ്പെട്ടും നിലയല്ലാത്ത ഉത്സാഹത്തോടുംകൂടെ', ന. 3-ൽ 'ഐമേധ്യക്കേട്ടും നിലയല്ലാത്ത ഉത്സാഹവും കൂടാതെ'.

malankaralibrary.com

ക്ക മൂപ്പനാകുന്ന മാർ അല്ലെസീസമെത്രാൻ ഈ സുന ഹദോസിന്ന തലവൻ ആകുന്നു. നാം പഴക്കത്തിന്റെറ ശക്തിയാലെയും നമ്മുടെ പ്രമാണം കടക്കുമ്പോഴെ മ ഹാറോൻ അവക്ക തട്ടുന്നു എന്നതിന്റെറ പ്രാശ്ചിത്ത ത്താലെയും പ്രമാണിക്കുന്നു. യോഗത്തിന്നു വിളിക്കപ്പെ ട്ടവന്ന പട്ടക്കാരരിലും എണങ്ങരിലും ആരും നമ്മുടെ അനുവാദം കൂടാതെ ഈ വിചാരം എല്ലാം ഒടുങ്ങുമുമ്പെ പോകരുതെന്നു. വന്നകാൎയ്യംകൊണ്ടു വചാരിക്കേണ്ടത എപ്പേരുംവിചാരിച്ചുഅതിന്ന എഴുതി ഓരോരുത്തര ഇ ടേണ്ടുന്ന ഒപ്പും ഇട്ടേച്ചു എല്ലാവരും പോകുമ്പോൾ ഒരു മിച്ചു പൊറുക്കൊള്ളുകയും ആം. വിശേഷിച്ചു ഈ എട വകയുടെ നന്മക്കുവേണ്ടി ഏതാനും ആക്കാനും വിചാരി ക്കേണ്ടും വസ്തു ഒണ്ടെങ്കിൽ [13] തങ്ങൾതന്നെ എങ്കിലും മററ ഒരുത്തരെകൊണ്ടു എങ്കിലും എഴുതീട്ടെങ്കിലും പറ ഞ്ഞിട്ടും നമ്മോടു അറിയ്ക്കണം.

## മൂന്നാം കാനോനാ

ഇപ്പോൾ ഇവിടെ വന്നാവരും വരാത്തവരും എ ല്ലാവരും വഴിയെ അറിഞ്ഞിരിക്കണം. അംശങ്ങൾ കൊണ്ടും അവരവക്കടുത്ത എടങ്ങൾകൊണ്ടും ഒരുത്തക്കും ഒരു ഏറെകുറെയും കുറച്ചിലും ഒണ്ടാകയില്ല. മലങ്കര എ ടവകയിലെ മൎയ്യാദയ്ക്കു തക്കവണ്ണം തങ്ങളുടെ എടം എ ല്ലാവക്കും ഒണ്ടായിരിക്കും. ഇതിന്മേൽ എങ്കിലും മററു വല്ലതുമ്മേൽ എങ്കിലും ഏതാനും സംശയം ആക്കാനും

---

13. ന. 1–ൽ 'തങ്ങൾതന്നെ എങ്കിലും എഴുതീട്ടെങ്കിലും പറ ഞ്ഞിട്ടെങ്കിലും' ന. 2–ൽ 'തങ്ങൾതന്നെ എങ്കിലും എഴുതീട്ടെങ്കിലും പറഞ്ഞിട്ടു' ന. 3–ൽ 'തങ്ങൾതന്നെ എങ്കിലും മററ ഒരുത്തരെക്കൊണ്ടു എങ്കിലും എഴുതീട്ടെങ്കിലും'.

malankaralibrary.com

ഉണ്ടെങ്കിലും മെത്രാനോട്ട പറഞ്ഞാൽ ന്യായത്താൽ [14] വേണ്ടുംവണ്ണംവിധിക്കയും ചെയ്യും.

നാലാം കാനോനാ

തമ്പുരാനിൽനിന്ന അത്രെ നന്മകൾ ഒക്കയും മുഴുവനായ [15] ഗുണങ്ങൾ ഒക്കയും ബോധജ്ഞാനവും എളിമയോട്ടക്രുടെ എരക്കുന്നാവക്ക്വന്ന് ന്യായം [16] എന്ന ശുദ്ധമാന സൂനഹദോസ അറിഞ്ഞതിനെക്കൊണ്ടും അറിവിന്നടെ തുടർമാനം തമ്പുരാനെ ഒള്ള [17] ഭയം ആയതിനെക്കൊണ്ടും [18] ശുദ്ധമാന ഈ സൂനഹദോസ ഈ യോഗംക്രുടിയ പട്ടക്കാരരോട്ടം എണങ്ങരോട്ടംക്രുടെ അപേക്ഷിക്കുന്നു. എല്ലാവരും മനസ്സഴിഞ്ഞ കുമ്പസാരിച്ച കുർബാനപട്ടമുള്ളവര കുർബാന ചെയ്യണം. കുർബാന ചെയ്യാത്തവര കുർബാന കൊള്ളുകയും [19] വേണം എന്ന. ഈ ശുദ്ധമാന സൂനഹദോസ മുഴുവനായിതെകയപ്പെട്ടവാൻ തമ്പുരാൻ തുണക്കണമെന്ന ഭക്തിമയോട്ടക്രുടെ അപേക്ഷിക്കയും വേണം. ഇതിന ദിവസം രണ്ട കുർബാന ചെയ്യണം. ഒന്ന റൂഹാദക്കുദിശാടെ കുർബാന ലത്തീനിൽ. ഒന്ന സുറിയാനിയിൽ മത്തമറിയത്തുമ്മാടെ കുർബാനാ. ഈ കുർബാന രണ്ടും വെളുത്ത [20] രണ്ടരനാഴിക പുലരുമ്പോഴക്ക ചെയ്ത ഒട്ടങ്ങുകയുംവേ

---

14. ന. 3-ൽ 'ന്യായത്താൽ' എന്ന ക്രുടുതൽ. 15. ന. 3-ൽ 'ഗുണങ്ങൾ ഒക്കയും ബോധജ്ഞാനവും എളിമയോട്ടക്രുടെ എരക്കുന്നവക്ക വന്ന ന്യായം' എന്നില്ല. 16. വന്ന ന്യായം വരിക പതിവാണ്. 17. ന. 3-ൽ 'വശം' എന്നാണ്. 18. ന. 1, 2, 5-ൽ 'അറിവുന്നടെ ശുദ്ധമനെ സൂനഹദോസ്' എന്നാണ്. 19. ന. 1, 2-ൽ 'കുർബാനപട്ടം ഒള്ളവര കുർബാന ചെയ്യാത്തവര കുർബാന കൈക്കൊൾകയും വേണം' ന. 3-ൽ 'കുർബാനപ്പട്ടം ഒള്ളവര കുർബാന ചെയ്യണം. കുർബാന ചെയ്യാത്തവര കുർബാന കൊള്ളുകയുംവേണം എന്നാണ്. 20. ന. 3-ൽ 'രണ്ടുനാഴിക' എന്നാണ്.

malankaralibrary.com

ണാം. യോഗം കൂടിയാൽ[21] പാൎത്തിരുന്ന പോകാസ്സാൻ അച്ചണ്ണംതന്നെ വൈകിൽ ലത്തീനിലും സുറിയാനീലും ലുത്തിനിയാ എന്ന എരപ്പ നമസ്കാരം നമസ്കരിക്കയുംവേണം.

അഞ്ചാം കാനോനാ.

പഴക്കത്തിന്റെ ശക്തിയാലെയും ഈ പ്രമാണം കടക്കുമ്പോളെ മഹറോൻ തട്ടും എന്നതിന്റെ പ്രാശ്ചിത്തത്താലെയും ഈ സൂനഹദോസ എല്ലാവരോടുംകൂടെ പ്രമാണിക്കുന്നു. ഈ കൂടിയയോഗത്തിന്ന സങ്കടമായ അവകാശങ്ങൾ എത്രും ഉണ്ടാകാസ്സാൻ ആരും ഈ വിചാരംകൊണ്ടു വേറെ നിരൂപിപ്പാൻ തങ്ങളിൽ തങ്ങളിൽ വെവ്വേറെ യോഗംകൂടി നിരൂപിക്കരുത. മെത്രാന്റെ അനുവാദം അതിന്നായി വേറെ വാങ്ങാതെ. ഇതിന്മേൽ എതാനും വിചാരിക്കേണ്ടത ഉണ്ടെങ്കിൽ യോഗത്തിങ്കേന്ന തന്നെ ആവുതാനും. മെത്രാന്റെ കല്പനയാലെ എതാനും വേണ്ടത വേറെ നിരൂപിച്ചുംകൊണ്ടു യോഗത്തിന്ന വരണം എന്നുവരികിൽ അതിന്മേൽ തന്നെ വേറെ നിരൂപിക്കയും ആം.

---

## രണ്ടാംമെഊതാ രണ്ടാംയോഗവിചാരം

ശുദ്ധമാന റോമാപള്ളിയുടെ തക്സായിൽ എഴുത്തപെട്ടപോലെ രണ്ടാംദിവസത്തിലെ നമസ്കാരം കടന്നാറെ മെത്രാൻ യോഗത്തോട ചൊല്ലിയത. ഇത മശിഹായാലെ സ്നേഹപ്പെട്ട ബഹുമാനപ്പെട്ട നമ്മുടെ ജേഷ്ടൻ അനുജന്മാരെ ഉത്സാഹത്തോട്ടുകൂടെ തമ്പുരാനോട്ടുഎരക്ക

---

21 ന. 1, 5-ൽ 'പ്രതലിച്ചവർ പോകാസ്സാൻ' ന. 2-ൽ 'പ്രതലിച്ച അവർ പോകാസ്സാൻ' എന്നാണു്

malankaralibrary.com

ണം എന്ന ഇന്നലെ[22] തങ്ങളോടു അപേക്ഷിച്ചതിന്റെ ശേഷം ഇന്ന ഈ എടവകയുടെ നന്മയുടെ മുഴുപ്പിന്നും മശിഹായുടെ സ്തുതിപ്പിന്നും വേണ്ടി വിചാരിക്കണമെന്ന തങ്ങൾക്ക തോന്നുന്നതു പറഞ്ഞാലും എന്ന അപേക്ഷിക്കുന്നു.

## ഒന്നാം കാനോനാ [23]

പഴെ സൂനഹദോസുകളുടെ കൽപനകൾക്ക തക്കവണ്ണം നടപ്പാനും ത്രെന്തോസ എന്ന സൂനഹദോസിലെ കൽപനകൾക്ക തക്കവണ്ണം ഇരിപ്പാനും വിശ്വാസത്തിന്റെ വെടിപ്പിന്നും ഈ എടവകയിൽ ഉള്ള ഭക്തികേടുകളെ തീർപ്പാനും [24] മെത്രാനും ഈ കൂടിയ സൂനഹദോസുംകൂടെ കൽപിച്ച വിശ്വാസത്തിന്മേൽ മെത്രാനും അക്കദെയാക്കോനും ശേഷം പട്ടക്കാരരും എണങ്ങരും കൂടെ സത്യംചെയ്യണമെന്ന. എന്നാൽ ഉടനെ അത തികപ്പാനായിട്ടു മെത്രാൻ തന്റെ അംശത്തിന്നടുത്ത കപ്പായങ്ങളും ഇട്ട മുടി കൂടാതെ ത്രോണോസുകൽ മുട്ടുംകുത്തി ഏവൻഗേലിപ്പൊസ്തകവും തൊട്ടു മലങ്കരെ ലോകൎക്ക വേണ്ടി താൻ വിശ്വാസത്തിന്മേൽ മുമ്പിൽ താൻ സത്യവും ചെയ്തു. ഇതിന്ന സത്യം ചെയ്തുവെന്ന ലോകരോടു അറിയിക്കയും വേണം. അതിന്റെ ശേഷം താൻ തന്റെ സിംഹാസനത്തുമ്മേൽ ഇരുന്ന മുടിയും വച്ചു ഏവൻഗേലിപ്പൊസ്തകവും തന്റെ കയ്യിൽ പിടിച്ചു മലങ്കരക്ക അക്കദെയാക്കോൻ ആകുന്ന ബഹുമാനപ്പെട്ട ഗീവറുഗീസ് തന്റെ സാക്ഷിയാലുള്ള മലയാംഭാഷയിൽ എല്ലാവൎക്കും കേൾപ്പാൻ തക്കവണ്ണം ശബ്ദത്താലെ മെ

22 ന. 1, 2-ൽ 'ഇങ്ങനെ' എന്നാണ്. 23 ന. 4 ഇവിടെ ആരംഭിക്കുന്നു. 24 ന. 3, 4-ൽ 'പാതികളെ തിരിപ്പാനും' എന്നാണ്.

malankaralibrary.com

ത്രാൻെറ കയ്യിൽ ഇരുന്ന ശുദ്ധമാന പൊസ്തകം തൊട്ടു വിശ്വാസത്തുമ്മേൽ സത്യം ചെയ്തു അതിൻെറ ശേഷം കൂടിയ പട്ടക്കാരരും എണങ്ങരും കൂടെ മദുബഹായിൽ മുട്ടുംകുത്തി. പള്ളുരുത്തി പള്ളിയിലെ യാക്കോബ് പാദ്രി വിശ്വാസത്തിന്മേൽ വേണ്ടുന്നതെല്ലാം മലയാഴ്മയിൽ വായിച്ചു. മുട്ടുകുത്തിയവർ അതുകൂടെ ചൊല്ലി മെത്രാൻെറ പക്കലെ പൊസ്തകം തൊട്ടു സത്യവും ചെയ്തുര. അപ്പോൾ മെത്രാൻ ഓരോരുത്തരോടു ചോദിച്ചത ഇത. വിശ്വാസത്തിന്മേൽ മലയാഴ്മയിൽ വായിച്ചു കേട്ടതെല്ലാം വിശ്വസിക്കുന്നതൊ എന്നും നെസ്തോറീസിൻെറയും അവൻെറ കൂട്ടത്തിൻെറയും പറിതപം ഉപേക്ഷിക്കുന്നതൊ എന്നും എല്ലാ പള്ളികൾക്കും അമ്മയും തലയും മൽപാനുമാകുന്നത റോമാ പള്ളി എന്ന വിശ്വസിക്കുന്നതൊ എന്നും ഭൂമിയിൽ മശിഹാടെ എടത്തിലും ശെമൊഓൻ കേപ്പായ്ക്കു [25] അനന്തരവനും നസ്രാണികൾ ഒക്കെക്കും തലവനും ആകുന്ന ശുദ്ധമാന പാപ്പായിക്കു പട്ടാങ്ങയാലെ വഴക്കം ചെയ്യുന്നതൊ എന്നും. ഈ വഴക്കം ശുദ്ധമാന റോമാ പള്ളിയോടു മറുത്തുനില്ക്കുന്ന നെസ്തോറീസക്കാരൻ ആകുന്ന വഗ്ദാശിയിലെ പാത്രിയക്കീസിനു ഒത്തവണ്ണം അല്ലാതെ ആകണം. റോമാ പള്ളിയുടെ കല്പന അല്ലാതെ ഇപ്പോഴെങ്കിലും പിന്നൊമറെറാരിക്കൽ എങ്കിലും മലങ്കരയ്ക്കു മെത്രാനായി വരുന്നവരെ കൈക്കൊള്ളുക ഇല്ലെന്നു സത്യം ചെയ്യുന്നതൊ? റോമാ പള്ളിയുടെ കല്പനയായിട്ടു മലങ്കരയ്ക്കുവരുന്ന മേൽപട്ടക്കാരരെ നിങ്ങളുടെ മേൽപട്ടക്കാരനായിട്ടു ഒരുമയാലെ [26]വഴക്കം ചെയ്യുന്നതൊ? ഈ ചോദ്യങ്ങൾക്കു

25. ന. 3-ൽ 'അനന്തരവനും നസ്രാണികൾ ഒക്കെക്കും തലവനും ആകുന്ന ശുദ്ധമാന പാപ്പായ്ക്കു' എന്നില്ല. 26. ന. ,3 4-ൽ ഒരുമയാലെ.

malankaralibrary.com

ഒത്തവണ്ണം ഇരിപ്പാൻ എന്നു ഓരോരുത്തർ വെച്ചോരെ
വഴിയെ മൂളി. എവൻഗേലിയും സ്ളീവായും തൊട്ടു
സത്യം ചെയ്യാര. കുർബാനപട്ടം ഉള്ളവര ഇങ്ങനെ ചെ
യ്യാറെ ആറു പട്ടമുള്ളവരും ചെയ്തു. പിന്നെ അഞ്ചുപട്ട
ക്കാരരും ചെയ്തു. അതിന്റെ ശേഷം മറ്റുള്ള ശെമ്മാശ
ന്മാര ഒക്കയും അത്താത്തു ദേശത്തനിന്നു വന്നവര നന്നാലു
പേരും ചെയ്തു. വിശ്വാസത്തുമ്മേൽ വേണ്ടുന്ന സത്യ
ത്തിന്റെ വചനം. ബാവായും പുത്രനും റൂഹാദക്കുദി
ശായും പട്ടാങ്ങയായ മൂവരൊരുവൻ തമ്പുരാന്റെ നാമ
ത്താൽ മശിഹാ പിറന്നിട്ടു 1599-ാംകാലം നസ്രാണി
കൾ ഒക്കെക്കും തലയാകുന്ന ക്ലെമ്മീസ എന്ന ശുദ്ധമാന
പാപ്പാടെ ഏഴാംആണ്ടിൽ മലങ്കരരാജ്യത്തെ ഉദിയൻ
പേരൂരെ മത്തമറിയംഉമ്മാടെ പള്ളിക്കൽ നിന്നു [27] മി
ഥുന ഞായർ 21 ാംനു- പ്രത്തുക്കാൽ രാജ്യത്തിനു കീഴ
ക്കുള്ള മെത്രാന്മാൎക്കു ശുദ്ധമാന മാപ്പാപ്പാടെ പ്രമാണ
ത്താലെ തലവനായ മാർ അലക്സീസ മെത്രാൻ ഈ
എടവകയിൽ കൂടിയ സൂനാദോസ്സുക്കേന്നു ഞാൻ ഇന്നാര
ഒരുത്തരുടെ ബലത്താൽ അല്ലാതെ എന്റെ ആത്മാവി
ന്റെ നന്മക്കും എന്റെ മനസ്സിലെ ഒറപ്പോടുകൂടെ ശു
ദ്ധമാന റോമാപള്ളി പെരുമാറുന്ന മഹൈമനീനായി
ൽ എഴുത്തുപത്തു ഒക്കയും വിശ്വസിക്കുന്നേൻ. മാനങ്ങ
ളും ഭൂമിയും കാണപ്പെട്ടതും കാണപ്പെടാത്തതും സൃഷ്ടിച്ച
സവ്വതും കയ്യാണ്ട ബാവാതമ്പുരാൻ ഒരുവൻമേലും വി
ശ്വസിക്കുന്നേൻ. [28]കാലങ്ങളിൽ ഒക്കയിലും മുമ്പെ
ബാവായിൽനിന്നു പിറക്കപ്പെട്ട തമ്പുരാന്റെ ഒരുവൻ

27. ന. 3-ൽ 'മിഥുനഞായർ 21-ംനു-' എന്നില്ല. 28. ന. 1-ൽ 'കാലങ്ങളും ഒക്കയിലും' എന്നാണ്.

malankaralibrary.com

പുത്രൻ നമ്മുടെ കൎത്താവു ഈശോമശിഹാ [29] മേലും വിശ്വസിക്കുന്നേൻ. തമ്പുരാനിൽനിന്നു തമ്പുരാനും വെളിവിൽനിന്നു വെളിവും പട്ടാങ്ങയായ തമ്പുരാനിൽനിന്നു പട്ടാങ്ങയായ തമ്പുരാനും പടയ്ക്കപ്പെട്ടതല്ല പിറക്കപ്പെട്ടവൻ അത്രെ ബാവായ്ക്കു കാതലാലെ സമം. തന്നാലെ സൎവ്വത്തും പടക്കപ്പെട്ടു. എന്നാൽ താൻ [30] നമ്മെക്കുറിച്ചും നമ്മുടെ രക്ഷയെക്കുറിച്ചും ആകാശത്തിൽനിന്നു എറങ്ങി കന്നിയായ മറിയത്തിൽനിന്നു റൂഹാദക്കുദിശായാലെ [31] മാനുഷസ്വഭാവം എടുത്തു മനുഷ്യനായി. വിശേഷിച്ചു പന്തിയോസു് പീലാത്തോസിന്റെ നാളുകളിൽ കുരിശിന്മേൽ പതിക്കപ്പെട്ടു പാടുപെട്ടു അടക്കപ്പെട്ടു എഴുത്തുപെട്ടപോലെ മൂന്നാംനാൾ ഉയിൎത്തു ആകാശത്തിൽ കരേറി ബാവാടെ വലത്തുഭാഗത്തു ഇരിക്കുന്നോൻ. അവിടെനിന്നു മരിച്ചവരേയും ഉയിരവരേയും വിധിപ്പാൻ സ്തുതിയോടുകൂടെ വരും. തന്റെ രാജ്യത്തിന്നു ഒടുക്കംവരാ എന്നു വിശ്വസിക്കുന്നോൻ. വിശേഷിച്ചു ബാവായിൽനിന്നും പുത്രനിൽനിന്നും പുറപ്പെടുന്ന ജീവിപ്പിക്കുന്ന കൎത്താവു റൂഹാദക്കുദിശാമേലും വിശ്വസിക്കുന്നോൻ. ബാവായോടും പുത്രനോടുംകൂടെ വന്ദിക്കപ്പെട്ടു സ്തുതിക്കപ്പെടുന്നാവൻ നിബ്യന്മാരാലെ പറഞ്ഞവൻ എന്നു വിശ്വസിക്കുന്നോൻ. വിശേഷിച്ചു ശുദ്ധമാനശ്ലീഹന്മാൎക്കടുത്ത കത്തോലിക്കാ ഒരു പള്ളിയെ വി

29. ന. 2, 4-ൽ 'വിശ്വസിക്കുന്നേൻ' എന്നില്ല. ന. 3-ൽ 'മേലും വിശ്വസിക്കുന്നേൻ' തമ്പുരനേിൽനിന്നു തമ്പുരാനും വെളിവിൽനിന്നു വെളിവും പട്ടാങ്ങയായെ തമ്പുരനേിൽനിന്നു പട്ടാങ്ങയായ' ഈ ഭാഗമില്ല. ന. 3-ൽ 'പടയ്ക്കപ്പെട്ടത എല്ലാം പെറക്കപ്പെട്ടോനത്രെ' എന്നു വ്യത്യാസമായിക്കാണുന്നു.. 30. ന. 3-ൽ 'മനുഷനായ നമ്മെക്കുറിച്ചും' എന്നാണു്. 31. ന. 1, 2-ൽ 'മനുഷസ്വഭാവം, എന്നില്ല.

malankaralibrary.com

ശ്വസിക്കുന്നോൻ. പെഴകളുടെ പൊറുതിക്കു ഒരു മാമോദീസായും മരിച്ചവരുടെ ഉയിർപ്പും എന്നേക്കുമുള്ള ആയുസ്സും പാർക്കുന്നോൻ ആമ്മീൻ.

എഴുത്താലയും വചനത്താലയും ശ്ലീഹന്മാര പഠിപ്പിച്ച മര്യാദകളും പള്ളിയുടെ ക്രിയകളും കൽപനകളും [32] മനസ്സിലെ ഒറപ്പോടുകൂടെ കൈക്കൊള്ളുന്നോൻ. റൂഹാദക്കുദിശായുടെ അരുളപ്പാടാൽ എഴുത്തപ്പെട്ട പുസ്തകങ്ങൾ ഒക്കയും ശുദ്ധമാന പള്ളി അതിന്റെ അർത്ഥം കൈക്കൊണ്ടപോലെയും ഇപ്പോൾ ഉള്ളപോലെയും ഞാൻ കൈക്കൊള്ളുന്നോൻ. തമ്പുരാന്റെ ശാസ്ത്രത്തിനുടെ മൊഴികളുടെ അർത്ഥം [33] പട്ടാങ്ങയായ അർത്ഥം ഇന്നാതെന്നു [34] വിധിപ്പാൻ ശുദ്ധമാന പള്ളിക്കെ ആവൂ എന്നും വിശ്വസിക്കുന്നോൻ. പണ്ടേ ശുദ്ധമാന ബാവാന്മാര ശാസ്ത്രത്തിലെ അർത്ഥം തിരിച്ചുവണ്ണമെന്ന്യ ഞാൻ അർത്ഥം തിരിപ്പാനല്ല. പുത്തൻമാർഗ്ഗത്തിൽ മിശിഹാകർത്താവിനാൽ കൽപിക്കപ്പെട്ട പട്ടാങ്ങയായ കൂദാശകൾ ഏഴെന്നും വിശ്വസിക്കുന്നോൻ. ഈ കൂദാശ ഏഴും കൂടെ ഒരുത്തർക്കു താനോ വേണമെന്നില്ല. മാനുഷരുടെ വർഗ്ഗത്തിനു ഏഴും കൂടിയെ മതിയാവൂ. ഈ കൂദാശകൾ ഏഴും ആകുന്നത ഇത. 1 മാമ്മോദീസാ. 2 ഒപ്രുശ്മാ. 3 കുർബ്ബാന. 4. കുമ്പസാരം. 5 ഒടുക്കത്തെ ഒപ്രുശ്മാ. 6 പട്ടം. 7 പെൺകെട്ടു്. യോഗ്യ

---

32 ന. 1-ൽ 'ക്രിയകളും കല്പന റൂഹാദക്കുദിശായുടെ അരുളപ്പാടാൽ' എന്നാണ് 'മനസ്സിലെ ഉറപ്പോടുകൂടെ കൈക്കൊള്ളുന്നോൻ' എന്നു ഒന്നാം പുസ്തകത്തിലില്ല.

33 ന. 1, 2-ൽ 'തമ്പുരാന്റെ ശാസ്ത്രത്തിനും മൊഴിയുടെ അർത്ഥം.' ന. 3, 4, 5-ൽ 'തമ്പുരാന്റെ ശാസ്ത്രത്തിനുടെ മൊഴികളുടെ അർത്ഥം' എന്നാണ്.

34 ന. 3-ൽ 'വിശ്വസിപ്പാൻ' എന്നാണ്.

malankaralibrary.com

തയോടുകൂടെ ഈ കൂദാശ കൈക്കൊള്ളുന്നവൎക്ക പിഴകൾ പൊറുപ്പിക്കുന്ന നന്മ കൂദാശകൾ തരുന്നു. ഈ ഏഴു കൂദാശകളിൽ വീണ്ടും ഏൽക്കരുതാത്തതു മൂന്നുണ്ട. അതായതു മാമ്മോദീസായും മുമ്പിലത്തെ ഒപ്രിശ്മായും പട്ടവും എന്നു വിശ്വസിക്കുന്നോൻ. ഈ കൂദാശകൾ ചെയ്യുമ്പോൾ ശുദ്ധമാന മാതാവായ പള്ളി നന്നൊന്നു കല്പിച്ചു കൈക്കൊണ്ട ക്രിയകളും മൎയ്യാദകളും കൈക്കൊള്ളുന്നോൻ. വിശേഷിച്ചു ഉത്ഭവദോഷം കൊണ്ടും ആത്മാവിനെ ശുദ്ധമാക്കുന്ന നന്മകൾകൊണ്ടും ത്രെന്തോസു എന്ന സൂനാദോസിൽ കൽപിക്കപ്പെട്ടത ഒക്കയും ആകെനാലും അതിൽ വെവ്വേറെ തിരിച്ചുള്ളതിനേയും കൈക്കൊള്ളുകയും വിശ്വസിക്കയും ചെയ്യുന്നോൻ.

പിഴകളുടെ പൊറുതിക്കും മരിച്ചവൎക്കും[35] ഇരിക്കുന്നവൎക്കും വേണ്ടി പട്ടാങ്ങയായ പൂശ കുൎബാനയിൽ തമ്പുരാന പൂശപ്പെടുന്നു എന്നു വിശ്വസിക്കുന്നോൻ. വിശേഷിച്ചു നമ്മുടെ കൎത്താവ മാറാനീശോമിശിഹാടെ ദൈവസ്വഭാവും ആത്മാവും, ശരീരവും, ചോരയും കൂടെ കാതലാലെ പട്ടാങ്ങ ആയി കുൎബാനയിൽ അടങ്ങപ്പെടുന്നു എന്നും വിശ്വസിക്കുന്നോൻ. കൂദാശവചനങ്ങളുടെ ശക്തിയാലെ അപ്പത്തിന്റെ കാതലൊക്കെയും മശിഹാടെ ശരീരമായി തിരിയുന്നു എന്നും വീഞ്ഞിന്റെ കാതലൊക്കയും മശിഹാടെ ചോരയായി തിരിയുന്നു എന്നും. എന്നാൽ ഈ തിരിവിന ശുദ്ധമാന പള്ളി വഴിയെ വിളിക്കുന്നു കാതൽ തിരിവ് എന്നാ. അപ്പത്തിന്റെ സാദൃശത്തിൽ മശിഹാകൎത്താവ് മുഴുവനായി അടങ്ങുന്നു എന്നും വീഞ്ഞിന്റെ സാദൃശത്തിലും മശിഹാകൎത്താവു മുഴുവനായി അടങ്ങുന്നു എന്നും ഇവററാലൊന്നു

35. ന. 2-ൽ 'എരക്കുന്നവൎക്കും' എന്നാണ്.

malankaralibrary.com

കൊള്ളുന്നോര മുഴുവൻ ക്രൂദാശ കൈക്കൊള്ളുന്നു എന്നും പിഴകളുടെ പ്രാശ്ചിത്തം വഴിയെ തെകയ്ക്കാതെ മരിക്കുന്നവരുടെ ആത്മാവിൻെറ കറകേട്ട പോകുവാനുള്ള ഇടമുണ്ടെന്നും അതിൽ ഞെരുങ്ങപ്പെട്ടുന്ന ആത്മാവുകൾ വിശ്വാസകാരരുടെ നമസ്കാരങ്ങൾ കൊണ്ടും ശേഷം നന്മയായ പ്രവൃത്തികൾ കൊണ്ടും അവക്ക് തണുപ്പുണ്ടാകുന്നു എന്നും വിശ്വസിക്കുന്നോൻ. [36]ഈ ലോകത്തിൽനിന്ന് തങ്ങടെ ദോഷത്തിൻെറ പ്രായശ്ചിത്തം വഴിയെ പൊക്കിക്കൊണ്ടു മരിക്കുന്നവരുടെ [37] ആത്മാവുകൾ കാക്കപ്പെട്ടുന്ന [38] കറകേട്ട പോക്കുന്ന [39]ഇടത്തിൽനിന്ന് തങ്ങടെ പിഴകളുടെ പ്രാശ്ചിത്തം തെകച്ച [40] ആത്മാവുകളും മാമോദീസാ മുങ്ങിയാൽ [41] ഏത്തും പിഴയാതെ മരിക്കുന്നവരുടെ ആത്മാവുകളും ഉടനെ ആകാശമോക്ഷത്തിൽ കരേറി വെളിച്ചമേ ദൈവസുഖത്തെ കാണുന്നു എന്നും വിശ്വസിക്കുന്നോൻ. നല്ലവരുടെ ആത്മാവുകൾ വിധിപ്പിനുടെ ദിവസത്തോളം തമ്പുരാനെ കാണാതെ പറദൈസായിൽ ഇരിക്കയും അത്രെ എന്നു വിശ്വാസത്തോട്ട മാറ്റുപറയുന്നത്ത് ദൂഷിച്ച് ഉപേക്ഷിക്കുന്നോൻ. ആകാശത്ത മിശിഹായോട്ടുകൂടെ ഇരിക്കുന്ന പുണ്യവാള

---

36. ന. 1-ൽ 'ഇഹലോകത്തിൻെറ' 2-ൽ 'ഈ ലോകത്തിൻെറ' 3-ൽ 'ഈ ലോകത്തിന്' 4-ൽ 'ഈ ലോകത്തിൽനിന്ന്'.

37 ന. 1, 2, 3-ൽ 'ആത്മാവും' എന്നാണ്.

38. ന. 1, 2, 5-ൽ 'ആത്മാവുകൾ കാക്കപ്പെട്ടുന്ന' എന്നുണ്ട്. ന. 3, 4-ൽ 'കാക്കപ്പെട്ടുന്ന' എന്നില്ല.

39. ന. 3-ൽ 'എടത്തിന്' ന. 1 'എടത്ത' ന. 2-ൽ 'ഇടത്ത' ന. 4-ൽ 'ഇടത്തിൽനിന്ന്'.

40 ന. 2-ൽ 'ആത്മാവുകളേയും' എന്നാണ്.

41 ന. 1-ൽ 'ഒട്ടും പിഴയാതെ' ന. 2-ൽ 'ഒട്ടക്കം പിഴയ്ക്കാതെ'.

malankaralibrary.com

രെ വന്ദിക്കണമെന്നും അവരോട്ട് ഇരക്കണമെന്നും അ
വർ തമ്പുരാനോട്ട് നമുക്കവേണ്ടി അപേക്ഷിക്കുന്ന എ
ന്നും അവരുടെ ശുദ്ധമാന ഉടലെങ്കിലും അസ്ഥിയെങ്കി
ലും ആചരിക്കണമെന്നുമുള്ള കല്പനകൾ ഒക്കെയും കൈ
ക്കൊണ്ടേ മതിയാവു എന്ന [42]വിശ്വസിക്കുന്നോൻ. വി
ശേഷിച്ചും മശിഹായുടെയും മത്താറിയത്തുമ്മായുടെയും ശേ
ഷം പുണ്യവാളരുടെയും രൂപങ്ങൾ ഉണ്ടാക്കണമെന്നും,
അതിനെ അവരെ ഓൎത്തു വന്ദിക്കണമെന്നും ഉള്ള കല്പ
നകളും കൈക്കൊണ്ടു വിശ്വസിക്കുന്നോൻ. കന്യാസ്ത്രീ ഉ
മ്മാ തമ്പുരാന്റെ പട്ടാങ്ങയായ അമ്മ എന്നും വിശ്വാ
സകാരര ഈവണ്ണം ഉമ്മായെ വിളിക്കുന്നത് യോഗ്യമ
ത്രെ ആയതെന്നും വിശ്വസിക്കുന്നോൻ. പട്ടാങ്ങയായ
മാനുഷൻ ദൈവസുഖത്തിനുടെ പുത്രനെ ഏത്തും [43] ഒ
രു നോവും സങ്കടവും കൂടാതെ പട്ടാങ്ങയാലെ പെററു
എന്നാതിനെക്കൊണ്ടു. എന്നാൽ ഈ ഉമ്മാ പെറുംമു
മ്പെയും പെററപ്പോഴും പെററാറെയും എപ്പോഴും ക
ന്യഉമ്മാ ആകുന്നത് എന്നും, നിരൂപണകൊണ്ടും വച
നങ്ങൾകൊണ്ടും പ്രവൃത്തികൊണ്ടും ദോഷത്തിന്റെ ക
റ ഏത്തും ഉമ്മായിക്ക് ഒരുനാളും ഉണ്ടായില്ല എന്നും
വിശ്വസിക്കുന്നോൻ. ദോഷങ്ങളുടെ പ്രായശ്ചിത്തത്തി
ന്റെ പൊറുതിക്കുവേണ്ടി പള്ളിക്കു കല്പിക്കപ്പെട്ട ക
ഴിവുകളെ അത് മശിഹായാലെ കൽപിക്കപ്പെട്ടു എ
ന്നും അതിനെക്കൊണ്ടു പെരുമാറുന്നത് അനേകം ഉപ
കാരമുള്ളതു എന്നും വിശ്വസിക്കുന്നോൻ. ഈ ലോക
ത്തിലുള്ള പള്ളികളൊക്കെക്കും അമ്മയും, തലയും മൽ

---

42 ന. 3, 4-ൽ 'കൈക്കൊണ്ടു വിശ്വസിക്കുന്നേൻ'

43 ന. 1-ൽ 'പുത്രനെ ഒരു നോവും, നൊമ്പലവും കൂടാതെ' ന. 2-ൽ 'പുത്രനെ ഏത്തും ഒരു നോവും സങ്കടവും കൂടാതെ' ന. 3, 4-ൽ 'പുത്രനെന്നും ഒരുനോവും സങ്കടവും കൂടാതെ'

malankaralibrary.com

പാൻമാകുന്നത് ശ്ലീഹന്മാക്കടുത്ത ശുദ്ധമാന കത്തോലിക്കാ റോമ്മാപ്പള്ളിക്ക് വഴക്കം ചെയ്യുന്നേൻ. ഈ പള്ളിയെ വഴക്കംചെയ്യാത്ത പള്ളികളൊക്കെയും വിശ്വാസത്തിനന്തരമുള്ളവരെന്നും [44] തമ്പുരാന്റെ കീഴ്വഴങ്ങാത്തവരെന്നും മോക്ഷത്തിന അവക്ക കൂറില്ല എന്നും വിശ്വസിക്കുന്നേൻ. നസ്രാണികളൊക്കെക്കും മേൽപട്ടക്കാരനും മൽപാനും കാരണവരും തലയും ഭൂമിയിൽ മശിഹാടെ എടത്തിൽ ഇരിക്കുന്ന ശ്ലീഹന്മാക്ക തലവനായ ശെമയോൻ കേപ്പായുടെ അനന്തിരക്കാരൻ ശുദ്ധമാനപാപ്പായ്ക്കു വഴക്കം ചെയ്യുന്നേൻ [45] എന്നു സത്യം ചെയ്യുന്നേൻ. ശുദ്ധമാനപാപ്പായെ വഴങ്ങാത്തവക്ക് മോക്ഷമില്ലായെന്നും [46] മിശിഹായോട മറുത്തു അവരു നിക്കുന്നു എന്നും വിശ്വസിക്കുന്നേൻ. പണ്ടത്തെ [47] സൂന്നഹദോസുകളിൽ കൽപിക്കപ്പെട്ടതെല്ലാം അതിലും ത്രെന്തോസെന്ന സൂന്നഹദോസിലേത്തു ഒട്ടേറെയും ഞാൻ നന്നൊന്നു കല്പിച്ചുകൈക്കൊള്ളുന്നേൻ. ഈ പറഞ്ഞ സൂന്നഹദോസുകളിൽ ദൂഷിക്കുന്നതൊക്കെയും ദൂഷിക്കുന്നേൻ [48] ദീയക്കോറോസിനേയും ഒട്ടേറെയും ചൈത്താന്മാക്കടുത്ത നെസ്തോറിന്റെ ശാസ്ത്രവും നെസ്തോറീസിനെത്തന്നെയും തിന്മയുടെ മൽപാന്മാരാകുന്ന [42] തെസോറി

---

44 ന. 3, 4-ൽ 'തമ്പുരാന്റെ കീഴ്വഴങ്ങാത്തവരെന്നും' എന്നില്ല.

45 ന. 1, 2-ൽ 'എന്നു സത്യം ചെയ്യുന്നേൻ' എന്നില്ല.

46 ന. 2-ൽ 'മിശിഹായോട മറുത്തു അവർ നിൽക്കുന്നു എന്നും' എന്നില്ല.

47. ന. 3-ൽ 'സൂന്നഹദോസുകളിൽ'

48 ന. 1, 2, 5-ൽ 'ദീയക്കൊറോസിനെയും' എന്നില്ല.

49 ന. 1-ൽ 'തദൈത്തൊറീസു' ന. 2 'തയെയിത്തൊസു'' ന. ൩-ത 'തെദൊറൊസു' ന. 4, 5-ൽ 'തെസേറിസിനെയും'

malankaralibrary.com

ST. THOMAS APOSTOLIC SEMINARY LIBRARY KOTTAYAM

സിനേയും [50] ദിയോക്രോസിനേയും ദൂഷിച്ച് ഉപേക്ഷിക്കുന്നോൻ. ഈ പറഞ്ഞതണ്ണ്യവര മിശിഹാ പട്ടാങ്ങയായ തമ്പുരാനല്ല പിന്നെയോ തമ്പുരാന്റെ ഇരിപ്പിടമത്രെ എന്നും മത്തമറിയാത്തമ്മാ തമ്പുരാന്റെ അമ്മയല്ലെന്നും അവര ചൊല്ലിയതു ദൂഷിക്കയും ഉപേക്ഷിക്കയും ചെയ്യുന്നോൻ. നെസ്തോറിസിനോട മറുത്ത ശുദ്ധമാന പാപ്പാടെ പ്രമാണത്താൽ അപ്പേസോസ് എന്ന നഗരിയിൽനിന്ന് ഇരുന്നൂറു മെത്രാന്മാരും അവർക്കു തലവനാകുന്ന മാർ കെവുറേലോസ എന്ന പത്രിയക്കീസും കൂടെ കല്പിച്ചതു എല്ലാം ഞാൻ കൈക്കൊള്ളുന്നോൻ. ഈ മാർ കെവുറേലോസ ആകാശമോക്ഷത്തിൽ തമ്പുരാനെയുംകണ്ട ഇരിക്കുന്നു എന്നും അയാളെക്കൊണ്ട് ദൂഷിപദം പറയുന്നവർക്കു മോക്ഷമില്ല എന്നും വിശ്വാസിക്കുന്നോൻ. മിശിഹാകർത്താവിനാൽ ശ്ലീഹന്മാര പഠിക്കപ്പെട്ട നടത്തിയ മാർഗ്ഗം ഒന്നത്രെ എന്നും ചെമഉൻ കെപ്പാടെയും മാർതോമ്മായുടെയും മാർഗ്ഗവും വഴിപാട്ടും ഒന്നത്രെ എന്നും വിശ്വസിക്കുന്നോൻ. അതു രണ്ടിച്ചു പറയുന്നതു ഉപേക്ഷിക്കുന്നോൻ. പട്ടാങ്ങ എന്ന [51] കത്തോലിക്കാവിശ്വാസം കൂടാതെ ആർക്കും മോക്ഷം കിട്ടാ എന്നുള്ളതിനെക്കൊണ്ട് ഈ വിശ്വാസം എന്റെ മനസ്സിൽ ഗ്രഹിച്ചു മനസ്സാലെതന്നെ അതിന്മേലിപ്പോൾ പട്ടാങ്ങ പറയുന്നോൻ. വിശേഷിച്ചു ഞാൻ മരിപ്പോളും തമ്പുരാന്റെ മനഗുണംകൊണ്ട അതെന്റെ മനസ്സിൽ ഗ്രഹിച്ച് എന്നാലാകുംവണ്ണവും എന്റെ ഇരിപ്പിന്നു തക്കവണ്ണവും എന്റെ കീഴ്വഴങ്ങുന്നവരോട ഇതറിയിക്കുന്നതുമുണ്ട്. [52] വിശ്വസിപ്പിക്കുന്നതും ഉണ്ട.

---

50 ന. 1, 2, 5-ൽ 'ദിയോക്രോസിനെയും' എന്നില്ല.

51 ന. 2-ൽ 'കത്തോലിക്കാ' എന്നില്ല.

52 ന 5-ൽ 'വിശ്വസിപ്പിക്കുന്നതും ഉണ്ട്' എന്നില്ല

malankaralibrary.com

ഇതെല്ലാം ഞാൻ ഇന്നാരു ശുദ്ധമാന സ്ളീവായാലെയും, [53] തമ്പുരാന്റെ എവൻഗെലിയോനാലയും സത്യം ചെയ്യുന്നേൻ. [54] ഇപ്പോൾ എങ്കിലും, മേലിൽ എങ്കിലും ശുദ്ധമാന പാപ്പാടെ പ്രമാണത്താൽ എന്നിയെ വരുന്ന മേൽപട്ടക്കാരെയും എന്റെ മേൽപട്ടക്കാരനായി കൈക്കൊള്ളുവാനല്ല. വിശേഷിച്ച് ശുദ്ധമാന പാപ്പാടെ പ്രമാണത്താൽ മലങ്കരെ മേൽപട്ടക്കാരനായി വല്ലവരും വരികിൽ അവരെ പട്ടാങ്ങയായ എന്റെ മേൽപട്ടക്കാരനായി കൈക്കൊള്ളുവാൻ. ഇപ്പോൾ വഗ്ദാശിയിൽ പാത്രിയക്കീസായി വാഴുന്ന ശരീരം നെസ്തോറീസിന്റെ കൂട്ടത്തിലുള്ളവരായിട്ടും റോമ്മാപ്പള്ളിയോടു മറുത്തു ഇരിക്കുന്നതിനെക്കൊണ്ടും ആ ശരീരത്തിന്റെ പ്രമാണത്തിനു ഒത്തവണ്ണം ഇരിപ്പാനും അല്ല. ഇത എപ്പേരും പറഞ്ഞൊത്ത് സത്യം ചെയ്യുന്നേൻ. സർവ്വതും കൈയാണ്ട തമ്പുരാനെയും [55] ശുദ്ധമാന ഏവൻഗേലിയോനെയും തൊട്ട്.

---

## രണ്ടാം മൌതാ

### രണ്ടാം യോഗവിചാരം.

വിശ്വസിക്കേണ്ടുന്നതുമ്മേൽ ഒന്നാംകല്പന [56] വിശ്വാസംകൂടാതെ ആർക്കും തമ്പുരാന്റെ തിരുവുള്ളം വാ

---

53 ന 3-ൽ 'ഇട്ട തമ്പുരാന്റെയും' എന്നാണ് മററുള്ളതിൽ 'ഇട്ട' എന്നില്ല 1, 5-ൽ 'സ്ലീവായാലെയും തമ്പുരാന്റെ ഏവൻഗേലിയോനാലെയും സത്യം ചെയ്യുന്നേൻ' എന്നാണ് ന 3, 4-ൽ 'സ്ലീവാ ആണെയും, തമ്പുരാന്റെ ഏവൻഗേലിയോൻ ആണെയും' എന്നാണ

54 ന 1, 2, 5-ൽ 'ഇപ്പോളെങ്കിലും, മേലിലെങ്കിലും ശുദ്ധമാന പാപ്പാടെ പ്രമാണത്താൽ എന്നിയെ വരുന്ന' എന്നില്ല

55 'ഏവൻഗേലിയോനെയും 'തൊട്ടു'' ഇതിലെ തൊട്ടു' 1, 2 ഈ പുസ്തകങ്ങളിൽ മാത്രമേയുള്ളൂ.

56 ന 3, 4-ൽ 'ഒന്നാം കല്പന' എന്നില്ല

malankaralibrary.com

ൺകൂടാ എന്നതിനെക്കൊണ്ടും ശുദ്ധമാനകത്തോലിക്ക വിശ്വാസംകൂടാതെ ആർക്കും സ്വർഗ്ഗത്തിൽ പൊയ്ക്കൂടാ എന്നതിനെക്കൊണ്ടും പട്ടാങ്ങ എന്ന ആയുസ്സിന്റെ ചുവടും നമ്മുടെ നന്മകളൊക്കെക്കും അടിസ്ഥാനവും വിശ്വാസമാകുന്നതിനെകൊണ്ടും വിശേഷിച്ചു [57] കാവ്യരീന്നും ജോനകരീന്നും യൂദന്മാരീന്നും വിശ്വാസക്കേടുകാരീന്നും ശുദ്ധമാനപാപ്പാടെ [58] കീഴ്വഴങ്ങുന്നവര കത്തോലിക്കാ വിശ്വാസത്തിന്റെ ത്തുമയാലെ വേർതിരിയുന്നതിനെകൊണ്ടും വിശ്വാസത്തിന്ന അന്തരമുള്ളവരാൽ സുറിയാനി പൊസ്തകങ്ങളിൽ വിശ്വാസത്തോട മറുത്ത ചില വസ്തുക്കൾ എഴുത്തപെട്ടു അറിവു കുറഞ്ഞ ലോകരിൽ ചിലർ അതനുസരിച്ചു വിശ്വസിച്ചു എന്നും ശുദ്ധമാന സുന്നഹദോസ അറിഞ്ഞതിനെകൊണ്ടും പട്ടാങ്ങയായ വിശ്വാസത്തിന്റെ തലപ്പെട്ട വസ്തുക്കൾ എല്ലാവരോടും അറിയിപ്പാനും സുറിയാനി പൊസ്തകങ്ങളിൽ എഴുത്തുപെട്ടിട്ടുള്ള പിണക്കങ്ങൾതീർപ്പാനും, നല്ല പാൽ കുടിക്കുന്നു എന്നും ചൊല്ലി നഞ്ചൊരും കുടിക്കായ്വാനും മുമ്പിൽ വിശ്വാസത്തിന്മേൽ സത്യംചെയ്തുകൂടാതെ പിന്നെയും വിശ്വാസത്തിന്മേൽ ചില കൽപനകൾ കൽപിച്ചേ മതിയാവൂ എന്ന ശുദ്ധമാന സുന്നഹദോസിന്തോന്നി. ഈ കൽപിക്കുന്ന കൽപനകൾ എഴുതണമെന്നും വായിക്കണമെന്നും പല ഊഴവും ലോകരോടു പറയണമെന്നു [59] ശുദ്ധമാന സുന്നഹദോസ എടവകയിലെ മൂപ്പന്മാരാകുന്ന പട്ടക്കാരോട പ്രമാണിക്കുന്നു.

---

57 ന 1, 2, 5-ൽ 'കാവ്യരെന്നും ജോനകരെന്നും' ഇത്യാദി ആണു്

58 ന 5-ൽ 'കീഴ്വഴങ്ങുന്നവര' എന്നാണു്

59 ന 4-ൽ 'ശുദ്ധമാന' എന്നില്ല

malankaralibrary.com

## 1–ാം സഹാ.

[60] മാനം വളഞ്ഞതിനകത്തു പതറപ്പെട്ട നസ്രാണികളുടെ ക്രൂട്ടംഒക്കയും ക്രുടെ ഏകമനസ്സാലെ അഴിഞ്ഞ പട്ടാങ്ങയാലെ വിശ്വസിക്കുന്നത ഇവണ്ണം. വാവായും, പുത്രനും, റൂഹാദക്കുദശായും [61] മൂവരു ഒരു കാതൽ തമ്പുരാനെന്നും ഇതംപുരാന ആദിയും അറുതിയും ഇല്ലാത്തവൻ എന്നും വചനംകൊണ്ടു പറഞ്ഞാൽ ഒപ്പിച്ചുക്രുടാത്തവൻ എന്നും [62] ബുദ്ധിവിസ്ഥാരംകൊണ്ടുള്ള നിരൂപണയിൽ അടക്കിക്രുടാത്തവൻ, പകർച്ച ഉണ്ടായിക്രുടാത്തവൻ എന്നുംസവ്വും ആകുന്നവൻ ഒരുവൻതമ്പുരാൻ എന്നും വിശ്വസിക്കുന്നോൻ. ബാവാ പിറപ്പിക്കുന്നവൻ അത്രെആയത എന്നും, ഒരു വാവായിൽ നിന്ന അത്രെ പെറക്കപ്പെട്ട, വാവാ തന്നിക്കു സമം ആയവൻ പുത്രൻ എന്നും, വാവായിൽനിന്നും പുത്രനിൽനിന്നുംറൂഹാദക്കുദശാ പുറപ്പെട്ടുന്നു എന്നും, എന്നാൽ ഇപ്പുറപ്പാട രണ്ടാദികളിൽനിന്നും [63] വശത്തിന്റെപ്രവൃത്തികൾ രണ്ടിൽ നിന്നായിട്ടും അല്ല. പിന്നെയോ ഒരാദിയിൽ നിന്നും [64] വശത്തിന്റെ ഒരു പ്രവൃത്തിയിൽനിന്നും അത്രെ. റൂഹാദക്കുദശാ വാവായിൽനിന്നും പുത്രനിൽനിന്നും പുറപ്പെട്ടുന്നു എന്നും വിശ്വസിക്കുന്നോൻ. വാവാ പുത്രനും അല്ല റൂഹാദക്കുദശായും അല്ല. പുത്രൻ വാവാ

---

60 ന 4-ൽ 'മനം കല്പൂന്നിയതിനകത്തു' എന്നാണു്.

61 ന 3, 4-ൽ 'മൂവരു ഒരുവൻതംപുരാൻ എന്നും' എന്നാണു്

62 ന 2-ൽ 'ഒപ്പിച്ചുക്രുടാത്ത ബാവാ പകർച്ചബുദ്ധിവിസ്താരം' ന 5-ൽ 'ഒപ്പിച്ചുക്രുടാത്തവൻ' എന്നും പകർച്ചബുദ്ധിവിസ്താരം' എന്നാണു്

63 ന 3, 4-ൽ 'വചനത്തിന്റെ' എന്നാണു്

64 ന 1, 2, 5-ൽ 'വചനത്തിന്റെ' എന്നാണു്

malankaralibrary.com

യും അല്ല റൂഹാദക്കുദശായും അല്ല. റൂഹാദക്കുദശാ വാവായും അല്ല പുത്രനും അല്ല. വാവാ, വാവാ തന്നെ അത്രെ. [65] പുത്രൻ പുത്രൻതന്നെ അത്രെ. റൂഹാദക്കുദശാ റൂഹാദക്കുദശാ തന്നെ അത്രെ. എന്നാൽ ഇ മൂവരിലും മുന്നും പിന്നും ഇല്ല. പെരുമക്കും [66] വശത്തിനും മുഷ്കരത്വത്തിനും തങ്ങളിൽ ഏറ്റം ഭേദമില്ല. തൊടക്കവും ഒട്ക്കവുംക്രൂടാതെ ഒരുവൻതംപുരാൻ ഇ മൂവര ആകുന്നത.

ബാവാ പൊറപ്പിക്കുന്നവൻ. പുത്രൻ പൊറക്കപ്പെടുന്നാവൻ. റൂഹാദക്കുദശാ പൊറപ്പെടുന്നാവൻ. മൂവരും തങ്ങളിൽ സമംഅത്രെ. സവ്വത്തും കൈെയ്യാണ്ടവരും തൊടക്കവും ഒടുക്കവും ഇല്ലാത്തവരും എന്നാൽ മൂവര തംപുരാക്കന്മാർ അല്ല പിന്നെയോ ഒരുവൻതംപുരാൻ അത്രെ. ഒരു ഏക സ്വരൂപവും ഒരു കാതലും അറുതിയില്ലാത്ത ഒര മെകച്ചവനും രൂപിയും അരൂപിയും സവ്വത്തും സൃഷ്ടിച്ച ഒര ആദി ആകുന്ന തംപുരാൻ. എന്നാൽ തന്റെ തിരുമനസ്സുകൊണ്ടു തനിക്ക ഒത്തപ്പോൾ തന്റെ ദ്യോവാലെ എപ്പെരും പടെച്ചു അനേകം നന്നാകണം എന്നു കൽപിച്ചു.

## രണ്ടാം സഹാ.

ബാവാക്കും റൂഹാദക്കുദശാക്കും ശരിയാകുന്ന, വാവായോടും റൂഹാദക്കുദശായോടും ക്രുടെ എപ്പോഴും ഒണ്ടു എന്നാ, അവരോടുക്രുടെ ഒരു കാതൽ ആകുന്ന തംപുരാന്റെ ഒരുവൻ പുത്രൻ ആദത്തിന്റെ [67] ദോഷത്തിൽനിന്നും ശേഷം പെഴകളിൽനിന്നും മാനുഷരെ രക്ഷി

65 ന 5-ൽ 'പുത്രൻ പുത്രൻതന്നെ അത്രെ' എന്നില്ല

66 ന 1, 2, 5-ൽ 'വചനത്തിനും' എന്നാണു്

67 ന 1, 5-ൽ 'ദോഷത്തിൽനിന്നു' ന 3, 4-ൽ 'ദോഷത്തിനും' എന്നാണു്.

malankaralibrary.com

പ്പാനായിട്ട തംപുരാൻെറ അനുഗ്രഹത്തിനടെ മേൽപട്ട വിചാരം കൽപിച്ചപ്പോൾ ശുദ്ധമാന എപ്പോഴും കന്യായായ മറിയത്തമ്മാടെ വയററിൽ റൂഹദക്കുദശായാൽ മാനുഷസുഖം എടുത്ത മാനുഷനായി എന്നതിൻെറ അത്ഥം ആയത ദൃഢതയുള്ള ആത്മാവും ശരീരവും കൂടെ തംപുരാൻെറ പുത്രൻ എടുത്ത തന്നിൽതന്നെ ഒന്നിക്കയും ചെയ്തു.

ഇതിനെക്കൊണ്ട മിശിഹാ ഒരുവനായിട്ട പട്ടാങ്ങയായ [68] തംപുരാനും പട്ടാങ്ങയായ മാനുഷനും തംപുരാൻെറ പുത്രനും മത്ത മറിയത്തമ്മാടെ പുത്രനും എന്നാൽ ദൈവസുഖവും മാനുഷസുഖവും തനിക്ക ഉണ്ട എങ്കിലും എന്നാലും തങ്ങളിൽ [69] കലശിപ്പോയതുമില്ല [70] ഒന്ന ഒന്നിൽ തിരിയപ്പെട്ടനാതുമില്ല അവററാൽ ഒന്ന ക്ഷയിച്ചപോയതുമില്ല.

എന്നാൽ ദൈവസുഖവും മാനുഷസുഖവും രണ്ടും തങ്ങടെ സ്വഭാവങ്ങളോട്ട കൂടെ മുഴുവനായി തമ്പുരാൻെറ പുത്രനിൽ ഒന്നിച്ചിരിക്കുന്നു.

ദൈവസുഖത്തിനും മാനുഷസുഖത്തിനും രണ്ട മനസ്സും രണ്ട പ്രവൃത്തിയും ഉണ്ട എന്നാൽ മിശിഹാ ഒരുവൻതന്നെ അത്രെ താനും. ദൈവസുഖം മാനുഷസുഖത്തെ ക്ഷയിപ്പിച്ചില്ല. എന്നപോലെ മാനുഷസുഖം ദൈവസുഖത്തിനാ കുറച്ചിൽ വരുത്തിയില്ല. അത എന്തെ? പട്ടാങ്ങയായ തംപുരാൻ ആകുന്ന ആ ശരീരം ത

---

68 ന 1, 5-ൽ 'തമ്പുരാംൻെറ' ന 3, 4-ൽ 'തമ്പുരാനും'

69 ന 2-ൽ 'കല്പിച്ചപോയുമില്ല' ന 5-ൽ 'വേർതിരിഞ്ഞു പോയതുമില്ല' എന്നാണ്

70 ന 4-ൽ 'ഒന്ന ഒന്നിൽ തിരിയപ്പെടത്തുമില്ല, അവററാൽ ഒന്നും ക്ഷയിച്ചുപോയതുമില്ല' കൂടുതൽ. ഈ ഭാഗം ന 1, 2, 5-ൽ ഇല്ല ന 3-ൽ 'ഒന്ന് ഒന്നിൽ തിരിയപ്പെടത്തുമില്ല' എന്നുള്ളതു ഇല്ല

malankaralibrary.com

ന്നെ പട്ടാങ്ങയായ മനുഷനും ആയതിനെക്കൊണ്ട പട്ടാങ്ങയായ തംപുരാൻ എന്നതിനെ ഏവൻഗേലിയോനിൽ എഴുത്തുപെട്ട ഈ വചനംകൊണ്ടറിയാം. പൂൎവ്വത്തുംകൽ വചനം ഉണ്ടായിരുന്നു ഈവചനം തംപുരാൻ പക്കൽ [71] ആയിരുന്നു ഈവചനം തമ്പുരാൻതന്നെ ആയിരുന്നു [72] എന്നാൽ പട്ടാങ്ങയായ മാനുഷൻ എന്നറിയാം ഇവചനങ്ങൾകൊണ്ട. വചനം മാംസമായി നമ്മിൽ കുടി ഇരുന്നു എന്ന വിശേഷിച്ച അഞ്ചു അപ്പവും രണ്ടുമീനുംകൊണ്ടു അയ്യായിരം ജനത്തിന്റെ സംപൂൎണ്ണം വരുത്തിയതിനെക്കൊണ്ടും എന്നന്നേക്കും ഉയിൎപ്പിനടെ വെള്ളം നിനക്ക തരുവെൻ എന്ന ശമ്രായെക്കാരത്തി സ്ത്രീക്ക് ഒത്തതിനെക്കൊണ്ടും മരിച്ച നാലാം പക്കം ലാസ്രൂനെ ഉയൎപ്പിച്ചതുകൊണ്ടും കുരുടൎക്ക കാഴ്ച കൊടുത്തതിനെക്കൊണ്ടും [73] രോഗക്കാരുടെ രോഗം പൊറുപ്പിച്ചതിനെക്കൊണ്ടും കാററും പെതരും കടലീന്നാ അടക്കിയതിനെക്കൊണ്ടും പട്ടാങ്ങയായ തംപുരാൻ താൻ എന്ന അന്തരം ഏതുംക്രുടാതെ അറിഞ്ഞുകൊള്ളണം. തനിക്ക പൈച്ചതിനെക്കൊണ്ടും [74] ദാഹിച്ചതിനെക്കൊണ്ടും വഴിനടന്ന അലുത്തതിനെക്കൊണ്ടും ആണികൾകൊണ്ടു കുരുശുംമേൽനിന്നു തന്റെ കൈകളിലും കാലുകളിലും [75] തറച്ചതുകൊണ്ടും പട്ടാങ്ങ

71 ന 3-ൽ 'തമ്പുരാൻ പക്കൽ ആയിരുന്നു' ഈഭാഗമില്ല ന 2-ൽ 'തമ്പുരാൻ പക്കൽ ഇരുന്നു' എന്നാണ്

72 ന 5-ൽ 'എന്നാൽ പട്ടാങ്ങയായ മനുഷൻ എന്നറിയാം' എന്നില്ല

73 ന 1, 5-ൽ 'ദ്രോഹക്കാരുടെ' എന്നാണ്

74 ന 3, 4-ൽ 'സഹിച്ചതിനെക്കൊണ്ടും' എന്നാണ്

75 ന 2-ൽ 'കാലുകളിലും' ഇല്ല

malankaralibrary.com

യായ മാനുഷൻ താൻ എന്നും അറിയാം. ഒരുവൻആയ മിശിഹാ തന്റെ [76]ദൈവസുഖത്തിൽ തന്റെ ബാവായിക്കു ശരി,മരിപ്പും ദീനതപ്പാടും കൂടാത്തവൻ. എന്നാൽ തന്റെ [77] മാനുഷസുഖത്തിന്നു ബാവായെക്കായിൽ ചെറുത, [78] ദീനതപ്പെട്ടു മരിപ്പാനും വശമാകുന്നവൻ താനും.

## മൂന്നാം സഫാ.

ദൈവത്തിനുടെ പുത്രൻ പട്ടാങ്ങയായ മാനുഷസുഖം എടുത്ത എപ്പോഴും കന്യാസ്ത്രീ മറിയത്തിൽനിന്നു [79] പട്ടാങ്ങയാൽ പൊറന്നു എന്നു വിശ്വസിക്കുന്നോൻ. എന്നാൽ [80] ദൈവത്തിനുടെ പുത്രൻ ഉമ്മാടെ പട്ടാങ്ങയായ പുത്രൻ ആയതിനെക്കൊണ്ടും തമ്പുരാന്റെ പട്ടാങ്ങയായ അമ്മ മത്തമറിയത്തുമ്മാ എന്നു വിശ്വസിക്കുന്നോൻ. ഇഹേതുവിനാൽ പട്ടാങ്ങയായ നസ്രാണികൾ ഒക്കെയും മത്തമറിയത്തുമ്മാനെ തമ്പുരാന്റെ അമ്മ എന്നുവിളിച്ചു ഞായം. അങ്ങനെ അത്രെ വിളിക്കേണ്ടു താനും.

ദൈവത്തിനുടെ പുത്രൻ താൻ മാനുഷനായി പിറന്ന നമ്മെക്കുറിച്ചു പട്ടാങ്ങയായി പാടുപെട്ടും പട്ടാങ്ങയായി മരിച്ചും പട്ടാങ്ങയായി അടക്കപ്പെട്ടും പട്ടാങ്ങയായി ആത്മാവുകൊണ്ടു പാതാളത്തിൽ എറങ്ങിയും അവിടെ ഇരുന്ന വാവാന്മാരുടെ ആത്മാവുകളെ രക്ഷി

---

76 ന 2-ൽ 'ദൈവസുഖത്തിന്റെ' ന 4-ൽ 'ദൈവത്തിന്നു' എന്നുമാത്രം

77 —ന 1, 5-ൽ 'മാനുഷസുഖത്തിൽനിന്നു' എന്നാണ്

78 ന 1, 3, 5-ൽ 'ദീനപ്പെട്ടുവാനും' ന 4-ൽ 'പാടുപെട്ടുവാനും' ന 2-ൽ 'ചെറുത്തു പെട്ടുവാനും' എന്നിങ്ങനെയാണ്

79 ന 4-ൽ 'മറിയത്തിന്' എന്നാണ

80 ന 1, 3-ൽ 'ദൈവസുഖത്തിനുടെ പുത്രൻ' എന്നാണ്

malankaralibrary.com

ച്ച മൂന്നാംനാൾ പട്ടാങ്ങയായി ഉയിൎത്തും നാൽപതു ദിവസത്തിന്ന എടെക്ക തന്റെ [81] ശ്ലീഹന്മാൎക്ക തംപുരാന്റെ രാജ്യത്തിന്മേൽ വേണ്ടുന്നത പഠിപ്പിച്ച ഉടനെ തന്റെ ശക്തിയാലെ തന്നെ ആകാശത്ത എഴുന്നള്ളി വാവാടെ [82] സ്തുതിയുടെ വലത്തുഭാഗത്ത ഇരിക്കുന്നു. അവിടെ നിന്ന മരിച്ചവരെയും [83] ഉയിരവരെയും വിധിപ്പാൻ വരും. അവനവന്റെ പ്രവൃത്തിക്ക തക്കവണ്ണം കൂലി കൊടുക്കയും ചെയ്യും.

## നാലാം സഹാ.

ആദത്തിന്റെ വിത്താലെ ഉൽപാദിച്ച പിറക്കപ്പെട്ട മാനുഷൎക്ക ആകാശം കീഴിൽ മോക്ഷം ഉണ്ടായതുമില്ല ഇനി ഉണ്ടാകയുമില്ല, തംപുരാന്റെയും മാനുഷരുടെയും എടയിൽ നടുവനാകുന്ന മിശിഹാടെമേൽ വേണ്ടുന്ന വിശ്വാസംകൂടാതെ രക്ഷപെട്ടവരും രക്ഷപെടുവാൻ ഇരിക്കുന്നവരും തന്റെ വാവായോടു നൊമ്മെ [84] നിരത്തി നൊമ്മുടെ ദോഷങ്ങടെ കണക്ക എഴുത്തും മായിച്ച മിശിഹാടെ ചോരയാലെയും മരണത്താലെയും അത്രെ. മിശിഹാ ഇഹലോകത്തിൽ നമുക്കവേണ്ടി വരും. മുമ്പെ താൻ മാനുഷരെ രക്ഷിപ്പാൻ വരും എന്നതിന്മേൽ വിശ്വാസം ഉണ്ടായിരുന്നു. താൻ വന്നു രക്ഷിച്ചതിൽ പിന്നെ നമ്മെ രക്ഷിപ്പാൻ വന്നു എന്നും രക്ഷിച്ചു എന്നും ഇപ്പൊളത്തെ വിശ്വാസമാകുന്നു.

---

81 ന 3, 4-ൽ 'ശ്ലീഹന്മാരെ' എന്നാണു

82 ന 1, 2, 5-ൽ 'ബാവാടെ സ്തുതിയുടെ വലത്തുഭാഗത്തു', ന 3, 4 'സ്തുതിയുടെ' എന്നു ഇല്ല

83 ന 1, 2, 5-ൽ 'ഉയക്കുന്നവരേയും' എന്നാണു്

84 ന 1, 2, 5-ൽ 'നമ്മെപ്രതി' എന്നാണു്

malankaralibrary.com

## അഞ്ചാം സാഹാ.

ആദത്തിൻെറ വിത്താലെ പെറക്കപ്പെട്ടന്ന നാം മാനുഷര എല്ലാവരും [85] ചൈത്താനടെ പുത്രരും പിഴയാളരും ആയി അത്രെ പിറക്കുന്നു. അതെന്തെ മാനുഷവർഗ്ഗത്തിന്ന ആദം തലവൻ ആയതിനെക്കൊണ്ട [86] അയാൾ പെഴച്ചതിനെക്കൊണ്ട നമുക്ക ഒക്കെക്കും പിഴയുണ്ട. അയാൾ തനിക്കും നമുക്കുമായിട്ട തമ്പുരാൻ അയാൾക്ക കൊടുത്ത [87] പ്രമാണത്തിൻെറ നന്മ അയാൾ കളഞ്ഞതിനെക്കൊണ്ട നമുക്കും കൂടെ അത ഇല്ലെന്നു വന്നു. ഇതിന്ന പൗലൊസ് ശ്ലീഹാ ചൊല്ലുന്നു ഒരു പുരുഷൻെറ ദോഷത്തിൻെറ ഹേതുവിനാൽ ഇഹലോകത്തിൽ ദോഷം പുക്ക അതിനാലെ മരണം എല്ലാവരുടെമേലും കടന്നു. മുമ്പിലത്തെ പുരുഷൻെറ മൂലത്താൽ മാനുഷര ഒക്കയും പിഴച്ചുമൂലം എന്നാ. ആദത്തിൻെറ വിത്താൽ നാം പിറക്കപ്പെട്ടുന്നതിനെക്കൊണ്ടും ആ ദോഷവും നമ്മുടെമേൽ അനുഭവിക്കുന്നു ആ ദോഷം നമുക്ക ഒള്ളപ്പോൾ മോക്ഷത്തിൽ നമുക്ക ചെന്നുകൂടാ. ഇതിനെക്കൊണ്ട തമ്പുരാൻ മാമോദീസാ എന്ന കൂദാശ കൽപിച്ചു. ഇക്കൂദാശയാൽ ഉത്ഭവദോഷം പോവാനും തമ്പുരാൻെറ സ്നേഹപ്പെട്ട പുത്രരും മോക്ഷത്തിലെ അനന്തിരവരും നാം ആവാൻ.

## ആറാം സാഹാ.

മാമോദീസാ മുങ്ങിയതിൻെറ ശേഷം ദോഷം ഒന്നും ഒണ്ടാകാത്തവരുടെ ആത്മാവുകളും പിഴച്ചാറെ തങ്ങടെ പെഴേടെ മുഴുവനായ പ്രാശ്ചിതം ചെയ്തവരുടെ

---

85 ന 3, 4-ൽ 'ചിററത്തിനടെ' എന്നാണ്

86 ന 3, 4-ൽ 'അയാഠം പെഴച്ചതിനെക്കൊണ്ട' എന്നില്ല

87 ന 3, 4-ൽ 'പ്രതമത്തിൻെറ' എന്നാണ്

malankaralibrary.com

ആത്മാവുകളും ഉടലിൽനിന്നു വേർതിരിഞ്ഞ ഉടനെ ആകാശമോക്ഷത്തിൽ ചെന്നു ഉള്ളവണ്ണംതന്നെ ദൈവസുഖത്തെ വെളിച്ചമെ കാണുന്നു. എന്നാൽ ഓരോരുത്തരുടെ യോഗ്യത്തിന്നതക്കവണ്ണം കാഴ്ചക്കു ഏറക്കുറ ഒണ്ടുതാനും. ഉൽപാവദോഷത്തോടു തന്നെ മരിക്കുന്നവരു മരിച്ചാൽ ഒടനെ ഒരിക്കലും തംപുരാനെ കാണാൻ വശമല്ലാത്ത പാതാളം എന്ന എടത്തിൽ ആകയും ചെയ്യും. [88] തന്റെ ചാവദോഷത്തോടുക്രുടെ മരിക്കുന്നവരു മരിച്ചാൽ ഉടനെ അവരുടെ ആത്മാവുകൾ എന്നന്നെക്കുമുള്ള നരകത്തിൽ ആകയും ചെയ്യും. തന്റെ [89] ദോഷത്തിന്റെ വലിപ്പത്തിന്നതക്കവണ്ണം അതിലെ തീയിൽ കെടന്നു പാടുപെടുകയും ചെയ്യും.

## ഏഴാം സഹാ.

മാമോദീസാമുങ്ങിയതിന്റെ ശേഷം പെഴച്ച പെഴകളും മേൽ തേറി തമ്പുരാന്റെ തിരുവുള്ളവും വാങ്ങി പിഴകളുടെ പ്രാശ്ചിതം മുഴുവനായി തെകക്കുംമുന്നാൽ മരിക്കുന്നവരുടെ ആത്മാവുകൾ ഉടലിൽനിന്നു പുറപ്പെട്ടാൽ ഉടനെ തംപുരാന്റെ നെറിവാലെ കറകേടപോക്കുന്ന എടത്തിൽ ചെന്നു അതിലെ തീകൊണ്ടും മററുള്ള ഞെരിക്കങ്ങൾകൊണ്ടും ദുരിതപ്പെട്ടു പ്രാശ്ചിതം തീരുവോളം അതിൽ കിടക്കും ഞാത്രെ. പ്രാശ്ചിതം മുഴുവനായി തെകച്ചാൽ തംപുരാൻ ആത്മാവുകളെ മോക്ഷത്തിൽ കൊണ്ടുപോയി വെളിച്ചമെ തന്റെ ദൈവസുഖം കാട്ടുന്നു താനും കറകേടു പോക്കുവാൻ ഉള്ള എടത്തിലെ ഞെരിക്കങ്ങളിൽനിന്നു തണുപ്പിക്കുന്നതും [90] രക്ഷിച്ചുകൊണ്ടു പോകുന്നതും കുർബാനയും അവക്കവേ

88 ന 3, 4-ൽ 'തന്റെ' എന്നില്ല

89 ന 5-ൽ 'ദോഷത്തിന്നതക്കവണ്ണം' എന്നു മാത്രമേയുള്ളു.

90 ന 3, 4-ൽ 'രക്ഷിച്ചുകൊണ്ടു പോകുന്നതും' എന്നില്ല

malankaralibrary.com

ണ്ടി ഇഹലോകത്തിൽനിന്ന നസ്രാണികൾ ധൎമ്മംചെയ്യുന്നതും നമസ്കരിക്കുന്നതും മററു നന്മപ്രവൃത്തി അവൎക്കു വേണ്ടിചെയ്യുന്നതും.

## എട്ടാം സഹാ.

ഇപ്പോൾ നമുക്കുള്ള നമ്മുടെദേഹം നാം മരിച്ചാൽ മണ്ണായിതിരിയും എങ്കിലും ചോദ്യത്തിന്റെ ദിവസത്തിൽ വീണ്ടും ഉരു തിരിഞ്ഞു നമ്മുടെ ആത്മാവുകളോടു കൂടെ ചെന്ന ഉയൎത്ത എഴുന്നേൽക്കും. എന്നാൽ നല്ലവരുടെ ഉടൽക്കു സ്തുതിയും പ്രാബല്യവും ഉണ്ടാം. പിന്നെ മരിപ്പാനും ദീനതപ്പെട്ടുവാനും വശമാകയും ഇല്ല. മിശിഹായോടുകൂടെ എന്നന്നേക്കും ആകാശമോക്ഷത്തിൽ ഇരുന്ന സൊയിൎയ്യംപെടുകയും ചെയ്യും. വിശേഷിച്ചു [91] തിന്മയോടു മരിച്ചവരുടെ ഉടലുകളും ആത്മാവുകളുംകൂടെ കാലന്മാരുടെ കൂട്ടത്തിലേക്കു ആയി [92] എന്നന്നേക്കുമുള്ള നരകത്തിൽ കിടന്ന ദുഷ്കൎമ്മപ്പെടുകയും ചെയ്യും.

## ഒമ്പതാം സഹാ.

പൂൎവ്വത്തുങ്കൽ ആദികാലത്തു കാണപ്പെട്ടതും കാണപ്പെട്ടുകൂടാത്തതും അരൂപിയും ഉരൂപിയും [93] മാലാഖമാർ നിറയപ്പെട്ട ആകാശമോക്ഷത്തേയും തമ്പുരാൻ പടച്ചു. എന്നാൽ തമ്പുരാനെ വഴങ്ങി തിരുവുള്ളവും വാണ മാലാഖമാര നന്മമേൽ ഓച്ചു പെഴപ്പാൻ വശമല്ലാത്തവണ്ണം ആയിച്ചമഞ്ഞു. അവര തമ്പുരാൻ [94] സൃഷ്ടിച്ചു അവൎക്കു കൊടുത്ത നന്മകളോടുകൂടെ മോക്ഷവും അവ

---

91 ന 1, 2, 5-ൽ 'തിന്മയുടെ ഉടലുകളും' എന്നുമാത്രം

92 ന 2-ൽ 'എന്നെന്നേക്കുമുള്ള നരകത്തിൽ' എന്നില്ല

93 ന 2-ൽ 'ബാവന്മാർ' എന്നാണ്

94 ന 3, 4-ൽ 'തമ്പുരാൻ സൃഷ്ടിച്ച അന്ന അവക്ക്' ന 1, 5-ൽ തമ്പുരാൻ സൃഷ്ടിച്ചവക്ക് അവക്ക് എന്നാണ്

malankaralibrary.com

ൎക്കു കൊടുത്തു. എന്നാൽ തംപുരാനോടു മറുതലിച്ചു നിന്ന മാലാഖമാരെ നരകത്തിൽ തംപുരാൻ തന്റെ നെറിവിന്നുടെ കടുമയാലെ കളഞ്ഞു അതിലെ തീകൊണ്ടും [95] പാടുപെടുത്തി ഒരിക്കലും തംപുരാനെ കാണ്മാൻ വശമല്ലാതെ ആക്കുകയും ചെയ്തു. അവരുടെ ദുഷ്കൎമ്മത്തിന്നു ഒടുക്കവും വരാ. അങ്ങനെ ആയിപ്പോയ ചൈത്താൻമാര മനുഷ്യരുടെമേൽ അവൎക്ക് ഉള്ള പൈശന്യംകൊണ്ടും [96] ഉള്ളിലെ ദുഷ്ടതമേൽ ഒറച്ചതിനെകൊണ്ടും മാനുഷരെ പരൂക്ഷിച്ചു പെഴപ്പിച്ചു നരകത്തിൽ കളവാൻ ഉത്സാഹിക്കയും ചെയ്യുന്നു.

## പത്താം സഹാ.

ആകാശത്തിൽ തംപുരാനോടുക്രൂടിയിരിക്കുന്ന പുണ്യവാളരെ നെനച്ചു അവരുടെ യോഗ്യംകൊണ്ടു തംപുരാൻ നമുക്കു നന്മ തരണം എന്നു തംപുരാനോടു അപേക്ഷിക്കണം. നമ്മുടെ ആവലാധിക്കു അവരെ നെനച്ചും വിളിച്ചും നമുക്കുവേണ്ടി തംപുരാനോടു അപേക്ഷിക്കണം എന്നു അവരോടു നാം ഇരക്കയും വേണം. [97] നമ്മുടെ എരപ്പും നമസ്കാരവും അവര തംപുരാനു കാഴ്ച വയ്ക്കുന്നതിനെക്കൊണ്ടും വിശേഷിച്ചു അവരുടെ ഉടല്യ

---

95 ന 3, 4-ൽ 'തീകൊണ്ടും ഞെരുക്കവും, ദുഷ്കമ്മവുംകൊണ്ടും' ഇതിലെ 'ഞെരുക്കവും, ദുഷ്കമ്മവും' ന 1, 2, 5-ൽ ഇല്ല.

96 ന 2 5-ൽ 'ഉള്ളിലെ ദുഷ്ടതമേൽ ഉറച്ചതിനെക്കൊണ്ടും' എന്നില്ല ന 4-ൽ ഉള്ളിലെ ദുഷ്കമ്മവും ദുഷ്ടതമേൽ ഉറച്ചതിനെക്കൊണ്ടും' എന്നാണ്

97 ന 3-ൽ, നമുക്കുവേണ്ടി തമ്പുരാനോടു നാം ഇരക്കയും വേണം' ന 4, 5-ൽ 'നമുക്കുവേണ്ടി തമ്പുരാനോടു അപേക്ഷിക്കണം എന്നു അവരോടു നാം എരക്കയും വേണം' ന 1-ൽ 'നമുക്കുവേണ്ടി തമ്പുരാനോടു അപേക്ഷിക്കണം നാം എരക്കയും വേണം' എന്നിങ്ങനെ സ്വല്പവ്യത്യാസത്തിലാണ്.

malankaralibrary.com

കൾ മിശിഹാടെ ജീവനായി സന്ധുക്കൾ ആയതിനെ ക്കൊണ്ടും ആ ഉടലുകൾ റൂഹാദക്കുദശാടെ ഇരിപ്പടം ആയതിനെക്കൊണ്ടും ചോദ്യത്തിൻടെ ദിവസത്തിൽ ഉയിൎത്ത സ്തുതിയോടുകൂടെ ആകാശമോക്ഷത്തിൽ കരേറി തംപുരാനോടുകൂടെ ഇരിക്കും എന്നതിനെക്കൊണ്ടും ആ പുണ്യവാളരുടെ ഉടലുകൾ എങ്കിലും അസ്ഥികൾ എങ്കിലും നാം ആചരിക്കയും വന്ദിക്കയും പള്ളികളിൽ ത്രൊനോസുമേലും ശുദ്ധമാന എടങ്ങളിലും അതിനെ സൂക്ഷത്തോടുകൂടെ സംഗ്രഹിക്കുകയും വേണം എന്നതും മേൽ നാം വിശ്വസിക്കുന്നു.

## പതിനൊന്നാം സഹാ.

മിശിഹാടെയും മൎത്തമറിയത്തമ്മാടെയും ശുദ്ധമാന പള്ളി ആചരിക്കുന്ന കന്തീശങ്ങടേയും രൂപങ്ങളെ ഒണ്ടാക്കുകയും പള്ളിയിൽ അതിനെ വച്ചു വന്ദിക്കണം എന്നും നമുക്കു വിശ്വാസം. എന്നാൽ കാവ്യര തങ്ങടെ ഭഗവതികളേയും ദേവൻമാരെയും വച്ചു അതിന്മേൽ ശരണപ്പെട്ടു വിശ്വസിച്ചു ആചരിക്കുന്നു എന്നപോലെ അല്ല നാം പുണ്യവാളരുടെ രൂപങ്ങൾ ആചരിക്കുന്നു. രൂപങ്ങൾക്കു ഏതാനും ഒരു ശക്തി ഒണ്ടെന്നിട്ടല്ല അതിനെ നാം വന്ദിക്കുന്നു. പിന്നയോ പുണ്യവാളരെ അതു നമുക്കു കാട്ടുന്നു എന്നതിനെക്കൊണ്ടു ഇരൂപങ്ങൾ വന്ദിക്കുന്നതും പുണ്യവാളരെ വന്ദിക്കുന്നതും രണ്ടല്ല. ഇതിനെക്കൊണ്ടു മിശിഹാടെ രൂപം മിശിഹാനെ നമുക്കു കാട്ടുന്നു എന്നതിനെക്കൊണ്ടും മാർ [98] സ്ലീവാ കുരിശുമ്മേൽ തൂങ്ങപ്പെട്ടു കൎത്താവിനെ നമുക്കു കാട്ടുന്നതിനെ കൊണ്ടും മിശിഹാകൎത്താവിനെ വന്ദിക്കേണ്ടുംവണ്ണം

98 ന 1, 2, 5-ൽ 'സ്ലീവാകുരിശിന്മേൽ' എന്നാണു്

malankaralibrary.com

തന്റെ രൂപത്തെയും മാർ സ്ലീവായേയും വന്ദിക്കണം. മത്തമറിയത്തമ്മായയും പുണ്യവാളരെയും വന്ദിക്കുംവണ്ണം [99] അവരുടെ രൂപങ്ങളേയും വന്ദിക്കണം. മിശിഹാകത്താവ് മത്തായിയുടെ അറിയിപ്പിൽ അരുളിചെയ്ത മാർസ്ലീവായെ ചോദ്യത്തിനുടെ ദിവസത്തിൽ എല്ലാവൎക്കും എടവിദാനത്തുങ്കൽ കാണ്മാറാകും എന്നു.

പന്ത്രണ്ടാം സഹാ.

മാനം വളഞ്ഞതിനകത്തു ആകുന്നാൽ ഒരു പള്ളിയെഉള്ളു. ഇപ്പള്ളിക്കു തലവനും എടയനും ആയതു ശുദ്ധമാന പാപ്പാ അത്രെ. എന്നാൽ സ്ലീഹന്മാൎക്കു തലവനായ ശെമഹോൻ കേപ്പാടെ പക്കൽ നസ്രാണികളെ എല്ലാവരെയും വഴങ്ങി പട്ടക്കാരൎക്കും മേൽപ്പട്ടക്കാരൎക്കും മറെറല്ലാവൎക്കും തലവൻ ആക്കിയപോലെ ഇവണ്ണംതന്നെ കേപ്പായുടെ [100] അനന്ത്രക്കാരൻ ആകുന്ന ശുദ്ധമാന പാപ്പാ നസ്രാണികൾ ഒക്കക്കും തലവനും കാരണവനും [101] മല്പാനും മേല്പട്ടക്കാരനും ആകുന്നത ശുദ്ധമാനപാപ്പാ ഇവണ്ണംതന്നെ പള്ളികൾ ഒക്കക്കും തലയും അമ്മയും ആകുന്നതു ശുദ്ധമാന റോമ്മാപ്പള്ളി ഇതിനെക്കൊണ്ടു പട്ടക്കാരരും മെത്രാപ്പോലീത്തന്മാരും [102] അപ്പസ്തോലപ്പന്മാരും മെത്രാന്മാരും പാത്രിയക്കീസന്മാരും കത്തോലിക്കന്മാരും മാടംപികളും കത്താക്കളും രാജാക്കളും ശേഷം മാമോദീസാ ഉള്ളവര ഒക്കയും ശുദ്ധമാന പാപ്പാടെ കീൾ അടങ്ങുന്നു. ഇതിനെക്കൊ

---

99 ന 3-ൽ 'അവരുടെ രൂപങ്ങളെയും വന്ദിക്കണം' എന്നില്ല

100 ന 1, 2, 5, 'കെപ്പായാലെ' എന്നാണു

101 ന 1, 5-ൽ 'മല്പാനും' എന്നില്ല

102 ന 3, 4-ൽ 'അവുനാന്മാരും' എന്നു കൂടുതൽ ന 3, 4-ൽ 'കാസോലിക്കാമാരും' എന്നില്ലതാനം

malankaralibrary.com

ണ്ടു പാപ്പാടെ കീൾ അടങ്ങാത്തവർക്കു മോക്ഷം ഇല്ല. പിന്നയോ [103] തമ്പുരാന്റെ മുതലക്കാരായി നരകത്തിൽ പോയി ദുഷ്കൎമ്മപ്പെട്ടുവോര.

പതിമ്മൂന്നാം സഹാ.

ഏവൻഗേലിക്കും നിവിയന്മാക്കും ശാസ്ത്രം രണ്ടിന്നും ഒടെ ഒരുവൻ തമ്പുരാൻ അത്രെ. പഴെ മാർഗ്ഗത്തിലെ [104] നിവ്യന്മാർ പുത്തൻ മാർഗ്ഗത്തിലെ, ശ്ലീഹന്മാരും പുണ്യവാളരും റൂഹാദക്കുദശാ ഒരുവനാൽ അത്രെ എല്ലാവരും പറഞ്ഞ അയച്ചതിനെക്കൊണ്ടു. എന്നാൽ റൂഹാദക്കുദശായാൽ എഴുത്തുപെട്ട പൊസ്തകങ്ങളെ കത്തോലിക്കാപ്പള്ളി കൈക്കൊണ്ടത ഇത പഴെ ശാസ്ത്രത്തിൽ ഒറൈത്താൽ അഞ്ചെ ഒന്നാമത ബ്രീസാ, രണ്ടാമത മപ്പക്കാനാ, മൂന്നാമത കഹനെ, നാലാമത മെനിയാന, അഞ്ചാമത തെനിയൻനാമ്മൊസാ ഈശോവ ണ്ണോൻ, [105] ദീനാ, രാജാക്കടെ പൊസ്തകത്തിൽ 4. എസറാ രൂവിസ 1 യൂദിത്താ എസ്ത്രാ ഇയൊവുക്കെനാ 1 ഹൂലാലാ ശ്ലെമ്മോന്റെ ഒപ്പാരികൾ 1 കൊഹലാസ ശീറസശീറിൻ 1. ഹെഖമസാറബസാ 1. ഈശോബറ സീറ വല്യനിവിയൻമ്മാരനാലരും ഇതാകുന്നത.[106] എശയ്യാ, പാറൊഹാവൂടെ, എറമിയാ ഹെസക്കിയേൽ ദാനിയേൽ പന്തിരണ്ടു ചെറിയ നിവിയമ്മാര 1. ഹോ

---

103 ന 1, 2, 5-ൽ 'തമ്പുരാന്റെ മരുതലക്കാരായി' എന്നില്ല.

104 ന 4-ൽ 'നിവ്യന്മർ' എന്നില്ല അതിനുപകരം 'ശ്ലീഹന്മർ' എന്നാണ് 4-ൽ പുത്തൻ മർഗ്ഗത്തിലെ എന്നില്ല

105 ന 3, 4-ൽ 'ഭയ്യാനെ' എന്നാണ്; 'റൂസ' എന്നു കൂടുതൽ ന 3-ൽ 'എസറാ 1' ന 1, 2, 4-ൽ 'എസറാ2' എന്നാണ് ന 4-പ്ര ലിലം ന 1, 2, 3-ൽ ഹൂലലെ എന്നാണ്

106 ന 2, 3, 4-ൽ 'എശയ്യാ പാറൊകനോടുകൂടെ' ന 1, 5-ൽ 'എശയ്യാ ബറുഹോടുകൂടെ' എന്നാണ്

malankaralibrary.com

ശാ, ഇയൊയൽ, ഊആമ്മോസ, ഊവദിയായൊവ നൻ, ഊമിഖാനാഹോം. ഹൊക്കൊക്ക സപ്പനിയാ ഹഗിസക്കറിയാ, മാലാഖിൽ, മക്കവൊയാ രണ്ടു പു ത്തൻ ശാസ്ത്രത്തിലെ പൊസ്തകങ്ങൾ ഇതു് ഏവൻഗേ ലിനാല അരിപ്പം മത്തായി, മക്കോസ, ലൂക്കൊ, യോ ഹന്നാൻ. ലൂക്കാ ഏവൻഗേലിസ്ഥാ എഴുതിയ പ്രക്ക സെസ ശ്ലീഹായും പൗലോസശ്ലീഹാടെ എംകത്താ പ തിനാലും അതായ്ത റോമ്മായക്കാരക്ക ഒന്നു. ഫിലിപ്പു സായെക്കാരക്ക ഒന്നു്. തെസലോനിക്കായെ 2. ക്രൂറെ ന്തായക്കാരക്ക രണ്ടു. ഗലാത്തായക്കാരക്ക ഒന്നു. കൽസാ യെക്കാരക്ക ഒന്നു. അപ്പസ്സായക്കാരർക്ക ഒന്നു. തിമ്മാ ത്തെയോസിന്നു രണ്ടു തെത്തോസിന്നു ഒന്നു പിലിമ്മോ നിന്നു ഒന്നു. ഏവുറായെക്കാരർക്ക ഒന്നു. ശെമവൊൻ കെപ്പാഎംകത്താ രണ്ടു. യോഹന്നാൻെറ എംകത്താ മൂന്നു. യൂദാടെ എംകത്താ ഒന്നു. യാക്കോബിൻെറ എം കത്താ ഗെലിയാനെദ യോഹന്നാൻ എന്നു പുസ്തകവും.

രണ്ടാം കല്പന. 106 a.

തമ്പുരാൻെറ പുത്തൻ 107 ശാസ്ത്രത്തിലെ സുറി യാനിപൊസ്തകത്തിൽ 108 സാക്ഷാൽ എഴുത്തപെട്ട പ ലവസ്തുക്കൾ ഇല്ല. ഈ എടവകയിൽ അത ഇന്നതെ ന്നു 109ശുദ്ധമാന സൂന്നഹദോസു അറിയിക്കുന്നു. 110 ഒ

106 a. 2-ംകല്പന എന്നതു 1, 2, 5 ഈ നമ്പ്ര പുസ്തകങ്ങളിൽ മാത്രമേയുള്ളു 3, 4-ൽ കാണുന്നില്ല.

107 ന. 1-ൽ 'പുത്തൻശാസ്ത്രത്തിലെ' ന. 2-ൽ 'പുത്തൻ മംഗ്ലത്തിലെ, ന. 3, 4-ൽ 'ശാസ്ത്രത്തിലെ' എന്നു മാത്രം 'പുത്തൻ' ഇല്ല ന. 5-ൽ 'പുത്രൻ ശാസ്ത്രത്തിലെ' എന്നാണു്.

108. ന. 2-ൽ 'സാക്ഷാൽ ചിലവസ്തുക്കഠം' ന. 3, 4-ൽ 'സാക്ഷിയാൽ എഴുത്തപെട്ട' എന്നാണു്.

109 ന. 1, 5-ൽ 'ശുദ്ധമാതു സൂന്നഹദോസു്' എന്നില്ല

110 ന. 3, 4-ൽ 'ഒന്നാമതു' എന്നില്ല

malankaralibrary.com

നാമത്തു യോഹന്നാന്റെ അറിയിപ്പിൽ മറെറല്ലാ [111]ഭാഷയിലും അവരാധപ്പെട്ട സ്ത്രീയുടെ വിശേഷം എഴുത്തപ്പെട്ടത ഇല്ല. 2 ലൂക്കാടെ അറിപ്പിൽ പത്താം സഹായിൽ [112] എഴുത്തപ്പെട്ട എഴുപത്തുരണ്ടു ശിഷ്യരെ തമ്പുരാൻ കഴലപ്പെടുത്തി എന്ന എല്ലാ ഭാഷയിലും എഴുത്തപ്പെട്ടവണ്ണം ഇല്ല. എഴുപതു എന്നെ ഉള്ളു. 3 മത്തായിയുടെ അറിപ്പിൽ ആവൂന്ദ വശമൈയാ എന്ന നമസ്കാരത്തിൽ അതിന്റെ ഒടുക്കത്തെ മറെറാന്നിലും എഴുത്തപ്പെടാത്ത വശനങ്ങൾ ചെലതുണ്ടു എഴുത്തപ്പെട്ടിട്ടു. അതായത [113] മെത്തൊൽ ദലീലാ ഹൈ മൽക്കൂസാ ഉഹൈലാ ഉതെ ശ്ശുബൊ ഹത്താല്ല ആലം അൽമീൻ എന്നതു്. 4 യോഹന്നാന്റെ രണ്ടാമത്തവും മൂനാമത്തവും ഉള്ള എംകത്താ ഇല്ല. ശെമൊൻ കെപ്പാടെ രണ്ടാംഎംകത്തായും ഇല്ല. [114] യൂദായുടെ എങ്കത്താ ഇല്ല. [115] യോഹന്നാന്റെ ഒന്നാം എംകത്തായിൽ അഞ്ചാംസഹായിൽ മററ എല്ലാത്തിലും എഴുത്തപ്പെട്ടപോലെ ഇല്ല. അതായത ആകാശത്തെ സാക്ഷിപ്പെടുന്നവര മൂവര. ബാവായും പുത്രനും റൂഹാദക്കുദശായും എന്നാൽ ഇ മൂവര ഒന്നു എന്ന വചനം നാലാം സഹായിൽ.

എല്ലാത്തിലും എഴുത്തപ്പെട്ട ഈ വചനങ്ങൾ സുറിയാനിയിൽ ഇല്ല. അതായത ഈശോനെ [116] അയക്കുന്നവൻ തമ്പുരാൻ എന്നവൻ അല്ലെന്നു.

---

111 ന. 1, 2, 5-ൽ 'മറെറല്ലായിലും എഴുത്തപ്പെട്ട അവര്സപ്പെട്ട' എന്നാണു്.

112 ന. 3, 4-ൽ 'എഴുത്തപ്പെട്ട' ഇല്ല.

113 ന. 3-ൽ ഈ വാക്കുകൾ സുറിയാനിയിൽ ആണു്. ന. 4-ൽ ഈ സ്ഥാനത്തു സ്ഥലം വിട്ടിരിക്കുന്നു.

114 ന. 3-ൽ 'യൂദായുടെ എം കത്താ ഇല്ല, ഈ ഭാഗമില്ല

115 ന. 5-ൽ 'യോഹന്നാന്റെ ഒന്നാം' എന്നില്ല അതിനു പകരം 'യാക്കോടെ ഒന്നാം' എന്നാണു്

116 ന. 3, 4-ൽ 'അഴിക്കുന്നോൻ' എന്നാണു്.

malankaralibrary.com

117 നെക.മസാറാബസാ എന്ന പൊസ്തകം സുറി യാനിയിൽ സാമാന്യം ഇല്ല. ഇതിനെക്കൊണ്ടു 118 പ ണ്ടു ശ്ലീഹന്മാരുടെ കാലത്ത എഴുത്തപ്പെട്ട പൊസ്തക ങ്ങൾ സുറിയാനിയിൽ ഇല്ലാത്തത എല്ലാം ലത്തീനിൽ നിന്നു സുറിയാനിയിൽ പേൎത്ത ഒണ്ടാക്കണം എന്നു പെ ണ്ണാപീസക്രൊംസ' പാദ്രിയോട്ടു ഈ സൂനഹദോസ അ പേക്ഷിക്കുന്നു.

## മൂന്നാം കൽപന.

റഹാദക്കുദശായാൽ എഴുത്തപ്പെട്ട പൊസ്തകങ്ങൾ വിശ്വാസത്തിൻെറ തൊണകളും ഒറപ്പും ആകുന്നതിനെ ക്കൊണ്ടു 119 വിശ്വാസക്കേടുകാരര തങ്ങടെ തണ്യതാൽ പയ്യം തെകപ്പാൻ തക്കവണ്ണം അതിൽ ചെലത പക ൎത്തുകയും, ചെലത മാച്ചുകളകയും ചൈതാര. ഇതിനെ ക്കൊണ്ടു തമ്പുരാൻ മാനുഷൎക്കു വേണ്ടി പെറക്കയും, മ രിക്കയും ചോരചിന്തിയത്തുമില്ലെന്നു നെസ്തോറീസും അ വൻെറ കൂട്ടവും ഒണ്ടാക്കി. ഇതിൻെറ മുഴപ്പിനായിട്ടു ഇതിന്നു മറുത്ത ഒള്ളത മാച്ചുകളഞ്ഞു. തമ്പുരാൻെറ ചോരയാലെ പള്ളിയെ നേടി എന്ന 120 പ്രക്സേസ ശ്ലീഹാ പൊസ്തകത്തിൽ ഇരുപതാം സഹായിൽ എഴു ത്തപ്പെട്ടത തമ്പുരാൻെറ പേൎക്കു പകരം 121 മശിഹാ എന്നു മറിച്ചു എഴുതിയാര യോഹന്നാൻെറ എംകത്താ യിൽ മൂന്നാം സഹായിൽ തമ്പുരാൻ നമുക്കുവേണ്ടി ത

---

117 ന. 3, 4-ൽ, 'ഹെകമസ എന്ന പുസ്തകം' എന്നാണ്.

118 ന. 3-ൽ 'പണ്ടു' ഇല്ല.

119 ന. 1, 4, 5-ൽ 'വിശ്വാസക്കാരര' എന്നാണ്.

120 ന. 1, 5-ൽ 'പ്രക്കസെസു ശ്ലീഹപൊസ്തകം' 3, 4-ൽ 'പ്ര ക്കസെസു പുസ്തകത്തിൽ' എന്നുമാണ്.

121 ന. 1, 5-ൽ 'മിശിഹാ മരിച്ചു എന്ന എഴുതിയരു' എ ന്നാണ്.

malankaralibrary.com

ൻെറ ആയിസ്സും ഉപേക്ഷിച്ച എന്ന എഴുത്തുപെട്ട അരുളപ്പാടുകളെ പകത്തി തമ്പുരാൻ എന്ന പേരിന്നു പകരം അവൻ എന്ന എഴുതിയാര. വിശേഷിച്ച തമ്പുരാനും ഈശോയും എന്നിരുവരത്രെ എന്ന വരുത്തുവാൻ പൌലോസ ശ്ലീഹാടെ എംകത്തായിൽ മറെറാന്നിലും എഴുത്തുപെടാത്ത ഇ വചനങ്ങളെ ക്രുട്ടിയാര. വചനങ്ങൾ ആയത ഇത തമ്പുരാനെ ക്രുടാതെ ഈശോതാൻ മരണം രസിച്ച എന്ന വിശേഷിച്ച ഈശോവെ വെരതിരിക്കുന്നവൻ തമ്പുരാൻ അവൻ അല്ലെന്നു യോഹന്നാൻെറ അറിപ്പിൽ നാലാം സഹായിൽ എഴുത്തപ്പെട്ടത നെസ്തോറീസ കത്തിക്കളഞ്ഞു എന്ന കൽക്കിദോൻ എസ സൂനഹദോസിൽ എഴുത്തുപെട്ടിട്ടുണ്ട്. [122] സാക്ഷാൽ റുഹാദക്കദശായാൽ എഴുത്തുപെട്ടത ഒക്കെയും വഴിയെ സുറിയാനിയിൽ എഴുതി [123] വായിക്കണം എന്ന സൂനഹദോസ കൽപിക്കുന്നു.

## നാലാം കൽപന.

കാവ്യരുടെ എടയിൽ [124] മാർത്തോമ്മാ നസ്രാണികൾ ഇരിക്കുന്നതിനെക്കൊണ്ടു കാവ്യർ വിശ്വസിക്കുന്നവൃത്താൽ [125] ചിലത്തു നസ്രാണികളിലും ചെലര വിശ്വസിക്കുന്നു എന്നു [126] ശുദ്ധമാന സൂനഹദോസ അറിഞ്ഞതിനെക്കൊണ്ടു ഇത അറിയിക്കുന്നു. മറുപെറവിഒണ്ടെന്നാ വിശ്വസിക്കുന്നത പട്ടാങ്ങയുടെ വിശ്വാസ

122 ന. 3, 4-ൽ 'എന്നാൽ സാക്ഷിയാൽ' എന്നാണ്

123 ന. 3, 4-ൽ "എഴുതിവെയ്ക്കണമെന്നു" ഇങ്ങനെയാണ്.

124 ന. 2-ൽ 'മാർ നസ്രാണികൾ' എന്നുമാത്രം.

125 ന. 3, 4-ൽ 'വിശ്വസിക്കുന്നതിൽ ചെലത്തു'

126 ന. 4-ൽ 'ശുദ്ധമാന' ഇല്ല.

malankaralibrary.com

ത്തിന്ന എടത്തൂട ആകുന്നത. [127] അത എന്തെ? മേൽ എഴുത്തുപെട്ട പോലെ ഉടലിൽ നിന്ന ആത്മാവ പുറപ്പെട്ടംപോളെ ആകാശമോക്ഷത്തിൽ താൻ പാതാളത്തിൽ താൻ എറങ്ങും വിധിപ്പിന്റെ ദിവസത്തിൽ ഓരോരൊ ആത്മാവുകൾ തന്റെ തന്റെ [128] ഉടലിന ചേരും എന്നത്രെ തംപുരാന്റെ അരുളപ്പാട. വിശേഷിച്ചും ഇ ലോകത്തിലെ മാനുഷര ചെയ്യുന്ന ഗുണവും ദോഷവും ശേഷം എല്ലാം തങ്ങടെ [129]മനസ്സാലല്ല ചെയ്യുന്നു, പിന്നെയൊ തലയോട്ടിലെ എഴുത്തും വിധിയും അത്രെ എന്ന ചൊല്ലുന്നതും ഒന്നയാന വിശ്വാസത്തിന്ന മറുത്ത അത്രെ ആകുന്നു.

അത എന്തെ? നന്മയും തിന്മയും ചെയ്യുന്നത്ത തംപുരാൻ മാനുഷന്റെ പക്കൽ ആക്കിയത അത്രെ എന്ന തംപുരാന്റെ അരുളപ്പാട. തന്റെ തന്റെ മാർഗ്ഗത്തിന്ന തക്കവണ്ണം ഇരിന്നാൽ മോക്ഷം കിട്ടും എന്ന ചൊല്ലുന്നതും വിശ്വാസത്തോട മറുത്ത അത്രെ ആകുന്ന അത എന്തെ? വേദാദക്കുദശായാൽ എഴുത്തുപെട്ടതിൽ പലടത്തും എഴുത്തുപെട്ടിട്ടുണ്ട, മിശിഹാടെ മാർഗ്ഗം വിശ്വസിച്ച പുകാത്തവക്ക മോക്ഷം ഇല്ലെന്നു. ഇതിനെക്കൊണ്ട എടവകയിലെ മൂപ്പന്മാരും കുമ്പസാരിപ്പിക്കുന്ന പട്ടക്കാരരും [130] പൊരുൾ പറയുന്ന പട്ടക്കാരരും അറിവില്ലാത്തവരോട അത്തരം വസ്തുക്കളെ വിശ്വ

127 ന. 5-ൽ 'അത എന്തെ മേൽ എഴുത്തുപെട്ടപോലെ' ഇല്ല.

128 ന. 3, 4-ൽ 'തന്റെ തന്റെ ഉടലിന ചേരും' ന. 1-ൽ 'തന്റെ തന്റെ ആത്മാവിൽ ഉടൽ ചേരും' എന്നാണ്.

129 ന. 1, 2-ൽ 'മനസ്സാലെ ചെയ്യുന്നു' എന്നാണ് ന. 5-ൽ 'പിന്നെയൊ തലയോട്ടിലെ എഴുത്ത് വിധിയും' ഇല്ല.

130 ന. 3-ൽ 'പൊരുൾ പറയുന്ന പട്ടക്കാരരും' ഇല്ല

malankaralibrary.com

സിക്കരുത എന്നും പല [131] ഊഴവും പറഞ്ഞ അറീക്കണം എന്ന ശുദ്ധമാന സൂനഹദോസ പ്രമാണിക്കുന്നു.

അഞ്ചാംകൽപന.

നമ്മുടെ കത്താവ മാറാനീശോമിശിഹാ നമുക്കവേണ്ടി പാട്ടപെട്ടതും മരിച്ചതും ഓർത്ത നിരൂപിക്കുന്നതിനെക്കൊണ്ട നമ്മുടെ പെഴകളിന്മേൽ [132] ദ്വേഷവും പിന്നെ പിഴക്കേണ്ടാ എന്നു മനസ്സിലെ ഉറപ്പും നല്ല പ്രവൃത്തിമേൽ ഉത്സാഹവും സ്വർഗ്ഗത്തിൽ പോകുമെന്നതിന്മേൽ ശരണവും മററു പലപല ഉപകാരങ്ങൾ നമുക്ക ഉണ്ടാകുന്നതിനെക്കൊണ്ട എവൻഗേലിയോനും സ്ലീഹായിലും അതിനെ ഓക്കണം എന്ന എഴുത്തപെട്ടതിനെക്കൊണ്ടും മിശിഹാടെ ദിനതപ്പാട്ടും മരണവും ഓക്കുന്നത [133] തമ്പുരാനേ ഏറ്റുന്നതിനൊക്കും എന്ന ചൊല്ലുന്നതു വിശ്വാസത്തിന്ന മറുത്ത അത്രെ ആകുന്നു. ഇതിനെക്കൊണ്ട പൊരുൾ പറയുന്നവരും കുമ്പസാരിക്കുന്നവരും ദുഃഖവും സുഖവും ചൊല്ലി നമസ്കരിക്കുന്നത അനേകം നൻമയായ വസ്തു എന്ന എല്ലാവരെയും പറഞ്ഞ ബോധിപ്പിക്കണം.

---

131 ന. 1, 5-ൽ 'പല ഉട്ടക്കവും' എന്നാണു്

132 ന. 1-ൽ 'ദ്വേഷിച്ചു ഇന്നി പെഴക്കെണ്ടാ എന്ന മനസ്സിലെ ഒറപ്പും' ന. 3, 4-ൽ 'നല്ല പ്രവൃത്തി ഉത്സാഹവും' ന. 1, 5-ൽ 'നല്ല പ്രവൃത്തിയിന്മേൽ ഉത്സാഹവും' ന. 3, 4-ൽ 'സ്വർഗ്ഗത്തിൽ പോമെന്നതിന്മേൽ ശരണവും' ന. 5-ൽ സ്വർഗ്ഗത്തിൽ പോകണമെന്നുള്ളതിന്മേൽ ശരണവും' എന്നിങ്ങനെ സ്വല്പ വ്യത്യാസങ്ങളം മാത്രമുണ്ടു്.

133. ന. 1, 5-ൽ 'തമ്പുരാനോട്ട ഏറക്കുറയും ആകുന്നതിനൊക്കും' ന. 3-ൽ 'തമ്പുരാനെ ഏകുന്നതിനൊക്കും' ന 4-ൽ 'തമ്പുരാനോടേകുന്നതിനൊക്കും' എന്നാണു്.

malankaralibrary.com

## ആറാം കാനോനാ.

സുറിയാനിയിൽ ചെല പൊസ്തകങ്ങളിൽ വിശ്വാസത്തിനു മറുത്തുള്ള പെണക്കങ്ങളിൽ മർത്തമറിയത്തുമ്മായെക്കൊണ്ടും ചെല പെണക്കങ്ങളൊണ്ട. ആ പെണക്കങ്ങളെ പെണക്കങ്ങൾ എന്നറിഞ്ഞ അതിനെ വിശ്വസിക്കായ്വാൻ ശുദ്ധമാന കത്തോലിക്കാ വിശ്വാസം മർത്തമറിയത്തുമ്മായെക്കൊണ്ട പഠിപ്പിക്കുന്നത ഇത. ദോഷത്തിന്റെ കറ ഒരുനാളും ഉമ്മായ്ക്ക് ഒണ്ടായില്ലെന്നും പെറും മുൻപെയും പെറുന്നാപ്പോളും പെററാറെയും ഒരിക്കലും കന്യാസുഖം അഴിഞ്ഞില്ല എന്നും നൊവും വെടിപ്പുകേടും ആയി ഒരു പ്രസവം ഉമ്മായ്ക്കു ഒണ്ടായില്ലെന്നും താൻ മരിച്ചപ്പോൾത്തന്നെ ആകാശമോക്ഷത്തിൽ ആയി എന്നും ഉയർത്ത ആത്മാവോടും ശരീരത്തോടും കൂടെ[134] ആകാശമോക്ഷത്തിൽ ഇരിക്കുന്നു എന്നും. അത എന്തെ? ദൈവത്തിന്റെ പുത്രനെ ചൊമന്നു പെററ ഉമ്മാടെ ശുദ്ധമാന ഉടൽ മററ എല്ലാവരുടെയും ഉടൽപോലെ പൊടിയായിപ്പോകുന്നത[135] ചെതം അല്ലായ്കകൊണ്ട തമ്പുരാൻ ഉമ്മാനെ ഉയർപ്പിച്ച ആകാശമോക്ഷത്തിൽ മാലാഖമാർക്ക ഒക്കെക്കും മീതെ എടത്തിൽ ഉമ്മാനെ ഇരുത്തുകയും ചെയ്തു എന്ന ശുദ്ധമാന പള്ളി പഠിപ്പിക്കുന്നു. ഇ വണ്ണം നാം എല്ലാവരും വിശ്വസിക്കയും വേണം.

## ഏഴാംകാനോനാ.

ഒരുവൻ തമ്പുരാൻ തന്റെ ശുദ്ധമാന ഒര മർഗ്ഗം

134. ന. 1, 5-ൽ 'ആകാശത്തിൽ ഇരിക്കുന്നു' എന്നാണ്.
135, ന. 2, 4-ൽ 'ചിതം അല്ലായ്ക' എന്നാണ്.

malankaralibrary.com

ആകുന്നതിനെ [136] ശെമഹോൻകേപ്പാടെയും [137] മത്തോമ്മാടെയും വഴിപാടും മാർഗ്ഗവും രണ്ട എന്ന വിശ്വാസത്തിന്റെ അന്തരം ഉള്ളവര ഒണ്ടാക്കിച്ചമച്ചതിനെക്കൊണ്ട ശുദ്ധമാന സൂനഹദോസ ആകുന്ന ഈ യോഗത്തിന [138]ദുഃഖം പെരികെ ഉണ്ട എന്നാൽ പട്ടാങ്ങയുടെ നസ്രാണികൾ ഒക്കെക്കും മിശിഹാ കർത്താവിനാൽ ശ്ലീഹന്മാരെ പഠിപ്പിക്കപ്പെട്ട പഠിച്ച മാർഗ്ഗവും [139] വിശ്വാസവും മാറമോദീസായും ഒന്നേയുള്ളു. ഇതിനെക്കൊണ്ട മാനം കാല്യൂനിയതിന്ന അകത്തു ശുദ്ധമാന കത്തോലിക്കാ പള്ളിയായിട്ട ഒന്നേയുള്ള. ഈ പള്ളിയുടെ [140] തലവൻ ആകുന്നത ആകാശത്ത മിശിഹാ കർത്താവ ഭൂമിയിൽ ഇപ്പള്ളിയെ വാണു രക്ഷിപ്പാനായിട്ട ശെമഹോൻകേപ്പാടെ അനന്തിരവൻ ആകുന്ന ശുദ്ധമാന പാപ്പാ. എന്നാൽ ഇതിന്ന മറുത്ത പറയുന്നവര ശുദ്ധമാന എവൻഗേലിക്ക എടുത്തു അത്രെ ആകുന്നു എന്നറിക. ഇതിനെക്കൊണ്ട ഓരോരൊ പള്ളിരക്ഷിപ്പാൻ ആകുന്ന പട്ടക്കാരരും പൊരുൾ പറയുന്ന പട്ടക്കാരരും ഇ പറഞ്ഞതിനെ പല [141] ഊഴവും എണങ്ങരോട പറഞ്ഞ അറിക്കണം എന്ന ഇ യോഗം കല്പിക്കുന്നു.

### എട്ടാം കാനോനാ.

[142] ഗോവയിൽ നിന്ന ബഹുമാനപ്പെട്ട മെത്രാ

---

136 ന. 2, 5-ൽ 'നാം ശെമഹോൻകേപ്പാടെയും'

137 ന. 2-ൽ മത്തമറിയത്തുമ്മാടെയും.

138 ന. 1, 2, 5-ൽ 'സൂക്ഷ്മം' എന്നാണു

139 ന. 5-ൽ 'വിശ്വാസവും' എന്നില്ല

140 ന. 1, 3, 4, 5-ൽ 'തലയാകുന്നതു' ന. 2-ൽ 'തലവൻ ആകുവതു'' എന്നാണ്.

141 1, 2, 5-ൽ 'പലകുറിയും' എന്നാണ്.

142 ന. 2-ൽ ഗേവയിന്ന ന. 3-ൽ ഗോവചെന്ന.

malankaralibrary.com

പ്പോലീത്ത [143] വരുമ്പോൾ നിത്തലത്തെ രണ്ടു നേര ത്തെ നമസ്കാരത്തിലും കുർബാനയിലും വകുദാശിയി ലെ പാത്രിയക്കീസിനെ കത്തോലികാ [144] എന്ന ചൊ ല്ലിവാഴ്ത്തി ന്യായം കത്തോലിക്കാ എന്ന മൊഴിയുടെ അത്ഥമാകുന്നത [145] നസ്രാണികളൊക്കയ്ക്കും തലവനെ ന്നാ. നസ്രാണികളൊക്കയ്ക്കും തലവനാകുന്നതു ശുദ്ധമാ ന പാപ്പാ [146] അത്രെ. അതിനെകൊണ്ടു കത്തോലി ക്കാ എന്നപേരു ശുദ്ധമാന പാപ്പായ്ക്കു എന്നിയെ മററ ഒരുത്തരമേൽ ചൊല്ലപ്പെടരുത. ഇതിക്കൊണ്ടു ശുദ്ധമാന സൂനഹദോസ വഴക്കത്തിന്റെ ശക്തിയാലെയും, ശുദ്ധമാന പാപ്പാടെമേൽ എന്നിയെ മററ ഒരുത്തര മേൽ കത്തോലിക്കാ എന്ന മൊഴി ചൊല്ലുമ്പോളെ മ ഹറോൻ തട്ടം [147] എന്നതിനാലെയും പട്ടക്കാരരോട്ടം എണങ്ങരോട്ടം കത്തോലിക്ക എന്ന പേര കുർബാനയി ലും നമസ്കാരത്തിലും വിശേഷിച്ച മററ ഒരിക്കലും ശു ദ്ധമാന പാപ്പാടെമേൽ എന്നിയെ മററ ഒരുത്തര മേൽ കൂടിചൊല്ലരുത എന്ന പ്രമാണിക്കുന്നു.

എന്നാൽ ഇപ്രമാണം ആരാനും കടക്കിൽ അപ്പോ

---

143 ന. 1, 2, 4, 5-ൽ 'വരുവോളം' എന്നാണ്. ന. 1, 3, 4, 5-ൽ 'ഇങ്ങെഉള്ളവരു് നിത്തലത്തെ' എന്നാണ്.

144 ന. 5-ൽ 'എന്നുചൊല്ലി വാഴ്ത്തി ന്യായം' എന്നില്ല. മററുള്ള പുസ്തകങ്ങളിൽ 'വാഴ്ത്തി' എന്നതിനുപകരം 'വാസ്ത്തി' എ ന്നാണ്.

145 ന. 1-ൽ 'നസ്രാണികൾ ഒക്കെക്കും തലവൻ എന്ന പാപ്പാ യ്ക്കു എന്നിയെ' എന്നാണ് ന. 2-ൽ നസ്രാണികളൊക്കെക്കും തല വനെന്നു നസ്രാണികളൊക്കെക്കു തലവൻ പാപ്പായ്ക്കു" എന്നാണ്.

146 ന. 5-ൽ 'അത്രെ അതിനെകൊണ്ടു കത്തോലിക്കാ എന്ന പേരു ശുദ്ധമാനെ പാപ്പാ' ഈഭാഗമില്ല.

147 ന. 5-ൽ. 'എന്നതിനാലെയും പട്ടക്കാരരോട്ടം' എന്നു ഇല്ല.

malankaralibrary.com

ളെ അവൾക്ക മഹറോൻ [148] വിളിച്ചു ചൊല്ലുകയും വേണം. എല്ലാവരും അവരെ ശുദ്ധമാനപാപ്പാടെ വഴക്കത്തിൽ ഒത്തവര അല്ലെന്നും വിശ്വാസത്തിന്ന അന്തരാഒള്ളവരും എന്നറിഞ്ഞ പള്ളിയുടെ കല്പനകൾക്ക തക്കവണ്ണം അവരെ ശിക്ഷിക്കയും വേണം.

വിശേഷിച്ചു ഇപ്പോൾ വാഴുന്ന പാത്രിയക്കീസ ശുദ്ധമാനപാപ്പാടെവഴക്കത്തിൽ അല്ലാത്തതിനെകൊണ്ടും നെസ്തോറീസിന്റെ കൂട്ടത്തിൽ ഒന്ന ആയതിനെകൊണ്ടും മഹറോൻ ഏററിരിക്കുന്ന [149] ആ ശരീരത്തെ ചൊല്ലി പള്ളിനമസ്കാരത്തിൽ നമസ്കരിക്കയും അരുത. [150] വാഴ്ത്തുകയും അരുത. അയാളുടെ ചൊല്ലിന്ന ഒത്തവണ്ണം ഇരിക്കുന്നത ദോഷവും അതിനാൽ നരകവും അത്രെ. എന്നാൽ പാത്രിയക്കീസിനെ വാഴ്ത്തിയ എടത്തിൽ ശുദ്ധമാന പാപ്പാനെയും മലംകരെക്കു വരുന്ന മേല്പട്ടക്കാരരെയും വാഴ്ത്തുകെ ആവു. ഇതിന്ന എടത്തൂട അറിഞ്ഞുംകൊണ്ട പ്രവൃത്തിക്കുന്നേസൂര അവൎക്ക മഹറോൻ ഒണ്ടെന്ന വിളിച്ചു ചൊല്ലുകയും വേണം. അവരുടെ [151] പ്രതിജ്ഞെക്കു തക്കവണ്ണം [152] ഈ എടവകയിലെ മേല്പട്ടക്കാരന്റെ കൽപനക്കു തക്കവണ്ണം ശിക്ഷിക്കയും വേണം.

---

148 ന. 3-ൽ 'വിളിച്ചു' എന്നില്ല.

149 ന. 3, 4-ൽ 'ആ ശരീരം' എന്നാണ് ന. 1, 2, 5 'ആ' എന്നില്ല.

150 ന. 4-ൽ 'വാഴ്ത്തുക' ന. 1, 2, 3-ൽ 'വസ്തുക' ന. 5-ൽ വാസ്തു ഒക്കയും' എന്നാണ്.

151 ന. 5-ൽ "ജാതിക്കു തക്കവണ്ണം" എന്നാണ മററു പുസ്തകങ്ങളിൽ പ്രതിജ്ഞെക്കു തക്കവണ്ണം" എന്നാണ്

152 "ഈ എടവകയിടെ" എന്നുള്ളതിലെ 'ഈ' ന. 3, 5. ഈ പുസ്തകങ്ങളിൽ ഇല്ല.

malankaralibrary.com

## ഒൻപതാം കാനോനാ.

[153] തൈത്തോറൊസ എന്നും തൈത്തോറാ എന്നും പേരുള്ളവര, ഇപ്പോഴും ചെലടത്തു അവരെ വാഴ്ത്തുന്നു എന്നാതിനെക്കൊണ്ടും [154] മറന്നുചെയ്യുന്നു. മാർ [155] അവ്വറാഹം എന്നും മാർ ആവാ കത്തോലിക്കാ എന്നും പേർപെട്ട മല്പാന്മാരയും [156] മററു ചില മല്പാന്മാരെയും നിത്തല്യം എല്ലാടത്തും ഇപ്പോൾ വാഴ്ത്തുന്നു. അവരെ നെസ്തോറിസിന്റെ കൂട്ടര ആയി വിശ്വാസത്തിന്നു അന്തരവും വന്ന മഹറോന്നും പ്രാക്കും ഏററു മരിച്ചു നരകത്തിൽ പോയവര ആയ്തിനെക്കൊണ്ടു ശുദ്ധമാന സുനഹദോസ വഴക്കത്തിന്റെ ശക്തിയാലെയും അവരെ വാഴ്ത്തുമ്പോൾതന്നെ മഹറോന്റെ പ്രാശ്ചിതം [157] ഏൽക്കുന്നാതിനാലയും പട്ടക്കാരര ആകുന്ന [158] കത്തങ്ങളും ശമാശുമാരും അവരെ വാഴ്ത്തരുത എന്ന പ്രമാണിക്കുന്നു. എന്നാൽ ഇ ചൊല്ലപ്പെട്ട പേരുകളെ നീക്കി ആ പേരുകളുടെ എടത്തിൽ

153 ന. 3.ൽ സുറിയാനിയിൽ പേരെഴുതിയിരിക്കുന്നു ന. 4.ൽ സ്ഥലം വിട്ടിരിക്കുന്നു.

154 'മറന്നു ചെയ്യുന്നു' എന്നുള്ളതു ന. 4.ൽ ഇല്ല. ന. 3.ൽ 'മറന്നു'' എന്നും ന. 1, 5-ൽ 'മരർ' എന്നും മാത്രമുണ്ടു

155 ന. 3-ൽ 'സുറിയാനിയിൽ പേരെഴുതിയിരിക്കുന്നു' ന. 4-ൽ സ്ഥലം വിട്ടിരിക്കുന്നു.

156 ന. 1-ൽ 'മററു ചില മല്പാന്മാരെയും' എന്നില്ല

157 ന. 1.ൽ 'ആകുന്നതിനെക്കൊണ്ടും' 2, 5 ൽ 'ആകുന്നന്നതിനാലെയും' എന്നാണു.

158 ന. 1, 3, 4, 5.ൽ 'കത്തങ്ങളും' എന്നാണു 2 ൽ മാത്രം 'ഞങ്ങളും' എന്നുണ്ടു.

159 ന. 1-ൽ 'മർഗ്ഗറിഗേറിസു' ന: 2.ൽ ഗ്രീഗേററിസു ന. 3, 4.ൽ ഗ്രിഗേററിയോസ ന. 5-ൽ ഗറിഗേറിസ എന്നുമാണു

malankaralibrary.com

[159] മാർ ഗ്രീഗോറീവ എന്നും [160] മാർ അസ്ഥാനാസീസ്സ എന്നും മാർ വസേലിയോസ എന്നും [161] മാർ യോവാനീസ്സ എന്നും [162] മാർ അഗസ്തോസീസ എന്നും മാർ അംബ്രോസിനൊ എന്നും മാർ ഈറാനീമോസ എന്നും ഈ ശുദ്ധമാന മല്പാന്മാരുടെ പേരുകളേ [163] വച്ചു വാഴ്ത്തണം എന്ന കല്പിക്കുന്നു. എന്നാൽ ഇപ്രമാണം കടന്ന ചെയ്യുന്നവൎക്ക മഹറോൻ ഒടനെ വിളിച്ചുചൊല്ലുകയും വേണം. പട്ടക്കാരരുടെ അംശമായി ഒള്ളത ഏത്തും പ്രവൃത്തിക്കരുത എന്ന വെലക്കുകയും വേണം. പള്ളിയുടെ പ്രമാണത്തിന്ന തക്കവണ്ണം അവരെ ശിക്ഷിക്കയും വേണം.

## പത്താം കാനോനാ

മഹൈമ്മിനാൻ എന്ന വിശ്വാസം ശ്ലീഹന്മാര ഒണ്ടാക്കി നമ്മുടെ മാൎഗ്ഗത്തിലെ കാതലുകൾ അതിൽ ഒള്ളതിനെക്കൊണ്ടു പണ്ടെ ഒണ്ടായ സുനഹദോസുകളിൽ ക്രുടിയ പുണ്യവാളരും മേല്പട്ടക്കാരരും മല്പാന്മാരും [164] അറിവുള്ളവരും അതിന്റെ അൎത്ഥം തിരിച്ചതിനെകൊണ്ടു അതിൽ ആൎക്കും ഏത്തും ഒരു വസ്തു ക്രുട്ടി ഒണ്ടാക്കുകയും [165] നീക്കയും അരുത. എന്നാൽ [166] ആ

---

160 ന. 1-ൽ 'മാറ്ത്ത് അത്താനാസിസ്' എന്നാണ്

161 ന. 4, 5-ൽ 'യോം ആന്നിസ്സ' എന്നാണ്

162 ന. 1, 3, 4, 5, 'ആഗ്ഗുസ്തീനോസ്'' എന്നാണ് 2-ൽ മാത്രം 'ആഗ്ഗുസ്തീനോസ്''

163 ന: 1, 2, 5-ൽ 'വായിച്ചു വാഴ്ത്തണം' എന്നാണ

164 ന: 1, 2, 3, 5-ൽ 'അറിവാക്കന്മാരും' എന്നാണ

165 ന: 2, 5-ൽ 'നീക്കയും' എന്നില്ല

166 ന. 3-ൽ ആലാഹാദമിൻ ആലാഹാനെഹറാദമിൻനഹഹാ' എന്ന ഭാഗം സുറിയാനിയിൽ ആണു. ഈ സ്ഥാനത്തു ന: 4-ൽ സ്ഥലം വിട്ടിരിക്കുന്നു.

malankaralibrary.com

ലാഹാദമിൻ ആലാഹാനഹറാദമിൻ നഹഹാ എന്ന മൊഴികളെ സുറിയാനിയിലെ[167] മ്മഹൈമ്മിനീയനായിൽ ഇല്ലാത്തതിനെകൊണ്ട ആ മൊഴികൾ ചേൎക്കയും വേണം. വിശേഷിച്ച്[168] ഏററ എസ്സിലദവൈസമ്പത്തൻ[169] എന്ന ഒള്ള മൊഴികളെ നീക്കുകയും വേണം.

പതിനൊന്നാം കാനോനാ.

യാതൊരു വസ്തുവും ചെറുപ്പത്തിൽ പഠിച്ചാൽ പിന്നെ അതിന്റെ മനസ്സിൽനിന്ന നീക്കുവാൻ അരിമയായിരിക്കും എന്നതിനെക്കൊണ്ടു പണ്ടു നസ്രാണികൾ ആരും മാൎഗ്ഗം അല്ലാത്ത ആജാൻമാരൊട്ടും കുരിക്കൻമാരോട്ടും പഠിക്കരുത എന്ന വെലക്കു പെട്ടിട്ട ഒണ്ട. എന്നാൽ കാവ്യരുടെ എടയിൽ മലംകര നസ്രാണികൾ അകപ്പെട്ടതിനാംപക്കം അതിൽ ചെലരൊട്ട വെണ്ടുന്നത് പഠിക്കരുത എന്ന വരുന്നാത വിഷമം എല്ലൊ. എന്നാൽ നമുക്ക് വെണ്ടുന്നാത അവരൊട്ട പഠിക്കിലും അവരുടെ പരദെവരെ കുംപിടുകയും മററും മാൎഗ്ഗത്തിൽ അടാതെയുള്ള കൃത്യം ഒന്നും ചെയ്യാതെ തന്റെറതന്റെറ ആജാന്മാരെ തന്നെ മന്നിച്ചുംകൊണ്ടു പഠിച്ചുകൊള്ളുകെ ആവൂ—

വിശെഷിച്ച പരദെവരെ കുംപിടുകയും മററും

---

167 ന. 3-ൽ 'മ്മഹൈമ്മിനീനയിൽ' എന്നതു സുറിയാനിയിലാണ്. ന: 4-ൽ സ്ഥലം വിട്ടിരിക്കുന്നു.

168 ന. 3, 4-ൽ 'ഏററമുള്ള' എന്നാണ് ന: 3-ൽ 'എസ്സിലദപെസ ബത്തന' എന്നതിനു പകരം സുറിയാനി ന. 2-ൽ 'എസ്സിലെ ദ്ദുതാവതെൻ' എന്നാണ് ന: 4-ൽ സ്ഥലം വിട്ടിരിക്കുന്നു.

169 ന. 2. എസിലെ ദ്ദുതാവതെൻ

malankaralibrary.com

മാർഗ്ഗത്തിൽ അടാത്ത ക്രിയകളെ ചെയ്യാതെ ഇരുന്നൊ മതിയാവൂ എന്ന നമ്മുടെ കിടാങ്ങളോട്ട പറയണം. നമ്മുടെ കിടാങ്ങളെ മുട്ടിക്കുന്ന ആജ്ഞാന്മാരൊട്ട നമ്മുടെ കിടാങ്ങളെ ആരും പഠിക്കരുത എന്നു വിലക്കുകയും വെണം. വെലക്കു കടന്നുപൊകുന്ന കിടാങ്ങളുടെ കാറന്നവരെ മഹറൊനും ചൊല്ലി കുററപ്പെട്ടുക്കയും വെണം.

പന്ത്രണ്ടാം കാനോനാ.

നസ്രാണികളിൽ ചെല ആജ്ഞാന്മാര പരദെവരെ വച്ചു കുമ്പിടുന്നു എന്നു ശുദ്ധമാന സൂനഹദൊസ കെട്ടു. എന്നാൽ അവ്വണ്ണം ആരാനും ചെയ്യുന്നവര ഒണ്ടെംകിൽ പട്ടക്കാരരും എണങ്ങരും കൂടെ അവിടെയ്ക്കു ചെന്നു അവരൊട്ട അതു അരുത എന്നു വെലക്കണം. അത അവര കെളായ്കിൽ അവക്കു മഹറൊനും ചെല്ലണം. അവര അങ്ങനെ ഇരുന്നു മരിക്കിൽ അവരുടെ ശവം ശുദ്ധമാന എടത്തിൽ എങ്ങും അടക്കുകയും അരുത. അവക്കു വെണ്ടി നമസ്കരിക്കയും അന്നാദാ ചൊല്ലുകയും അരുത എന്നു ശുദ്ധമാന സൂനഹദൊസ വെലക്കുന്നു.

പതിമൂന്നാം കാനോനാ

ശുദ്ധമാന നല്ല പഠിതങ്ങളെ പഠിപ്പിപ്പാനുള്ള പുസ്തകങ്ങളെ വിശ്വാസത്തിന്റെ മുഴപ്പു വരുത്തുന്ന പൊലെ തന്നെ ദോഷമാകുന്ന വസ്തുക്കളെ പഠിപ്പിക്കുന്ന പൊസ്തകങ്ങൾ വിശ്വാസത്തിന്റെ അന്തരവും നല്ല മരിയാദകളെ മാററുകയും ചെയ്യുന്നു. എന്നാൽ സുറിയാനിയിൽ പല പുസ്തകങ്ങളിൽ വിശ്വാസത്തിനു മറുത്തു പല വസ്തുക്കൾ എഴുത്തുപെട്ടിട്ടുണ്ടു എന്നു ഈ ശുദ്ധമാന സൂനഹദോസ് അറിഞ്ഞതമൂലം ഇതുവാഴെ ഓരോന്നിന്റെ പേര തിരിച്ചു എഴുത്തുപെടുന്ന പുസ്തക

malankaralibrary.com

ങ്ങൾ അതിൽ പിണക്കങ്ങൾ തീക്കാതെ ആരും അവു ത്താൽ ഒന്നും വച്ചുകൊള്ളുകയും ആരും വായിക്കയും കണ്ടു പെത്ത് എഴുതുകയും മററ ആരാനും വായിച്ചു കെൾക്കയും അരുതെന്നാ വഴക്കത്തിന്റെ ശക്തിയാലെയും ഇപ്രമാണം കടക്കംപൊളെ ഒള്ള മഹാറൊൻ എന്നാ പ്രാശ്ചിതത്തിന്റെ ശക്തിയാലെയും എല്ലാവരോടും ശുദ്ധമാന സൂനഹദൊസ് പ്രമാണിക്കുന്നു. പുത്തകങ്ങൾ ഇത: [170] പ്രമ്മസ: മത്തമറിയത്തമ്മാടെ വിശേഷങ്ങളെ എഴുത്തുപെട്ട പുസ്തകത്തിൽ എഴുത്തുപെട്ടതു ഇത— ഗെബറിയേൽ മാലാഖാ ഉമ്മായോട വചനിപ്പാൻ വന്നപ്പോൾ ഉമ്മാ ഒറശിലെത്തു ഇരുന്നാ അവുടെ അ മാലാഖാ വജനിച്ചു എന്നുള്ളത ലൂക്കാടെ അറിയിപ്പിൽ എഴുത്തുഴപെട്ടതിന്നാ എടുത്തുട. നസറാസ എന്നാ നകരിയിൽ നിന്നാ വചനിച്ചു എന്നാ അത്രെ ആകുന്നു. യൌസെപ്പ എന്നാ പുരുഷന്നാ മത്തമറിയത്തമ്മായെ വഴങ്ങപ്പെട്ടപ്പൊൾ യൌസെപ്പിന്നു മറെറാരു കെട്ടിയവളും മക്കളും ഉണ്ടായിരുന്നാ എന്നാ ഈശോമശിഹാ കത്താവിനെ ചെറുപ്പത്തിൽ യൌസെപ്പു എന്തെ നീ ഈ ദുഷ്ടതയായ വസ്തുക്കളെ ചെയ്യുന്നു എന്നാ മശിഹാ കത്താവിനെ കുററപ്പെടുത്തി എന്നും യോഹന്നാന്റെ അറിയിപ്പിന്നു എടുത്തുട. റബിമാരൊടു പഠിച്ചു എന്നും. മത്തായിയുടെ അറിയിപ്പിന്നു എടുത്തുട. മിശിഹാകത്താവ നാല്പത നൊയമ്പു എത്തിക്കും മുമ്പെ സാത്താൻ വന്നാ പരീക്ഷിച്ചു എന്നും മത്തമറിയത്തമ്മായ്ക്കു അവരാസമൊണ്ടൊ ഇല്ലയോ എന്നും യൌസെപ്പ് സംശയിച്ചു അതിന്നാ പരീക്ഷിപ്പാൻ പഴെ മാർഗ്ഗത്തിൽ ഉണ്ടായിരുന്നാ ഒരു വെള്ളം അന്നത്തെ പട്ടക്കാരരോ

---

170 ന. 1-ൽ പ്രമ്മസ, ന. 2-ൽ മെംസെ, ന. 5-ൽ എൽമ്മസ'

malankaralibrary.com

ട പറഞ്ഞ ഉമ്മായെക്കൊണ്ട ആ വെള്ളം കുടിപ്പിച്ചു എന്നും മത്തമറിയത്തുമ്മാ നൊൻപരത്തൊടുകൂടെ പെററു എന്നും മത്തമറിയത്തുമ്മായും മററ പുണ്യവാളരാകുന്നവര ആരും മോക്ഷത്തിൽ പോയില്ല വിധിപ്പിന്റെ ദിവസത്തോളം പറുദീസായായിൽ ഇരിക്കും അത്രെ എന്നും ഇവണ്ണം മററും പല അറിവുകേടും പൊളിയും ആകുന്ന കഥകൾ ഒണ്ട യോഹന്നാൻ പാ കൽദൊൻ എന്ന പെർ പെട്ട പുസ്തകത്തിൽ എഴുത്തുപെട്ടതിൽ മിക്കതും വിശ്വാസത്തിന്ന എടുത്തു. അതിൽ തലയാകപ്പെട്ടത ഇത: ഈശോകർത്താവും ദൈവത്തിന്റെ പുത്രനും രണ്ടുപെരത്രെ ആകുന്നത എന്നും ബാവായും പുത്രനും റൂഹാദക്കുദശായും മാനുഷസുഖവും പ്രിയവും സ്നെഹവും കൊണ്ട തങ്ങളിൽ ഒന്നിച്ചു ഐമൊസ്ത്യപ്പെട്ടതെ ഒള്ളു എന്നും—റൂഹാദക്കുദശാമെൽ എഴുത്തുപെട്ട പുസ്തകത്തിൽ എഴുത്തുപെട്ടത ഇത. റൂഹാദക്കുദശാതമ്പുരാൻ ബാവാ തമ്പുരാനിൽനിന്നും പുത്രൻ തമ്പുരാനിൽനിന്നും ഉഷെക്കുന്നു അല്ല പിന്നയൊ ബാവാ തമ്പുരാനിൽനിന്ന തന്നെ അത്രെ എന്നും. മാർഗ്ഗാനിസ്സാ എന്ന പുസ്തകത്തിൽ വിശ്വാസത്തോട മറുത്ത എഴുത്തുപെട്ടത ഇത—മത്തമറിയത്തുമ്മാ തമ്പുരാന്റെ അമ്മ അല്ല പിന്നയോ മിശിഹാടെ അമ്മയത്രെ എന്നും മിശിഹാ ഇരുവരാകുന്നു എന്നും ഇരുവരും ഐമൊസ്ത്യംകൊണ്ടത്രെ ഒന്നിച്ചു എന്നും വിശ്വാസംതന്നെ മൂന്നായി തിരിഞ്ഞിട്ട ഒണ്ടന്നും. ഒന്നാമത—നെസ്തൊറീസ്കാരരിടെത. യാക്കൊവായക്കാരരുടെതും റൊമ്മായെക്കാരരിടെതും. വിശെഷിച്ചു ശ്ലീഹന്മാരു പഠിപ്പിച്ചു പട്ടാങ്ങയായ വിശ്വാസം നെസ്തൊറീസ്കാരരുടെ വിശ്വാസം എന്നും റോമ്മായെക്കാരര തങ്ങടെ വിശ്വാ

malankaralibrary.com

സം രാജാക്കടെ മുക്ഷ്മത്വംകൊണ്ടു ആത്രെ നടത്തി എന്നും.

നെസ്തോറീസിന്നാ മഹറൊൻ ചൊല്ലിയതു മാർഗ്ഗത്തിന്നും നിവിയൻമാക്കും ശ്ലീഹന്മാക്കും മഹറൊൻ ചൊല്ലിയതിന്റെ ൨൩. എന്നും നെസ്തോറീസ് പഠിപ്പിച്ചത വിശ്വസിക്കാത്തവക്ക മോക്ഷം ഇല്ല എന്നും. വാപാക്കടെ പുസ്തകം എന്ന പെർപ്പെട്ട പുസ്തകത്തിൽ വിശ്വാസത്തിന്ന മറുത്ത ഒള്ളത ഇത. മത്തമറിയത്തുമ്മാ തംപുരാന്റെ അമ്മ അല്ല എന്നും നെസ്തോറിയസ്സാരരുടെ പാത്രിയക്കീസ മാനം കാൽ ഊന്നിയതിന്ന അകത്ത ഒള്ള നസ്രാണികൾക്ക ഒക്കെക്കും തലവൻ എന്നും ആ പാത്രിയക്കീസ ശുദ്ധമാന പാപ്പായെ വഴങ്ങണ്ടാ എന്നും എല്ലാ നസ്രാണികൾക്കുമായിട്ട പല തലവൻ ഉണ്ടെന്നും നരകത്തിലെ തീ പട്ടാങ്ങയായ തീ അല്ലെന്നും ആവാഎലെയ്യാ എന്ന പെർപ്പെട്ട പുസ്തകത്തിൽ എഴുത്തപ്പെട്ടതിന്റെ അത്ഥം തിരിച്ച എഴുതിയതു നെസ്തോറീസുകാരരിൽ ഒരുത്തൻ അയാൾ അത്ഥം തിരിച്ചതിൽ വിശ്വാസത്തോട്ട മറുത്ത എഴുതിയതു ഇത—

വാവായും പുത്രനും റൂഹാദക്കുദശായും മാനുഷസുഖം എടുത്ത മാനുഷ്യൻ അയന്നും ശുദ്ധമാനപാപ്പാടെ പ്രമാണത്താലെ നെസ്തോറിയസിന്ന മഹറൊൻ ചൊല്ലിയ ശുദ്ധമാന കെവുറൊളൊസ എന്ന പുണ്യവാളനെ ശണ്ടാളൻ എന്ന വിളിക്കപ്പെട്ടകയും നെസ്തോറീയസ്സും തെത്തൊറീസും എഴുതിവച്ച ശാസ്ത്രംകൊണ്ടു താൻ എഴുതിച്ചമച്ചതിന്ന സാക്ഷിപ്പെടുത്തുവരുത്തുകയും അവരുടെ ചൊൽ വെളസിയടത്ത ഒക്കയും . അവരെ ഭാഗ്യക്കാരര എന്നും വിളിക്കയും പുണ്യവാളരുടെ

malankaralibrary.com

ആത്മാവുകൾ വിധിപ്പിന്റെ ദിവസത്തൊളം ആകാശമോക്ഷത്തിൽ പോകയില്ലന്നും—

നഹറാ എന്ന പുസ്തകത്തിൽ പലടത്തും വിശ്വാസത്തിന്ന മറുത്ത ഉണ്ട. അതിൽ തലയാകപ്പെട്ടത ഇത.

മത്തായി എവൻഗെലിസ്താ നെരെ ഒള്ളവണ്ണം തന്നെ മിശിഹായുടെ കരിന്തലകൊണ്ട എഴുതി ഇല്ലന്നും മഗ്ദശെ എന്ന രാജാക്കൾ ഒരുനാളും തമ്പുരാനെ വിശ്വസിച്ചില്ലന്നും മിശിഹായെ അവർ ചെന്ന കുമ്പിട്ടതിനെക്കൊണ്ട അവൎക്ക ഏതും ഒരു ഫലം ഉണ്ടായില്ലന്നും മിശിഹാ ഇരുവര ആകുന്ന എന്നും—

മാർതൊമ്മാ എന്റെ കൎത്താവ എന്നും എന്റെ തമ്പുരാൻ എന്നും ചൊല്ലിയത ഈശോ മിശിഹാ കൎത്താവിനോട അല്ല അത ചൊല്ലി എന്നും മിശിഹായിക്ക ക്രമത്താലെ അത്രെ അറിവ് ഉണ്ടായി എന്നും മിശിഹാ മനുഷ്യൻതന്നെ അത്രെ എന്നും ഇഹലോകത്തുംകൽ മുഷ്കരത്തോടുകൂടെ രാജാവായി വാഴുമെന്നും യൂദന്മാര വിശ്വസിക്കയും നെനക്കയും ചെയ്തവണ്ണം തന്നെ അത്രെ മത്തമറിയത്തമ്മായും മിശിഹാമേൽ വിശ്വസിക്കയും നെനക്കയും ചെയ്തു എന്നും.

ആകാശ രാജിതത്തിന്റെ താക്കോലുകൾ നെനക്ക തരുവൻ എന്ന ശെമഹോൻ കെപ്പായോട അരുളിചെതതിനെക്കൊണ്ട ശെമഹൊൻ കെപ്പായിക്ക വെറെ ഒരു അംശം കിട്ടിയില്ല. പിന്നെയൊ അമിശം നസ്രാണികളിടെ കൂട്ടത്തിന്ന ആയികൊടുത്തു അത്രെ എന്നും മററും ഇവണ്ണം പലപല പിണക്കങ്ങൾ ആ പുസ്തകത്തിൽ അവുടെ അവുടെ ഉണ്ട—

malankaralibrary.com

സൂനഹദോസ എന്ന പുസ്തകത്തിൽ വിശ്വാസ ത്തിന്ന മറുത്ത ഒള്ളത പത്തിന ഒന്ന പലിശ കൊള്ളു ന്നാത ദോഷമല്ലെന്നും—

കെട്ടിയവനും കെട്ടിയവളും സ്വഭാവം കൊണ്ട തങ്ങളിൽ നെരയ്കായ്കിൽ തങ്ങളിൽ നിന്ന വെർ പിരിഞ്ഞ മററു കെട്ടുകയും കെട്ടിക്കയും ആം എന്നും വകുദാശിയിലെ പാത്രിയക്കീസ ശുദ്ധമാന പാപ്പാ നെ വഴങ്ങണ്ടാ എന്നും തന്റെ കെട്ടിയവളെ നീക്കുന്ന പട്ടക്കാരനെ മഹറൊൻ ചെല്ലണമെന്നും ശ്ലീഹന്മാരുടെ കൽപനകളിൽ ഒന്നത്രെ എന്നാപൊളിയും അതിൽ എഴുത്തുപെട്ടിട്ടുണ്ട. മാർ തീർമത്തെ ഒസ എന്ന പുസ്ത കത്തിൽ കുർബാനയിൽ മിശിഹാടെ പട്ടാങ്ങയായ ശു ദ്ധമാന ശരീരവും ചൊരയും ഇല്ല എന്നു.—

ഞാറാച്ചുടെ എംഗത്താ എന്ന ചൊല്ലുന്ന പുസ്തക ത്തിൽ റൊമ്മാപള്ളിക്കാരരെ പട്ടാങ്ങയായ വിശ്വാസം ഉപേക്ഷിച്ചു എന്നും ഞാറാഴ്ച ശുദ്ധമെ കൊള്ളുന്നു അ ല്ലന്നും എഴുത്തുപെട്ടു. ഈ എംഗത്താ മാനത്തിൽനി ന്ന എറങ്ങി എന്നും. മകമ്മാസ എന്ന പുസ്തകത്തിൽ വിശ്വാസത്തിന്ന മറുത്തു ഒള്ളതു് ഇത—മശിഹാക ത്താവ ഇരുവര എന്നും ദൈവത്തിന്റെ പുത്രനും ഈ ശോകത്താവും സ്നെഹംകൊണ്ടും പ്രിയംകൊണ്ടും അ ത്രെ ഐമോസ്സ്യപ്പെട്ടു എന്നും വിശ്വാസത്തിന്ന മറുത്ത ഒള്ളത ഇത സാക്ഷിപ്പെടുകയും. കാമീസ എന്ന പുസ്ത കത്തിൽ വിശ്വാസത്തിന്ന മറുത്ത ഒള്ളത ഇത—മത്തമ റിയത്തുമ്മാ നൊമ്പരത്തോടുകൂടെ പെററു എന്നും ഉ മ്മാ പെററ ശരീരവും ദൈവത്തിന്റെ പുത്രനും ഇരുവ ര അത്രെ ആകുന്നു എന്നും. എംഗത്താ ഒക്കയും വിശ്വാ സത്തിന്ന മറുത്തത അത്രെ ആകുന്നാത. മത്തമറിയത്തു

malankaralibrary.com

മ്മാ തംപുരാൻെറ അമ്മ അല്ലന്നും അതിന്ന പലപല ശാസ്ത്രശങ്ങളും ഒപ്പാരികളുംകൊണ്ട സാക്ഷിപെടുക്കയും— പറവൂമ്മാൻ എന്ന പുസ്തകത്തിലുള്ള പെണക്കൾ ആകുന്നത് ഇത—

ശത്രുക്കൾക്ക സങ്കടം വരുത്തുവാനും പെണ്ണുങ്ങളെ എണക്കുവാനും രഹസ്യമായി ചൈത്താന്മാരുടെ ചെല പേരുകളും പുണ്യവാളന്മാരുടെ പേരുകളോടുകൂടെ ചമച്ച ചെല നമസ്കാരങ്ങളും എരപ്പുകളും സങ്കടത്തിന്ന രക്ഷപെടുവാൻ ചൈത്താന്മാരുടെ എഴുപേര എഴുതി ശരസിക്കണം എന്നും മററും പൊളിയായ ചെല കഥകളെ എഴുത്തുപെട്ടിട്ടുണ്ട.

ഇതും മെൽ എഴുത്തുപെട്ട പെണക്കങ്ങൾ എല്ലാം പോലെ പലപല പെണക്കങ്ങൾ സുറിയാനിയിലെ മല്പാന്മാരുടെ പുസ്തകങ്ങളിൽ എഴുത്തുപെട്ടിട്ടുണ്ട. അത ഒക്കെയും അതിൽ എഴുതൊത്തത വാചകം എറെ പെരുകാസ്സാൻ എന്നാൽ ഇത്തരം പെണക്കങ്ങൾ ഉള്ള പുസ്തകങ്ങളെ ശരസിക്കുന്നവക്കും കണ്ട എഴുതുന്നവക്കും വായിക്കുന്നവക്കും മഹറൊൻ ഒണ്ടെന്ന ശുദ്ധമാന ഇസൂന്നഹദോസ് ചൊല്ലിയതും എത്ര ന്യായം എന്നത പെണക്കങ്ങൾ ഓത്തുകാണുന്നവർക്ക അറിയാം.

## പതിന്നാലാം കാനോനാ.

നമസ്കാരപുസ്തകങ്ങളിലും മെൽഎഴുത്തുപെട്ട പെണക്കങ്ങൾപോലെ പലപല പെണക്കങ്ങൾ അവുടെ അവുടെ കാണ്മാൻ ഒണ്ട—ഹുദാറ എന്ന പുസ്തകത്തിൽ ഉള്ള പെണക്കങ്ങൾ ഇത. നെസ്തോറീസിനെയും തെത്തോറീസിനെയും മററും നെസ്തോറീസിൻെറ കൂട്ടത്തിലെ മല്പാന്മാര പലരുടെയും പേരുകൾ ചൊല്ലി പല സ്തൊസാകളും ഒണ്ട.

malankaralibrary.com

തമ്പുരാൻ മാനുഷക്ക വേണ്ടി മാനുഷസുഖം എടുത്തില്ലെന്നും മിശിഹാ കർത്താവ തമ്പുരാന്റെ ഒരപൈക്ലായും ഇടിപ്പടവും അത്രെ ആയത എന്നും ഇവണ്ണം വിശ്വസിക്കാത്തവര ചൊല്ലുവിളിയും വഴക്കവും ഇല്ലാത്തവര എന്ന വിളിക്കപ്പെട്ടുകയും ഇവണ്ണം പലപല പെണക്കങ്ങൾ സൂമാടെ നമസ്കാരത്തിലും ഉണ്ട.

നെസ്തോറീസിന്റെ ക്രുട്ടക്കാരായ മല്പാന്മാര നമസ്കാരപുസ്തകങ്ങൾ വകഞ്ഞ ഉണ്ടാക്കിയതിനെക്കൊണ്ട ഇത്തരം പിണക്കങ്ങൾ ഉണ്ടാകേണ്ടിവന്നു. പട്ടക്കാരക്ക ചൊല്ലുന്ന അന്നാദാ പുസ്തകത്തിൽ ഉള്ള പെണക്കം ഇത. കുർബ്ബാനയിൽ മിശിഹാകർത്താവിന്റെ ശക്തിയെ ഉള്ള തന്റെ പട്ടാങ്ങ എന്ന ശരീരവും ചൊരയും ഇല്ലന്ന. അൻപത്തു നൊയമ്പിന്റെ ഉദറിൽ ചൊല്ലുന്നു. ശുദ്ധമാന മാർ അപ്രെം മററു പുണ്യവാളരായവര പലരും നെസ്തൊറീസിന്റെ ക്രുട്ടകാരരന്ന. ഇ പെണക്കങ്ങളും ശേഷം മെൽഎഴുത്തുപെട്ട പെണക്കങ്ങളും എല്ലാ പള്ളികളിലും നമസ്കാരപുസ്തകങ്ങളിലെ പെണക്കങ്ങളെ പൊക്കിയേക്കണം എന്ന ശുദ്ധമാന സൂനഹദോസ മെത്രാനൊട അപേക്ഷിക്കുന്നു. എന്നാൽ ശുദ്ധമാന സൂനഹദൊസ കത്തങ്ങളൊട്ട ശമ്മാശിമ്മാരോട്ടംക്രുടെ പ്രമാണിക്കുന്നു. തനിക്ക തനിക്ക ഒള്ള പുസ്തകങ്ങളും തങ്ങടെ പള്ളികളിലുള്ള പുസ്തകങ്ങളും മെത്രാൻ തനിക്ക എങ്കിലും മെത്രാൻ കല്പിച്ച ആക്കുന്ന ശരീരത്തിന്ന എംകിലും അതിനെ ഒട്ടും വൈകാതെ കാട്ടണം എന്ന. അത കാട്ടികൊണ്ട കുററം പൊക്കിപ്പാൻ മടിക്കുന്നവർക്ക ആ മടി ഉണ്ടാകുമ്പൊൾതന്നെ മഹറൊനും ഉണ്ട.

malankaralibrary.com

പതിനഞ്ചാം കാനോനാ.

ശുദ്ധമാന വിശ്വാസത്തിന്റെ ത്തമക്ക വേണ്ടി ശുദ്ധമാന സൂനഹദൊസ വഴക്കത്തിന്റെ ശക്തിയാലെയും മഹറൊന്റെ പ്രാശ്ചിത്വത്താലയും സുറിയാനി പുസ്തകങ്ങൾ ഒള്ളവര ഒക്കയും ഇപ്രമാണം അറിഞ്ഞാൽ രണ്ടു നിങ്ങൾക്ക അകത്ത അനേകം ബഹുമാനപ്പെട്ട മെത്രാനെ എംകിലും മെത്രാൻ കൽപിച്ച സംപാളര ക്രൂട്ടത്തിലെ ചെന്നൊത്തു പാഠിപ്പിക്കുന്ന മൽപാൻ പ്രർണസീസ്സ്ലൊസ പാത്രിക്ക എംകിലും തന്റെ പക്കലുള്ള സുറിയാനി പുസ്തകങ്ങളും ക്രാസുകളും കൊണ്ടുവന്ന കാട്ടി പെണക്കം തീർപ്പിച്ച കൊള്ളണം എന്നു പ്രമാണിക്കുന്നു. വിശേഷിച്ചും വഴക്കത്തിന്റെ ശക്തിയാലയും മഹറൊന്റെ പ്രാശ്ചിത്വത്താലെയും ശുദ്ധമാന സൂനഹദോസ കൽപിക്കുന്നു: രൂഹാദക്കുദശായാലെ എഴുത്തുപെട്ട പുസ്തകങ്ങൾ എന്നിയെ മററുള്ള സുറിയാനി പുസ്തകം ഒന്നും മലങ്കര മെൽപട്ടക്കാരന്റെ വെവ്വെറെ തിരിച്ച വിധിവാചകം വാങ്ങിക്കൊള്ളാതെകണ്ട പെത്ത എഴുതരുതെന്നു—

എന്നാൽ മലംകരക്ക ശുദ്ധമാന പാപ്പ വിധിച്ച ഒരു മെത്രാൻ വരുവൊളം സുറിയാനി വഴിയെ അറിഞ്ഞിരിക്കുന്ന പ്രാസിസക്രോസ പാദ്രിക്ക കണ്ട എഴുതുവാനുള്ള വിധിവശാ കൊടുപ്പാൻ ഇപ്പുഠത്തെ അനെകംഅനെകം ബഹുമാനപ്പെട്ട മെത്രാൻ കൽപിച്ചു.

പതിനാറാം കാനോനാ.

പട്ടക്കാരര നന്മകൾ ആകുന്ന പഠാത്ഥ പറഞ്ഞ ലൊകരെ കെൾപ്പിക്കുന്നതിനെക്കൊണ്ട ലോകരുടെ വിശ്വാസത്തിന്റെ ഉറപ്പും നല്ല സ്വഭാവങ്ങളുടെ മുഴപ്പും വരുന്ന എന്നതിനെക്കൊണ്ടും മലംകര അറിവു

malankaralibrary.com

കൊറഞ്ഞ ചെല പട്ടക്കാരര ഓരോരോ കഥകൾ പറഞ്ഞുകേൾപ്പിക്കുന്ന എന്ന ശുദ്ധമാന സൂനഹദൊസ അറിഞ്ഞതിനെക്കൊണ്ടും ഇന്നി തുടങ്ങി മലംകര മെൽപട്ടക്കാരൻെറ പ്രമാണം എഴുതി വാങ്ങിക്കൊള്ളാതെ ആരും പൊരുൾ പറയരുത എന്ന ഇ സൂനഹദൊസ പ്രമാണിക്കുന്നു. വിശെഷിച്ച മറെറാരു മെത്രാൻ മലംകരക്ക വരുവൊളം പൊരുൾ പറയെണ്ടുന്ന പട്ടക്കാരക്ക ത്രെന്തൊസ എന്ന സൂനഹദൊസിൻെറ കല്പനക്ക തക്കവെണ്ണം പഠിത്വം ചൊദിച്ച അറിവാൻ ചെന്നൊത്ത മൂപ്പൻ ബഹുമാനപ്പെട്ട മെത്രാൻ വിധിച്ചു. എന്നാൽ പഠിത്വംകൊണ്ടു പരീക്ഷയിൽ പെടാതെയും മലംകര മൂപ്പൻെറ പ്രമാണം എഴുതി വാങ്ങിക്കൊള്ളാതയും ആരാനും പൊരുൾ പറകിൽ പറയുന്ന പട്ടക്കാരന്ന ആറുമാസത്തെക്ക തൻെറ പട്ടത്തിൻെറ അംശം ഏതും പ്രവൃത്തിക്കയും അരുത അംശംകൊണ്ടു ഉണ്ടാകുന്ന ഉപകാരവും അരുത. ഇത ഇവണ്ണം എംകിലും ഓരൊരൊ എടവക രക്ഷിപ്പാൻ ആകുന്ന പട്ടക്കാരക്ക നല്ല പുസ്തകത്തിൽ നല്ലവസ്തുക്കളെ ലൊകരൊട കെൾപ്പിപ്പാൻ തക്ക പുസ്തകങ്ങളെ മലയാം പേച്ചിൽ ഉണ്ടാക്കണം എന്ന പെരികപെരിക ബഹുമാനപ്പെട്ട മെത്രാനൊട ഇ സൂനഹദൊസ അപേക്ഷിക്കുന്നു.

## പതിനേഴാം കാനോനാ.

മലംകര ഒള്ള പട്ടക്കാരരും എണങ്ങരും ഈ ശുദ്ധമാന സൂനഹദൊസുംക്രുടെ ശുദ്ധമാനമാതാവായ പള്ളി കൈക്കൊണ്ട ശുദ്ധമാന സൂനഹദൊസുകളും അതിലെ കൽപ്പനകളും നാം കൈക്കൊള്ളുന്നു. ആ സൂനഹദൊസുകൾ ഉപെക്ഷിച്ചതും മഹറൊൻചൊല്ലിയതും നാം അവ്വണ്ണം തന്നെ ഉപേക്ഷിക്കയും മഹറൊൻ ചൊല്ലുകയും ചെയ്യുന്നു.

malankaralibrary.com

വിശേഷിച്ചും ഇരുന്തൂറ മെത്രാന്മാരുടെ യോഗംക്രുടി ഉണ്ടാക്കിയ ശ്രുദ്ധമാന അപ്പെസൊസ എന്ന സൂനഹദൊസ നാം കൈക്കൊള്ളുകയും വഴങ്ങുകയും ചെയ്യുന്നു. ആ സൂനഹദൊസ കൽപിച്ചത ഒക്കയും നാംകൽപിക്കുന്നു. അതു ഉപേക്ഷിക്കയും മഹറൊൻ ചൊല്ലുകയും ചെയ്തത നാം ഉപേക്ഷിക്കയും മഹറൊൻ ചൊല്ലുകയും ചെയ്യുന്നു. വിശെഷിച്ചും മത്തമറിയത്തൂമ്മാ തംപുരാന്റെ അമ്മ അല്ലന്നും മിശിഹാതംപുരാന്റെ ഹൈക്ലാ അത്രെ എന്നും മററും തംപുരാനെക്കൊണ്ടു പലപല ദൂഷിപദവും പറഞ്ഞ തണ്യ നെസ്തൊറീസിനയും അവന്റെ ക്രുട്ടത്തെയും അവന്റെ ചൈത്താനായ പഠിതത്തെയും ഉപേക്ഷിക്കയും മഹറൊൻ ചൊല്ലുകയും ചെയ്യുന്നു. പള്ളികൾക്ക ഒക്കെക്കും അമ്മയും തലയും ആകുന്ന ശ്രുദ്ധമാന റൊമ്മാപ്പള്ളിയെനെ വെടിപ്പൊടുക്രുടെ കൈക്കൊള്ളുന്നു. ശ്രുദ്ധമാന കത്തൊലിക്കാ വിശ്വാസം ഔവണ്ണംതന്നെ നാം കൈക്കൊള്ളുന്നു. വിശേഷിച്ചും അപ്പെസൊസ എന്ന സൂനഹദൊസിൽ ശ്രുദ്ധമാന പാപ്പാടെ പ്രമാണത്താൽ തലവനായിരുന്ന മാർ കെവൂറൊളൊസ എന്ന മെത്രാൻ കന്തീശാ ആകുന്നത എന്നും ആകാശമൊക്ഷത്തിൽ തംപുരാനെയും കണ്ടു ഇരിക്കുന്നു എന്നും നെസ്തൊറീസിനോടു മറുത്ത ആ പുണ്യവാളൻ എഴുതിവച്ചു ഒക്കയും നെരെ ഉള്ള പട്ടാങ്ങ എന്നും വിശ്വസിക്കുന്നെൻ.

പതിനെട്ടാം കാനോനാ.

മലംകര മേല്പട്ടക്കാരന്റെ എടവകയിലുള്ള പട്ടക്കാരരും എണങ്ങരും ഇ ശ്രുദ്ധമാന സൂനഹദൊസുംക്രുടെ ശ്രുദ്ധമാന ത്രെന്തൊസ് എന്ന സൂനഹദൊസ കൈക്കൊള്ളുന്നു.

malankaralibrary.com

വിശെഷിച്ചും നസ്രാണികളുടെ ക്രൂട്ടത്തിന്ന നന്മയായ അതിൽ കൽപിച്ച കൽപനകളും കൈക്കൊള്ളുന്നൊൻ. അതിൽ ദൂഷിച്ച ഉപെക്ഷിച്ചത ഒക്കയും നാം അവ്വണ്ണം തന്നെ ദൂഷിച്ച ഉപെക്ഷിക്കുന്നൊൻ. വിശെഷിച്ചും ഗൊവയിലെ എടവകയിലെ നസ്രാണികളുടെ ക്രൂട്ടത്തിന്റെറ നന്മയ്ക്കു ത്രെന്തൊസ എന്ന സൂനഹദൊസിന്ന തക്കവണ്ണം ഇരിക്കുംവണ്ണം നാം ഇരിക്കും എന്ന സത്യം ചെയ്യുന്നൊൻ. ഇവണ്ണം തന്നെ ആ സൂനഹദൊസിന്ന എതിരത്ത ഒള്ള ആസവൃട്ടം അല്ലാത്ത മരിയാദകൾ ഒക്കയും നാം കൈ അയക്കുന്നൊൻ. വിശെഷിച്ച പള്ളിയുടെ വാഴിച്ചക്കും നസ്രാണികളുടെ നല്ല സ്വഭാവത്തിന്റെ ഉറെപ്പിന്നും ആ സൂനഹദൊസിൽ എഴുത്തപെട്ടവണ്ണം നാം ഒക്കയും വ്യാപരിക്കുന്നതും ഉണ്ടു്.

പത്തൊമ്പതാം കാനോനാ.

മാർ അവുറാഹം മെത്രാൻ മരിച്ചതിൽപിന്നെ മലംകരക്കു ശുദ്ധമാന പാപ്പാടെ പ്രമാണത്താലെ ഒരു മെല്പട്ടക്കാരൻ വരികിൽ വഗുദാശിലെ പാത്രിയക്കീസിന്റെറ കല്പനയാൽ വരികിലെ നമുക്കു കയിക്കൊണ്ടു ക്രൂട്ട എന്നും ഇന്നാര ഇരിക്കുന്നതിന തക്കവണ്ണമെ ഇരിന്നുക്രൂട്ട എന്നാ ചെലര സത്യം ചെയ്തു എന്ന ഈ സൂനഹദൊസ കെട്ടു. ആ സത്യം വാസ്തവം അല്ല—ശുദ്ധമാന റൊമ്മാപള്ളിയൊട്ടും ശ്ലീഹന്മാരുടെ പ്രമാണത്തൊട്ടും മറുത്ത അത്രെ. ഈ സത്യത്തിന്ന ഒത്തവണ്ണം ഇരിക്കുന്നത ചണ്ഡാളത്വം അത്രെ. ഇവണ്ണം സത്യംചെയിപ്പിക്കുന്നൊത അവർക്കും ചെയ്യുന്നവർക്കും മഹറൊൻ ഉണ്ടാം എന്ന എല്ലാവരും അറിക. വിശെഷിച്ച ശുദ്ധമാന പാപ്പാടയും റൊമ്മാപള്ളിയിടെയും പ്രമാണത്തിന്ന ഒത്തവണ്ണം ഇരിക്കുന്നൊണ്ടെ. ശുദ്ധമാന പാപ്പാടെ

malankaralibrary.com

പ്രമാണം കൂടാതെ വരുന്ന മേൽപട്ടക്കാരനെ കൈക്കൊള്ളുകയില്ലെന്നും ശുദ്ധമാന പാപ്പാ മലംകരക്ക മെൽപട്ടക്കാരനായി യാത്രയാക്കുന്നാവരെ അന്തരം കൂടാതെ കൈക്കൊള്ളുന്നൊൻ എന്ന സത്യം ചെയ്യുന്നൊൻ—

## ഇരുപതാം കാനോനാ.

വിശ്വാസത്തിന്ന ഏതും അന്തരം വരാസ്സാൻ ഒള്ള കഴിവ ആകുന്നത ഇത. നേരെ ഒള്ള വിശ്വാസത്തിന്ന എടത്തൂട ആരാനും ഏതാനും പറകതാൻ ചെയ്യുന്നുവെങ്കിലും അങ്ങനത്തവൎക്ക ആരാനും തുണ ചെയ്യുന്ന എന്ന ആരാനും അറികിൽ അപ്പൊഴെ തങ്ങടെ മെൽപട്ടക്കാരനൊട രഹസ്യത്താലെ അറിയിച്ചെ മതിയാവു. മെൽപട്ടക്കാരനെ തന്നെ, അതും അല്ലെങ്കിൽ തങ്ങടെ എടവകയിലെ മൂപ്പൻ ആകുന്ന പട്ടക്കാരനൊട അറിയിക്കണം, എന്നാൽ അവര അതിന്ന കഴിവ നൊക്കുകയും ചെയ്യും—

## മൂന്നാം യോഗവിജാരം.

ഏഴ കൂദാശമെല്ലം കൂടെ അടക്കീട്ട നമ്മുടെ രക്ഷ ഉടയവൻ ആകുന്ന മിശിഹാ തന്റെ ശുദ്ധമാന നന്മയുടെ മാർഗ്ഗത്തിൽ മനുഷ്യരുടെ രക്ഷെക്കുറിച്ച ഒണ്ടാക്കിയ കൂദാശകൾ ഏഴ. പട്ടാങ്ങ ആയ നന്മെനെ തുടങ്ങിക്കുന്നതും നന്മെനെ പെരുപ്പിക്കുന്നതും ആ നന്മ പൊയിക്കളെഞ്ഞാൽ വീണ്ടുവരുത്തുന്നതും കൂദാശകൾ ഏഴും കൊണ്ടത്രെ ആകുന്നത. കൂദാശകൾ ആകുന്നത ഇത: ഒന്നാമത മാമ്മൊദീസാ രണ്ടാമത്തു ഒപ്പ്രൂശ്രുമാ മൂന്നാമത്തു കുർബാന നാലാമത്തു കുംപസാരം അഞ്ചാമത്തു ഒടുക്കത്തെ ഒപ്പ്രൂശ്രുമാ ആറാമത്തു പട്ടം ഏഴാമത പെങ്കെട്ട. എ

malankaralibrary.com

ന്നാൽ പഴെ മാൎഗ്ഗത്തിലെ ക്രുദാശകളിലും മശീഹാടെ മാൎഗ്ഗത്തിലെ ക്രുദാശകളിലും ഒള്ള ഭെദം ആകുന്നത ഇത. പഴെ മാൎഗ്ഗത്തിലെ ക്രുദാശകൾ മിശിഹായാലെ മാനുഷ്യൎക്ക നന്മ വരുമെന്ന കാട്ടുവാനുള്ള ഒര അടയാളം ആയിരുന്നു അത്രെ. വിശെഷിച്ച മിശിഹാടെ പുത്തൻമാൎഗ്ഗത്തിലെ ക്രുദാശകൾ തങ്ങൾതന്നെ നന്മ അടക്കുകയും ഇവ്വുത്താൽ ഒന്ന കൈക്കൊള്ളുന്നവൎക്ക നന്മ കൊടുക്കുകയും ചെയ്യുന്നു. എന്നാൽ ക്രുദാശകൾ ഏഴിലും മുൻപാകുന്ന ക്രുദാശ അഞ്ചും ഒരുത്തൎക്കും തന്നെ ഒള്ള നന്മക്ക ആകുന്നു. ശെഷം ക്രുദാശ രണ്ടും ലൊകരെ വാഴവാനും ലൊകരെ പെരുക്കുവാനും ആകുന്നു.

ഒന്നാം ക്രുദാശയാകുന്ന മാമ്മൊദിസായാൽ മാനുഷരെ തംപുരാന്റെ മാൎഗ്ഗത്തിൽ പെറക്കപ്പെട്ടുന്നു.

രണ്ടാം ക്രുദാശയാകുന്ന ഒപ്പ്രുംശ്രുമായാലെ വിശ്വാസത്തിലും മാൎഗ്ഗത്തിലും നാം ഒറക്കപ്പെട്ടുവാൻ ഒള്ള നന്മെടെ ഏറ്റം നമുക്ക ഒണ്ടാകുന്നു.

മൂന്നാംക്രുദാശയാകുന്ന കുൎബാനയാലെ നമ്മുടെ ആത്മാവിന്റെ യാവന നമക്ക ഒണ്ടാക്കുന്നു.

നാലാം ക്രുദാശയാകുന്ന കുംപസാരത്താലെ നമ്മുടെ ആത്മാവുകൾ പെഴകളീന്ന നാം രക്ഷപ്പെട്ടുന്നു.

അഞ്ചാം ക്രുദാശയാകുന്ന ഒടുക്കത്തെ ഒപ്പ്രുംശ്രുമായാലെ നമ്മുടെ ദൊഷത്തിന്റെ ശെഷങ്ങളെ എല്ലാം പൊറുപ്പിക്കും ശരീരത്തിന്റെ പൊറുതിവരെണ്ടും പൊൾ അതിനെ വരുത്തുകയും.

ആറാം ക്രുദാശയാകുന്ന പട്ടത്താലെ പള്ളി വാഴുകയും ലെക്ഷിക്കപ്പെട്ടുകയും ചെയ്യുന്നത. ഏഴാം ക്രുദാശയാകുന്ന പെങ്കെട്ടാലെ തംപുരാന്റെ ലൊകരെ പെ

malankaralibrary.com

രിക്കപ്പെടുന്നു. ഇ ക്രുദാശകളിൽ ഒന്ന മുഴുവൻ ആക പ്പെടണം എംകിൽ മൂന്നു വസ്തുക്കൾക്രുടിയെ മതിയാവൂ. ഒന്നാമത്തു സാതനം. രണ്ടാമത്തു കാതൽ. മൂന്നാമത്തു പ ള്ളി ചെയ്യുന്നതു ചെയ്യണം എന്നു ഒള്ള നിരുപണ. ഈ മൂന്നിൽ ഒന്നു ക്രുടായ്കിൽ ക്രുദാശ മുഴുവൻ ആകയി ല്ല. വിശെഷിച്ച ഓരോരൊ ക്രുദാശകൾക്ക ഒള്ള ശുദ്ധ മാന ക്രിയകളും നമസ്കാരങ്ങളും ഒള്ളവണ്ണം ചെയ്യുന്ന ത നന്മയായൊര വസ്തു എംകിലും ക്രുദാശ മുഴുവൻ ആ വാൻ ആ ക്രിയകളും നമസ്കാരങ്ങളുംക്രുടെ ക്രുടിയെ മ തിയാവൂ എന്നില്ല. വിശെഷിച്ച ഓരോരൊ ക്രുദാശക ൾക്ക ഒള്ള നന്മയായ ക്രിയകളെയും നമസ്കാരങ്ങളെയും ആക്കും ദോഷംക്രുടാതെ മാററിയും പകത്തിയുംക്രുടാ, ഈ എഴു ക്രുദാശകളിൽ മൂന്നു ക്രുദാശകൾ ഒണ്ടു വീണ്ടു എററവുക്രുടാത്തത അത എന്തെ. ആ ക്രുദാശകൾ എ ൾക്കുന്നവരുടെ ആത്മാവിൽ ഒപ്പു ഒണ്ടാകുന്നതുകൊണ്ടു. ഈ ക്രുദാശകൾ ആകുന്നത മാമ്മൊദീസായും മുമ്പിലു ത്തെ ഉപ്പ്രം.ശുമായും പട്ടവും. ഇ ക്രുദാശകൾ മൂന്നും എന്നിയെ ഒള്ള ക്രുദാശകൾ നാലും പള്ളിയുടെ കല്പന ക്കു തക്കവണ്ണം വീണ്ടുവീണ്ടും കൈക്കൊള്ളാം. അത എന്തെ. ഇ ക്രുദാശകൾ നാലും അതിനെ കൈക്കൊ ള്ളുന്നവരുടെ ആത്മാവിൽ ഒപ്പു ഒണ്ടാകാത്തതകൊണ്ടു. യൊഗ്യത്തൊട്ടുക്രുടെ ഇ ക്രുദാശകൾ കൈക്കൊള്ളുന്നവ ക്ക ക്രുദാശകളിൽ നന്മ ഉണ്ടാക്കുന്നു. മിശിഹായുടെ ദീ നതപാടിന്റെയും ദുഃഖത്തിന്റെയും ചക്തിയിടെ അ വകാശത്താൽ. എന്നാൽ ക്രുദാശകൾ എഴും തംപുരാൻ താൻ ഉണ്ടാക്കി എംകിലും തങ്ങളിൽ ഒള്ള ഭെദങ്ങൾ കൊണ്ടു ചെലതിനെ എററെ ബഹുമാനിച്ച ഭക്തിമ യൊട്ടുക്രുടെ ആശരിക്കയും വെണം.

malankaralibrary.com

## മാമ്മോദീസാ എന്ന കുദാശമേലുള്ള പൊരുൾ.

മാനുഷരുടെ ആത്മാവുകളുടെ ആയിസ്സിൻെറ വാതിൽ മാമ്മോദീസാ ആയതിനെക്കൊണ്ടും നാം മിശിഹായുടെയും, പള്ളിയുടെയും സന്ധ്യക്കൾ ഈ കുദാശയാൽ ആകുന്നതിനെക്കൊണ്ടും ഈ കുദാശ ഒന്നാം കുദാശയായി വന്നു. മുമ്പനായ പുരുഷനാൽ മരണം ഇഹലോകത്തിൽ പുക്ക എന്നതിനെക്കൊണ്ടു റൂഹാദക്കുദശായാലും വെള്ളത്താലും നാം വീണ്ടു പെറക്കപ്പെട്ടാകിൽ മോക്ഷം നമുക്ക ഇല്ല എന്ന മിശിഹാകർത്താവ അരുളി ചെയ്തു. ഈ കുദാശേടെ സാധനം ആസ്സു പട്ടാങ്ങ എന്ന വെള്ളം കാതൽ ആകുന്നത ബാവായുടെയും പുത്രൻെറയും റൂഹാദക്കുദശായുടെയും നാമത്താൽ നിന്നെ ഞാൻ മാമ്മോദീസാ മുക്കുന്നേൻ എന്ന മൊഴികൾ. എന്നാൽ ഈ കുദാശെടെ ചിററാണ്മക്കാരര കുർബ്ബാനപ്പട്ടം ഉള്ളവര എങ്കിലും ദിഷ്ടതിന്നേരത്തു ശെമ്മാശ്ശന്മാൎക്കും അന്മേനികൾക്കും സ്ത്രീകൾക്കും മാർഗ്ഗം അല്ലാത്തവൎക്കും വിശ്വാസത്തിനു അന്തരം ഉള്ളവൎക്കും മുക്കാം. മേൽത്തരം ആയിട്ട് കൂടിയെ മതിയാവു എന്ന വസ്തുക്കൾ മൂന്നിനും അന്തരം വരാതെ കണ്ടു. ഈ കുദാശ എല്ലാവൎക്കും കൂടിയേ മതിയാവു എന്നതിനാംപക്കം അതിൻെറ സാധനവും എല്ലാഎടത്തും എത്തുമെന്നാത ആക്കി വെള്ളം എന്ന കല്പിച്ചു. ഈ കുദാശയാൽ ഒണ്ടാകുന്ന ഒപകാരം ആകുന്നത ഉത്ഭവദോഷവും മററൊള്ള ദോഷങ്ങളും അതിൻെറ പ്രാശ്ചിതങ്ങളും പൊറുക്കുന്നത. ഇതിനെക്കൊണ്ടു മാമ്മോദീസാ മുങ്ങുന്നവരുടെ ദോഷത്തിന്ന മുക്കുന്നവര പ്രാശ്ചിതം കല്പിക്കരുതു. ഇതിനെക്കൊണ്ടു യോഗ്യത്തോടെ ഒരുത്തര മാമ്മോദീസായും മുങ്ങി ഒടനെ മരിച്ചു എങ്കിൽ അപ്പോഴെ ആ

malankaralibrary.com

കാശമോക്ഷത്തിൽ ചെന്ന വെളിച്ചമെ ദൈവസൊഹ ത്തെ കണ്ട ഇരിക്കയും ചെയ്യും.

ഒന്നാം കാനോനാ.

മലംകര മാമ്മോദീസാ മുക്കനിടത്ത ഓരൊരെ കാലത്ത വചനങ്ങളെ പകൎത്തിചൊല്ലി മുക്കിയെന്ന. ഇ ശുദ്ധമാന സൂനഹദോസ അറിഞ്ഞു. അങ്ങനെ മുങ്ങുന്നാത കാൎയ്യം അല്ലെന്ന വരുമല്ലൊ. ഇതിനെക്കൊണ്ട മലംകരെ നസ്രാണികളുടെ എടയിൽ കിടാങ്ങൾ പെറന്ന ഒണ്ടായാൽ എട്ടാം പക്കം പള്ളികളിൽ കൊണ്ടുവന്ന മാമ്മോദീസാ മുക്കിപ്പാൻ ഉത്സാഹം ഇല്ലായ്ക ഒണ്ട. എന്ന ഇ ശുദ്ധമാന സൂനഹദോസ അറിഞ്ഞിട്ട മറെറല്ലാ ദിക്കിലെ മരിയാതിക്ക തക്കവണ്ണം എട്ടാംപക്കംതന്നെ കിടാങ്ങളെ കൊണ്ടുവന്ന മാമ്മോദീസാ മുക്കണം എന്ന അനേകം സൂക്ഷത്തോടുക്രൂടെ ഇ സൂനഹദൊസ കല്പിക്കുന്നു. എട്ടുദിവസം പൂകിന്നതിന്ന എടെക്ക കിടാങ്ങൾക്ക എന്തൊന്നം അരുതായ്കയുണ്ടെങ്കിൽ എട്ടാംപക്കം പാക്കാതെ ഒടനെ മുക്കിക്കയും വേണം. വിശെഷിച്ച പള്ളി അടുക്കെ ഇല്ലാതെ കുടികളിൽ ഇരിക്കുന്നവരുടെ കിടാങ്ങളെ എട്ടാംപക്കം തന്നെ കൊണ്ടുവരുവാൻ ഒട്ട അരിമ ഒണ്ട എംകിൽ ഇരുപത ദിവസത്തിനകത്ത താൻ മുപ്പതുദിവസത്തിനകത്ത താൻ പള്ളിക്കൽവന്ന മുക്കിച്ചുകൊള്ളുകയും വേണം. മുപ്പത ദിവസത്തിനകത്ത തങ്ങടെ കിടാങ്ങളെ പള്ളിക്കൽ കൊണ്ടുവന്ന മാമ്മോദീസാ മുക്കിച്ചില്ലാ എംകിൽ അവരെ മഹറോൻ ചൊല്ലി പൊറത്ത നിറുത്തുകയും വേണം. അവരുടെ അവുടെ പട്ടക്കാരരും എണങ്ങരും പോകയും അരുത.

malankaralibrary.com

രണ്ടാം കാനോനാ

മഹറോൻ ഉള്ളവരുടെ കിടാങ്ങളെ മാമ്മോദീസാ മുക്കാതെ നിറുത്തിയേക്കുന്നത എന്ന മരിയാത ഇ എടവകയിൽ ഒള്ളത ശുദ്ധമാന സൂനഹദൊസ ഉപേക്ഷിക്കുന്നു കാന്നവക്ക മഹറോൻ ഒണ്ടെങ്കിലും അവരുടെ ഏത്തുനാൽ കിടാങ്ങൾക്ക മാമ്മോദീസാ മുങ്ങാതെ ഒരു സംകടം വരായിവാൻ മറ്റെല്ലാവരുടെയും കിടാങ്ങടെക്കൂടെ ഏട്ടാംപക്കം പള്ളിക്കൽകൊണ്ടുവന്ന മാമ്മോദീസാ മുക്കിച്ചെ മതിയാവു എന്ന ഇ സൂനഹദൊസ പ്രമാണിക്കുന്നു. എന്നാൽ മഹറോൻ ഒള്ളവരുടെ കിടാങ്ങളെ അവരുടെ വീട്ടിൽ ചെന്ന എടുത്ത പള്ളിക്കൽ കൊണ്ടുവന്ന മാമ്മോദീസാ മുക്കിച്ചു വീണ്ടു വീട്ടിൽ കൊണ്ട ആക്കി അവക്ക മഹറോൻ തട്ടാ. മഹറോൻ ഒള്ളവർ കൂടെ കൂടാതെ ഇരിക്കെ വേണ്ടു.

മൂന്നാം കാനോനാ.

മാമ്മോദീസാ മുങ്ങുന്നവക്ക രണ്ടു കൂട്ടം സൈത്ത കൊണ്ടു പൂശേണ്ടുന്നത അവ്വണ്ണം ഇല്ലെന്നും ഒരു സൈത്ത പൂശുന്നത മേൽപട്ടക്കാരൻ കൂദാശ ചെയ്യാത്ത സൈത്തകൊണ്ട ഏറെ വ്യാപരിച്ചതു ന്യായമെന്നും ബഹുമാനപ്പെട്ട മെത്രാൻ അറിഞ്ഞാറെ നസ്രാണികൾക്ക വേണ്ടുന്ന സൈത്ത എല്ലാം കൂദാശ ചെയ്തു. എന്നാൽ ശുദ്ധമാന ഇ സൂനഹദൊസ മമ്മോദീസാ മുക്കുന്ന പട്ടക്കാരരോട പ്രമാണിക്കുന്നു. മേൽപട്ടക്കാരൻ കൂദാശ ചെയ്ത സൈത്ത കൊണ്ടെ പെരുമാറാവു എന്ന. എന്നാൽ ഒരുത്തരെ മുക്കുംപോൾ തൽമ്മാറാ എന്ന സൈത്തകൊണ്ട നെഞ്ഞത്തും പുറത്തും പൂശണം. മൂറാൻ എന്ന സൈത്തകൊണ്ട നിറുകയിലും പൂശണം. എന്നാൽ സൈത്ത പൂശിയാൽ തൊടപ്പാൻ ചീല എംകി

malankaralibrary.com

ല്യം നല്ല പഞ്ഞി എംകില്യം സൈത്ത ഇരിക്കുന്ന ചെപ്പിൽ കൂടെ ശരസിക്കയും വെണം. സൈത്ത തൊടേണ്ടുന്നൊടത്തെല്ലാം ചൊല്ലേണ്ടുന്ന മൊഴികൾ റോമ്മാപ്പള്ളി കൽപിച്ച മരിയാതക്ക തക്കവണ്ണം സുറിയാനിയിൽ പേൎത്തിട്ടും ഒണ്ടു. വിശെഷിച്ചും മാമ്മോദീസാ മുക്കുംപോൾ മുക്കുന്ന പട്ടക്കാരൻ സൂർപ്പിലീസ എന്ന വെള്ളക്കുപ്പായവും ഊറാറയും ഇടുകയും വേണം.

## നാലാം കാനോനാ.

(മാമ്മോദീസാ മുങ്ങുംപോൾ ഇരിവരെ താൻഒരുത്തനും ഒരുത്തിയുമായിട്ട താൻ മുങ്ങുന്നവരുടെ തല തൊടണം). മാമ്മോദീസാ മുങ്ങുംപോൾ മുങ്ങുന്നവരുടെ തലതൊടുന്നാത പള്ളിയുടെ പണ്ടെ ഒള്ള മരിയാത ഇ എടവകയിൽ ഇല്ല. എന്നാതിനെക്കൊണ്ടും ആ തല തൊടുന്നാവരും മുങ്ങുന്നാവരും തങ്ങളാലുണ്ടാകുന്ന ശാർച്ച എത്രെ എന്നും ഇവിടെ അറിയാത്തതിനെക്കൊണ്ടും ശുദ്ധമാന സൂനഹദൊസ പ്രമാണിക്കുന്നു. ഒരുത്തര മുങ്ങുംപൊൾ അവരുടെ തലതൊടുവാൻ ഇരുവരെ താൻ ഒരുത്തനും ഒരുത്തിയും കൂടെ താൻ ഒരു പുരുഷൻ തന്നെ താൻ മുങ്ങുന്നാവൻെറ തല തൊടുവാൻ. ഇ തലതൊടുവാൻ പറഞ്ഞ പുരുഷക്ക പതിനാൽ വയസ്സ തികയണം. സ്ത്രീകൾ പന്തിരണ്ടുവയസ്സു തികയണം. മുങ്ങുന്നാവരും തല തൊടുന്നാവരും തങ്ങളിൽ ആത്മാവിന്നടുത്ത വലിയ ഒര ചാർച്ച ഒണ്ടു. അത ആകുന്നാത—തല തൊടുന്നാവര മുങ്ങുന്നാവരുടെ വാവായും ഉമ്മായും ആയിരിക്കും. മുങ്ങുന്നാവര അവരുടെ പുത്രൻ ആയിരിക്കും. വിശേഷിച്ചും മുങ്ങുന്നാവരുടെ അപ്പനും അമ്മയും തലതൊടുന്ന പുരുഷനും സ്ത്രീയും കൂടെ മുങ്ങുന്നാവൻെറ വാവാന്മാരും ഉമ്മാമാരും ആയിരിക്കും. ആയതിനെക്കൊണ്ടു ഇങ്ങിനത്തവര തങ്ങളിൽ ശുദ്ധമാന

malankaralibrary.com

പാപ്പാടെ താൻ അവുടത്തെ വിധിവചമുള്ളവരുടെ താൻ പ്രമാണംക്രുടാതെ പെണ്ണുകെട്ടുകയും അരുത. കെട്ടുകിൽ അത വാസ്തവും അല്ല. മുങ്ങുന്നാവരുടെ തല തൊട്ടുവാൻ വിളിക്കപ്പെട്ടുവന്ന തൊട്ടവരെ മുങ്ങുന്നാവക്കും അവരുടെ കാന്നവക്കും ശാർച്ചുഒണ്ടാകും, മററ അനേകം ജെനംക്രുടെ തൊട്ടുകിൽ.

അഞ്ചാം കാനോനാ.

മാർഗ്ഗം അല്ലാത്തവരിൽ ആരാനും മാർഗ്ഗം ക്രുടുവാൻ വരുകിൽ ദൃഢത അവക്ക ഒണ്ടെങ്കിൽ മാർഗ്ഗത്തിലെ കാതൽ ആകുന്ന വസ്തുക്കളെ അവക്ക പറഞ്ഞു ബോധിപ്പിക്കാതെയും ബെബനിശെനയ്യായും ആബ്രൂൻ എവശ്ചയായും ശ്ലാമേകമറിയവും മഹൈമ്മനീനാനും പഠിപ്പിക്കാതയും മാഗ്ഗം പൂകിക്കരുതു. ഇ പറഞ്ഞു ഒത്തുകൾ ഒക്കയും പഠിക്കുംമുന്നെ അവക്ക ഒര സംകടം വരുവാൻ പൊരും എന്ന തൊന്നുകിൽ മാർഗ്ഗത്തിലെ തലയാകപ്പെട്ടതുംമെൽ അവക്ക വിശ്വാസം ഉണ്ടു. മാമ്മോദീസാ മുങ്ങണം എന്ന അവര അപെക്ഷിക്കയും ചെയ്കിൽ മുമ്പെ മുക്കുകയും ആം.

ആറാം കാനോനാ.

മലനാട്ടിൽ കാവ്യരുടെ എടയിൽ ഒരു മയ്യാദ ഉണ്ടു. അത ആകുന്നത. പൊല്ലാത്തനാൾ പിറക്കുന്ന കിടാങ്ങളെ കൊന്നുകളക. താൻ ആക്കാനും കൊട്ടുത്തുകളക താൻ ചെയ്യും. അങ്ങനത്ത കിടാങ്ങളെ നമ്മുടെ മാർഗ്ഗത്തിൽ വരുവാൻ തക്കവണ്ണം അനെകം ഉത്സാഹത്തൊടും സൂക്ഷത്തൊടുംക്രുടെ ശ്രമിക്കണം എന്ന തംപുരാനെകുറിച്ചു ഇ ശുദ്ധമാന സൂനഹദോസ് അപേക്ഷിക്കുന്നു. എന്നാൽ ശ്രമിച്ചുവരുത്തുന്നവക്ക മാ

malankaralibrary.com

മ്മോദീസായും മുക്കിച്ച വഴിയെ വളൎത്തുവാൻ വെണ്ടു ന്ന സൽഭാവം പൊരായ്കിൽ പള്ളിക്കൽ ശ്രമിക്കുന്ന പട്ടക്കാരരോട്ട അറിയിക്കണം. എന്നാൽ പട്ടക്കാരരും ദേശത്തു തലയാകപ്പെട്ട എണങ്ങരുംക്രുടെ വഴിയെ അന്തരം വന്നുപോകാതെ കണ്ടു വളൎത്തുകയും വെണം. ആരും ഉടയവരില്ലാത്ത കിടാങ്ങളെയും വല്ല എടത്തുംവച്ച് കണ്ട എത്തിയാൽ അവരെയും മെൽപറഞ്ഞ കിടാങ്ങളെയും അതുപൊലെ ശ്രമിച്ചുകൊള്ളണം.

## ഏഴാം കാനോനാ.

ഒരുത്തരുടെ പ്രസമത്തും നെരത്തു അവുടെക്രുടെ ക്രുടുന്നവരൊട്ടും പെറുന്നവരുടെ കാരണവരോട്ടും ശുദ്ധമാന സ്നൂനഹദോസ് അപേക്ഷിക്കുന്നു. എന്തെന്നാ. പെറക്കപ്പെട്ടുന്ന പൈതൽക്കൈകെൽപ്പുകെട്ട പെരികയുണ്ടെങ്കിൽ ഉടനെ വാവാടെയും പുത്രൻെയും റൂഹാദക്കദശാടെയും നാമത്താൽ നിന്നെ ഞാൻ മുക്കുന്നെൻ എന്ന പള്ളിയുടെ മൊഴികളയും ചൊല്ലി പൈതലിടെ തലയിൽ വെള്ളം വീത്തി മുക്കണം എന്നാ. വിശേഷിച്ചു അനെകം സങ്കടമായിട്ടു ഒരുത്തര പെറുമ്പൊൾ ആ പൈതൽ വഴിയെ പൊറപ്പെട്ടുവാൻ മടിച്ചു എടക്ക ഇരിന്ന പൈതൽ മരിച്ചുപോകുമെന്നു നിക്കുന്നൊവൎക്ക തോന്നുകിൽ മുൻപിൽ പുറത്തുകണ്ട സന്ധുവുമേൽ മേൽചൊല്ലിയ വചനങ്ങളും ചൊല്ലി വെള്ളം വീഴത്തണം. വിശേഷിച്ചും എടയിൽ ഇരിക്കലൈ വശനവും ചൊല്ലി വെള്ളം വീഴത്തി മുങ്ങുന്ന പൈതൽ ആകുനാൽ പുറത്തു പുറക്കപ്പെട്ടുകിൽ തലയിൽ ആ വെള്ളം വീഴ്ത്തിമുക്കണം.

മററ ഒരു സന്ധുവിനു വീഴത്തി എങ്കിൽ വീണ്ടു തലയിൽ വെള്ളം വീഴത്തി മുക്കിയെ മതിയാവൂ. അ

malankaralibrary.com

പ്പോൾ ചെല്ലേണ്ടുന്ന വചനം ആകുന്നത ഇത. മാമ്മോദീസാ മുങ്ങി എംകിൽ വീണ്ടും ഞാൻ മുക്കുന്നില്ല. നീ മാമ്മോദീസാ മുങ്ങി ഇല്ല എങ്കിൽ വാവാടെയും പുത്രൻെറയും റൂഹാദക്കുദശാടെയും നാമത്താൽ ഞാൻ മുക്കുന്നൊൻ. എന്ന ചൊല്ലിയ വചനങ്ങൾ ചൊല്ലി മുക്കണം, മാമ്മോദീസാ മുങ്ങിയൊ ഇല്ലയൊ എന്ന സംശയമുള്ളവരുടെമെൽ. എന്നാൽ ദിഷ്ടതിക്കു താല്പൎയ്യമായ വചനങ്ങളും ചൊല്ലി വെള്ളം തലയിൽ വീഴത്തി മുക്കിയാൽ പിന്നെ, കാലത്തു എത്തുംപോൾ പള്ളിയിൽ ആ മുങ്ങിയവരെ കൊണ്ടുന്ന ശേഷം മാമ്മോദീസായ്ക്കു വേണ്ടുന്ന ക്രീയകളെ പട്ടക്കാരരെകൊണ്ടു ചെയ്യിക്കണം മുക്കികൊണ്ടതാന്നും.

### എട്ടാം കാനോനാ.

നസ്രാണികളായി കല്പിച്ചവര ഒക്കയോടുംക്രുടെ ശുദ്ധമാന സൂനഹദോസ അപേക്ഷിക്കുന്നു. എന്തെന്നാ ഓരോരോ അങ്ങാടിയിൽ മാമ്മോദീസാ ഉള്ളവരിൽ ഒരു സ്ത്രീയെ പിള്ള വാങ്ങുവാൻ ഉണ്ടാക്കണം എന്നാ.

പെറക്കപ്പെട്ടുന്ന കിടാങ്ങൾ അവക്കു വേണ്ടുന്ന (ക്രീയകൾ) മാമ്മോദീസാ ക്രൂടാതെ മരിച്ചുപോകാസ്സാൻ അവക്കു മാമ്മോദീസാടെ വചനങ്ങളെയും ചൊല്ലി വെള്ളം തലയിൽ വീഴത്തി മുക്കുവാൻ വേണ്ടുന്നത അറിയിച്ചേക്കയും വേണം. വിശേഷിച്ചും മാമ്മോദീസാ ഇല്ലാത്തവര പിള്ള വാങ്ങുമ്പോൾ മാൎഗ്ഗത്തിന്നാടാത്തത എത്രാന്നും ചെയ്യാവാൻ പള്ളിക്കലെ ശ്രമക്കാരൻ പട്ടക്കാരൻ തൻെറ എടവകയിലുള്ളവക്കു മേൽ പറഞ്ഞവണ്ണം മാമ്മോദീസാ മുക്കുവാൻ പഠിപ്പിക്കണം.

malankaralibrary.com

ഒൻപതാം കാനോനാ.

നമ്മുടെ കൎത്താവ മാറാനീശോമിശിഹായുടെ ശുദ്ധമാന മരണംകൊണ്ട പഴെ മാൎഗ്ഗത്തിൽനിന്ന നാം രക്ഷപെട്ടതിനാംപക്കം ആകനാൽ എല്ലാത്തിനെക്കൊണ്ടും രക്ഷപെട്ടവര നാം ആയിരിക്കണം. ഇതിനെക്കൊണ്ട ശുദ്ധമാന സൂനഹദോസ എല്ലാവരോടുംക്കൂടി പ്രമാണിക്കുന്നു. മാമ്മോദീസാ മുങ്ങുന്നവൎക്ക ഇപ്പോൾ സാമാന്യം വിളിക്കുന്ന പേരകൾ എന്നിയെ മററ പഴെ മാൎഗ്ഗത്തിലെ പേര ഒന്നും വിളിക്കരുത എന്ന. എന്നാൽ ഈശോ എന്ന പേര നമ്മുടെ തംപുരാന്റെ പേര ആയതിനെക്കൊണ്ടും ഇപ്പേരിന്റെ ശത്തം കേൾക്കുമ്പോൾ ആകാശമോക്ഷത്തിലും ഭൂമിയിലും നരകത്തിലും ഉള്ളവര ഒക്കയും മുട്ടുംകുത്തി വന്ദിക്കണം എന്ന ശുദ്ധമാന പൗലോസ ശ്ലീഹാ എഴുതിവച്ചതിനെക്കൊണ്ടും ഈശോ എന്ന ഇ തിരുനാമം മാനുഷൎക്ക ആൎക്കും വിളിക്കരുത എന്ന ഇ ശുദ്ധമാന സൂനഹദോസ പ്രമാണിക്കുന്നു. ഇപ്പേര ഉള്ളവര മുംപിലത്തെ ഒപ്പുശുമാ കൈക്കൊള്ളുമ്പോൾ മാററി മററൊരു പേര വിളിച്ചുകൊള്ളണം.

പത്താം കാനോനാ.

നസ്രാണികൾ ഒക്കയോടുംക്കൂടെ ശുദ്ധമാന സൂനഹദോസ പ്രമാണിക്കുന്നു എന്തെന്നാ. മാമ്മോദീസാ ഇല്ലാത്ത വെള്ളാടികൾ ആകുന്ന കിടാങ്ങളെ തങ്ങടെ സ്ഥലത്ത നിറുത്തരുത എന്നും, തങ്ങടെ വെള്ളാടികളാകുംപോളെ അവരെ മാമ്മോദീസാ മുക്കണം എന്നും, അറിവും ബോധവും ഉള്ള വെള്ളാടികളെ വെലത്താലെ അവരെ മാമ്മോദീസാ മുക്കരുത എംകിലും പ്രിയത്തോടുക്കൂടെ അവരെ പറഞ്ഞ അനുസരിച്ച കാലത്തെ മാ

മ്മോദീസാ മുക്കുവാൻ ശ്രമിക്കണം എന്നും. വിശേഷി ച്ചു കിടാങ്ങൾ എങ്കിലും വലിയവര എങ്കിലും മാ മ്മോദീസാ മുങ്ങുവാൻ മനസ്സു ഒണ്ടെങ്കിൽ അവരെ മാ മ്മോദീസാ മുക്കാതെ വീട്ടു ഉടയവര നിറുത്തുകിൽ ആ വീട്ടു ഉടയവരെ മേല്പട്ടക്കാരൻ കുററപ്പെട്ടുകയും വേ ണം. മാമ്മോദീസാ മുങ്ങുവാൻ മനസ്സുള്ളവരെ കാവ്യക്ക വില്ലുകയും അരുത. വിററാൽ വിററവരെ കുററപ്പെട്ടുക യും വേണം.

## പതിനൊന്നാം കാനോനാ.

മാമ്മോദീസാ മുങ്ങുവാൻ ഒള്ള കിടാങ്ങളെ കാന്ന വർ തങ്ങളിൽ തന്റെറ തന്റെറ മക്കളെ മുമ്പിൽ മു ക്കണം എന്നാ പെശകി ഏറെ ഏറെ പണം വെക്കുന്ന വര ചിലര ഇ എടവകയിൽ ഉണ്ടെന്നാ ശുദ്ധമാന സൂ നഹദോസ അറിഞ്ഞിട്ടു എല്ലാവരോടുംകൂടെ പ്രമാണി ക്കുന്നു. അങ്ങനത്ത പെണക്കം ഒണ്ടാകരുത എന്നാ അങ്ങനെ പെണങ്ങി വെക്കുന്നാ മുതൽ പട്ടക്കാരര വാ ങ്ങരുത എന്നും അങ്ങനത്ത പിണക്കം ഉണ്ടാകരുതെ ന്നും സിമ്മൂനായക്കാരെക്ക ശുദ്ധമാന പള്ളി കല്പിച്ചു പ്രാശ്ചിതം ഇങ്ങനത്ത മുതൽ വാങ്ങുന്നവക്ക അനുവ ദിപ്പതും ചെയ്യും. പല കിടാങ്ങളെ ഒരുമിച്ചു മുക്കുവാൻ ഒണ്ടെങ്കിൽ കൊഴപ്പം കൂടാതെ ക്രമത്തോടുകൂടെ മുക്കുവെ ആവൂ.

## പന്ത്രണ്ടാം കാനോനാ.

എല്ലാ പള്ളികളിലും തന്റെറ തന്റെറ സമ്പത്തി ന തക്കവണ്ണം ഓരോരെ മാമ്മോദീസാകുഴി പള്ളിയി ൽ അതിനു യോഗ്യമായ എടത്തിൽ പണിയിച്ചു ഒ ണ്ടാക്കണം. അതിലെ വെള്ളം താഴത്തോട്ടു പററിപോ വാൻ നടുവിൽ ഒര ഓവ വേണം. മേൽ ഒരു പലക

malankaralibrary.com

കൊണ്ടു് അടച്ച മൂടുവാനും വേണം. ഇത പള്ളിപണ്ടാരത്തിലെ മുതൽ അഴിച്ച പണിയിക്കയും വേണം എന്ന ശുദ്ധമാന സൂന്നഹദോസ പ്രമാണിക്കുന്നു. അതിലെ വെള്ളം പൊറത്ത എങ്ങും വീണ ആരും ചെവിട്ടാതെ ഇരിക്കയും വേണം. മൂറാൻ എന്ന തൈലത്ത കൊണ്ട ആ വെള്ളം രൂശ്മ ചെയ്ത ഇരിക്കയും വേണം.

പതിമ്മൂന്നാം കാനോനാ.

ശുദ്ധമാന ത്രെന്തോസ എന്ന സൂന്നഹദോസിലും എല്ലാ പള്ളികളുടെ മര്യാദകളും തക്കവണ്ണം ഇരിപ്പാൻ എല്ലാ പള്ളികളിലും ഓരോരൊ പൊസ്തകം ഒണ്ടായിരിക്കണം. എന്ന ഈ സൂന്നഹദോസ പ്രമാണിക്കുന്നു. അതിൽ അതഅത എടവകയിൽ മാമ്മോദീസാ മുക്കുന്നവരുടെയും മുങ്ങുന്നവരുടെയും അപ്പന്റെയും അമ്മേടെയും തലതൊടുന്നവരുടെയും കാലവും മാസവും ഇട്ട എഴുതിവെക്കയും വേണം. വാചകം ഇവണ്ണം. ഞാൻ ഇന്നാര ഇന്ന പള്ളിയുടെ മൂപ്പൻ ഇന്നകാലം ഇത്രാംദിവസത്തിൽ ഇന്നടത്ത പിറന്ന ഇന്നാരുടെയും ഇന്നാരുടെയും മകനെ താൻ മകളെ താൻ മാമ്മോദീമുക്കിയേൻ. തലതൊട്ടത ഇന്നാരും ഇന്നാരും എന്നും അതിന്റെശേഷം പട്ടക്കാരൻ തന്റെ ഒപ്പ ഇടുക. പള്ളിയിലെ മൂപ്പൻ ആ പൊസ്തകം ശരസിച്ച മേൽപട്ടക്കാരനു കണക്കകൊടുക്കുകയും വേണം. അതുകണ്ട നിശ്ചയമായി ഓരോരുത്തരുടെ വയസ്സിന്ന സാക്ഷിപെടുക്കയും ആം.

മുൻപിലത്തെ ഒപ്രൂശ്മാ ആകുന്ന രണ്ടാം ക്രുദാശയുടെ പൊരുൾ.

രണ്ടാം ക്രുദാശയാകുന്ന മുമ്പിലത്തെ ഒപ്രൂശ്മാ. ഇതിന്റെ സാധനമായത മൂറാൻ. ഇത തൈലത്ത

malankaralibrary.com

എന്ന വൃക്ഷത്തിന്റെ കാ ആട്ടി ഉണ്ടാക്കുന്ന സൈത്തും, അനെകം സൌരഭ്യം ഉള്ളൊരെ വസ്തു അൽപെലസം എന്ന ചൊല്ലുന്നതുംകൊണ്ടു ഉണ്ടാക്കി ന്യായം. സൈത്ത എന്നതിന്റെ അൎത്ഥമായത നസ്രാണികൾക്ക ഉണ്ടാകേണ്ടുന്ന മനസ്സിലെ വെടിപ്പും വെളിവും. അൽപെലസം എന്നതിന്റെ അൎത്ഥം നസ്രാണികൾക്ക ഉണ്ടായിരിക്കേണ്ടുന്ന നാമം എന്നാൽ മൂറാൻ എന്ന സൈത്തിന്ന മെത്രാന്മാരുടെ റൂശ്ശുമ കൂടിയേ മതിയാവു. ഈ ക്രൂദാശേടെ കാതൽ വചനങ്ങൾ ആകുന്നത മെത്രാൻ വലത്തെ കയ്യിടെ പെരുവിരൽകൊണ്ടു മൂറാൻ എന്ന സൈത്തും തൊട്ടു ഒപ്പൂശ്ശുമാകൈക്കൊള്ളുന്നവന്റെ നെറ്റിമേൽ സ്ലീവാ വരച്ചു ചൊല്ലുന്ന ഈ മൊഴികൾ സ്ലീവാടെ അടയാളത്താൽ നിനക്ക ഞാൻ അടയാളമക്കുന്നോൻ. രക്ഷയുടെ മൂറാൻ കൊണ്ടു നിന്നെ ഉറപ്പിക്കുന്നോൻ. വാവാടെയും പുത്രന്റെയും റൂഹാദക്കുദശാടെയും നാമത്താൽ എന്ന. ഈ ക്രൂദാശ മെത്രാന്മാൎക്കെ ചെയ്യാവു. അനേകം വല്യതായിട്ടുള്ള ദിഷ്ടതിക്കും അവകാശത്തിനും ശുദ്ധമാന പാപ്പാടെ പ്രമാണത്താൽ കുർബാനപട്ടക്കാരൎക്കും ഈ ക്രൂദാശ ചെയ്യാം. എന്നാൽ ശ്ലീഹന്മാര ഓരോരുത്തരുടെ തലയിൽ കൈകൾ വെക്കുംപോൾ കൈകളെ കൈക്കൊള്ളുന്നവൎക്ക റൂഹാദക്കുദശായെ കൊടുത്തു ന്യായം. ശ്ലീഹന്മാൎക്ക പകരം ആകുന്ന ഇപ്പുളത്തെ മെത്രന്മാര ഈ ക്രൂദാശകൊണ്ടു അതിനെ കൈക്കൊള്ളുന്നവൎക്ക റൂഹാദക്കുദശാടെ നെറിവ കൊടുത്തു ന്യായം. പെന്തെകുസ്തെ എന്ന ദിവസത്തിൽ ശ്ലീഹന്മാരുടെമേൽ റൂഹാദക്കുദശാ എറങ്ങി അവൎക്ക അറപ്പുകൂടാതെ മാർഗ്ഗം നടത്തുവാനും അതിനെ കൊണ്ടു പാവാനും ശക്തിയും ബലവും കൊടുത്തവണ്ണം ഈ ക്രൂദാശയാൽ നസ്രാണികൾക്ക ശങ്ക

malankaralibrary.com

യും പേടിയും കൂടാതെ വെളിച്ചമെ തംപുരാന്റെറ നാമവും മാർഗ്ഗവും കൊണ്ട പറവാനും ചെല്ലുവാനും ആഹാദക്കടശോടെ നെറിവ ഉണ്ടാക്കുന്നു. പിറക്കപ്പെട്ടുകയും വളരുകയും ചെയ്യുന്നതിനോളം ഭേദം പോലെതന്നെ മാമ്മോദീസാ എന്നാ ക്രൂദാശയും ഇ ഒപ്പ്രംശുമായും തങ്ങളിൽ ഭേദമുണ്ടു. മാമ്മോദീസായാൽ മാർഗ്ഗത്തിൽ പിറക്കപ്പെട്ടുന്നു. ഒരുത്തര ആയിസ്സു ഉപേക്ഷിക്കേണ്ടുകിലും മാർഗ്ഗം ഉപേക്ഷിക്കായ്ക്കാനും വിശ്വാസത്തിന്റെറ ഉറപ്പിനും വേണ്ടുന്ന വളർച്ച ഇ ക്രൂദാശയാൽ അത കൈക്കൊള്ളുന്നാവക്ക ഉണ്ടാകുന്നു. ഇതിനെകൊണ്ട ഇ സൈത്ത നെററിമേൽ പിരട്ടുന്നു.

ഒന്നാം കാനോനാ.

മലംകരയിൽ മുംപിൽ ഒണ്ടായ മേല്പട്ടക്കാര ഇരണ്ടാം കുദാശേടെ അവസ്ഥ വഴിയെ അറിയാത്തതിനെക്കൊണ്ട മലംകര ഇ കുദാശകൊണ്ടു ഏറെ പെരുമാററം ഇല്ലാത്തതിനെകൊണ്ടു ഈ ശുദ്ധമാന സൂനഹദൊസ എല്ലാവരോടുംകൂടെ അറിയിക്കുന്നു. എന്തെന്നാ, ഈ കുദാശ കൊട്ടുപ്പാൻ ആസ്തമായി ഇരിക്കുന്നാ മെത്രാൻ ഉള്ളപ്പോൾ ദൃഢത ഉള്ളവര ഒക്കയും ഇ കുദാശ കൈക്കൊണ്ടെ മതിയാവു എന്ന പ്രമാണം ഒണ്ട. വാശേഷിച്ച വീട്ടിൽ കാന്നവരു തന്നെ ഇ കുദാശ കൈക്കൊണ്ടാൽ പോരാ. പിന്നെയൊ തങ്ങളുടെ മക്കളെയും പിള്ളേരയും ഇ കുദാശ കൈക്കൊള്ളുവാൻ അയച്ചിട്ടേ മതിയാവുതാനും. വിശെഷിച്ചും ഇ കുദാശേനെ ദൂഷിച്ചും ഉപേക്ഷിച്ചും കൈക്കൊള്ളാത്തവക്ക വലിയൊര ശാവദോഷം ഒണ്ട. ഇതിനെക്കൊണ്ട ഈ സൂനഹദോസ കൽപിക്കുന്നു. ഈ കുദാശ തരുവാൻ മെത്രാൻ വന്നാതിനാംപക്കം അഞ്ചുവയസ്സു തികഞ്ഞ

malankaralibrary.com

വരൊക്കയും ഈ കുദാശ കൈക്കൊള്ളണം എന്നു്, ദൃഷിപാദംകൊണ്ടു താൻ പ്രതിജ്ഞ കൊണ്ടു താൻ ഈ കുദാശ കൈക്കൊള്ളാത്തവക്കു് മഹറോൻ ചൊല്ലി കുററപ്പെട്ടുകയും വേണം· ഇ ഏഴ കുദാശകളിൽ മൂന്ന കുദാശകളുണ്ടു് വീണ്ടു ഏററുകൂടാത്തതു്. അത ഏന്തം.

രണ്ടാം കാനോനാ

ഇ ശുദ്ധമാന സുനഹദോസ അനേകം ദുഃഖത്തോടുകൂടെ കേട്ടു, ബഹുമാനപ്പെട്ട മെത്രാൻ മലംകരക്ക വന്നാറെ ചെല പള്ളികളിൽനിന്ന ഇ കുദാശ കൊടുക്കുന്നാപ്പോൾ വേണ്ടുന്ന ഒരു വസ്തു അല്ലാത്തപോലെ അതിനെ കൈക്കൊള്ളായ്കയും കൈക്കൊണ്ടവരെക്കൊണ്ടു മാർഗ്ഗം അല്ലാത്തവരെപ്പോലെയും വിശ്വാസത്തിന്ന അന്തരം ഒള്ളവരെപ്പോലെയും മനസ്സിൽ ചൈത്താനെ നിറച്ചു വച്ചിരിക്കുന്നാവരെപ്പോലെയും ദൃഷിക്കയും പറകയും ചൈതു എന്ന. എന്നാൽ ഇങ്ങനെ പറഞ്ഞവര പറഞ്ഞത പിഴ എന്നറിഞ്ഞ ശുദ്ധമാന റോമ്മാപ്പള്ളിക്ക ഒത്തവണ്ണം ഇരിക്കാം എന്ന കൽപിച്ചു അവരോടു ഏതും ചോദ്യമില്ല. വിശേഷിച്ചു മേലിൽ ആരും ആകാത്തവണ്ണം ഇ കുദാശകൊണ്ടു പറവാൻ ആരാനും അങ്ങനെ പറകിൽ അവക്ക മഹറോൻ ചൊല്ലി പുറത്തു കളയണം. ശുദ്ധമാന റോമ്മാ പള്ളിക്ക ഒത്തവണ്ണം എന്ന അവൻ മനസ്സഴിഞ്ഞ പ്രാശ്ചിതവും ചെവോളം. വിശേഷിച്ചും ശുദ്ധമാന പള്ളി കൈക്കൊണ്ട കുദാശകളെ ഉപേക്ഷിക്കുന്നവര വിശ്വാസകെടുകാരര എന്നും മാർഗ്ഗം ഉപേക്ഷിക്കുന്നോവര എന്നും ശുദ്ധമാന ത്രെന്തോസ എന്ന സുനഹദോസ കൽപിച്ചുവണ്ണംതന്നെ എന്ന എല്ലാവരും അറിക.

malankaralibrary.com

### മൂന്നാം കാനോനാ.

പള്ളിയുടെ പഴെ മരിയാതക്ക തക്കവണ്ണം ഇ കു
ദാശ കൈക്കൊള്ളുവാൻ വരുന്നവരെ കൊണ്ടുവന്ന കു
ദാശ കൈക്കൊള്ളിപ്പാൻ മാമ്മോദീസായാലെപോലെ
ഇതിന്നും കാർന്നവരായിട്ടു ചെലര വേണം എന്ന ഇ സു
നഹദോസ അറിയിക്കുന്നു. ഇ കുദാശ ഉള്ളവക്കെ കാ
ർന്നവരാകാവൂ. ഒരുത്തൻ താൻ ഒരുത്തിതന്നെ ആവു
താനും. മാമ്മോദീസാ മുങ്ങുന്ന അവന്ന തലതൊടുന്ന
വരും ഉള്ള ചാർച്ച ഇ കുദാശ എൾക്കുന്നവരും കൊ
ണ്ടുവന്ന എൽപിക്കുന്നവരും തങ്ങളിൽ ഉണ്ട. കുദാശ
എൾക്കുന്നവരുടെ അപ്പനും അമ്മയും എൽപിക്കുന്ന
വര തങ്ങളിലും അവ്വണ്ണം തന്നെ. ഇ കുദാശ കൊണ്ടു
വന്ന എൽപിക്കുന്നവര ആണങ്ങൾ എംകിൽ പതി
നാൽവയസ്സ തികഞ്ഞ ഇരിക്കണം. പെണ്ണുങ്ങൾ
എംകിൽ പന്തിരണ്ടു വയസ്സ തികഞ്ഞെ മതിയാവൂ.

### കുർബ്ബാന എന്ന മൂന്നാം കുദാശേടെ പൊരുൾ.
### (Session V)

മൂന്നാം കുദാശയാകുന്ന അത കുർബാന. ഇ കുദാ
ശ മറെറല്ലാ കുദാശകളിലും പെരിമയും ശുദ്ധതയുമുള്ള
കുദാശ അത എന്തെ മററ എല്ലാ കുദാശകളിലും മിശി
ഹാടെ ശക്തിയെ ഉള്ളു ഇ കുദാശയിൽ പട്ടാങ്ങയായ
തമ്പുരാനും പട്ടാങ്ങയായ മാനുഷനുമാകുന്ന മിശിഹാടെ
പട്ടാങ്ങയായ ശരീരവും ചോരയും ആത്മാവും ദൈവസു
കവും കാതാലാൽ ഇ കുദാശയിൽ അടങ്ങുന്നു. എന്നാതി
നെക്കൊണ്ടു ഇ കുദാശേടെ സാധനമായത കോതമ്പു
കൊണ്ടുതന്നെ ഉള്ള അപ്പവും മുന്തിരിങ്ങാപ്പഴംകൊണ്ടു
തന്നെയുള്ള വീഞ്ഞും. എന്നാൽ വീഞ്ഞുംമേൽ കുദാ
ശ ചെയ്യും മുന്നാൽ അതിൽ അനേകം കുറഞ്ഞോരു

malankaralibrary.com

വെള്ളം വീൾത്തണം. മിശിഹാ കത്താവ അതിംവ ണ്ണം ചെയ്തു എന്ന പഴെ മാർഗ്ഗ മൽപാന്മാര ചൊല്ലി യതിനെക്കൊണ്ടും മിശിഹാ കത്താവ താൻ മരിച്ചതി ൻെറശേഷം തൻെറ വിലാവിൽനിന്ന ചോരയും വെള്ളവും പൊറപ്പെട്ടതിനെക്കൊണ്ടും മിശിഹായും പള്ളിയും തമ്മിലുള്ള ഒന്നിപ്പ അറിയിപ്പാനും. ഈ കുദാ ശേടെ കാതലായ വചനങ്ങൾ ആകുന്നത തംപുരാൻ താൻ അരുളിച്ചെയ്തത.

വിശേഷിച്ച മിശിഹാടെ എടത്തിൽ ഇഹലോ കത്തിൽ ആകുന്ന പട്ടക്കാരര കുദാശ ചെയ്യുംപോൾ അരുളപ്പാടിൻെറ ശക്തിയാൽ അപ്പത്തിൻെറ കാ തൽ ഒക്കെയും മിശിഹാടെ ശരീരം ആയി തിരിയുന്നു. (വീഞ്ഞിൻെറ കാതൽ ഒക്കെയും മിശിഹാടെ ചോരയു മായി തിരിയുന്നു.) ഇതിനെകൊണ്ട കുദാശ ചെയ്ത തിൻെറ ശേഷം അപ്പത്തിൻെറയും വീഞ്ഞിൻെറയും സാദൃശ്യവും രസവും നിറവും അളവും തന്നെ അതിൽ ശേഷിക്കും അത്രെ, കാതൽ ഏതും അതിൽ ശേഷിക്കാ തെ. അപ്പത്തിൻെറയും വീഞ്ഞിൻെറയും സാദൃശ്യ ത്തിലും ഒസ്തി ചെറുകെച്ചെറുകെ നുറുക്കിയാലും ആ കണ്ടിക്കപ്പെട്ട നുറുക്കുകളിലും എല്ലാടത്തിലും വീഞ്ഞി ൻെറ സാദൃശ്യത്തിലെ ഓരോരൊ തുള്ളിയിലും മിശിഹാ കത്താവ മുഴുവനായി അടങ്ങുന്നു. ഇതിനെക്കൊണ്ട കുദാശവചനം ചൊല്ലപ്പെട്ട ഓസ്തി എംകിലും വീഞ്ഞ എംകിലും കൊള്ളുന്നവര മിശിഹാകത്താവിനെ മുഴു വനെ കൊള്ളുന്നു. ഇതിനെക്കൊണ്ട കുർബാന ചെയ്ത പട്ടക്കാരരും അമ്മേനികളും ഒരു സാദൃശ്യത്തിൽ തന്നെ കുർബാന കൈക്കൊള്ളുന്നതിനെക്കൊണ്ട ഏതും കുറ ഞ്ഞുപോകയില്ല. മുഴുവനെ മിശിഹായെ തന്നെ കൈ ക്കൊള്ളുന്നു അത്രെ. വിശേഷിച്ച പട്ടാങ്ങയായ മിശി

malankaralibrary.com

ഹാതംപുരാൻ ഈ കുദാശയിൽ അടങ്ങുന്നു എന്നാതിനെ ക്കൊണ്ട തംപുരാനെ കുമ്പിട്ടു വഴങ്ങുകയും വന്ദിക്കക യും ചെയ്യുംവണ്ണം തന്നെ ഈ കുദാശനയും വേണം. ഈ കുദാശെക്കൊണ്ട ഒണ്ടാകുന്നാ ഒപകാരം ആകുന്നാത. യോ ഗ്യതയോടുക്രൂടെ കൈക്കൊള്ളുന്നാവക്ക മിശിഹാടെക്രൂടെ വെഎമോസ്സ്യപ്പെട്ടു ഒന്നിക്കുന്നാതും നമ്മേടെ ഏററം ഉ ണ്ടാകുന്നാതും. വിശേഷിച്ചും ശരീരത്തിന്നാ യാവ്യം കൊ ണ്ടുണ്ടാകുന്നാ ഒപകാരം ഏററം ആത്മാവിന്നും ഈ കു ദാശകൊണ്ട ഉണ്ടാകുന്നതാന്നും.

ഒന്നാം കാനോനാ.

അപ്പത്തിൻെറയും വീഞ്ഞിൻെറയും സാദൃശ്യ ത്തിൽ തംപുരാൻ നമ്മുടെ ആത്മാവിന്നാ യാവനയും ത ഞ്ഞപ്പും ആയി തന്നാത്താൻ തന്നാതിനാംപക്കം ആ വ ല്യ ഉപകാരം ഓൎത്ത നിത്തല്യം നിത്തല്യം ശുദ്ധമാന പള്ളി അതിനെ ഓൎത്ത തംപുരാനെ സ്തുദിക്കുന്നു. എം കിലും ആണ്ടിൽ ഒരിക്കൽ വെറെ അതിനെ ചൊല്ലി സ്തുദിക്കയും പുകഴ്ക്കയും ചൈതെ മതിയാവു. എന്നി ട്ടു ശുദ്ധമാന പള്ളി ഒരു ദിവസം കൊള്ളുവാൻ കല്പി ച്ചു. ഇതിനെകൊണ്ട അമ്പതാംപെരുനാളിൻെറ ആ ഴ്ച്ചവട്ടത്തിൻെറ ശേഷം കടന്നു മുമ്പിൽ വരുന്നാ വ്യാഴാ ഴ്ച്ചനാൾ അനേകം ഘോഷത്തോടുക്രൂടെ കുർബാന സ്തു ദിച്ചു പെരുന്നാൾ കൊള്ളണം. കുർബാന കഴിഞ്ഞി ട്ടു താൻ കഴിയുംമുമ്പെ താൻ കൊടിയും സ്ലീവായും എ ടുക്കയും വേണം.

രണ്ടാം കാനോനാ.

ശുദ്ധമാന സൂനഹദോസ അറിയിക്കുന്നു. മുഴവ ൻ ആയ ബുദ്ധത ഒരുത്തക്ക ഒണ്ടായാൽ (അത ആൺ പിറന്നാവക്ക് ഒട്ടു ഏകദേശം പതിന്നാല്യ വയസ്സിൽ സ്ത്രീകൾക്ക പന്തിരണ്ടു വയസ്സിൽ ആകുന്നു എന്നാ) ത

malankaralibrary.com

ങ്ങടെ എടവകയിലെ മൂപ്പന്റെ എംകിലും അയാള്ളു
ടെ വിധിവശമുള്ള പട്ടക്കാരന്റെ എംകിലും കൈ
യാൽ അമ്പതുനോമ്പിൽ തന്നെ താൻ അതിന്റെ
പെരുന്നാൾക്ക താൻ കുർബാന കൊണ്ടെ മതിയാവു
എന്ന. എന്നാൽ ഈ അമ്പതു നൊയമ്പിന്റെ തലേ
നൊയമ്പ തൊട്ട പുതുഞൊറാഴ്ചക്കകത്ത കുമ്പസാരിച്ച
കുർബാന കൊള്ളുവാൻ എത്താത്തവക്ക അമ്പതാം പെ
രുനാള്ളോളം അവധി ഒണ്ടെ. ആ പെരുനാൾ കടക്കു
ന്നതിന അകത്ത കുർബാന കൊള്ളാത്തവക്ക വെളിച്ച
മേ മഹറോൻ വിളിച്ചുചൊല്ലണം. അങ്ങനെ ഒരുത്ത
ക്ക മഹറോൻ ചൊല്ലിയാൽ ആ മഹറോൻ ഒള്ളവര
കുമ്പസാരിച്ച കുർബാന കൊള്ളുകിലെ അവരുടെ മ
ഹറോൻ പോക്കാവു. വിശേഷിച്ച പള്ളികൾക്ക ദൂ
രെ കുടികളിൽ ഇരിക്കുന്നവക്കും തമ്പുരാന്റെ കാര്യ
ത്തുമേൽ അറിവ കുറഞ്ഞവക്കും മഹറോൻ ചൊല്ലും
മുമ്പെ വേണ്ടത്തക്കവെരെക്കൊണ്ട പറേച്ച അവരുടെ
മനസ്സ അഴിപ്പിച്ചാലും വേണ്ടും വണ്ണം വരായ്കിൽ
അതിന്റെ ശേഷം വേണം അങ്ങനത്തവക്ക മഹറോ
ൻ ചൊല്ലുവാൻ. വിശേഷിച്ചും ആണ്ടിൽ ഒരിക്കൽ
കുമ്പസാരിച്ച കുർബാന കൊള്ളണം എന്ന പള്ളിയുടെ
കല്പനയുള്ള എംകിലും എടവകയിൽ മൂപ്പൻ ആകുന്ന
പട്ടക്കാരൻ തന്റെ എടവകക്കാരോട പല ഊഴവും
കുമ്പസാരിച്ച കുർബാന കൊള്ളണമെന്ന തന്റെ എ
ടവകക്കാരോട പറഞ്ഞ ചൊല്ലിയും ഇരിക്കണം. ആ
ണ്ടിലെ വലുതായിട്ടുള്ള പെരുനാള്ളുകളിലും കുമ്പസാ
രിച്ച കുർബാന കൊള്ളുമാറാകണം.

### മൂന്നാം കാനോനാ.

ശുദ്ധമാന സൂനഹദോസ എല്ലാവരെയും പഠി
പ്പിക്കയും അറിയിക്കയും ചെയ്യുന്നു. എന്തന്ന. ഒരുത്ത

malankaralibrary.com

ര തങ്ങൾക്കുള്ള ചാവദോഷത്തിൽ അനേകം മുഴുവൻ ആയ നൊൻപരം ഉണ്ടാകിൽ തങ്ങടെ ദോഷങ്ങളെ വഴിയെ ഓരോന്ന വേറുതിരിച്ചു കുംപസാരിപ്പിപ്പാൻ വിധിവശം ഉള്ള പട്ടക്കാരരോട കുംപസാരിച്ചു റൂശ്ശുമാ ചെയിച്ചുകൊള്ളാതെ കുർബാന കൊള്ളരുത എന്ന. ഇതിനെക്കൊണ്ട ശുദ്ധമാന പൌലൊസ ശ്ലീഹാ റൂ ഹാദക്കുദശായാൽ എഴുതിവച്ചു എന്തെന്ന. കുർബാന കൊള്ളുന്നവൻ തന്നെത്താൻ വഴിയെ ശിക്ഷിച്ചും സൂക്ഷിച്ചും കൊണ്ടുവേണം കുർബാന കൊള്ളുവാൻ. അത എന്തെ. യോഗ്യം കൂടാതെകുർബാന കൊള്ളുന്നവൻ തനിക്ക ചോദ്യവുമായ നാശവും മുടിവും കൈക്കൊള്ളുന്നാറെ. എന്ന തന്നത്താൻ ശിക്ഷിച്ചു നോക്കണം. എന്ന ചൊല്ലിയതിന്റെ അൎത്ഥം ശുദ്ധമാന പള്ളി ചൊല്ലുന്നു. കുംപസാരിക്കുന്നു എന്നതിനെക്കൊണ്ട. പലര അറികെ ഉള്ള കൂടോദ്രവക്കാരൎക്കും നെടി ഉണ്ണുന്ന സ്ത്രീകൾക്കും പലിശ കൊള്ളുന്നവൎക്കും കെട്ടാതെ വച്ചു പുലത്തുന്നാവൎക്കും തങ്ങളിൽതങ്ങളിൽ ഉള്ള വൈരാഘ്യം കളഞ്ഞു നെരക്കാത്തവൎക്കും നെല അല്ലാതെ സാമാന്യമായി കുടിച്ചു തിക്കകെട്ട നടക്കുന്നവൎക്കും ഇത്തരം ദോഷം ഉള്ളവരെ അതിനെ നീക്കാതെ അവൎക്ക കുർബാന കൊടുക്കരുത. വിശേഷിച്ചു ശുദ്ധമാന സുനഹദോസ പഠിപ്പിക്കുന്നു എന്ത എന്ന. ഇ ശുദ്ധമാന കുർബാന വെറും വയററിലെ കൊള്ളാവു എന്ന. അത ആകുന്നത. കുർബാന കൊള്ളുന്നതിന മുമ്പിലുത്തെ അന്തിക്ക പാതിരാ ചെന്നാൽ എത്തും ഒരു വസ്തു തിൻകയും കുടിക്കയും അരുത, അനേകം കൊറഞ്ഞോര വസ്തു എംകിലും, ശുദ്ധമാന മാതാവായ പള്ളി കൽപിച്ചതിൻവണ്ണം. എന്നാൽ ക്ലേശം പ്രമാസമായിട്ട ഉള്ളവൎക്ക വൈദ്യക്കാരരുടെ ചൊല്ലാൽ ഔഷധങ്ങൾ

malankaralibrary.com

എതാനും സേവിക്കാതെ പൊറുത്തുകൂടായ്കിൽ ആ സേവിച്ചതിൻെററ ശേഷം കുർബാന കൊണ്ടുകൊള്ളാം.

നാലാം കാനോനാ.

നസ്രാണികൾ ഒക്കയും ആണ്ടിൽ ഒരിക്കൽ കുമ്പസാരിച്ച് കുർബാന കൊള്ളണം എന്ന തന്നെ അല്ല പ്രമാണം ആകുന്നു. പിന്നയൊ മരിക്കും എന്ന അവകാശം വരുമ്പോൾ എപ്പോഴും കുർബാന കൊണ്ടെ മതിയാവു. അത എന്തെ കുർബാന എന്ന അതിൻെററ പേര ആകുന്നത ഈ മരണലോകത്തിൽനിന്ന് ഉയിർപ്പിനടെ ലോകത്തിന്ന പോകുന്നാവർക്കുള്ള തണ്ണീർകുടി എന്ന. ഇതിനെക്കൊണ്ടെ പ്രമാദമായിട്ടു ഒള്ള ക്ലേശക്കാരര ഒക്കയും കുർബാന കൊള്ളണം എന്ന ശുദ്ധമാന സൂനഹദോസ പ്രമാണിക്കുന്നു. ഇതിനെക്കൊണ്ടെ ക്ലേശക്കാരരെ നോക്കുന്നാവര തങ്ങടെ എടവക മൂപ്പനോട ഇന്നാര ക്ലേശമായി കിടക്കുന്നു എന്നറിക്കണം. മൂപ്പൻ താനും തൻെററ എടവകയിൽ ക്ലേശക്കാരര ഒണ്ടൊ എന്ന ചോദിച്ചു അറിഞ്ഞ കെല്പുകെട അവക്ക എറെ വന്നു പോകുംമുന്നെ എട്ടപ്പിച്ചു പള്ളിക്കൽ വരുത്തി കുമ്പസാരിച്ചു കുർബാന കൊടുക്കണം. ഇതിനെക്കൊണ്ടെ ക്ലേശക്കാരരെ സംകടം കൂടാതെ വഴിയെ എട്ടപ്പിച്ചു കൊണ്ടു വരുവാൻ തക്കതെ ഒന്ന പണിപ്പിച്ചു അതിന്ന വിരിപ്പാനും തലൊണയും ഒണ്ടാക്കണം, പള്ളിമുതൽ അഴിച്ചു. ഇ അവസ്ഥ കെട്ടാൽ ഒരു മാസം കടക്കും മുന്നെ ഇത പള്ളിക്കൽ മൂപ്പൻ ആയി നിൽക്കുന്ന പട്ടക്കാരുടെ പ്രവൃത്തി ആയതിനെക്കൊണ്ടെ എല്ലാ പള്ളികളിലും നിൽക്കുന്ന പട്ടക്കാരുടെ മൂപ്പൻമാരോട ശുദ്ധമാന സൂനഹദോസ അപേക്ഷിക്കുന്നു. എന്നാൽ

malankaralibrary.com

എടവകയിലെ മൂപ്പൻ ആയിരിക്കുന്ന ഒരു പട്ടക്കാരനെന്റെ കുററം കൊണ്ടു തന്റെ എടവകയിൽ ഒരുത്തര കർബാന കൊള്ളാതെ മരിക്കിൽ മൂന്നു മാസത്തേക്കെ ആ പട്ടക്കാരന്ന പട്ടത്തിന്റെ അംശം പ്രവൃത്തിക്കയും അരുത. ആ മൂന്നു തിങ്ങളിലെ ഉദയം അടക്കുകയും അരുത.

### അഞ്ചാം കാനോനാ.

പൊറിന്നു ചെലര മരിച്ചു പോകും എന്നതിനെക്കൊണ്ടു ഗെർഭം ഒള്ള സ്ത്രീകൾ തങ്ങടെ പേറ അണഞ്ഞു എന്ന അറിഞ്ഞാൽ കുംപസാരിച്ചു കർബാന കൊള്ളണം എന്ന ഇ സുനഹദോസ പ്രമാണിക്കുന്നു. എന്നാൽ ഈററനോവ തുടങ്ങും മുൻപെ ഇ പ്രമാണത്തിന്ന തക്കവണ്ണം ഇരിക്കയും വേണം. ദൂരെ വഴിയുള്ള കടലോട്ടത്തിന്നും സംകടം ഒണ്ടാം എന്ന തോന്നുന്ന വഴിക്ക പോകുന്നവരും ഇപ്രമാണത്തിന്ന തക്കവണ്ണം ഇരിക്കണം.

### ആറാം കാനോനാ.

ചാവദോഷം ഒള്ളവര തങ്ങടെ ദോഷത്തിൽ അനേകം നൊൻപരം ഒണ്ടെങ്കിലും കുംപസാരിച്ചു കൊള്ളാതെ കർബാന കൊള്ളരുതെന്ന മേൽ എഴുത്തുപെട്ടല്ലൊ. എന്നാൽ കർബാന ചെയ്യുന്ന പട്ടക്കാരൻ തനിക്ക കർബാന ചെതേ മതിയാവു എന്ന വരികിലും ചാവദോഷം തനിക്ക ഒണ്ടെന്നറിഞ്ഞാൽ തന്നെ കുമ്പസാരിപ്പിപ്പാൻ പട്ടക്കാരൻ വിധേയത്തിൽ ഒണ്ടെങ്കിൽ കുംപസാരിച്ചുകൊണ്ടെ കർബാന ചെയ്യാവു. ചാവദോഷം ഇല്ലെന്ന തോന്നുകിലും കർബാന ചെയ്യുന്ന പട്ടക്കാരൻ തന്റെറ ആത്മാവിന്റെറ ഏറെ വെടിപ്പിന്ന കൊറഞ്ഞത ആഴ്ചവട്ടത്തിൽ ഒരിക്കൽ കുംപ-

malankaralibrary.com

സാരിച്ചുകൊള്ളണം എന്ന ഈ ശുദ്ധമാന സുനഹദോസ പ്രമാണിക്കുന്നു.

### ഏഴാം കാനോനാ.

മലംകരെ കത്തങ്ങളിൽ പലരും ഏതാനും മൂടക്കംകൊണ്ടും വയസ്സു പോരയ്ക കൊണ്ടും കുർബാന ചെയ്യാതെ നിൽക്കുന്നവരെ ഞായറാഴ്ചതോറും കുമ്പസാസാരിച്ചു കുർബാന കൊള്ളണം എന്ന ശുദ്ധമാന സുനഹദോസ അപേക്ഷിക്കുന്നു. എന്നാലും തിങ്ങളിൽ ഒരിക്കൽ താൻ ആണ്ടിൽ വലുതായിട്ടു വരുന്ന പെരുന്നാളുകളിൽ താൻ കുമ്പസാരിച്ചു കുർബാന കൊള്ളണം എന്ന ശുദ്ധമാന സുനഹദോസ പ്രമാണിക്കുന്നു. കുർബാനപട്ടം ഉള്ളവര തങ്ങടെ പട്ടത്തിന്റെ അംശത്തിനു തക്കവണ്ണം കുർബാന കൊള്ളുംപൊഴെ സൂർപ്പ്ളീശ എന്ന വെള്ളക്കുപ്പായവും നെഞ്ചത്ത സ്ലീവാ അടയാളത്തുംവഴി വരുവാൻ തക്കവണ്ണം ഉറാറെയും ഇട്ടുകൊണ്ടു വേണം കുർബാന കൊള്ളുവാൻ.

### എട്ടാം കാനോനാ.

ഞായറാഴ്ചകളിലും പെരുന്നാളുകളിലും റാസകുർബാനക്ക ചിററാഴ്മ നിൽക്കുന്ന ഹെവുപ്പ്സയക്ക്ലായും ശമ്മാശിനെയും കുർബാന കൊള്ളണം എന്ന സുനഹദോസ പ്രമാണിക്കുന്നു. വിശേഷിച്ചും മിശിഹാടെയും, മത്തമറിയത്തുമ്മാടെയും ശ്ലീഹന്മാരുടെയും പെരുന്നാളുകളിൽ പള്ളിക്കൽ ക്രുടുന്ന ശെമ്മാശ്ശന്മാര ഒക്കെയും കുർബാന കൊള്ളുകയും വേണം.

---

malankaralibrary.com

## നാലാം മൌതചാ

### കുർബാന ചെയ്യുന്നതിന്മേലും കുംപസാരത്തിംമേലും ഒടുക്കത്തെ ഒപ്രുശുമാമേലും കുർബാന ചെയ്യുന്നു എന്നതിന്മേൽ ഉള്ളപൊരുൾ.

തംപുരാന മാനുഷരെ ഉള്ള പ്രിയംകൊണ്ട തന്റെറ ശുദ്ധമാന ശരീരവും ചോരയും അപ്പത്തിന്റെറയും വീഞ്ഞിന്റെറയും അകത്ത മറച്ച്ച തരുന്നതു പൊരാഞ്ഞ നമ്മുടെ പെഴകളെ പൊക്കുവാനും പെഴകളാൽ നമുക്കുണ്ടാകുന്ന തിരിവിളക്കേട പൊക്കുവാനും ആയിട്ട എന്നന്നെക്കും ഇ ക്രുദാശ കാണപ്പെട്ട പൂശയാക്കി കല്പിക്കയും ചെയ്തു. ഇതിനെക്കൊണ്ട പട്ടാങ്ങയായ മിശിഹാതംപുരാൻ മരിച്ചവൎക്കും ഇരിക്കുന്നവർക്കും വേണ്ടി പെഴകളുടെ പൊറുതിക്ക പട്ടാങ്ങയാലെ പൂജിക്കപ്പെട്ടുന്നു. ഇ പൂജെടെ ശക്തിയാലെ ദോഷത്താളര തങ്ങളിടെ ദോഷത്തിൽനിന്ന നെറി നല്ലവഴിയിൽ നടപ്പാനുള്ള ഗുണവും അനേകം വലിയ പെഴകളുടെ പൊറുതിയും ഇ ക്രുദാശെടെ ശക്തിയാലെ ദോഷത്താളുക്ക കിട്ടുന്നു. അത എന്തെ. മനുഷരുടെ ദോഷത്തെ പ്രതി താൻ തന്നെ കുരിശുമ്മെൽ പതിക്കപ്പെട്ട തന്നാത്താൻ പൂജിച്ച കൎത്താവ ഇപ്പോൾ പട്ടക്കാരരുടെ കൈയാൽ കുർബാനയിൽ പൂജിക്കപ്പെട്ടുന്നപ്രകാരം രണ്ടു ജാതി എംകിലും അന്നും ഇന്നും പൂജയും കാഴ്ച്ചയും ഒന്നു തന്നെ. ഇതിനെക്കൊണ്ട ഇപ്പോൾ ഇരിക്കുന്ന നസ്രാണികളുടെ പെഴകളുടെ പൊറുതിക്കും അതിന്റെറ പ്രാശ്ചിതത്തിനും അവരുടെ ദിഷ്ടതികൾക്കും തന്നെ അല്ല കുർബാന ചെയ്യുന്നു. പിന്നയൊ തങ്ങളിടെ പിഴകളുടെ പ്രാശ്ചിതം വഴിയെ തികച്ച

malankaralibrary.com

കൊള്ളാതെ ബെസ്പുക്കാനായിൽ കിടക്കുന്ന ആവിശ്വക്കാരുടെ ആത്മാവുകളെക്കുറിച്ചും കുർബാന ചെയ്യുന്നു. വിശേഷിച്ച അനേകം വെടിപ്പുകേടും ദോഷവും ഉള്ള പട്ടക്കാരരുടെ കൈയാലെ ഈ കുർബാന ചെയ്യപ്പെട്ടകിലും ആ കുർബാനയ്ക്ക ഏതും ഒര അശുദ്ധവും കറയും തട്ടുകയില്ല. എന്നാൽ താൻ മാനുഷർക്കുവേണ്ടി ഒരിക്കൽ താൻ പൂജിക്കപ്പെട്ട മരിച്ചതിനെക്കൊണ്ട നിത്തലും നാം ഒടുക്കത്തെ ദിവസത്തോളം ഓർപ്പാനും അതിനാലെ നസ്രാണികൾ ഒക്കെക്കും ഉപകാരം ഉണ്ടാകുവാനും കാണപ്പെട്ട ഇ പൂജ തംപുരാൻ നമുക്ക ഉണ്ടാക്കിതന്നു. എന്നാൽ ഇ പൂജ പുണ്യവാളക്ക അല്ല പൂജിക്കുന്നു പിന്നെയൊ തംപുരാനു തന്നെ അത്രെ പൂജിക്കുന്നു.

എന്നാൽ പുണ്യവാളരുടെ നാമംചൊല്ലി കുർബാന ചെയ്യും എംകിലും അവക്ക തംപുരാൻ നല്ല നന്മകളും മോക്ഷവും കൊടുത്തതിന്മേൽ തംപുരാനെ സ്തുതിപ്പാനും അവര മോക്ഷത്തിൽ നിന്നു തംപുരാനോട നമുക്കുവേണ്ടി അപേക്ഷിപ്പാനായിട്ട അത്രെ കുർബാന ചെയ്യുന്നു. എന്നാൽ ഇ കൃദാശ ആത്മാവിന്റെ യാവനയും പൂജയും ആയിട്ട ഉള്ളത എംകിലും കുർബാന ചെയ്യുംപോളെ പൂജേടെ പ്രകാരം അതിന്ന ഉള്ളു.

ഒന്നാം കാനോനാ.

ശുദ്ധമാന പൂജയാകുന്ന കുർബാനയിലെ ക്രിയകളും അവസ്ഥകളും അനേകം താല്പര്യമായ വസ്തുക്കൾ ആയതിനെക്കൊണ്ടും മേല്പട്ടക്കാരക്ക തങ്ങൾക്ക തങ്ങൾക്ക ഒത്തവണ്ണം പകർത്തുകയും മറിച്ച ഉണ്ടാക്കുകയും വശമല്ല. എന്നാൽ സുറിയാനിലെ പഴെ കുർബാനേടെ അടവുകളും കൃത്യങ്ങളും വചനങ്ങളും കൂടിയേ മതിയാ

malankaralibrary.com

വ്വ എന്നാ സൂക്ഷ്മം കൂടാതെ ചില വസ്തുക്കളെ നീക്കുകയും ചേൎക്കുകയും ചെയ്തതിനെക്കൊണ്ട ശുദ്ധമാന സൂനഹദോസ ഇപ്പോൾ എഴുത്തപ്പെടുന്നാ വസ്തുക്കളെ കല്പിക്കുന്നു.

കൂദാശ ചെയ്യുന്നാ പട്ടക്കാരൻ തന്റെറ വചനങ്ങൾ കൊണ്ടല്ലാ കൂദാശ ചെയ്യുന്നു. പിന്നെയൊ തമ്പുരാന്റെറ അരുളപ്പാടുകൾ കൊണ്ടത്രെ ഇ കൂദാശ ചെയ്യുന്നു. ഇതിനെക്കൊണ്ട അരുളപ്പാടുകളോടുകൂടെ അനേകം നന്മയായ വചനങ്ങൾ എങ്കിലും അതിനോടു കൂടെ ചേൎത്തുകൂടാ. ഇതിനെക്കൊണ്ട സുറിയാനിയിൽ കാസാ കൂദാശ ചെയ്യുന്നാ വചനങ്ങളിൽ ഒടുക്കത്തെ ഇ വചനങ്ങൾ ഊറഹാനാ നെഫവെല്ലവൊൻറഫവൊനല്ല ആലം അൽമീൻ. എവൻഗാലിലും തമ്പുരാൻ എഴുത്തപ്പെട്ട പുസ്തകങ്ങളിൽ ഒന്നിലും മിശിഹാ ഇ മൊഴികളെ അരുളിച്ചെയ്തു എന്നാ എഴുത്തപ്പെട്ടിട്ട ഇല്ല. എന്നാൽ വിശ്വാസവും ന്യായവും നമുക്ക അനുവദിക്കുന്നു എന്നാതിന്മേൽ പഴെ മൎയ്യാദക്കു ഒത്തവണ്ണം ഇരിക്കേണ്ടിട്ട ശുദ്ധമാന ഇ സൂനഹദോസ കല്പിക്കുന്നു. മെൽ എഴുത്തപ്പെട്ട വചനങ്ങളെ കാസാ എടുത്ത പൊക്കി വീണ്ടും ത്രോണൊസുംമെൽ വച്ചു മുട്ടുംകുത്തി എഴുന്നേററ ആ വചനങ്ങളെ ചൊല്ലാവു എന്നു. കാസാമേൽ ചൊല്ലെണ്ടുന്നാ കൂദാശവചനങ്ങളിൽ എവൻഗേലിയോനിൽ മശിഹാ അരുളിച്ചെയ്ത അരുളപ്പാടുകൾ ഒക്കയും ഇല്ല. അത ആസ്ത ദിയാസെക്കെഹദത്താവമസൊമ്മയിത്താറാസാദ ഹെമ്മാന്ത്രസാ സുറിയാനിയിൽ എഴുത്തപ്പെട്ട വചനങ്ങൾ കീഴിൽ ഇല്ലാത്തതിനെക്കൊണ്ട കൂദാശെടെ വചനങ്ങളിൽ ഇനി തുടങ്ങി കൂടിയേ മതിയാവു. എന്നാൽ മിശിഹാടെ വചനങ്ങളെതൊട്ട കൂദാശെടെ വചനങ്ങൾ ഒക്ക എത്തുവോളം

malankaralibrary.com

പെണ്ട ലത്തീനിൽനിന്ന പേൎത്തവര വഴിയെ പേൎക്കാ
ത്തമൂലം ഇന്നി വഴിയെ പേൎത്ത ഒണ്ടാക്കണം എന്ന
സുനഹദോസ കല്പിക്കുന്നു. വിശേഷിച്ച കംശപ്പീർ
എന്ന നമസ്കാരത്തിൽ രണ്ടുമൂന്ന എടത്ത വഗൂദാശിലെ
പാത്രിയക്കീസിനെ വാസ്‌തും എന്നെടത്തു ശുദ്ധമാന
പാപ്പാനെ ചൊല്ലി വാസ്തിയെ മതിയാവു. മൎത്തമറി
യത്തുംമായെ മിശിഹാടെ അമ്മ എന്ന വിളിക്കുന്നിട
ത്ത തംപുരാൻെറ അമ്മ എന്ന വിളിക്കണം. തെഓദൊ
റൊസും തെദറൊസും എന്നൊരും അവുറാഹം എന്ന
വിശ്വാസത്തിന്ന അന്തരം ഉള്ളവരെ നീക്കി മേൽ എ
ഴുത്തുപെട്ടപോലെ ഒള്ള പുണ്യവാളരുടെ പേരുകൾ
ചൊല്ലി വാസ്തണം. മ്മഹെമ്മനീനാനിൽ എഴുത്തു
പെട്ടപോലെ എററം ഉള്ള മൊഴികളെ കുത്തികളക
യും വേണം. പൊരാത്ത മൊഴികളെ കൂട്ടുകയും വേ
ണം. സാക്ഷാൽ ശ്ലീഹന്മാരും വാവാന്മാരും ഒണ്ടാക്കി
യവണ്ണം വഴിയെ പെൎത്ത എഴുതിക്കയും വേണം. മ്മ
ഹെമ്മനീനാൽ ചൊല്ലിയാൽ ഇന്നാസല്ലെ എന്ന നമ
സ്കാരത്തിൽ ശ്ലീഹന്മാരെക്കുറിച്ചും ശേഷം പുണ്യവാള
ന്മാരെക്കുറിച്ചും മരിച്ചവരുടെ എടയിൽ നിന്ന അവ
രെ ഉയർപ്പിക്കണമെന്ന തംപുരാനോട നമസ്കരിച്ച എ
രക്കുന്ന ആ എരപ്പു ചൊല്ലി നമസ്കരിക്കരുത. ആകാ
ശത്തിലെ പുണ്യവാളന്മാൎക്ക നമ്മെക്കൊണ്ട ഒള്ള നമ
സ്കാരം വേണ്ടുവതില്ല. അവരുടെ നമസ്കാരം നമുക്ക
വേണ്ടുവതെ ഒള്ളു. ഇതിനെക്കൊണ്ട അവൎക്കവേണ്ടി
നാം നമസ്കരിക്കുന്നത അവരെക്കൊണ്ട പാഷിക്കുന്നു
അത്രെ. വിശേഷിച്ച ചെല കുർബാന തക്സായിൽ
നെസ്തോറീസിൻെറയും തെവുദോരീസിൻെറയും ക

malankaralibrary.com

ർബാന എഴുതപ്പെട്ടിട്ടുള്ളതു കുത്തിക്കളയണം. മഹറോന്റെ പ്രാശ്ചിതത്താൽ ആ കുർബാന ചെകയും അരുത.

രണ്ടാം കാനോനാ.

സാമാന്യം നിത്തല്യം കുർബാന ചെയ്യേണ്ടുന്നവക്ക സുറിയാനീലെ കുർബാനെടെ നീളം കൊണ്ട ഒട്ട അരിമ ആകുന്നതിനെക്കൊണ്ട ലത്തീനിലെ കുർബാന സുറിയാനിയിൽ പെത്ത ഒള്ളതിനെ മനസ്സ ഒള്ളവര പഠിച്ചു ചെതുകൊണ്ടാല്യം എന്ന ശുദ്ധമാന സൂനഹദോസ അനുവദിക്കുന്നു. വിശേഷിച്ച ലോകക്ക ചെയ്യേണ്ടുന്നാ കുർബാന ഇപ്പോൾ സാമാന്യം ചെയ്യുന്നാ കുർബാന. വിശേഷിച്ചും ലത്തീനില്യം സുറിയാനിയില്യം കുർബാനാ പഠിച്ചിരിക്കുന്നവര ലത്തീൻ എടവകയിൽ ചെല്ലുമ്പോൾ ലത്തീനിൽ ചെയ്തുകൊള്ളാം. മലംകര എടവകയിൽ സുറിയാനിയിൽ ചെയ്യണം.

വിശേഷിച്ച ഇങ്ങെ ദിക്കിലെ മേല്പട്ടക്കാരരൊട ഇ സൂനഹദോസ അപേക്ഷിക്കുന്നു. മലംകരെ ഉള്ള പട്ടക്കാരര തങ്ങടെ എടവകയിലെ മൂപ്പന്റെ എഴുതപ്പെട്ട അനുവാദംകാട്ടിയാൽ സുറിയാനിയിലെ കുർബാന തങ്ങടെ എടവകയിൽ ചെവാൻ അനുവാദം കൊടുക്കണമെന്നാ. ലത്തീനിൽ നിന്നാ സുറിയാനിയിൽ പേത്ത കുർബാന ചെയ്യുന്നവക്ക ഒട്ട ഏറയും. ഇതിനെക്കൊണ്ട അനേകം ബഹുമാനപ്പെട്ട മെത്രാൻ ഓട്ടു ഇ സൂനഹദോസ അപേക്ഷിക്കുന്നു. ഗൊവയിൽ നിന്നാ മുൻപ ഉണ്ടാകുന്ന സൂനഹദോസ കൂട്ടംപോൾ ഇതിംമ്മേൽ ഒരു കല്പന കല്പിക്കണമെന്നാ.

malankaralibrary.com

### മൂന്നാം കാനോനാ.

സുറിയാനിയിലെ കുർബാന തക്സായിൽ ഒര കൃത്യം എഴുത്തപ്പെട്ടിട്ടുണ്ട. അതായത. ക്രൂദാശ ചെയ്യപ്പെട്ട ഓസ്തിമേൽ ക്രൂദാശ ചെയ്യപ്പെട്ട ചോര പെരിവിരലിൽ പിരട്ടി ഊത്തണം എന്നാ. അത വിശ്വാസത്തിന്നാ മറുത്ത ഒള്ളത എന്നറിഞ്ഞ ആരും ചെയ്യരുത. അത എന്തെ. ശരീരത്തുംമേൽ ചോര ഇല്ല എന്നും ചോരയിൽ ശരീരമില്ല എന്നും വിശ്വാസക്കെടുകാരര ഒണ്ടാക്കിയതിനെക്കൊണ്ട.

### നാലാം കാനോനാ.

ക്രൂദാശപ്പെട്ട വസ്തുക്കൾ ക്രൂദാശപട്ടം ഒള്ളവക്കെ ചെയ്യാവു എന്നാതിനെക്കൊണ്ട കുർബാന ചെയ്യുന്നാ പട്ടക്കാരരോട ശുദ്ധമാന സൂനഹദോസ പ്രമാണിക്കുന്നു ക്രൂദാശപട്ടം ഇല്ലാത്ത ശെമ്മാശന്മാരെക്കൊണ്ട അതിനെ തൊടിയിക്കരുത എന്നാ.

### അഞ്ചാംകാനോനാ.

ആറു പട്ടം ഒള്ളവക്കെ ഊറാറ ഇടാവു എന്നാ പള്ളിയുടെ മര്യാത ആയതിനെക്കൊണ്ട ആറു പട്ടം ഇല്ലാത്തവര ആരും ഊറാറാ ഇടരുത, കുർബാനക്ക നിക്കിലും. ആറു പട്ടം ഒള്ളവര കുർബാനക്ക നിക്കുംപോൾ കുർബാനക്കുപ്പായത്തിന്റെറ വെള്ളക്കുപ്പായവും ഊറാറയും കൈമേലല ഊറാറയും ഇട്ട നിക്ക അത്രെ യോഗ്യമാകുന്നാത.

### ആറാം കാനോനാ.

ഞായറാഴ്ചക്കും പെരുന്നാൾക്കും മുഴുവനെ കുർബാന കാണാത്തത ചാവദോഷം എന്നാ ഇത്രനാളും എല്ലാവരും ഒരുപോലെ അറിയാഞ്ഞതിനെക്കൊണ്ട ഇപ്പോ

malankaralibrary.com

ൾ ശുദ്ധമാന സൂനഹദോസ അറിയിക്കുന്നു. എന്തെന്നാ. മാനം കാൽ ഊനിയതിന്നാ അകത്തുള്ള കത്തോലിക്കാപ്പള്ളിയുടെ പ്രമാണം ആയത നസ്രാണികൾ ഒക്കെക്കും ഞായറാഴ്ചക്കും പെരുന്നാൾക്കും ഞായമായ മുടക്കം ഇല്ലാത്തവര മുഴുവനെ കുർബാന കാണണം എന്നാ. അത കാണാത്തവൎക്ക ചാവദോഷം ഒണ്ട. ഇതിനെക്കൊണ്ട വീട്ടുകാന്നവര ആകുന്നവര തങ്ങടെ കീൾവഴങ്ങീട്ട ഒള്ളവരെ തങ്ങടെ എടവകയിൽ ആകുന്നാ പള്ളിക്കൽ യാത്രാക്കി കുർബാന കാണിക്കണം എന്നാ.

അത ചെയ്യാത്തവൎക്ക ചാവദോഷം ഒണ്ട.

എന്നാൽ എടവകയിലെ മൂപ്പൻ ആകുന്നാ പട്ടക്കാരൻ തന്റെ എടവകയിൽ ആൎക്ക അതിന്നാ മടി ഒള്ളൂ എന്നാ സൂക്ഷിച്ചു അറിഞ്ഞ അവൎക്ക നല്ല ബുദ്ധി ചൊല്ലിക്കൊടുക്കയും വേണം. കുറപ്പെട്ടുകേണ്ടുന്നാവരെ തനിക്ക വഴിയെ തോന്നുംവണ്ണം കുറപെടുക്കയും വേണം. എല്ലാവരുംകൂടെ കുർബാന കണ്ട മതിയാവു എന്നാ ദിവസത്തിൽ വേണ്ടുന്നാ പട്ടക്കാരരയുംകൂട്ടിക്കൊണ്ടു വഴിയെ തപസ്സും ചൊല്ലി കുർബാന ചെയ്കയും വേണം. അന്നന്നാ എണങ്ങരോട പറഞ്ഞ അറിയിക്കയും വേണം. ഇത പറഞ്ഞ അറിയിക്കയും വേണം.

എഴാം കാനോനാ.

പള്ളികൾക്ക ദൂരെ കുടികളിൽ ഇരിക്കുന്നോവര, ആണ്ടിൽ ഒരിക്കൽ മൂന്നു നൊയമ്പിന്നാ തന്നെ പള്ളിക്കൽ വരുന്നാവരെ ആത്മാവിന്നടുത്ത അവരെ പറഞ്ഞ ബോധിപ്പിച്ചു കൂടാത്തതിനെക്കൊണ്ട ശുദ്ധമാന സൂനഹദോസ എടവകക്ക മൂപ്പൻ ആകുന്നാ പട്ടക്കാരരോട പ്രമാണിക്കുന്നു: പള്ളികൾക്കു ദൂരെ രണ്ട കാസം വഴി ഇരിക്കുന്നാ എണങ്ങരെ കുറഞ്ഞത തിങ്ങളിൽ ഒരി

malankaralibrary.com

ക്കലും മിശിഹായുടെ പെരുനാളുകളിലും മത്തമറിയത്തുമ്മായെകൊണ്ട വലിയ പെരുനാളുകളിലും അവരവന്നെ മതിയാവു എന്ന അവരെക്കൊണ്ട തോന്നിച്ചു പള്ളിക്കൽ വരുത്തി കുർബാന കാണിക്കണം എന്ന കല്പിക്കുന്നു.

പള്ളിക്കൽ നിന്ന കാതം വഴി ദൂരെ ഇരിക്കുന്നവര തിങ്ങളിൽ രണ്ടുകുറി, അതിന്നും അടുത്തിരിക്കുന്നവര ഞായറാഴ്ച തോറും വന്നെമതിയാവു എന്ന തോന്നിച്ചു പള്ളിക്കൽ വരുത്തികൊള്ളണം. ഇ കല്പനക്ക മറുത്ത ആരാനും വരാതിരിക്കിൽ പട്ടക്കാരൻ മൂന്നുകുറി നല്ല ബുദ്ധി ചൊല്ലി അറിയിച്ചതിന്റെറ ശേഷം നല്ലവണ്ണം നടക്കായ്കിൽ അവരെ പൊറത്ത നിൎത്തണം. അവൎക്ക കൈകസ്തൂരിയും കൊടുക്കരുത. പട്ടക്കാരരും എണങ്ങരും അങ്ങനത്തവരുടെ അവ്യുടെ ചാത്തത്തിന്ന പോകരുത. മലംകരക്ക മൂപ്പൻ ആകുന്നവരും തനിക്ക ഒത്തവണ്ണം അങ്ങനത്തവരെ കുററപ്പെടുപ്പുതും ചെയ്യും.

## എട്ടാം കാനോനാ.

ചെല പള്ളിക്കൽ കുർബാന ചെയ്യുന്ന പട്ടക്കാരര ഇല്ലാത്തതിനെക്കൊണ്ട ആ പള്ളികളിൽ യോഗം കൂടുന്ന എണങ്ങര ഞായറാഴ്ചക്കും പെരുനാൾക്കും കുർബാന കാണ്മാറ് ഇല്ല എന്ന ശുദ്ധമാന സുനഹദോസ അറിഞ്ഞു. ഇതിനെക്കൊണ്ട എല്ലാപള്ളികളിലും കുർബാന ചെവാൻ തക്ക ഓരോരൊ പട്ടക്കാരര നിന്നൊ മതിയാവു എന്ന ശുദ്ധമാന സുനഹദോസ പ്രമാണിക്കുന്നു. എന്നാൽ മലംകര മൂപ്പൻ ഓരോരൊ പള്ളികളിൽ പട്ടക്കാരരെ നിൎത്തുവാൻ ശ്രമിക്കയും വേണം:

malankaralibrary.com

### ഒമ്പതാം കാനോനാ.

പുറകത്തൊരി എന്ന എടത്തിൽ കിടന്ന പാട്ട പെടുന്ന ആത്മാവുകൾക്ക തണുപ്പും തുണയും കൊടുപ്പാൻ കുർബാനെക്കായിൽ ഏറെ വലുതായിട്ട മററ ഒന്നുമില്ല എന്നതിനെക്കൊണ്ട നസ്രാണികളോട ശുദ്ധമാന സൂനഹദോസ അപേക്ഷിക്കുന്നു. മരിച്ചവരുടെ ആത്മാവുകൾക്കവേണ്ടി കുർബാന ചെയിക്കണമെന്നും ഒരുത്തര മരിപ്പാൻ തുടംങ്ങുംപോൾ തങ്ങടെ അനന്തിരപ്പാട ചൊല്ലുമ്പോൾ തങ്ങൾക്ക വേണ്ടി കുർബാന ചെയിക്കണമെന്നും ഒള്ള മര്യാത ഒണ്ടാക്കണം. ഇതിനെക്കൊണ്ട കുംപസാരിപ്പിക്കയും പൊരുൾ പുറകയും ചെയ്യുന്ന പട്ടക്കാരര എണങ്ങരോട ഈ അവസ്ഥ പറഞ്ഞ ബോധിപ്പിച്ച അവരെക്കൊണ്ട അനുവതിപ്പിക്കണം എന്ന ശുദ്ധമാന സുനഹദോസ പ്രമാണിക്കുന്നു. വിശേഷിച്ചും പുറഗത്തൊരിലെ ആത്മാവുകൾക്ക തൊണ ഒണ്ടാകുവാൻ കുർബാന വേണം എന്നിട്ട ശുദ്ധമാന സുനഹദോസ കൽപിക്കുന്നു. എന്തെന്നാ. ഒരു മൂവായിരം പണം ഒള്ളവര മരിച്ചാൽ അവർ തങ്ങൾക്ക വേണ്ടി മരിക്കും മുംപെ ഇത്ര കുർബാന ചെയ്യണമെന്ന കൽപിച്ചു ഇല്ലാ എംകിൽ അവരുടെ അനന്തരവര കൊറഞ്ഞത അഞ്ചു കുർബാന അവക്കവേണ്ടികാലത്തെ ചെയിച്ചേ മതിയാവു. ഇതിന്ന കൊടുക്കുന്ന മുതൽ പള്ളിയുടെ കിഴിക്കാരൻെറ പക്കൽ കൊടുത്താൽ അയാൾ പട്ടക്കാരക്ക കൊടുത്ത ചെയിക്കയുംവേണം.

### കുംപസാരം എന്ന നാലാം ക്രുദാശെടെ പൊരുൾ.

### Session VI

നാലാം ക്രുദാശയാകുന്ന കുംപസാരം. അതിൻെറ സാധാനമാകുന്നത കുംപസാരിക്കുന്നവൻെറ പ്രവൃത്തി

malankaralibrary.com

കൾ മൂന്നപ്രകാരം ഒണ്ട. ഈ പ്രവൃത്തികൾ ഒന്നാമത മനസ്സിലെ നൊൻപരം, രണ്ടാമത ചൊല്ലി കുംപസാരിക്കുന്നത, മൂന്നാമത പെഴപോക്കുന്ന പട്ടക്കാരൻ ചൊല്ലുന്ന പ്രാശ്ചിതപം തെകക്കുന്നാത.

പെഴകളിൻമേൽ ഒള്ള നൊൻപരത്തോടുകൂടെ ചേരേണ്ടുപത ആകുന്നാത. മേലിൽ പിഴക്കയില്ലെന്നാ മനസ്സിലെ ഒറപ്പ. എന്നാൽ പട്ടക്കാരരോട പെഴമൂളും മുൻപെ തങ്ങടെ ദോഷത്തിൻമേൽ മുഴുവനായി നൊൻപരപ്പെട്ടതിനെക്കൊണ്ട തംപുരാൻെറ തിരുമുന്നാലേക്ക പെഴകളും പോക്കി തിരുവിള്ളം വാഴുന്ന എംകിലും എൻെറ പെഴ പട്ടക്കാരനോട മൂളുവാൻ എന്നും മേലിൽ പിഴക്കയില്ലെന്നും കൂടെ ഒള്ള മനസ്സിലെ ഒറപ്പ ഇല്ലംകിൽ വാസ്തുവമാകാ. കുംപസാരിക്കുന്നാത ആകുന്നത തൻെറ പെഴകളെ വഴിയെ ഓർപ്പാൻ വേണ്ടുന്ന എട ഒണ്ടാക്കി വഴിയെ ഓത്ത ഓരോരൊ പെഴയും അതിൻെറ കണക്കും പെഴകളെ കനം വരുത്തുന്നതും അനേകം രഹസ്യമായ ചാവദോഷം എംകിലും തണ്യ നിരൂപണയും അപേക്ഷയും ഇതെപ്പെരും വെവ്വേറെ വഴിയെ അനുവാദം ഒള്ള കുർബാന പട്ടക്കാരനോട രഹസ്യത്താലെ ചൊല്ലിയെ മതിയാവു എന്നത. എനാൽ ഇത തംപുരാൻെറ പ്രമാണം അത്രെ ആകുന്നു. എന്നാൽ ലോകരുടെ ന്യായകാരരാക്കി പെഴകളെ പൊറുപ്പാനും അടക്കുവാനുമുള്ള അംശം പട്ടക്കാരക്ക തംപുരാൻ കൊടുത്തതിനാംപക്കം ദോഷത്തിൻെറ രക്ഷപെടേണ്ടുന്നവര പട്ടക്കാരൻ പക്കൽ ചെന്നൊ മതിയാവു എന്നാ വന്നു. വിശേഷിച്ചു ന്യായക്കാരനു വഴിയെ ന്യായം വിധിക്കണം എംകിൽ കാര്യം ഒള്ളവരുടെ കാര്യം ഒക്കയും വഴിയെ കൂററവുത്ത തിരിച്ചു അറിയണം. അറിയാഞ്ഞാൽ ന്യായം വേണ്ടുംവണ്ണം വി

malankaralibrary.com

ധിച്ചും അതിന്ന പ്രാശ്ചിതം കല്പിച്ചും കൂടാ എന്ന പോലെ തന്നെ പട്ടക്കാരോട വഴിയെ തന്റെറ പെഴകളെയും ജാതിന്റെറ കണക്കും വർഗ്ഗവും അതിനെ കനം വരുത്തുനാളും കൂടെ തിരിച്ചു ചൊല്ലുകിലെ പട്ടക്കാരക്കും പെഴക്ക തക്കവണ്ണം പ്രാശ്ചിതം കൊടുത്ത പെഴ പോക്കിക്കൂട്ടു.

ഇതിനെക്കൊണ്ട ആകനാൽ അടക്കി പിഴച്ചു ൻ എന്ന ചൊല്ലിയാൽ പൊരാ. വിശേഷിച്ചും പല ഊഴം നാം പെഴക്കുന്ന ചാവദോഷം അല്ലാത്ത സാരമായ പെഴകളെ പൊറുപ്പാൻ പല കഴിവുകളെ പള്ളി ഒണ്ടാക്കി എങ്കിലും, ആ പെഴകളെക്കൊണ്ട തമ്പുരാന്റെറ തിരുവിള്ളക്കേട ഒണ്ടാകയില്ലെങ്കിലും ആത്മാവിന്റെറ ശുദ്ധമക്കും വെടിപ്പിനും വേണ്ടി ആ പെഴകളെ കുമ്പസാരിക്കുന്നത അനെകം നന്മയായോരവസ്ഥ. പെഴകൾക്ക തക്കവണ്ണം പ്രശ്ചിതം കൽപിക്കുന്നത പെഴപോക്കുന്ന പട്ടക്കാരന്റെറ കൽപനക്ക തക്കവണ്ണം അത്രെ. പല പ്രകാരങ്ങൾ കൊണ്ട പെഴകളുടെ പ്രാശ്ചിതം തെകക്കാം എങ്കിലും തലയാകപ്പെട്ട വസ്തുക്കൾ മൂന്ന ആകുന്നു. നൊയമ്പും നമസ്കാരവും ധമ്മവും. ഇതിനെക്കൊണ്ട തമ്പുരാന്റെ എടത്തിൽനിന്ന ന്യായക്കാരനെപ്പോലെ തരുന്ന പ്രാശ്ചിതം പെഴ മൂളുന്നാവൻ കൈക്കൊണ്ട അത തെകച്ചേ മതിയാവു. ഇ കൂദാശെടെ കാതൽ ആയ വചനങ്ങൾ ആകുന്നത. ബാവാടെയും പുത്രന്റെറയും റൂഹാദക്കുദിശാടെയും നാമത്താൽ നിന്റെറ ദോഷങ്ങളിൽനിന്ന നിന്നെ അഴിക്കുന്നോൻ എന്നത. എന്നാൽ ഈ ചൊല്ലിയ വചനങ്ങളുടെ ശക്തിയാൽ മൂളുന്ന ദോഷങ്ങളും ദോഷങ്ങളെ ഓർപ്പാൻ ഉത്സാഹിച്ചിട്ട മറന്നുപോയതും കൂടെ രക്ഷപ്പെടുന്നു. ഇ കൂദാശേടെ ചിററാഴ്മക്കാരൻ ആകുന്നത പെ

malankaralibrary.com

ഴകളെ പോക്കുവാൻ അംശമുള്ള പട്ടക്കാരന്റെറ താൻ മേൽപട്ടക്കാരന്റെറ പ്രമാണം ഒള്ള പട്ടക്കാരന്റെറ താൻ അനുവാദം ഒള്ള കുർബാനപട്ടക്കാരൻ—ഇ ക്രുദാശ കൊണ്ട ഒണ്ടാകുന്ന ഉപകാരം ആകുന്നത പെഴകളെ പൊറുക്കുന്നത.

### ഒന്നാം കാനോനാ.

മാമ്മോദീസാ മുങ്ങിയതിന്റെറ ശേഷം പെഴക്കുന്ന പെഴകള ഒക്കെയും കുംപസാരിച്ചെ മതിയാവു എന്ന തംപുരാന്റെറ പ്രമാണം ആയതിനെക്കൊണ്ട പഴെ ശുദ്ധമാന മൽപാന്മാരും പുണ്യവാളന്മാരും കുംപസാരമെന്ന പേര വിളിക്കുന്നു. കപ്പൽ മുറിഞ്ഞുപോയാൽ രക്ഷപെടുവാനുള്ള പലക എന്ന. അത എന്തെ. മാമ്മോദീസായാലെ മാനുഷർക്ക കിട്ടുന്ന നന്മ ദോഷംകൊണ്ട പോയിക്കളെഞ്ഞാൽ അതിനെ വീണ്ടു വരുത്തുന്നതും തംപുരാന്റെറ തിരുവുള്ളം വീണ്ടു വാഴിക്കുന്നതും കുംപസാരമെന്ന ക്രുദാശയാകുന്നതിനെക്കൊണ്ട. ഇത ശുദ്ധമാനപള്ളി അറിഞ്ഞതിനെക്കൊണ്ട കൽപിച്ചു. നസ്രാണികൾ ഒക്കെക്കും മുഴുവനായ ദ്രഢത ഒണ്ടായാൽ കൊറഞ്ഞത ആണ്ടിൽ ഒരിക്കൽ അൻപത നൊയംപിൽ കുംപസാരിക്കണം എന്ന. ഇതഇവണ്ണം ചെയ്യാത്തവക്ക ചാവദോഷം ഒണ്ട. മഹറോൻ ചൊല്ലിന്യായം താനും. എന്നാൽ ഇത്രകാലവും ഈ കൽപന ഈ എടവകയിൽ നടക്കാഞ്ഞതിനെകൊണ്ടു ശുദ്ധമാന ഇസ്സൂനഹദോസ അറിയിക്കുന്നു. നസ്രാണികൾ ഒക്കയും തങ്ങൾക്ക നന്മതിന്മ അറിവാൻ ദ്രഢത ഒണ്ടായാൽ ആണ്ടിൽ ഒരിക്കൽ അൻപതനൊയംപിൽ കുംപസാരിച്ചെ മതിയാവു എന്ന. ഇതിനെക്കൊണ്ട അതത നൊയംപിന്റെറ തലേ നൊയംപ തൊട്ട പുതുഞായറാഴ്ചക്ക

malankaralibrary.com

അകത്ത കുംപസാരിച്ചു കുർബാന കൈക്കൊള്ളാത്തവക്ക ചാവദോഷം ഒണ്ട. എന്നാൽ ന്യായമായ മുടക്കം ആയിട്ട ഇ കൽപനക്ക തക്കവണ്ണം പുതുഞായറാഴ്ചക്കകത്ത എത്തിയില്ലെംകിൽ അൻപതാംപെരുനാൾക്കകത്ത എത്തിച്ചെ മതിയാവു. ഇതിനെക്കൊണ്ട ഇ പ്രമാണത്തിന്ന തക്കവണ്ണം ഇരിയാത്തവക്ക എടവകയിലെ മൂപ്പൻ ആകുന്ന പട്ടക്കാരൻ അവക്ക പള്ളിയിൽ നിന്ന വെളിച്ചമെ മഹറോൻ ഒണ്ടെന്ന അറിയിക്കണം. പള്ളിക്ക ദൂരെ കുടികളിൽ ഇരിക്കുന്നവക്ക മഹറോൻ ചൊല്ലുംമുൻപെ വേണ്ടത്തക്കവരെക്കൊണ്ട അവക്ക നല്ലബുദ്ധി പായിച്ചു കൊടുത്താൽ അത കൈക്കൊള്ളായ്കിൽ അവക്കും മഹറോൻ ഒണ്ടെന്ന പള്ളിയിൽനിന്ന അറിയിക്കണം. വിശേഷിച്ചു മലംകര മൂപ്പൻ കൽപിച്ചു പ്രാശ്ചിതംകൊണ്ട അവരെ കുററപ്പെടുക്കയും വേണം.

എന്നാൽ ഇ കൽപനക്ക ഏതും ഒര അന്തരം വരാഴ്വാൻ എടവകയിലെ മൂപ്പൻമാര ആകുന്ന പട്ടക്കാരര അമ്പതനൊയമ്പ തുടങ്ങുന്നതിന ഒരു മുപ്പത ദിവസത്തിന്ന മുമ്പെ തൻെറ എടവക ആകുന്നെടത്ത ഒള്ള എണങ്ങരുടെ സ്ഥലത്ത എല്ലാം ചെന്ന ഒയ്മ്പത വയസ്സ തികഞ്ഞവരെ ഒക്കയും ഒരു കടലാസിൽ ഓരോരുത്തരുടെ പേര തിരിച്ചു ഇട്ട എഴുതണം. തങ്ങൾക്ക തന്നെ അതിന്ന എത്തായ്കിൽ വിശ്വാസം ഉള്ളൊര പട്ടക്കാരനെ അതിന്ന യാത്രയാക്കി എഴുതിക്കണം. അങ്ങനെ എഴുത്തുപെട്ടാൽ പിന്നെ കുംപസാരിക്കുമ്പോൾ ആ വന്ന കുംപസാരിക്കുന്നവരുടെ പേരുകൾ മേൽ ഒര അടയാളം ഇടണം. അത കൊണ്ട അറിയാം, ഇന്നാര കുംപസാരിച്ചു എന്നും ഇല്ലെന്നും. തൻെറ എ

malankaralibrary.com

ടവകയിൽ ഒള്ളവര മററ ഒരു എടവകയിൽ ചെന്ന കുംപസാരിച്ചു എങ്കിൽ ആ കുംപസാരിപ്പിച്ച പട്ടക്കാരന്റെറ കുറി കൊണ്ടുവന്ന കാട്ടണം. എന്നാൽ അവരുടെയും പേരിന്മേൽ അടയാളം ഇടണം. മറെറാരു എടവകയിൽ പോയി കുംപസാരിക്കിലും ആണ്ടിൽ ഒരിക്കൽ കൽപന ആയിട്ട കുർബാന കൊള്ളുന്നത തന്റെറ എടവകയിലെ പട്ടക്കാരനോടെ ആവു.

### രണ്ടാം കാനോനാ.

ബുദ്ധത ഒള്ളവര ഒക്കയും തങ്ങൾക്ക ചാവദോഷം ഉണ്ടെന്നറിഞ്ഞാൽ കുംപസാരിച്ചെ മതിയാവു എന്നല്ലൊ ആകുന്നു. എന്നാൽ ബുദ്ധത എല്ലാവൎക്കും ഒരു പ്രായത്തിൽ അല്ലല്ലൊ വന്നു ന്യായം. ഇതിനെക്കൊണ്ട. ഇ ശുദ്ധമാന സൂനഹദോസ ഒരു കഴിവ കൽപിക്കുന്നു അതായത പന്തിരണ്ട വയസ്സു തികഞ്ഞാൽ അവര കുംപസാരിച്ചെ മതിയാവു. പന്തിരണ്ട വയസ്സു തികയും മുന്നെ ഒരുത്തൎക്ക ബുദ്ധത ഒണ്ടെന്നറിഞ്ഞാൽ അവരെ കുംപസാരിപ്പിക്കരുത എന്ന ഇല്ല. ഇത മൂപ്പൻ ആയ പട്ടക്കാരന്റെറ ബുദ്ധി വിസ്താരത്തിൽ കൈയ്യാളിക്കുന്നു.

### മൂന്നാം കാനോനാ.

മലംകര നസ്രാണികളിടെ എടയിൽ വീട്ടുകാരണവര തങ്ങടെ വെള്ളാട്ടികളെയും പിള്ളെരെയും കൽപനയ്ക്കു തക്കവണ്ണം കുംപസാരിപ്പിക്കാറ ഇല്ലന്ന ശുദ്ധമാന സൂനഹദോസ അറിഞ്ഞിട്ട എടവകയിലെ മൂപ്പൻ ആയ പട്ടക്കാരനോടും വീട്ടുകാരണവരോടും കൂടെ കൽപിക്കുന്നു: ആണ്ടിൽ ഒരിക്കൽ മറെറല്ലാവരയും എഴുതുംവണ്ണം എഴുതുകയും പള്ളികളിൽ അവരെ യാത്രയാക്കി കുംപസാരിപ്പിക്കയും പട്ടക്കാരര അതിന ഉത്സാഹിച്ചും ശ്രമിച്ചും കുംപസാരിപ്പിക്കയും വേണം എന്ന.

malankaralibrary.com

തങ്ങടെ വെള്ളാട്ടികളെ യാത്രയാക്കി കുംപസാരിപ്പി ക്കാത്ത വീട്ടുകാരണവക്ക ചാവുദോഷവും ഒണ്ട. അടി മയായവരെ കുംപസാരിപ്പിപ്പാൻ ശ്രമിക്കാത്ത പട്ട ക്കാരന്ന തംപുരാന്റെറ ചോദ്യത്തുംപക്കൽ ചെല്ലുമ്പോ ൾ അനേകം ഞെരുക്കത്തോടുകൂടെ ചോദ്യം ചോദിച്ചു കുററപ്പെട്ടുക്കയും ചെയ്യും. അത എന്തെ. മിശിഹാ കത്താവ തങ്ങടെ പക്കൽ വഴങ്ങിയ ആടുമാടുകളെ വ ഴിയെ നോക്കാഞ്ഞതിനെക്കൊണ്ട. എന്നാൽ ശ്രമി ച്ചാൽ കുംപസാരിച്ചു കൊള്ളാത്ത അടിമപ്പെട്ടവക്ക മ ഹറോൻ ഒണ്ടെന്ന വിളിച്ചു ചൊല്ലുകയും വേണം. ഇ കൽപനകൾ എല്ലാം പട്ടക്കാരൻ അവരോട അറിയി ക്കയും വേണം.

നാലാം കാനോനാ.

ആണ്ടിൽ ഒരിക്കലെ കുംപസാരിക്കേണ്ടു എന്നു തന്നെയല്ല പള്ളിയുടെ പ്രമാണം. പിന്നെയൊ മരിപ്പാ നുള്ള അവകാശം പലതും വരുമ്പോൾ കുംപസാരിച്ചെ മതിയാവു. അത അല്ലെംകിൽ ചാവദോഷം ഒണ്ട. ഇ തിനെക്കൊണ്ട സംകടമായ ക്ലേശം ഒള്ളവരും അവരെ നോക്കുന്നവരും ഉത്സാഹിച്ചു തങ്ങടെ പട്ടക്കാരരോട അറിയിച്ചു വരുത്തി കുംപസാരിച്ചുകൊള്ളണം. അങ്ങാടിയിലെംകിലും കുടികളിലെംകിലും ഇരിക്കുന്നാ വര ഇത വേണം. എന്നാൽ എടവകയിലെ പട്ടക്കാ രന്റെറ കുററം ആയിട്ട ആരാനും കുംപസാരിച്ചു കൊ ള്ളാതെ മരിച്ചു എന്നാന്നേക്കുമുള്ള നരകത്തിൽ പോകി ൽ ആ ഹേതുവാകുന്ന പട്ടക്കാരന്ന ആറുമാസത്തേക്ക തന്റെറ പട്ടത്തിന്റെറ അംശം പ്രവൃത്തിക്കയും അരു ത. അംശംകൊണ്ടുള്ള ഉപകാരം ആ ആറുമാസത്തേ ക്ക അടക്കുകയും അരുത. വിശേഷിച്ചു ക്ലേശക്കാരരെ

malankaralibrary.com

നോക്കുന്നാവര തങ്ങളുടെ ശ്രമം പോരായ്കകൊണ്ട ക്ലേശക്കാരര ആരാനും കുംപസാരിക്കാതെ മരിച്ചു എംകിൽ മലംകര എടവകയിലെ മേല്പട്ടക്കാരൻെററ കല്പനയ്ക്കു തക്കവണ്ണം കുററപ്പെട്ടുകയും വേണം. അങ്ങാടിയിൽ എംകിലും കുടികളിൽ എംകിലും ഇരിക്കുന്നവര ഇട്ടുപൊട്ടുക്കെന്നു മരിക്കുന്ന മരണമല്ലാതെ ഒള്ള മരണത്തുംമുന്നെ പട്ടക്കാരരെ വിളിച്ചു കുംപസാരിച്ചു കൊള്ളാതെയും അതു വേണം എന്ന അപേക്ഷിക്കാതെയും മരിക്കുന്നാവരുടെ ചകം ശുദ്ധമാന എടത്തിൽ എങ്ങും അടക്കുകയും അരുത: അവക്കുവേണ്ടി പട്ടക്കാരര അന്നാതാ ചൊല്ലുകയും അരുത.

അഞ്ചാം കാനോനാ.

വസൂരിക്ലേശം ഒണ്ടായി മരിക്കുന്നാവരിൽ മിക്കവരും കുംപസാരം കൂടാതെ മരിക്കുന്നു എന്നും കാവ്യക്ക അടുത്തവണ്ണം അവരുടെ ചകം അടക്കപ്പെട്ടുന്നു എന്നും ശുദ്ധമാന സൂനഹദോസ അറിഞ്ഞമൂലം എടവക രക്ഷിക്കുന്നാ പട്ടക്കാരരോട അങ്ങനെ ഇന്നി ആരും മരിച്ചു പോകാസ്സ്യാൻ തങ്ങൾ തന്നെ എംകിലും മറെറാരുത്തരെ യാത്രയാക്കി എംകിലും അവരെ കുംപസാരിപ്പിക്കണം എന്ന അപേക്ഷിക്കയും പ്രമാണിക്കയും ചെയ്യുന്നു. തങ്ങളെ കാത്തുകൊണ്ട ഇത ചെകയും വേണം വിശേഷിച്ചു വസൂരിക്ലേശം ഒള്ളവര കുംപസാരിച്ചുംകൊണ്ട മരിക്കിലും കുംപസാരിച്ചു കൊള്ളാതെ കുംപസാരിക്കണം എന്ന അപേക്ഷയോട്ടുകൂടെ മരിക്കിലും ശുദ്ധമാന എടത്തിൽ അവരെ ഇടുകയും വേണം. അവക്കുവേണ്ടി അന്നിദാ ചൊല്ലുകയും വേണം. തങ്ങളെ എപ്പൊഴും കാത്തുകൊള്ളുകയും വേണം.

malankaralibrary.com

## ആറാം കാനോനാ.

ഗെർഭമുള്ള പെണ്ണുങ്ങൾ തങ്ങൾക്ക പ്രസവമത്തിന്റെ നൊവു തുടങ്ങും മുൻപെ കുമ്പസാരിച്ചുകൊള്ളണം. കുർബാന കൊള്ളുവാൻ ആമെങ്കിൽ അത കൊണ്ടെ മതിയാവുതാനും. എന്നാൽ തങ്ങടെ കുററംകൊണ്ട കുമ്പസാരിച്ചു കൊള്ളാതെ മരിക്കിൽ മേൽ തങ്ങടെ കുററംകൊണ്ട മരിക്കുന്നവരോട വ്യാപരിക്കണം എന്ന ചൊല്ലിയവണ്ണം ഇങ്ങനത്തവരോടും വ്യാപരിക്കണം.

## ഏഴാം കാനോനാ.

യാതൊരുത്തക്കും കുർബാനപട്ടം ഏൾക്കുമ്പോൾ തന്നെ പെഴകൾ പോക്കുവാൻ എന്നതിന്മേൽ അംശംകൂടെ കിട്ടുകിലും അതിൻെററ പ്രവൃത്തിയുടെ മുഴു വരുവാൻ വെറെ പിന്നെ മേൽപട്ടക്കാരൻെററ അനുവാസം കൂടിയേ മതിയാവു. എന്നാൽ ഇ പ്രവൃത്തി ന്യായക്കാരൻെററ പ്രവൃത്തിപോലെ ആകുന്നു. എന്നതിനെക്കൊണ്ട ഇ പ്രവൃത്തിയുടെ സാധനമായിട്ട തൻെററ പക്കൽ ചെലരെ വഴങ്ങപ്പെട്ടെ മതിയാവു. അവരെ വഴങ്ങുന്നത മേൽപട്ടക്കാരൻ കുമ്പസാരിപ്പാൻ പട്ടക്കാരന്ന അനുവാസം തരുമ്പോൾ. വിശേഷിച്ചു മേൽപ്പട്ടക്കാരൻ തങ്ങടെ എടവകയിലുള്ളവരുടെ നന്മെക്കുറിച്ചു ഇന്നാരെ കുമ്പസാരിപ്പിക്കാമെന്നും ഇന്നാരെ അരുത എന്നും ഇന്ന ദോഷം പോക്കാമെന്നും ഇന്നത പോക്കരുത എന്നും പട്ടക്കാരരോട വിധിച്ചാൽ ആ വിധിവചനത്തിന്ന ഒത്തവണ്ണം ഇരിന്നെ മതിയാവു. ഇതിന്നെക്കൊണ്ട പട്ടക്കാരന്ന വെലക്കപ്പെട്ട ദോഷത്തെൽ പൊറുമാ ചെയ്കിൽ അത വാസ്തവവുമല്ല. പെഴ മൂളിയവൻ വീണ്ടും അത ചൊല്ലി പോക്കിച്ചെ മതിയാവു.

malankaralibrary.com

എട്ടാം കാനോനാ.

ശുദ്ധമാന പള്ളിയുടെ ക്രമമായ വാഴ്ചക്ക യോഗ്യമായത, സാമാന്യം എന്നിയെ ഒള്ള വലിയ ദോഷങ്ങളുടെ വിധിപ്പകാരര മേൽപട്ടക്കാരര ആകുന്നത. ആ ദോഷങ്ങളുംമേൽ ലോകക്ക എറെ അറപ്പുണ്ടാകുവാനും വഴിയെ അതിനെ രക്ഷിപ്പാനും. അതിനെക്കൊണ്ട പള്ളിയുടെ പഴെ മര്യാദ ആകുന്നത ചെല പെഴകളെ മേല്പട്ടക്കാരര തങ്ങൾ പക്കൽ തന്നെ വിധേയം ആക്കി ന്യായം. ഇതിനെക്കൊണ്ട ശുദ്ധമാന സൂനഹദോസ അറിയിക്കുന്നു. എന്തെന്നാ. ഇ എടവകയിലെ മേല്പട്ടക്കാരര തങ്ങൾ പോക്കാവു എന്ന കല്പിച്ച പെഴകളെ മറെറാരു പട്ടക്കാർക്കും പോക്കിക്കൂടാ എന്നാ.

ഇ എടവകയിലെ മേല്പട്ടക്കാരനെ പോക്കാവു എന്ന ദോഷം ഇത. മഹറോൻ തട്ടുന്ന പെഴ ശുദ്ധമാന പാപ്പാ തനിക്ക തന്നെ പോക്കാവു.

ഫ്സീഹെ എന്ന പെഴ കടുദാശിൽ എഴുത്തുപെട്ടത അത ഇന്നാത എന്ന അറിവാൻ പട്ടക്കാരര ഉത്സാഹിക്കയും ചെയ്യും. ഒട്ടെറെയും പട്ടക്കാരരക്ക പോക്കരുതാത്ത ദോഷം ഹെറസയ്യൂത്താ എന്ന ദോഷവും വിശ്വാസത്തിന്നാ അന്തരം വരുത്തുന്ന പെഴയും. ഇത്തരം ദോഷത്തെ വിശ്വാസത്തിന്നാ അന്തരം വരുത്തുന്നാവരെ ശിക്ഷിപ്പാൻ ഒള്ള ഇങ്കിശിദോറ എന്ന അംശക്കാരർക്കും അവരിടെ പ്രമാണം ഒള്ളവർക്കും മെത്രാൻമാർക്കും ത്രെന്തൊസ എന്ന സൂനഹദോസ കല്പിച്ചവണ്ണം അവർക്കമേ ആവു. ഒരുത്തര നേർച്ചേനെന്നാൽ അത പിന്നെ കൊടുക്കണ്ടാ എന്ന അനുവദിക്കേണ്ടുകിൽ അത അനുവദിപ്പാനും ആ നെർച്ചക്ക പകരം മറെറാന്ന കൽപിപ്പാനും ശുദ്ധമാന പാപ്പാടെ അനുവാദം ഉള്ള

malankaralibrary.com

വക്ക താൻ മേൽപട്ടക്കാരക്ക താൻ അവരുടെ അനു വാദമുള്ളവക്ക താൻ ആവു. വിശേഷിച്ച ഒരുത്തരുടെ മരണത്തും നേരത്ത അനുവാദം ഒള്ള പട്ടക്കാരക്ക തന്നെ യല്ല അവരുടെ ദോഷങ്ങളെയും മഹറൊൻ ഒണ്ടെംകിൽ മഹറൊനും പോക്കാം. പിന്നെയൊ കുർബാനപട്ടം ഒള്ളവക്ക ഒക്കെക്കും അന്നെരത്ത എല്ലാ ദോഷത്തെയും പോക്കാം.

ഒൻപതാം കാനോനാ.

പട്ടക്കാര തങ്ങൾക്ക ഇന്ന ദോഷങ്ങളെ പോക്കാവു എന്നും ഇന്നത പോക്കരുതെന്നും അറിഞ്ഞിരിപ്പാൻ ഫ്സിഫെ എന്ന കടുദാശ മലയാഴ്മയിൽ പേത്ത എഴുതി മദബഹായിൽ ചമയപ്പുരയിൽ താൻ പറിച്ച അത കണ്ട വ്യാപരിച്ചുകൊള്ളണം എന്ന ശുദ്ധമാന സൂനഹദോസ കൽപിക്കുന്നു.

വിശേഷിച്ചും എടവകയിൽ പട്ടക്കാരക്ക തന്നെ പോക്കരുത എന്ന വിലക്കപ്പെട്ട ദോഷങ്ങളെയും കൂടെ മലയാഴ്മയിൽ പേത്ത എഴുതി വച്ചുകൊള്ളണം. ഇ എടവകയിൽ പോക്കരുതാത്ത ദോഷങ്ങൾ ആകുന്നത. മഹറോൻ ഒള്ള ദോഷങ്ങൾ. രഹസ്യമായ അറുകല പരസ്യമാക്കുന്നതും. ആ കൊലക്കുകൂടെ കൂട്ടുനവക്കും പട്ടം ഒള്ളവരുടെ മെയിത്തലെ കരേറുന്നതും പള്ളി മുതലിൽ അൻപത പണത്തിന്ന തക്കതെ കക്കുന്നതും മനസ്സഴിഞ്ഞ ഒര എണങ്ങരുടെ സ്ഥലം ചുടുന്നതും അവരുടെ വസ്തുവിനെ ചുടുന്നതും കാവ്യരുടെ കൂട്ട മൂത്തികളെ താൻ പരദേവന്മാരെ താൻ വെച്ച പൂജിക്കുന്നതും പരസ്യമായി പട്ടാക്കാരരോട മറുതലിക്കുന്നതും കെട്ടാതെ ഒരുത്തിയെ വച്ചിരിക്കുന്നതും. സീമ്മോനായ എന്ന പെഴയും അതാകുന്നത കൂദാശകൾക്കും കൂദാശയായ

malankaralibrary.com

വസ്തുക്കൾക്കും വെല വാങ്ങുന്നതും കൊടുക്കുന്നതും പട്ടക്കാരനും ഒരു സാക്ഷിയും കൂടാതെ ഒള്ള പെൺകെട്ടും വിശ്വാസത്തിന്ന മറുത്ത ഒള്ള പൊസ്തകങ്ങൾ അതിന്റെറ പെണക്കങ്ങൾ പോക്കാതെ വച്ചിരിക്കുന്നതും പരസ്യമായി തുള്ളിക്കയും പാടിക്കയും ചെയ്യുന്നതും കുമ്പസാരത്തിന്റെറ രഹസ്യം അഴിക്കുന്നതും.

## പത്താം കാനോനാ.

ശുദ്ധമാന പള്ളിയുടെ ഒടുക്കത്തെ ശിക്ഷ മഹറോൻ എന്നതിനെക്കൊണ്ടു അനേകം സൂക്ഷിച്ചു കനമായ വസ്തുവുംമെലെ മഹറൊൻ ചൊല്ലാവൂ. അത അല്ലംകിൽ അതൊര ആക്ഷെപമായി തിരിയുംതാനും. വിശേഷിച്ചു ഒരുത്തക്ക മഹറോൻ ചൊല്ലണമെങ്കിൽ വിളിച്ചു ചൊല്ലരുത. അത എഴുതി പിന്നെ അതിനെ വിളിച്ചു ചൊല്ലുകെ ആവു. ഒരുത്തക്ക അവൻ മരിപ്പോളത്തേക്ക ആയി ഒരു മഹറോൻ ചൊല്ലുകയും അരുത. അത എന്തെ. നമ്മുടെ വർഗ്ഗത്തിനും ശാസ്ത്രത്തിൽ എഴുതപ്പെട്ടതിന്നും മാർഗ്ഗത്തിൽ ഒള്ള ഉപവിക്കും മറുത്ത ആകുന്നതിനെക്കൊണ്ടു ഒരുത്തര അനെകം വലുതായി പെഴച്ചു എംകിലും അവക്ക തങ്ങടെ പെഴ മേൽ അനെകം നൊൻപരവും പെഴച്ചത വേണ്ടി ഇരുന്നില്ല എന്ന മനസ്സിലെ അഴിവും അതിന ചെയേണ്ടും പ്രാശ്ചിത്തം ചെകിൽ പ്രിയത്തോടുകൂടെ അവരെ കൈക്കൊണ്ടു ഉള്ളെ അവരുടെ പെഴ പോക്കണം. എന്നാൽ ഇന്ന പെഴക്ക ഇങ്ങനെ കുററപ്പെട്ടുകേണ്ടു എന്ന എല്ലാവരും അറിഞ്ഞ അത്തരം പെഴ ചെയ്യാൻ ഏററം എല്ലാവക്കും പെടിയും ഭയവും ഒണ്ടാവാൻ പൊറമെ അവരൊട മഹറോൻ ഒള്ളവരോട വ്യാപരിക്കുംവണ്ണം വ്യാപരിച്ചു അവരിടെ അവുടേ

malankaralibrary.com

യ്ക്ക പട്ടക്കാരും എണങ്ങരും പോകയും അരുത. കൈകസ്തൂരി കൊടുക്കയും അരുത. ഇത മലംകരെ മററൊരു കുററപ്പാടുകൊണ്ടു കുററപ്പാട്ട കാണാൻ ഇല്ലായ്കകൊണ്ടു—

## പതിനൊന്നാം കാനോനാ.

പട്ടക്കാരൻെററ അറിവില്ലായ്ക കൊണ്ട തന്നോട കുംപസാരിക്കുന്നവരുടെ മുടിവ ഒണ്ടാകുന്നതിനെക്കൊണ്ട മലംകരെ കുംപസാരിപ്പാൻ വേണ്ടുന്ന അറിവില്ലാത്ത പട്ടക്കാരര കുംപസാരിപ്പാൻ ഒണ്ട എന്ന ഇസൂനഹദോസ അറിഞ്ഞിട്ട ഇന്നു തുടങ്ങി മേലിൽ പട്ടക്കാരര ആരും പഠിത്വം ചോദിപ്പാൻ അറിവുള്ളവരെ ചോദിച്ച പഠിത്വവും ഇരിപ്പും അറിഞ്ഞ മൂളിയെ കുംപസാരിക്കാവു എന്നു പ്രമാണിക്കുന്നു. എന്നാൽ മലംകരക്ക മററൊരു മെത്രാൻ വരുവോളം പഠിത്വവും ഇരിപ്പും ഗുണവും ചോദിച്ച അറിവാൻ മലംകര മെത്രാൻെററ എടവകയിൽ ഇരിക്കുന്ന സാംപാളൂര പാത്രിമാരുടെ പക്കൽ ഇ സുനഹദോസ വഴക്കുന്നു. എന്നാൽ അങ്ങനെ പാദ്രിമാര ചോദിച്ച അറിഞ്ഞാൽ അവക്ക കൊള്ളാമെന്നു തോന്നിയതിൻെററ ശേഷം മെത്രാൻെററ എഴുത്തുപെട്ട അനുവാദം കൊണ്ടെ കുംപസാരിക്കാവൂ. മെത്രാൻ മലംകര ഇല്ലാത്തപ്പോൾ മലംകരക്ക മൂപ്പൻ ആകുന്ന ശരീരത്തിൻെററ എഴുത്തുപെട്ട അനുവാദം വേണം. അതല്ലാതെ പട്ടക്കാരര ആരും ആരെയും കുംപസാരിക്കെരുത. വിശേഷിച്ചും മലംകരക്ക മൂപ്പൻ ആകുന്ന ശരീരത്തിന്നു പാദ്രിമാര പഠിത്വം ചോദിച്ച അറിഞ്ഞു വന്നു എന്നു അവര ചൊല്ലാതെ ആൎക്കും കുംപസാരിപ്പാൻ അനുവാദം കൊടുക്കയും അരുത. എന്നാൽ ഇപ്പോൾ കുംപസാരിപ്പിക്കുന്ന പട്ട

malankaralibrary.com

ക്കാരരോട മെത്രാൻ താൻ എംകിലും മേൽ എഴുത്തപെട്ടതിൻവണ്ണം പാദ്രിമാരെംകിലും പഠിതപം ചോദിച്ച പരീക്ഷിച്ച കുംപസാരിക്കാം എന്ന വരുത്തുകയും വേണം. അതിന്ന ആറുമാസത്തെ അവധി ഉണ്ടതാനും. ആറുമാസത്തിന്ന അകത്ത ഇവണ്ണം ചെയ്തുകൊള്ളാത്ത പട്ടക്കാരക്ക പിന്നെ കുംപസാരിക്കയും അരുത. എടവകയിലെ മൂപ്പൻമാര ആകുന്ന പട്ടക്കാരര ഇ പ്രമാണത്തിൽക്കൂടെ വഴങ്ങുന്നു ഇല്ല. അത എന്തെ. അവരുടെ പ്രവൃത്തി കുംപസാരിപ്പിക്കുന്നത ആയതിനെക്കൊണ്ട. വിശേഷിച്ച മേൽ എഴുത്തപെട്ടവണ്ണം പഠിതപവും ചോദിച്ച അനുവാദവും വാങ്ങിക്കൊള്ളാത്തവർ അങ്ങനത്തവര ആരയും എടവകയിലെ തലവൻ ആക്കുകയും അരുത. ഇവണ്ണം എല്ലാം കല്പിച്ച കൊള്ളാതെ ആരാനെയും ഒരു പട്ടക്കാരൻ കുംപസാരിപ്പിച്ചു എംകിൽ ആ കുംപസാരിച്ചവരോട വീണ്ട കുംപസാരിച്ച കൊള്ളണം എന്നു ചൊല്ലണം. അങ്ങനെ കുംപസാരിച്ച പട്ടക്കാരന്ന മേൽപട്ടക്കാരൻ പിന്നെ മൂളുവോളം പട്ടത്തിന്റെ അംശം പ്രവൃത്തിക്കയും അരുത. അതിനെക്കൊണ്ട ഒള്ള ഉപകാരം അടക്കുകയും അരുത.

### പന്ത്രണ്ടാം കാനോനാ.

കുംപസാരിപ്പിപ്പാൻ വേണ്ടുന്ന അറിവുള്ള പട്ടക്കാരര ഇ എടവകയിൽ പെരികെ ഇല്ല എന്നതിനെക്കൊണ്ട മറ്റൊരു മെത്രാന്റെ എടവകയിൽ കുംപസാരിപ്പിപ്പാൻ അനുവാദം ഒള്ള പട്ടക്കാരക്ക മലയാഴ്മ പോമെങ്കിൽ അവരോട കുംപസാരിച്ചുകൊള്ളാം എന്ന ഇ സൂനഹദോസ അറിയിക്കുന്നു.

malankaralibrary.com

## പതിമ്മൂന്നാംകാനോനാ.

കുംപസാരത്തിന്റെറ ക്രൂദാശയായ വചനം ഒരുത്തരുടെ പെഴ അവര മൂളാതെ അവരുടെമേൽ ആ വചനം ചൊല്ലുന്നത വലിയ ചാവദോഷം ആയതിനെക്കൊണ്ട ക്ലേശക്കാരുടെമേൽ പട്ടക്കാരര രൂശ്രൂമാ ചെയ്യുമ്പോൾ എവൻഗേലിയോനിലേത്തും മററ നല്ല ശുദ്ധമാന വചനങ്ങളുടെ രൂശ്രൂമാ ചെയ്തേ ആവൂ. കുംപസാരത്തിന്റെറ വചനം ചൊല്ലരുത.

## അഞ്ചാം ക്രൂദാശയാകുന്ന
## ഒടുക്കത്തെ ഒപ്രൂംശ്രൂമാമേൽ ഒള്ള പൊരുൾ.

അഞ്ചാം ക്രൂദാശയാകുന്നത ഒടുക്കത്തെ ഒപ്രൂംശ്രൂമാ. ഇതിന്റെറ സാധനം മെത്രാൻ രൂശ്രൂമാ ചെയ്ത സൈത്ത. ഒടുക്കത്തെ ഒപ്രൂംശ്രൂമാ എന്ന അതിനെ ചൊല്ലുന്നു. മിശിഹാകർത്താവ പൂശുവാനായി കല്പിച്ചതിൽ ഒക്കയിലും ഒടുക്കത്തെ പൂച്ച് ഇതാകുന്നതിനെക്കൊണ്ട മുഴുവനായ ദ്ദീനം ഒണ്ടായിരിക്കുന്നവക്ക ക്ലേശം പ്രമാസമായി. മരിക്കുമെന്നു തോന്നുമ്പോഴെ ഇ ക്രൂദാശ ചെയ്യാവു. ഇ ക്രൂദാശെടെ ചിററാഴ്മക്കാരൻ ആയത കർബാനപട്ടക്കാരൻ. മാനുഷരുടെ പൂതിയങ്ങടെ എടം അഞ്ചെടത്തും സ്ലീവാ അടയാളത്തിൽ പൂജണം. കണ്ണുകൾ കൊണ്ട കണ്ട പെഴച്ചതിനെക്കൊണ്ട കണ്ണുകൾമേൽ പൂശുന്നു. ചെവികൾകൊണ്ട കേട്ട് പെഴച്ചതിനെക്കൊണ്ട ചെവികളിൽ പൂശുന്നു. മണത്താലെ പെഴച്ചതിനെക്കൊണ്ട മൂക്കുംമേൽ പൂശുന്നു. വാകൊണ്ട രസിച്ചു പെഴച്ചതിനെക്കൊണ്ട വാമേൽ പൂശുന്നു, തൊട്ട പെഴച്ചതിനെക്കൊണ്ട കൈകളിൽ പൂശുന്നു. നടന്ന പെഴച്ചതിനെക്കൊണ്ട കാലുകളിൽ പൂ

malankaralibrary.com

ശ്ശുന്നു. മോഹത്താലെ പെഴച്ചതിനെക്കൊണ്ട പൊറത്ത തണ്ടെല്ലിൻെറ താഴത്ത പൂശുന്നു. ഇ പറഞ്ഞ എടങ്ങളിൽ ഒക്കയും പൂശുന്നാത വലത്തെ കയ്യിലെ പെരുവിരൽ കൊണ്ട സൈത്ത തൊട്ട പൂശണം. അപ്പോൾ ചെല്ലേണ്ടുന്നാ വചനങ്ങൾ ആകുന്നാത. ഇ ശുദ്ധമാന പൂശാലെയും ദ്വാവൊള്ള തൻെറ മനഗുണത്താലെയും ഇന്ന പൂതികൊണ്ട നി പെഴച്ചത എല്ലാം നിന്നോട തംപുരാൻ പൊറുക്കണം എന്നാ വചനങ്ങൾ. ഇ ക്രുദാശകൊണ്ട ഉണ്ടാകുന്നാ ഒപകാരം ആകുന്നാത ആത്മാവിലെ പൊറുതിയും ആത്മാവിനുവേണ്ടി ശരീരത്തിൻെറ പൊറുതിയും വരേണ്ടുകിൽ ആ പൊറുതിയും കിട്ടുന്നാത. ഇതിനെക്കൊണ്ട ദോഷത്താൽ മനുഷ്യൻെറ ആത്മാവുകളിൽ ഒണ്ടാകുന്നാ കനവും ഖെദവും നിക്കിമരിക്കും നേരത്ത അനേകം പത്രുക്ഷകൾ ചൈത്താന്മാരാൽ ഉണ്ടാകുന്നു. അതിനോട മറുത്ത നിപ്പാനും ക്ലേശത്തിൻെറ സംകടങ്ങളെ ക്ഷമിപ്പാനും തരുന്നാ ശക്തി ഇതിനെ നമ്മെ പഠിപ്പിക്കേണ്ടീട്ട ശുദ്ധമാന മാർ യാക്കോബ്ശ്ലീഹാ തൻെറ എംകത്തായിൽ ഇ ക്രുദാശകൊണ്ട ഇ വചനങ്ങളെ എഴുതിവച്ചു. നിങ്ങളിൽ ഒരുത്തര കെല്പുകെട ആയ രോഗത്തിൽ വീഴകിൽ പള്ളിയുടെ കർബാനപട്ടം ഒള്ളവരെ വിളിച്ചു അവര ക്ലേശക്കാരരുടെ മേൽ നമസ്കരിച്ചു കത്താവിൻെറ നാമത്താൽ അവനെ സൈത്തകൊണ്ട പൂശണം. എന്നാൽ വിശ്വാസത്തിനുടെ നമസ്കാരം ക്ലേശക്കാരരെ രക്ഷിക്കയും കത്താവ അവനെ എളപ്പിക്കയും ചൈയ്യും. ദോഷങ്ങൾ ഒണ്ടെംകിൽ പൊറുക്കയും ചൈയ്യും എന്നാ.

ഇ ക്രുദാശയാൽ പെഴ പൊറുക്കപ്പെട്ടുന്നു എന്നാ ചൊല്ലിയതിനെക്കൊണ്ട അറിയാം.

malankaralibrary.com

ഏഴ ക്രുദാശകളിൽ ഒന്ന ഇത എന്ന. നിങ്ങളിൽ ഒരുത്തര കെല്പക്ഷയം ആയി രോഗത്തിൽ വീഴുംപോൾ എന്ന ചൊല്ലിയത ആയത, രോഗംകൊണ്ട മരിക്കും എന്ന തോന്നുംപോളെ ഇ ക്രുദാശ ചെയ്യാവു എന്നാത. കുർബാനപട്ടം ഒള്ളവരെ വിളിക്കണം എന്ന ചൊല്ലിയത, ഇ ക്രുദാശെടെ ചിററാഴ്മക്കാരൻ കുർബാന പട്ടക്കാരൻ എന്നാത. സൈത്തകൊണ്ട പൂശണം എന്ന ചൊല്ലിയത ആയത്തു ഇ ക്രുദാശെടെ സാധനം സൈത്ത എന്നാത. ക്ലേശക്കാരൻമേൽ നമസ്കരിക്കണം എന്നു ചൊല്ലിയത ആയത ഇ ക്രുദാശെടെ വചനങ്ങൾ എരപ്പാൻ ഒള്ളത, കത്താവ അവനെ എളപ്പിക്കും എന്ന ചൊല്ലിയത ആയത ഇ ക്രുദാശെടെ ഉപകാരം ആയത, വേണ്ടുംപോൾ ശരീരത്തിൻെറ പൊറുതിയും ക്രുടെ കിട്ടുന്നു എന്നാത.

ഒന്നാം കാനോനാ.

മലംകര നസ്രാണികളുടെ എടയിൽ ഇ ക്രുദാശെടെ ശക്തിയും ഉപകാരവും വഴിയെ അറിയാഞ്ഞതിനെകൊണ്ടു ഇ ക്രുദാശ കൊണ്ട സാമാന്യം ആയി പെരുമാറുമാറാറ ഇല്ല ഇതിനെക്കൊണ്ട ശുദ്ധമാന സുനഹദോസ എല്ലാവരോടും ക്രുടെ അപേക്ഷിക്കുന്നു. ഇ ക്രുദാശ കൊണ്ട പെരുമാറണം എന്ന പ്രമാണിക്കുന്നു താനും.

വിശേഷിച്ചു എടവകയിൽ മൂപ്പൻമാര ആകുന്ന പട്ടക്കാരരോട പ്രമാണിക്കുന്നു. ക്ലേശക്കാരരമേൽ സൂക്ഷം ഒണ്ടായിരിക്കണം. അവര മരിക്കുംഎന്ന തോന്നുംപോൾ ലത്തീനിനിന്നു സുറിയാനിയിൽ പേത്ത അടവിന്ന തക്കവണ്ണം ഇ ക്രുദാശ ചെയ്യണം. എന്ന അടെക്കപ്പെട്ട കണ്ണുകൾമേലും ചെവികൾമേലും രണ്ടു കയികളിലും, മൂക്കിലും അടെക്കപ്പെട്ട വായിന്മേലും; കാ

malankaralibrary.com

ലുകൾ രണ്ടിലും അരയിലും സ്ലീവാ അടയാളത്താൽ പൂശണം. ഓരോന്നുംമേൽ പൂശുംപോൾ ഒള്ള, അവു ടെ ചൊല്ലേണ്ടുന്ന വചനങ്ങളെയും കൂടെക്കൂടെ ചൊല്ലു ണം. എടവകയിലെ മൂപ്പൻ ആകുന്ന പട്ടക്കാരന്റെറ കുററംകൊണ്ട ഒരുത്തൻ ഇ ക്രുദാശ കൈക്കൊള്ളാതെ മ രിച്ചുപോകിൽ ആ പട്ടക്കാരൻ രണ്ട തിങ്ങളിലേക്ക പ ട്ടത്തിന്റെറ അംശം ഏതും പ്രവൃത്തിക്കയും അരുത. അ തിനെക്കൊണ്ട ഒള്ള ഉപകാരം അടക്കുകയും അരുത.

## രണ്ടാംകാനോനാ.

ശുദ്ധമാന സൂനഹദോസ കുംപസാരിപ്പിക്കുന്ന പട്ടക്കാരരോട അപേക്ഷിക്കുന്നു. എന്തെന്നാ. ക്ലേശക്കാ രര കുംപസാരിക്കുംപോൾ ഇ ക്രുദാശെടെ നന്മയും വ ലിമയും ഒപകാരവും അവരോട പറഞ്ഞ കേൾപ്പിച്ചു ബോധിപ്പിക്കണം എന്ന പ്രമാണിക്കുന്നു. വിശേഷി ച്ചു ക്ലേശക്കാരരെ നോക്കുന്നവര ക്ലേശം അവൎക്ക മുഴുത്ത ബോധക്കേടെ വന്നുപോകും മുന്നെ ഇ ക്രുദാശ കൈക്കൊ ണ്ടുകൊള്ളുവാൻ പട്ടക്കാരരോട വന്നറിയിക്കണം. അ ത അവ്വണ്ണം അറിയിക്കാത്തവൎക്ക ദോഷവും ഒണ്ട, മെല്പട്ടക്കാരൻ കുററപ്പെടുക്കയും ചെയ്യും.

## മൂന്നാംകാനോനാ.

ഇ ക്രുദാശ ചെയിപ്പാൻ പട്ടക്കാരര ക്ലേശക്കാര രുടെ അവ്വുടെ പോകുമ്പോൾ സൂർപ്പിലെസ എന്ന വെ ള്ളക്കുപ്പായവും ഇട്ട അതുംമെൽ ഊറാലയും ഇട്ട ശുദ്ധ മാന സൈത്ത വച്ചിരിക്കുന്ന പാത്രം ഒരു പട്ടുശീല കൊണ്ട മൂടി തന്റെറ കയ്യികൊണ്ടുതന്നെ എടുത്തുകൊ ണ്ടുപോകണം. ഒരു ശെമ്മാശും ഒരു കുരിശും കൊണ്ട മുമ്പി വേണം. ഹാനാൻ വെള്ളം ഒരു പാത്രത്തിൽ

malankaralibrary.com

വീത്തി അതും ഒരു ശെമ്മാശ എടുത്തുകൊണ്ട കൂടെ വേണം. രായെങ്കിൽ ഒരു വെളക്കും വേണം ഇന്നത പ്രവൃത്തിപ്പാൻ പോനൊന്ന എല്ലാവക്കും അറിയിപ്പാൻ കുംപസാരം എന്ന ക്രൂദാശ എന്നിയെ ഉള്ള ക്രൂദാശ ഒക്കയും പ്രവൃത്തിക്കുമ്പോൾ മേൽപ്പറഞ്ഞ കുപ്പായവും ഉറാലയും വേണം.

---

### അഞ്ചാം മൌതബ

(അഞ്ചാം യോഗവിചാരം.)

### Session VII.

പട്ടമെന്ന ആറാം ക്രൂദാശമെൽ ഉള്ള പൊരുൾ. ആറാം ക്രൂദാശയാകുന്നത പട്ടം. അതിൻെറ സാധനമാകുന്നത ഓരോരൊ പട്ടത്തിൻെറ അംശം പ്രവൃത്തിപ്പാനുള്ളത മെത്രാൻപട്ടം ഏല്ക്കുന്നവരുടെ പക്കൽ കയ്യാളിക്കുന്നത. വിശേഷിച്ച കുർബാനപട്ടത്തിൻെററ സാധനമായത വീഞ്ഞോടുകൂടെ കാസായും ഓസ്തിയോടുകൂടെ പീലാസായും കയ്യാളിക്കുന്നത. ആറാം പട്ടത്തിന്ന എവൻഗേലിയും കൈയാളിക്കുന്നത. അഞ്ചാംപട്ടത്തിന്ന വെറും കാസായും പീലാസായും ഇവണ്ണം തന്നെ ഓരോരൊ പട്ടത്തിൻെറ അംശത്തിന്ന ഉള്ളതിനെ കൈയാളിക്കുന്നത പട്ടത്തിൻെററ സാധനമായത. ഈ ക്രൂദാശെടെ കാതൽ ആകുന്ന വചനങ്ങൾ ആയത ഓരോ സാധനം കൈയാളിക്കുമ്പോൾ മെത്രാൻ ചൊല്ലുന്ന വചനങ്ങൾ. ഇതിനെക്കൊണ്ട ഉള്ള ഉപകാരം ആയത പട്ടം ഏൽക്കുന്നവൻ പട്ടത്തിൻെററ അംശം പ്രവൃത്തിപ്പാൻ യോഗ്യൻ ആകുന്നത. പള്ളിയുടെ വലിയ ദിഷ്ടതിയെക്കുറിച്ച മിശിഹാകത്താവ പ

malankaralibrary.com

ട്ടം എന്നാ ക്രുദാശ കൽപ്പിച്ചു. അത എന്തെ. പൂജയും പട്ടവും ഒരിമിച്ചു അത്രെ ആകുന്നു. ഇതിനെക്കൊണ്ടെ പഴെ മാർഗ്ഗത്തിലെ പൂജകളെയും കാഴ്ചകളെയും മാററി പുത്തൻ മാർഗ്ഗത്തിലെ പൂജ അപ്പത്തിന്റെറയും വീഞ്ഞിന്റെറയും അകത്ത തന്നെ മറച്ചു പൂജയാക്കിച്ചു മച്ചുതിനെക്കൊണ്ടെ ഇ പൂജ പൂജിപ്പാൻ മേൽപ്പട്ടക്കാരരുടെ കൈയാൽ ക്രുദാശ ചെയ്ത ചിററാഴ്മക്കാരൻ ആകുന്ന പട്ടക്കാരരെ ഉണ്ടാകണം എന്നാ കൽപ്പിച്ചു. എന്നാൽ കൽപ്പനക്ക തക്കവണ്ണം കുർബാനപ്പട്ടം ഏററ പട്ടക്കാരക്ക രണ്ടെ അംശം മിശിഹാകത്താവ കൽപ്പിച്ചു. ഒന്നാമത പട്ടാങ്ങയായ തന്റെറ ശരീരത്തെ ക്രുദാശ ചെവാനും പൂജിപ്പാനും അതിനെ കൊടുപ്പാനും വിശേഷിച്ചു തമ്പുരാന്റെറ ശരീരത്തിന്ന സാദൃശമായ പള്ളിമെൽ അമിശം കൊടുത്ത പെഴകളെ പൊക്കവാനും അതിനെ അടക്കുവാനും നസ്രാണികളുടെ കൂട്ടത്തെ വാഴുവാനും രക്ഷിപ്പാനും. എന്നാൽ അനേകം വലിമയുടെ പട്ടം കുർബാനപട്ടം ആയതിനെക്കൊണ്ടെ അതിന്റെറശിററാഴ്മ നിൽപ്പാൻ പലപല പതവികളും കൽപിച്ചു. ഇതിനെക്കൊണ്ടെ ചെറിയ പട്ടം നാലുണ്ടെ. ഒന്നാമത വാതിൽക്കാരൻ. രണ്ടാമത വായിക്കുന്നാവൻ മൂന്നാമത ചെത്താൻ ക്ലേശത്തിന്ന പ്രേത്തിക്കുന്നാവൻ. നാലാമത കുർബാനക്ക ചിററാഴ്മ ചെയ്യുന്നാവൻ. ക്രുദാശപട്ടം മൂന്നാകുന്നത. ഒന്നാമത ശ്ലീഹാ വായിക്കുന്നാവൻ. രണ്ടാമത ഏവൻഗേലിയോൻ വായിക്കുന്നാവൻ. മൂന്നാമത കുർബാനപട്ടം. വിശേഷിച്ചും ശ്ലീഹന്മാരുടെ എടത്തിൽ നിൽക്കുന്ന മേൽപട്ടക്കാരര ഒക്കെയും ഇതിക്കൂടെ അടങ്ങുന്നു. മേൽപട്ടക്കാരര എന്നു പറഞ്ഞത ആകുന്നത അപ്പസ്തോലപ്പൻമാരും, മെത്രാൻമാരും, പാത്രിയക്കീസന്മാരും ശുദ്ധമാന പാപ്പായും. ഇ മേൽപ

malankaralibrary.com

ട്ടക്കാരര ഒക്കയും കുർബ്ബാനപട്ടത്തിൽക്രൂടെ അടങ്ങുന്നു എംകിലും കുർബ്ബാനപട്ടക്കാരരെക്കായിൽ ഏറെ അമിശങ്ങളും ഒണ്ടു. മേല്പട്ടക്കാരക്ക ഈ മേല്പട്ടക്കാരരൊക്കെയും പള്ളിയെ വാഴുവാൻ റൂഹാദക്കുദശായാലെ കല്പിക്കപ്പെട്ടു.—

ശുദ്ധമാന പൌലൊസ ശ്ലീഹാ ചൊല്ലിയവണ്ണം, വിശേഷിച്ചും ക്രൂദാശപട്ടം ഒള്ളവക്ക സുല്ലൂത്ത ദൊഷത്തിൻെറ മൊടക്കം കൽപിക്കപ്പെട്ടു. തങ്ങടെ അംശത്തും. മൽ താനെ വെടിപ്പോടുക്രൂടെ നിരുപിപ്പാനും പ്രവൃത്തിപ്പാനും എന്നാൽ പെലകൊള്ളികൾ ആയിരിക്കുന്നവരെയും ഉതിര പക ഒള്ളവരെയും സാക്ഷിയാൽ നെരെ കെട്ടി വുലക്കാത്തവരേയും ഒടലിൽ എങ്ങാനും കനമായ ഒര കുറവുള്ളവരയും, രണ്ടാംവട്ടം കെട്ടിയവരെയും ചരട്ട പറിച്ചു ഇരിക്കുന്നവരെ കെട്ടിയവരെയും മുഴുവനായ പ്രായം ഇല്ലാത്തവരെയും ശുദ്ധമാന പള്ളിയുടെ പട്ടത്തിന്ന കൈക്കൊള്ളുന്നൊൻ അല്ല.

## ഒന്നാം കാനോനം.

ശുദ്ധമാന മാതാവായ പള്ളിയുടെ കല്പനക്ക മറുത്ത ഈ ഏടവകയിൽ വേണ്ടുന്ന വയസ്സ ക്രൂടാതെയും പഠിതം പരുക്ഷിച്ചു അറിയാതെയും യാവ്യത്തിൻെറ കഴിവ ക്രൂടാതെയും വെലയും കൊടുത്ത ക്രൂദാശപട്ടം ഒന്നിച്ചു ഒരു ദിവസം തന്നെ ഏററവര പലരും ഈ ഏടവകയിൽ ഒണ്ടെന്ന ശുദ്ധമാന സൂനഹദോസ അറിഞ്ഞതിനെക്കൊണ്ടു ശുദ്ധമാന ത്രെന്തോസ എന്ന സൂനഹദോസിലെ കല്പനക്ക തക്കവെണ്ണമെ പട്ടം ഏൽക്കാവു എന്ന ഈ സ്സൂനഹദോസ കല്പിക്കുന്നു. ഇതിനെക്കൊണ്ടു മെത്രാൻ താൻ എംകിലും മെത്രാൻെറ അനുവാദം ഒള്ളവര എംകിലും പട്ടം ഏ

malankaralibrary.com

ൽപ്പാൻ വരുന്നവരോട പഠിത്തം കൊണ്ടും ഇരിപ്പു കൊണ്ടും വയസ്സുകൊണ്ടും ചോദിച്ചെ മതിയാവു. ഇതിനെക്കൊണ്ട ഇരിപെത്താന്ന വയസ്സ തെകഞ്ഞ ഇരിപെത്തിരണ്ടിൽ നടന്ന തുടങ്ങിയെ അഞ്ചുപട്ടം കൊടുക്കാവു. ഇരുപത്തിരണ്ട വയസ്സ തെകഞ്ഞ ഇരുപത്തി മൂന്നിൽ നടന്ന തുടങ്ങിയെ ആറുപട്ടം കൊടുക്കാവു. ഇരുപത്തിനാല്ല വയസ്സ തെകഞ്ഞ ഇരുപത്തഞ്ചിൽ നടന്ന തുടങ്ങിയെ കുർബാന പട്ടം ഏല്ക്കാവു. ഇവണ്ണം വയസ്സ വെണ്ടുന്നത തെകയാതെ പട്ടം ഏററവര തങ്ങൾക്കുള്ള പട്ടത്തിന്ന വേണ്ടുന്ന വയസ്സ തെകവോളം തങ്ങടെ പട്ടത്തിന്റെറ അംശം പ്രവൃത്തിക്കരുത എന്ന ശുദ്ധമാന സൂന്നഹദോസ കൽപിക്കുന്നു. എന്നാൽ കുർബാനപട്ടം ഒള്ളവര അതിനു വേണ്ടുന്ന വയസ്സ തെകഞ്ഞെ ഏവൻഗാലിയോൻ യോഗത്തിന്ന അംശമായി വായിക്കാവു. അഞ്ചു പട്ടത്തിന്ന വേണ്ടുന്ന വയസ്സ തെകഞ്ഞെ ശ്ലീഹാപൊസ്തകത്തിന്റെറ അംശമായി വായിക്കാവു. മറ്റെല്ലാം കീഴിലെപ്പോലെ പ്രവൃത്തിച്ചും കൊള്ളാം. വെലകൊടുത്ത പട്ടം ഏററവൎക്ക ശുദ്ധമാന പള്ളിയുടെ കൽപ്പനകൾ അനുവദിച്ചു മഹറോനും മററും പലപല പ്രശ്ചിത്തങ്ങളും അനുവദിച്ചതിനെ അറിയാതെ ആ പെഴ ചെയ്യു എന്നതിനെക്കൊണ്ട ശുദ്ധമാന പാപ്പാടെ പ്രമാണത്താലെ മെത്രാൻ ആ പെഴ പോക്കുന്നു. മററാരും അതുംമേൽ ഇനി ചോദിക്കയും അരുത.

### രണ്ടാം കാനോനാ.

മലംകരെ കുഷ്ഠവും വ്യാധിയും ഒള്ള ചെല പട്ടക്കാരര കുർബാന ചെയ്യുന്നു എന്ന ശുദ്ധമാന സൂന്നഹദോസ അറിഞ്ഞതിനെക്കൊണ്ട പ്രമാണിക്കുന്നു. എ

malankaralibrary.com

ന്തെന്നാ. പഴെ സൂനഹദോസിലെ കല്പനകൾപോലെ ഇത്തരം രോഗം ഉള്ളവര കുർബാന ചെയ്യരുത എന്നാ.

മൂന്നാം കാനോന.

എല്ലാവരും തങ്ങളിൽ ഉള്ള ഐമൊസ്സ്യവും ഒരിംപാട്ടും ഉണ്ട എന്നാതിന്റെറ അടയാളം കാട്ടുവാനുള്ള കൈകസ്തുരി കൊട്ടക്കയും കൊള്ളുകയും ചെയ്യുന്ന എന്നാതിനാംപക്കം ചെല പട്ടക്കാരൻ ആരൊടും വൈരാഖ്യപ്പെട്ട കൈകസത്തുരി അവൎക്ക കൊട്ടപ്പാറ് ഇല്ലുന്ന ഇ സൂനഹദോസ കേട്ടു. എന്നാൽ അങ്ങനെത്തെ പട്ടക്കാരൻ വൈരാഖ്യമുള്ളവരൊട നെരന്നാ കസ്തുരി കൊട്ടപ്പോളം കുർബാന ചെയ്യരുത. കുർബാന ചെവാൻ വേണ്ടുന്ന സാധനങ്ങളെ ആരും കൊട്ടക്കയും അരുത. മേൽപട്ടക്കാരര അവരെ കുററപ്പെട്ടുക്കയും വേണം.

നാലാംകാനോന.

പറസുമാൻ എന്നാ പൊസ്തകത്തിൽ തിന്മ ആയ ഒള്ള വചനങ്ങളെകൊണ്ട ചൈത്താൻ ക്ലേശത്തിന്നാ പ്രവൃത്തിപ്പാനും അത കണ്ട ക്ലേശത്തിന്നാ കട്ടതാശ എഴുതുകയും ഒണ്ട എന്നാ ശുദ്ധമാന സൂനഹദോസ അറിഞ്ഞിട്ട പ്രമാണിക്കുന്നു.

ശുദ്ധമാന ഏവൻഗാലിലെ അരുളപ്പാട്ടുകൾകൊണ്ടു പുണ്യവാളരായ മൽപ്പാൻമാര ചമച്ച നമസ്കാരങ്ങൾകൊണ്ടും ലത്തീനിന്നാ സുറിയാനിയിൽ പേൎത്ത റോമ്മാപള്ളി കല്പിച്ച നമസ്കാരങ്ങൾകൊണ്ടും ചൈത്താൻ ക്ളേശത്തിന്നും മററും പല ക്ളേശത്തിന്നും പ്രവൃത്തിക്കാവു എന്നാ. ഇ പ്രമാണം കടന്നാ പ്രവൃത്തി

malankaralibrary.com

ക്കനാവര ഒര ആണ്ടെക്ക തങ്ങടെ പട്ടത്തിൻെറ അംശം പ്രവൃത്തിക്കയും അരുത. അംശത്തെ കൊണ്ട ഉണ്ടാകുന്ന ഉപകാരങ്ങൾ അടക്കകയും അരുത. ഇതിനെക്കൊണ്ട മാററായ്കിൽ മഫ്രോൻ വിളിച്ച അവക്ക ചൊല്ലണം.

വിശേഷിച്ച ചൈത്താൻമാരോട ഏതാനും രഹസ്യം ഉണ്ടായിട്ട ആരാനും മെൽ പറഞ്ഞ തണ്യവചനങ്ങൾകൊണ്ട വ്യാപരിക്കിൽ അവക്ക മഫ്രോനും ചൊല്ലണം. മരിപ്പോളം അവര പട്ടത്തിൻെറ അംശം പ്രവൃത്തിക്കയും അരുത.

അഞ്ചാം കാനോനാ.

ശുദ്ധമാന പള്ളിയുടെ പ്രമാണം ആയത. ക്രദാശ പട്ടം ഒള്ളവര തങ്ങടെ അംശത്തിനാ കൽപ്പന ആയ നമസ്കാരം ദിവസം എത്തിക്കണം എന്നാ. എന്നാൽ ഇ എടവകയിൽ ഒള്ള പട്ടക്കാരര പള്ളിക്കൽ ചെല്ലുകിലെ മിക്കവെരും നമസ്കരിപ്പു. പള്ളിക്കൽ ചെല്ലുംപോൾ ആരാനും ഒട്ട നമസ്കരിച്ച എംകിൽ അവുടെ ക്രടെ തൊട്ട നമസ്കരിക്കും അത്രെ, ശേഷം തെകക്കയും ഇല്ല. അത കൊണ്ട മതി എന്ന അവക്ക തോന്നിഞായം. മററ ചെലക്ക പൊസ്തകം ഇല്ലാഞ്ഞിട്ടും നമസ്കരിപ്പാറ ഇല്ല. അവക്കും അതിനെക്കൊണ്ട സംകടം ഇല്ലാ എന്നാ തോന്നി ഞായം. ഇതിനെക്കൊണ്ട ശുദ്ധമാന സൂനഹദോസ അറിയിക്കുന്നു. എന്തെന്നാ ക്രദാശപട്ടം ഒള്ളവര ഒക്കയും കല്പനയായ നമസ്കാരം നിത്തലും എത്തിക്കായ്കിൽ ശാവദോഷം ഉണ്ട. ഇതിനെക്കൊണ്ട മററ ആരാനും നമസ്കാരം തൊടങ്ങിയതിൻെററ ശേഷം പള്ളിക്കൽ വന്നാൽ അവരോട ക്രടെ നമസ്കരിച്ച ക്രടിയതിൻെറ ശേഷം മു

malankaralibrary.com

ൻപി ചൊല്ലാത്തത എല്ലാം ചൊല്ലി എത്തിച്ചുകൊണ്ടെ മതിയാവു എന്ന. പള്ളിക്കൽ ചെ.ന നമസ്കരിപ്പാൻഎത്തി ഇല്ലാ എംകിൽ വീട്ടിന്ന തങ്ങടെ നമസ്കാരം എത്തിക്കണം. അതിന്ന പൊസ്തകം ഇല്ലാ എംകിൽ കൊന്തനമസ്കാരം എത്തിച്ചുകൊള്ളണമെന്ന പ്രമാണിക്കുന്നു. അതല്ലെങ്കിൽ ഒരാണ്ടേക്ക അവരുടെ അംശം മുടങ്ങുകയും ചെയ്യും.

ആറാം കാനോനാ.

നല്ലവൎക്കും തീയവൎക്കും ഒരുപോലെ ക്രലി അരുത എന്നാതിനെക്കൊണ്ട ശുദ്ധമാന സൂനഹദോസ കല്പിക്കുന്നു. നിത്തലത്തെ കല്പന ആയ നമസ്കാരത്തിനും ഞായറാഴ്ചകളും പെരുന്നാൾക്കും ലൊകൎക്ക ചെയ്യുന്ന കുർബാനയും ഞായമായ മൊടക്കം അവകാശമുള്ള മൊടക്കം ക്രൂടാതെ പട്ടക്കാരരിൽ ആരാനും വരായ്കിൽ എടവകമൂപ്പൻ ആകുന്ന പട്ടക്കാരൻ താൻ അത അല്ലംകിൽ ദേശത്തെ മൂത്ത പട്ടക്കാരൻ താൻ ഇത്ര ദിവസം ഒണ്ട ഇന്നാര വരാഞ്ഞു എന്ന സൂക്ഷിച്ചു കണക്ക കണ്ട അറിഞ്ഞ ആ പെഴക്ക വേണ്ടി ഇത്രനാൾ വരാഞ്ഞു. എന്നാൽ അതിന്ന വേണ്ടുന്നാത പട്ടത്തിന്റെ അംശം കുറിച്ചു ഒണ്ടാകുന്ന മൊതലിൽ കൊറെ അവൎക്ക കൊടുക്കാവു. ശേഷം ഒക്കെയും മററ ഒള്ളവര തങ്ങളിൽ പകുത്തുകൊൾകയും വേണം. ഒരു പട്ടക്കാരൻ ക്ളേശമായിട്ട വരാഞ്ഞു എംകിൽ ആ ക്ളേശംകൊണ്ട വരാഞ്ഞ മൊടങ്ങിയ ദിവസം ഒക്കയുംക്രൂടെ കണക്കവെച്ചു തെകച്ചു അയാളുടെ ഉപകരി കൊടുത്തെക്കയും വേണം. മടിയരുടെ കണക്കിൽ ക്ളേശക്കാരര ക്രൂടാ എന്നാതിനെക്കൊണ്ട—

malankaralibrary.com

### ഏഴാം കാനോനാ.

വിശ്വാസം കൊറഞ്ഞ ചെല പട്ടക്കാരര ഇന്ന തിന്ന ഇന്ന ദിവസം കൊള്ളാം എന്നും, കൊള്ളരുത എന്നും അറിയാൻ പല പൊസ്തകങ്ങൾ കുത്തുകയും തണ്യദിവസം ഒണ്ട എന്നും ആ ദിവസത്തിൽ പെണ്ണു കെട്ട അരുത എന്നും മററും ചെല അറിവില്ലായ്ക വിശ്വാസത്തോട മരുത്ത ചെയ്യുമാറുണ്ട എന്ന ശുദ്ധമാന സൂനഹദോസ അറിഞ്ഞതിനെക്കൊണ്ട റൂഹാദക്കുദശാടെ ശക്തിയാലെയും മഹറോന്റെ പ്രാശ്യത്വത്താലെയും ഇനി പട്ടക്കാരരും മററും ആരും അത ഒന്നും ചെയ്കയും വിശ്വസിക്കയും അരുത എന്ന പ്രമാണിക്കുന്നു. ഇതിന്ന ഒത്തവണ്ണം ഇരിയാത്ത പട്ടക്കാരെക്ക മഹറൊൻ വിളിച്ചു ചൊല്ലുകയും വേണം. തന്റെറ പട്ടത്തിന്റെറ അംശം ഒരാണ്ടേക്ക പ്രവൃത്തിക്കയും അരുത. അംശംകൊണ്ട ഒണ്ടാകുന്ന ഒപകാരം ഒന്നും അടക്കുകയും അരുത. വിശേഷിച്ചു തംപുരാന്റെറ തിരുമുന്നിലേക്ക തണ്യദിവസം ഇല്ല എന്നും നന്മയായ വസ്തുക്കളെ എല്ലാദിവസത്തിലും കൈക്കൊണ്ട കൊള്ളാം എന്നും ക്രദാശകളെ ഞാറാഴ്ചക്കും പെരുന്നാൾക്കും കൈക്കൊണ്ടുകൊള്ളാം എന്നും പട്ടക്കാരര ലോകരോട അറിയിക്കയും വേണം.

### എട്ടാം കാനോനാ.

ലോകരുടെ മല്പാന്മാര ആകുന്നത പട്ടക്കാരര ആയതിനെക്കൊണ്ട പട്ടക്കാരര ലോകൎക്ക നല്ല ഇരിപ്പും ഗുണവും കാട്ടണം. എന്നാൽ ചെല പട്ടക്കാരരുടെ കുടികൊണ്ട തങ്ങടെ പട്ടത്തിന്റെറ വലിമ കൊറെക്കുന്നതിനെക്കൊണ്ടും അതുകൊണ്ട മററുള്ളവരെ പെഴപ്പിക്കുന്നതിനെക്കൊണ്ടും മാർഗ്ഗം ഇല്ലാത്തവരെക്കൊണ്ട ത

malankaralibrary.com

ങളെ ആക്ഷേപിപ്പിക്കയും ചിരിപ്പിക്കയും ചെയ്യുന്ന
തിനെക്കൊണ്ടും ശുദ്ധമാന സൂനഹദോസിന്ന പെരി
കെ ദുഃഖമുണ്ട. ഇതിനെക്കൊണ്ട പട്ടക്കാരരോട അ
പേക്ഷിക്കുന്നു. കുടിമെൽ നില വേണമെന്ന. അതിന്ന
നെലയില്ലാത്തവരെ കട്ടമയോടുക്കൂടെ മേൽപട്ടക്കാരൻ
കുററപ്പെടുക്കയും വേണം. പട്ടക്കാരരിൽ ആരാനും ചെ
ലപ്പോൾ കുടിച്ചു ബോധം കെട്ടുകിൽ മേൽപട്ടക്കാരൻ
വിധിപ്പോളം തന്റെറ പട്ടത്തിന്റെ അംശം ഒന്നും
പ്രവൎത്തിക്കരുത. പള്ളിക്കൽ ചെന്ന കീഴിലെപ്പോലെ
നമസ്കരിച്ചും കൊള്ളാം. തന്റെറ അംശംകൊണ്ട
ഒണ്ടാകുന്ന ഉപകാരം അടക്കിക്കൊള്ളുകയും ആം.

## ഒൻപതാം കാനോനാ.

പട്ടക്കാരരും അൽമേനികളും തങ്ങളിൽ സ്ഥാന
ങ്ങൾക്ക ഭേദം ഒണ്ട എന്നപോലെ ഔവണ്ണം തന്നെ ച
മയത്തിന്നും ഭേദം ഒണ്ടായിരിക്കണം. ഇതിനെക്കൊ
ണ്ട ശുദ്ധമാന സൂനഹദോസ പ്രമാണിക്കുന്നു. പട്ടക്കാ
രരിൽ ആരാനും മുഴുക്കുപ്പായം താൻ മാറുക്കുപ്പായംതാൻ
കൂടാതെ കമ്മീശ്ശും കാക്കുപ്പായവും താനെ ഇട്ട വീട്ടീന്ന
പുറപ്പെടരുത എന്നും മീൻകൊലക്ക എംകിലും നായാ
ട്ടിന്ന എംകിലും രാമാനമെംകിലും വഴിയെ ഉടുക്കാതെ
പൊറെപ്പെടരുത. സ്ത്രീകൾ കുളിക്കുന്ന എടത്ത കൂടെ
കുളിക്കരുത എന്നും.

## പത്താം കാനോനാ.

ശുദ്ധമാന പൌലൊസ ശ്ലീഹാ ചൊല്ലി, തംപു
രാന്റെറ കാൎയ്യത്തുംമെൽ ഏറെ മനസ്സ ചെല്യത്തേണ്ടു
ന്നവര ഇഹലോകത്തെ മൊതലുമ്മേൽ മനസ്സ ചെല്യത്ത
രുത എന്ന. ഇതിനെക്കൊണ്ട ശുദ്ധമാന സൂനഹദോ
സ കൽപിക്കുന്നു. വാണിഭം ചെയ്കാതെ ഇരിക്ക ന

malankaralibrary.com

ല്പൂ. എന്നാൽ യാവനയ്ക്കു വാണിഭം ചെയ്യാതെ മതിയാവു എന്നു വരികിൽ തങ്ങടെ അംശത്തിന്ന തക്കവണ്ണം മെനിക്കെടെ വരാതെകൊണ്ട വാണിഭം ചെയ്തുകൊൾകയുമാം.

പതിനൊന്നാം കാനോനാ.

ക്രദാശപട്ടം ഒള്ളവര ശുദ്ധതയോട്ടുക്കൂടെ വ്യാപരിക്കണം എന്ന കൽപ്പന ശ്ലീഹന്മാരുടെ കാലത്തും ശ്ലീഹന്മാരുടെ കൽപ്പനകളിലും പഴെ സൂനഹദോസുകളിലും ഒക്കെയിലും ഒള്ളത അത്രെ ആകുന്നു. നമ്മുടെ മാർഗ്ഗത്തിന്റെ തുടർമ്മാനത്തുംകൽ കുർബാന ചെയ്യുന്ന പട്ടക്കാരര ചുരുക്കം ആയതിനെക്കൊണ്ട അനെകം അറിവും പാഠിത്വവും ബോധജ്ഞാനവും ഒള്ളവര ആരാനും ഇരിവക്കും കന്നിക്കെട്ടു ആയ കെട്ട ഒള്ളവര ചെലര മാർഗ്ഗം പുക്കാൻ ഇരിവരുടെ മനസ്സിന്ന ഒത്തവണ്ണം തങ്ങളിൽപിരിഞ്ഞു. ആ കൊള്ളാകുന്ന പുരുഷന്ന കുർബാന പട്ടവും ചെലക്ക മെത്രാൻ പട്ടവും കൊടുത്തു ഞായം. വിശേഷിച്ച കന്നക്കേട്ടു കൊണ്ടും മാനുഷരുടെ അടക്കം പോരായ്കകൊണ്ടും വിശ്വാസത്തിന്ന കൊഴപ്പവും യൌനായക്കാരരുടെ എടയിൽ ഒണ്ടായാറെ അതിൽ ചെലര മേൽ പറഞ്ഞവണ്ണം കെട്ടുകയും ചെയ്തു. കെട്ടിയവളെ നീക്കിക്കളയാതെ വച്ച പെലത്തിയും കൊണ്ട പട്ടത്തിന്റെ അംശം പ്രവൃത്തിക്കുന്നു. എന്നാൽ ശ്ലീഹന്മാരുടെയും പള്ളിയുടെയും പ്രമാണങ്ങളും കല്പനകളും അറിയാഞ്ഞതിനെക്കൊണ്ട മലംകര ഒള്ളവര പട്ടം ഏററാൽ പെണ്ണുകെട്ടി ഞായം. ഇത വിശ്വാസത്തിന്ന മറുത്ത ഒള്ളവരുടെയും മറെറങ്ങും ഇല്ലാത്ത മരിയാതി ഇവിടെ ഒണ്ട എന്നതിനെക്കൊണ്ട ശുദ്ധമാന സൂനഹദോസിന്ന അനേകം ദുഃഖം

malankaralibrary.com

ഒണ്ട. ഇങ്ങനെ പെണ്ണും കെട്ടി ചെലര തംപുരാനെ പെടിച്ച കർബ്ബാന ചെയ്യാതെ ഇരിക്കിലും മററ ചെല ക്രൂദാശ ചെയ്യുമാറും ഒണ്ട. ചെലര കുർബ്ബാനയും ശേഷമെല്ലാം ചെയ്യുന്നതാൻം. ഒരിക്കൽ കെട്ടുന്നത ക്രൂടാതെ ആ കെട്ടിയവൾ മരിച്ചാൽ പിന്നെയും രണ്ടാം കെട്ടും മൂന്നാംകെട്ടും കെട്ടുന്നവരുണ്ട. ശ്ലീഹന്മാരുടെയും പള്ളിയുടെയും കല്പനക്ക മറുത്ത ചരട വാങ്ങിയിരിക്കുന്നവരെയും കെട്ടുവാറ ഒണ്ട. എന്നാൽ ശ്ലീഹന്മാരുടെയും പള്ളിയുടെയും പഴെ സൂനഹദോസുകളുടെയും കല്പനകൾക്ക എടത്തുട ഇത ആയതിനെക്കൊണ്ട ഇ ശുദ്ധമാന സുന്നഹദോസ വഴക്കത്തിൻെറ ശക്തിയാലെയും മഹറോൻെറ പ്രാശ്യതചത്താലെയും പെണ്ണുകെട്ടി ചെലത്തുന്ന പട്ടക്കാരര കർബ്ബാനയും മററ ക്രൂദാശ ഒന്നും ചെയ്യരുത എന്ന പ്രമാണിക്കുന്നു. വിശേഷിച്ചും പെണ്ണുകെട്ടി ചെലത്തുന്ന പട്ടക്കാരരോട ശുദ്ധമാന സൂനഹദോസ അപേക്ഷിക്കുന്നു. തങ്ങളിൽ പിരിഞ്ഞ തങ്ങടെ അംശത്തിന്ന തക്കവണ്ണം പ്രവൎത്തിച്ച കൊള്ളണം എന്ന. വിശേഷിച്ചും വഴക്കത്തിൻെറ ശക്തിയാലെയും ഇ പ്രമാണം കടക്കുംപൊളെ മഹറൊൻ തട്ടും എന്നതിൻെററ പ്രാശ്ചിതചത്താലെയും ശുദ്ധമാന സൂനഹദോസ പ്രമാണിക്കുന്നു. ക്രൂദാശപട്ടം ഒള്ളവര ആരും പെണ്ണുകെട്ടരുത. എന്നും അതിന്ന ആരും സഹായം ചെയ്യരുത എന്നും ക്രൂടെ ക്രൂടരുത എന്നും. ഇതിന്ന മറുത്ത ചെയ്യുന്നവക്ക വെളിച്ചമെ മഹറോൻ ചൊല്ലണം എന്നും അങ്ങനെ കെട്ടുന്നത വാസ്തവം അല്ല എന്നും കെട്ടാതെ ഒരുത്തിയെ വച്ചിരിക്കുംവണ്ണം വച്ചിരിക്ക അത്രെ ആകുന്നു എന്നും ശുദ്ധമാന സൂനഹദോസ എല്ലാവരോടും അറിയിക്കുന്നു.

malankaralibrary.com

## പന്ത്രണ്ടാം കാനോനാ.

മെൽ എഴുതപ്പെട്ടവണ്ണം കെട്ടിയവരെ പിരിച്ച വഴിയെ നടപ്പാൻ മനസ്സ ഒള്ള പട്ടക്കാരെക്ക കുർബാന ചൈയ്കയും ശെഷം തങ്ങൾക്ക അടുത്ത ക്രുദാശകളെയും ചൈതുകൊള്ളാം. രണ്ടാം പട്ടം കെട്ടി എംകിലും ശെരട്ടു വാങ്ങിയവരെ കെട്ടി എംകിലും കണക്കെ ഇത അറിയാതെ പെഴച്ച എന്നതിനെ ശുദ്ധമാന സൂനഹദോസ അറിഞ്ഞിട്ട പള്ളിയുടെ കൽപനകൾ ആകുന്നത. ഇങ്ങനത്തവരെ പിന്നെ ക്രുദാശകളിൽ ഒന്നും ചൈയരുത എന്നാ. എംകിലും ഇത അനുവദിച്ചു.

## പതിമ്മൂന്നാം കാനോനാ.

ശുദ്ധമാന വസ്തുക്കളെ അതിന്റെറ അതിന്റെറ ശുദ്ധതക്ക വെലപറഞ്ഞുകൊള്ളുകയും വിക്കയും ചൈയുന്നത വലിയ തിന്മയായ ശാവുദോഷം ഒണ്ട. എന്നാൽ മലംകര നസ്രാണികളുടെ എടയിൽ ക്രുദാശയായ മാമ്മോദീസായ്ക്കും പട്ടത്തിന്നും ഒരുത്തരുടെ മംഹറോൻ പോക്കുന്നതിന്നും ചാർച്ച ഒള്ളവര തങ്ങളിൽ കെട്ടുവാൻ മൂളുന്നതിന്നും കല്ല്യ ക്രുദാശ ചൈയുന്നതിന്നും ഇത്തരങ്ങൾ ഒക്കയും വെല പറകയും വിക്കകയും കൊള്ളുകയും ചൈയുംവണ്ണം ആയിരുന്നു എന്നതിനെ ശുദ്ധമാന സൂനഹദോസ അറിഞ്ഞിട്ട അനെകം ദുഃഖം ഒണ്ട. അതൊ മിശിഹാകത്താവ തന്റെറ വർഗ്ഗങ്ങളോട ഇതിന്മേൽ അരുളിചൈതു. നിങ്ങൾ വെലക്രുടാതെ വാങ്ങിയതിനെ വെലക്രുടാതെ കൊടുക്കണം എന്ന. ശുദ്ധമാന വസ്തുവിന്ന മുമ്പിൽ വെല പറഞ്ഞ സീമോനോടശെമഌാൻകെപ്പാ ചൊല്ലി. ശുദ്ധമാന വസ്തുവിന്ന വെലപറഞ്ഞ മൊതലും നീയും ക്രുടെ അശെഷപ്പെട്ട മുടിഞ്ഞുപോകാ എന്നാ. ഇത്ര തിന്മയും കുററവും ആയ വ

malankaralibrary.com

സ്തു ആയതിനെക്കൊണ്ട ശുദ്ധമാന സൂനഹദോസ ഇതിനെക്കൊണ്ട പ്രമാണിക്കുന്നു. ക്രുദാശയായ വസ്തു ഒന്നിനും വെല പറകയും വെല ആയിട്ട ഏതും വാങ്ങരുതെന്നു. ഏണങ്ങളോട ഇതിനെക്കൊണ്ട ഏതാനും തരണം എന്ന ഏരക്കയും അരുത. ഇതിന്ന മറുത്ത ആരാനും പ്രവൃത്തിക്കിൽ അതിനാൽ തന്നെ മഹറോൻ ഒണ്ട. ഒരു മൂവാണ്ടേക്ക പട്ടത്തിന്റെറ അംശം ഒന്നും പ്രവൃത്തിക്കയും അരുത. അംശംകൊണ്ട ഒണ്ടാകുന്ന ഉപകാരം അടക്കുകയും അരുത. എന്നാൽ ഏണങ്ങൾ പട്ടക്കാരരെ ഒള്ള പ്രിയംകൊണ്ട അവരുടെ യാവനക്കു ഏതാനും കൊടുക്കിൽ അത വാങ്ങുന്നത കുററം അല്ല. അങ്ങിനെ ആരും ഏതും തന്നില്ലെന്നും ചൊല്ലി ലൊകക്ക ചെയ്യെണ്ടുന്ന ക്രുദാശക്ക മൊടക്കം വരുത്തുകയും അരുത. വിശേഷിച്ചു ചാർച്ചു ഒള്ള പെങ്കെട്ടിന്ന അനുവാദം ചെയ്യുന്നതിനും ശഹറൊൻ പോക്കുന്നതിനും പട്ടത്തിന്റെറ അംശം പ്രവൃത്തിപ്പാൻ മുള്ളുന്നതിനും ഇത്തരം ഒന്നിനും മെൽ എഴുത്തുപെട്ടപോലെ ഏതും മൊതൽ വാങ്ങരുത. എന്നാൽ ഒരുത്തരുടെ മഹറോൻ പോക്കുമ്പോൾ ആ മഹറോൻ ഒള്ളവന്റെറ ദോഷത്തിനും അവന്റെറ ധമ്മത്തിന്നും തക്കവണ്ണം അവരെക്കൊണ്ട കഴിവ ചെയിപ്പിക്കണം. എന്നാൽ അവര കഴിവ ചെയ്യുന്ന ദ്രവ്യം മഹറോൻ പോക്കുന്ന പട്ടക്കാരര അടക്കരുത. ആ ദ്രവ്യം പള്ളിപണിക്ക എങ്കിലും അതിന്റെറ ചമയത്തിന്ന എങ്കിലും ആക്കുകെ ആവു.

### പതിന്നാലാം കാനോനാ.

മിശിഹാകർത്താവിന്റെറ മാർഗ്ഗത്തിലെ കൽപനയും എല്ലൊടിക്കിലെ മരിയാതയും ആകുന്നത തങ്ങടെ ആത്മാവിന്ന തക്ക യാവ്യം തരുന്ന പട്ടക്കാരക്ക അവ

malankaralibrary.com

രുടെ ശരീരത്തിന്നാടുത്ത യാവ്യം എണ്ണങ്ങളെക്കൊണ്ട ഒണ്ടാകണം. എന്നതിനെക്കൊണ്ടും സിമോനിയാ എന്ന ദോഷം ഒണ്ടാകാസ്സാനും ഇ ശുദ്ധമാന സുന്നഹദോസ എല്ലാവരോട്ടുംക്രുടെ അപേക്ഷിക്കുന്നു. തങ്ങടെതങ്ങടെ എടവകക്ക മൂപ്പൻ ആയിതിന്ന തങ്ങടെ ആത്മാവിന്ന യാവ്യം ആയ ശുദ്ധമാന വസ്തുക്കളെ പ്രവൃത്തിക്കുന്ന പട്ടക്കാരക്ക ആണ്ടുതോറും തങ്ങടെ ശക്തിക്ക തക്കവണ്ണം ഏതാനും കൽപിച്ച കൊടുക്കണം എന്ന.

പതിനഞ്ചാം കനോനാ.

ഇ മലംകര എടവകയിലെ പട്ടക്കാരരുടെ ദണ്ഡത്തെ പൊക്കുവാൻ അനേകം ചെറത്ത ഇ ശുദ്ധമാന സൂന്നഹദോസിന്ന ഒണ്ട. അതിനെക്കൊണ്ട മാർഗ്ഗത്തിൽ ഇപ്പോൾ ഒള്ള പ്രോത്തുക്കാൽ രാജാവിനോട മലംകര ഒള്ള പട്ടക്കാരക്ക മാസപ്പടി ആയിട്ട ആണ്ടിൽ കൊറഞ്ഞത ഒര പതിനായിരം പണം തരണം എന്ന ഇ സൂനഹദോസ അപേക്ഷിക്കുന്നു. എന്നാൽ രാജ്യത്ത അറിയിച്ച കൽപിച്ചുവരുവോളം മലംകരക്ക ഇപ്പോൾ ശുദ്ധമാന പാപ്പാടെ പ്രമാണത്താൽവന്ന മാർ അല്ലേസോസു മെത്രാൻ തനിക്ക ഒള്ള മാസപ്പടിയിൽനിന്ന പതിനായിരം പണം എടുത്ത മലംകര ഒള്ള പട്ടക്കാക്ക കൊടുക്കുമാറ കൽപിച്ചു. അതിന്ന കടുതാശ്ശും എഴുതി തന്റെറ ഒപ്പും ഇട്ട തരികയും ചെയ്തു.

പതിനാറാം കാനോനാ.

മലംകര മിക്ക ദേശത്തും സ്ത്രീധനം മൊതലിൽ പത്തിനൊന്ന പള്ളിക്കും പട്ടക്കാരക്കും ആയിട്ട എടുത്തു കൊടുക്കുമാറുണ്ടന്നതിനെക്കൊണ്ട അനെകം കൊള്ളാകിന്നൊരു മരിയാതി എന്ന ഇ സൂനഹദോസ അ

malankaralibrary.com

നേകം സ്തുതിച്ചു കൊണ്ടാടുന്നു. എന്നാൽ പണ്ടു അങ്ങ നെ ഒള്ള എടത്തും ശേഷം ഇല്ലാത്ത എടത്തും ഒരുപോ ലെ ഇ മരിയാതി ആകണം എന്നു ശുദ്ധമാന സുന്നഹ ദോസ അപേക്ഷിക്കുന്നു. പ്രമാണിക്കയും ചെയ്യുന്നു. ഇ പ്പോൾ അതു അതു ദേശത്തിന്നു വന്നു പട്ടക്കാരരും എ ണങ്ങരും കൂടെ അതിന്റെറ തെളിവു വരുത്തിക്കൊണ്ടു പോകണം എന്നു അത്രെ സുന്നഹദോസിന്നു അപേക്ഷ ആകുന്നു

പതിനേഴാം കാനോനാ.

പഴെ ശുദ്ധമാന സുന്നഹദോസുകളിലെ കല്പ നയാകുന്നതു അതു അതു എടവകയിൽ ഒള്ള പള്ളിക ൾക്കും വേണ്ടുന്നു ശെമ്മാശന്മാർക്കെ പട്ടം കൊടുക്കാവു. എന്നാൽ മലംകര എടവകയിൽ കണക്കിൽ ഏറ്റം പട്ട ക്കാരര ഒണ്ടു. എന്നതിനെക്കൊണ്ടു മലംകരക്കു തന്നെ ഇ നീഒരു മെത്രാൻ വരുവോളം ആരും കൂദാശപട്ടം ഏൽക്ക രുതെന്നു ഇ സുന്നഹദോസ കല്പിക്കുന്നു. എടവകയി ലേക്കു മൂപ്പനാകുന്നവരു അതിന്നു അനുവാദം ചെയ്കയു മരുതു. വിശേഷിച്ചു കൂദാശപട്ടത്തിൽ ഏതാനും ഇ പ്പോൾ ഏറുന്നിൽക്കുന്നവക്കു ശേഷം വേണമെങ്കിൽ പഠിത്വവും ഇരിപ്പും വഴിയെ പരീക്ഷിച്ചറിഞ്ഞു പ ട്ടം കൊടുക്കാവു. ഇതിനെക്കൊണ്ടു കൂദാശകളെക്കൊണ്ടു ഒള്ള പൊരുളും പെഴകളെ പൊക്കുവാനുള്ള വചനങ്ങ ളും മഹറോൻ പെഴകടെ മുമ്പെ പൊക്കേണ്ടുന്നതിനെ റെണ്ടുന്നതിനുള്ള വചനങ്ങളും മറവും ദിഷ്ടതി ആയിട്ടു പട്ടക്കാരര അറിഞ്ഞു മതിയാവു എന്നു പഠിതങ്ങളും എല്ലാ പട്ടക്കാരരും വഴിയെ ശ്രമിച്ചു പഠിക്കണം.

malankaralibrary.com

## പെങ്കെട്ട എന്ന ക്രുദാശമെൽ ഒള്ള പൊരുൾ

ഏഴാം ക്രുദാശയാകുന്നത പെംകെട്ട. മിശിഹാടെ എടത്തും ലോകരുടെ എടത്തും ഒള്ള ഐമൊസ്യത്തിന്റെ സാദൃശ്യം ഈ ക്രുദാശ എന്ന ശുദ്ധമാന പൌലൊസ ശ്ലീഹാ ചൊല്ലി. പെങ്കെട്ട എന്ന ക്രുദാശേനെ മുഴുവനാക്കുന്നത കെട്ടുംപോൾ മണവാളനും മണവാട്ടിയും തങ്ങടെ മനസ്സിലെ അനുവാസം നിക്കുന്ന കാലം അറിയിക്കുന്ന വശന്ങ്ങൾ കൊണ്ട. എല്ലാവർഗ്ഗത്തിലും പുരുഷനും സ്ത്രീയും ആയി ഒള്ള പെലർച്ചമെൽ ഈ ഈ ക്രുദാശ മിശിഹാ കർത്താവ കല്പിച്ച ഒണ്ടാക്കി. ഇതിനെക്കൊണ്ട ഈ ക്രുദാശക്ക തെകയാൻ രണ്ട പ്രകാരങ്ങൾ ഒണ്ട. സാമാന്യമായി മാനുഷരുടെ വർഗ്ഗത്തിന്റെ പെലർച്ചയും ക്രുദാശയും. ഈ പെലർച്ചമെൽ മിശിഹാകർത്താവ അരുളിച്ചെയ്തു, ഏറാം കല്പിച്ചത ആയത മരിപ്പോളും തങ്ങളിൽ പിരിയരുത എന്ന. ഇതീനെക്കൊണ്ട ശുദ്ധമാന ഏവൻഗാലിയിൽ മിശിഹാകർത്താവ അരുളിച്ചെയ്തു. തംപുരാൻ ഒന്നിച്ചതിനെ മാനുഷൻ പിരിക്കരുതെന്ന. ഇതിനെക്കൊണ്ട ഈ പെങ്കെട്ട ക്രുദാശ ആയതിനെക്കൊണ്ട മിശിഹാടെ ദുഃഖത്തിന്റെ ശക്തിയാലെ ഇത കൈക്കൊള്ളുന്നാവക്ക നന്മ കൊടുക്കുന്നു. ഈ നന്മയാലെ കെട്ടുന്നാവര ശുദ്ധം ആകപ്പെടുന്നു. തങ്ങളിൽ ഒള്ളപ്രിയവും എന്നന്നെക്കമുള്ള ഐമൊസ്യവും മുഴുവൻ ആകുന്നു. എന്നാൽ പണ്ട ചെലക്ക പല സ്ത്രീകളെ കെട്ടുവാൻ തംപുരാൻ അനുവാദം ചെയ്തു. പഴെ മാർഗ്ഗത്തിൽ ചെല അവകാശം കുറിച്ച കെട്ടിയവര തങ്ങളിൽ പിരിഞ്ഞ മററ കെട്ടുകയും കെട്ടിക്കയും ആം എന്ന വന്നാത. ഈ ലോകം രക്ഷിപ്പാൻ മിശിഹാകർത്താവ ഭൂമിയിൽ വന്നാറെ വേണ്ട സാക്ഷിയാൽ ഒള്ള വെടിപ്പിനുടെ പെങ്കെട്ടിന്റെറ

malankaralibrary.com

സ്ഥാനത്തിംകൽ തന്നെ ഇപ്പളത്തെ പെങ്കെട്ട കൽപ്പിച്ചു അതിനെ കൂദാശ ആക്കകെയും ചെയ്തു. ഇതിനെക്കൊണ്ട തംപുരാൻെററ പ്രമാണമായി കൽപ്പിച്ചു, ഒരു പുരുഷന്ന ഒരു സ്ത്രീയും ഒരു സ്ത്രീയ്ക്ക ഒരു പുരുഷനുമെ ആവു എന്ന. ഇ പെങ്കെട്ട കൂദാശയുടെ നന്മകൾ മൂന്ന. ഒന്നാമത പട്ടാങ്ങയായ തംപുരാന്ന ചിററാഴ്മ ചെയ്‌വാൻ. ലൊകര ഒണ്ടാകുവാൻ, മക്കളെ പെററപ്പിക്കുന്നത. രണ്ടാമത കെട്ടിയവനും കെട്ടിയവളും തങ്ങളിൽ വേണ്ടുന്ന വിശ്വാസം. മൂന്നാമത മരിപ്പോളം തങ്ങളിൽ ഒള്ള ഒരിംപാട്ടു. അവരാസം ഹെതുവിനാൽ മേൽ പട്ടക്കാരരുടെ പ്രമാണം കൊണ്ട പിരിഞ്ഞ വേറെ രണ്ട എടത്ത ഇരിക്കാം എംകിലും ഒരു പുരുഷൻ മററ ഒരുത്തിയെ കെട്ടുകയും (സ്ത്രീ മറെറാരുത്തനെക്കൊണ്ട തന്നെ കെട്ടിക്കയും) അരുത എന്ന. അത എന്തെ. കൂദാശയാൽ ഒന്നിച്ചു ഇരുവരിൽ ഒരുത്തര മരിപ്പോളം നീങ്ങാ എന്നതിനെക്കൊണ്ട.

ഒന്നാം കാനോനാ.

പെങ്കെട്ട എന്നാ കൂദാശ ശുദ്ധമാന വസ്തു ആയതിനെക്കൊണ്ട ശുദ്ധതയോടകൂടെ അതിംമെൽ വ്യാപരിക്കണം. എന്നിട്ട ശുദ്ധമാന പള്ളി കൽപ്പിച്ചു പെണ്ണ കെട്ടുന്നവരുടെ തങ്ങടെ എടവകയ്ക്ക തലവനാകുന്ന പട്ടക്കാരൻ എംകിലും ആ തലവൻെററ അനുവാദത്താലെ കുർബാനപട്ടം ഉള്ളൊര പട്ടക്കാരൻ എംകിലും മേൽപ്പട്ടക്കാരൻെററ വിധിവചനത്താൽ ഉള്ളൊര പട്ടക്കാരൻ എംകിലും മററ ഇരുവരെ എംകിലും മൂവരെ എംകിലും നാട്ടുകാരരെ എംകിലും കൂട്ടി മേൽ പറഞ്ഞ ഒര പട്ടക്കാരരും കൂടെ പള്ളിയിൽനിന്നാ കെട്ടണാം. എന്നും ഇ പറഞ്ഞവണ്ണം കെട്ടാത്തത വാസ്തം അല്ലാ എന്നാ നട്ടുവര ഇരുവര വെണ്ടുന്നതിൽ ഒന്നാ കൊറവിൽ കൈ

malankaralibrary.com

പിടിപ്പിക്കുന്നാഎടവകക്ക തലവൻ പട്ടക്കാരനെ മേൽ പട്ടക്കാരൻ വലുതായിട്ട കുററപ്പെട്ടുക്കണം എന്നും അനുവാദം കൂടാതെയും മറെറാരു പട്ടക്കാരൻ കൈ പിടിപ്പിച്ചു എംകിലും ആ ശരീരത്തെയും വഴിയെ കുററപ്പെട്ടുക്കണം എന്ന എന്ന ശുദ്ധമാന പള്ളിയുടെ കല്പനയായത. എന്നാൽ ഇ മലംക്കര ചെല പൊങ്കെട്ട ഇവണ്ണം അല്ലാതെയും ഒണ്ട എന്നതിനെക്കൊണ്ട ശുദ്ധമാന സൂനഹദോസ എല്ലാവരോടും പ്രമാണിക്കുന്നു. മെൽ എഴുത്തുപെട്ടവണ്ണം അല്ലാതെ കെട്ടുന്നത കാൎയ്യം അല്ല. പിന്നെയൊ കെട്ടാതെ ഒരുത്തിയെ വച്ചിരിക്ക അത്രെ എന്ന. കൂടിയേ മതിയാവു എന്ന നടുവരരിരുവരെയും കൂട്ടാതെ ഒരു നടുവൻ തന്നെ കൂട്ടി കൈ പിടിപ്പിക്കുന്ന പട്ടക്കാരരും അനുവദം കൂടാതെ കൈ പിടിപ്പിക്കുന്ന പട്ടക്കാരരും ഒരു സംവത്സരം തങ്ങടെ പട്ടത്തിന്റെറ അംശം പ്രവൃത്തിക്കയും അരുത. (അംശംകൊണ്ടുള്ള ഉപകാരം അടക്കുകയും അരുത) വിശേഷിച്ചു മണവാട്ടീടെ എടവകയിലെ പട്ടക്കാരൻ അത്രെ സാമാന്യം കൈ പിടിപ്പിക്കുന്നു, എംകിലും മണവാളന്റെറ എടവകയിലെ പട്ടക്കാരനും ചെലപ്പോൾ കൈ പിടിപ്പിക്കാം. എന്നാൽ മലംകര എടവകയിലെ മൎയ്യാദക്കതക്കവണ്ണം പെണ്ണിന്റെറ എടവകയിലെ വികാരിമാരത്രെ കൈ പിടിപ്പിക്കേണ്ടുത. പസാരവും പെണ്ണിന്റെറ എടവകയിലെ പള്ളിക്കെ കൊടുക്കാവു. വിശേഷിച്ചും പെണ്ണിന്റെറ എടവകയിലെ പള്ളിയിൽ നിന്നും കെട്ടുവാൻ വശമില്ലായ്കിൽ അവിടുത്തെ വികാരിയുടെ അനുവാദത്തോടുകൂടെ മറെറാരു പള്ളിയിൽ ചെന്ന കൈപിടിപ്പിച്ചുകൊള്ളാം. എന്നാലും പസാരം പെണ്ണിന്റെറ എടവകയിലെ പള്ളിക്കെ കൊടുക്കാവു.

malankaralibrary.com

## രണ്ടാം കാനോനാ.

മലംകര പെണ്ണുകെട്ടുമ്പോൾ നിക്കുന്ന കാലം അറിയിക്കുന്ന വചനങ്ങൾകൊണ്ടു അല്ല എല്ലാടത്തും ചൊല്ലി കെട്ടിച്ചു ഞായം. എന്നതിനെക്കൊണ്ടു ശുദ്ധമാന സൂനഹദോസ കല്പിക്കുന്നു. മണവാളനും മണവാട്ടിയും പള്ളിക്കൽ വന്നാൽ മെൽ എഴുത്തുപെട്ടപോലെ കൂടെ ണ്ടുന്നവരെ കൂട്ടി പട്ടക്കാരൻ വെള്ളക്കുപ്പായവും ഊറാലയും ഇട്ട അവരോട ചോതിക്കണം. നിങ്ങൾ തമ്മിൽ കെട്ടുവാൻ മനസ്സ ഒണ്ടോ എന്നു. അത അങ്ങനെ എന്നു അവര വെളിച്ചമെ അറിയിച്ചാൽ പട്ടക്കാരൻ തൻെറ കഴുത്തേൽ ഇട്ട ഊറാലെടെ എടത്തെ തല എടുത്ത തൻെറ എടത്തെ കയി മലത്തിവച്ചു ആ ഉള്ളൻകൈയിൽ ഇടണം. എന്നാൽ മണവാട്ടീടെ വലത്തെ കയി തൻെറ കൈയിൽ ഊറാലെടെമെലെ മലത്തി മണവാളൻെറ കൈ സ്ലീവാ അടയാളത്താൽ മണവാളൻെറ മണവാട്ടിയുടെ കൈയിൽ മലത്തിവെക്കണം. അതിൻെറമേൽ ഊറാലെടെ മററെ തല കൊണ്ടു മൂടി അതുംമെൽ തൻെറ വലത്തെ കൈ കമുത്തിവച്ചു വീണ്ടും തൻെറ വലത്തെ കൈ എടുത്ത മററവച്ചിരിക്കുന്ന കൈകൾമെൽ ബുശെംആവാവെഊറാ വൊഹാദക്കുദശാ ആമ്മേൻ ചൊല്ലി റൂശ്മാചെയണം. അതിൻെറശേഷം പെണ്ണിനെക്കൊണ്ടു ചൊല്ലിക്കണം,—ഈ വചനങ്ങളെക്കൊണ്ട്—ഞാൻ ഇന്നാവൾ നിന്നെ ഇന്നാര എൻെറ ഭർത്താവായി ശുദ്ധമാന റോമ്മാപ്പള്ളി കൽപിച്ചവണ്ണം കൈക്കൊള്ളുന്നെൻ. പിന്നെ ചെറുക്കനെക്കൊണ്ടും ചൊല്ലിക്കണം. ഞാൻ ഇന്നാവൻ നിന്നെ ഇന്നാവളെ എൻെറ ഭാൎയ്യവൾ ആയി ശുദ്ധമാന റോമ്മാപ്പള്ളി കൽപിച്ചവണ്ണം കൈക്കൊള്ളുന്നെൻ എന്നു. ഇരിവരും ഇങ്ങിനെ

malankaralibrary.com

ചൊല്ലിയതിന്റെറശേഷം പട്ടക്കാരൻ ഈ വചനങ്ങൾ ചൊല്ലണം. എന്റെറ അംശത്താൽ നിങ്ങൾ ഇരിവരയും ഞാൻ ഒന്നിപ്പിക്കുന്നൊൻ. ബാവായുടെയും പുത്രന്റെറയും റൂഹാദക്കുദശായുടെയും നാമത്താൽ എന്നും ചൊല്ലി റൂശ്മായും ചെയ്ത അവരുടെ അവരുടെമെൽ ഹാനാൻ വെള്ളം തളിക്കയും വെണം. ഈ പെങ്കെട്ട പള്ളിയുടെ വല്യവാതുക്കൽനിന്ന അത്രെ വേണ്ടു. ഈ ക്രിയ എല്ലാം അവുടുന്ന കടത്തിയാൽ ഇരിവൎക്കും കന്നികെട്ട എംകിൽ മദ്ബഹായിൽ വരുത്തി ത്രൊണൊസിന്റെറ നെരെ മുട്ടുംകുത്തി അവരുടെമെൽ ബുറുക്കാ എന്ന നമസ്കാരം ചൊല്ലി റൂശ്മാ ചെയ്യണം. ഇരിവൎക്കും കന്നികെട്ട അല്ല എംങ്കിൽ വാതിക്കൽനിന്ന പറഞ്ഞ ക്രിയകൾ എല്ലാം ചെയ്താൽ മതി. പള്ളിയകത്ത കടന്ന കുംപിട്ടും കൊണ്ട പോകെവേണ്ടു. ബുറുക്കാ എന്ന നമസ്കാരം അവരുടെമെൽ ചൊല്ലരുത. എന്നാൽ ഇരിവരിൽ ഒരുത്തൎക്ക കന്നികെട്ട എംകിൽ മററവൎക്ക കന്നികെട്ട അല്ലന്നും വരുകിൽ ആ കന്നികെട്ട ആകുന്നാവരുടെമെൽ ബുറുക്കാ എന്ന നമസ്കാരം ചൊല്ലണം.

## മൂന്നാം കാനോനാ.

പെങ്കെട്ടിന്ന ശക്തി ഉണ്ടാവാനും അതിനുള്ള മൊടക്കം അറിവാനും ത്രെന്തൊസ എന്ന സൂനഹദോസിൽ എഴുത്തുപെട്ടതിന്ന ഒത്തവണ്ണം ഇരിപ്പാനും ആയിട്ട ശുദ്ധമാന സൂനഹദോസ പ്രമാണിക്കുന്നു. കെട്ടുന്നൊര ഇരുവരുടെയും എടവകയിന്ന മൂന്ന കുറി ഞായറാഴ്ച എങ്കിലും പെരുന്നാൾക്ക എംങ്കിലും കുർബാന കാണ്മാൻ യൊഗം ഒക്കയും വന്നാൽ കുർബാന നേരത്തെ എടവകയിലെ മൂപ്പൻ ആകുന്ന പട്ടക്കാരൻ

malankaralibrary.com

എംകിലും അയാളുടെ ചൊല്ലാൽ മററ ഒരു പട്ടക്കാരൻ എംകിലും വിളിച്ചുചൊല്ലണം. ഇന്ന ദേശത്ത കുടിയിരിക്കുന്ന ഇന്നവരുടെ മകൻ ഇന്ന ദേശത്ത കുടിയിരിക്കുന്ന ഇന്നവരുടെ മകളെ കെട്ടുവാൻ ആയിട്ട ഇരിക്കുന്നു. ഇതിന്ന കെട്ടരുതാത്ത മൊടക്കം എതാനും ഒണ്ടെന്ന ആരാനും അറിഞ്ഞിരിക്കിൽ രഹസ്യത്തിൽ വന്ന അറിയിച്ചേക്കണം അറിഞ്ഞിരുന്ന അറിയിക്കാത്തവൎക്ക മഹറോൻ ഒണ്ടാം. ഇവണ്ണം മണവാളന്റെറയും മണവാട്ടിയുടെയും എടവകയിൽ കെട്ടുംമുമ്പെ മൂന്ന കുറി വിളിച്ചു ചൊല്ലുകയും വേണം. ഇങ്ങനെ വിളിച്ചു ചൊല്ലിയാൽ കെട്ടരുതാത്ത മൊടക്കം എതാനും ഒണ്ടെന്ന പട്ടക്കാരൻ അറിഞ്ഞാൽ അതുംമെൽ എങ്ങിനെ വേണ്ടു എന്ന നിരുപിപ്പാനും കല്പിപ്പാനും മേൽപട്ടക്കാരനോട പട്ടക്കാരൻ അറിയിക്കയും വേണം. ഇത അറിയിക്കാത്ത പട്ടക്കാരൻ കെട്ടിക്കയും അരുത. നിശ്ചിരിയതചം ആയി ഒര പെങ്കെട്ട മൊടക്കുവാൻ ആരാനും ഒണ്ടെന്ന തോന്നുകിൽ മേൽപട്ടക്കാരന്റെറ എംകിലും ആ ശരീരത്തിന്റെറ എംകിലും പ്രമാണം ഒള്ള ശരീരത്തിന്റെറ എംകിലും പ്രമാണത്താൽ മേൽപറഞ്ഞവണ്ണം വിളിച്ചുചൊല്ലാതെ കെട്ടിക്കയും ആം.

### നാലാം കാനോനാ.

എല്ലാ എടവകയിലെ പള്ളികൾ ഒക്കയിലും എഴുത്തുകൂടാതെ ഓരോ പൊസ്തകം കുത്തിച്ചുവെക്കണം. അതിൽ ഇത്ര കുടുദാശ ഒണ്ടെന്നാത കണക്കപ്പെടുകയും വേണം. ആ പൊസ്തകത്തിൽ തന്റെറ തന്റെറ എടവകയിൽ കെട്ടുന്നാവര കണക്ക എഴുതുകയും വേണം. ഇന്ന എടവകയിലെ ഇന്ന പേരുള്ള പള്ളിക്കൽ മൂപ്പൻ ആകുന്ന പട്ടക്കാരൻ ഇന്നകാലത്ത ഇന്ന തിങ്ങൾ ഇ

malankaralibrary.com

ത്രാംദിവസി ഇന്നാവരുടെ മകനെക്കൊണ്ട ഇന്ന എട വകയിൽ കുടിയിരിക്കുന്ന ഇന്നാവരുടെ ഇന്ന മകളെ ഇന്ന പള്ളിക്കെന്ന ഇന്നാരെയും ഇന്നാരെയും സാക്ഷിപ്പെടുത്തി ത്രെന്തോസ സൂനഹദോസിലെ കല്പനക്ക തക്കവണ്ണം കെട്ടിച്ചു എന്ന വാചകം ഇട്ട എഴുതിയാൽ അതിന്റെറ അററത്ത കെട്ടിച്ച പട്ടക്കാരൻ താനും പിന്നെ സാക്ഷിക്കാര ഇരിവരും കൂടെ ഒപ്പ ഇടുകയും വേണം. എന്നിട്ട ഇവണ്ണം എഴുത്തുപെടുന്ന പൊസ്തകം, മെല്പട്ടക്കാരൻ ചോദിക്കുമ്പോൾ അതിന്റെറ കണക്ക ഒപ്പിക്കേണ്ടുന്ന പട്ടക്കാരൻ വഴിയെ സംഗ്രഹിച്ചുകൊള്ളുകയും വേണം.

അഞ്ചാം കാനോനാ.

ഇ കൂദാശ കൈക്കൊള്ളുന്നവക്ക നന്മ കിട്ടും എന്നതിനെക്കൊണ്ട ആത്മാവിലെ ശുദ്ധതയോടും ഭൂമയോടും ഇതിനെ കൈക്കൊള്ളണം. വിശേഷിച്ച ശുദ്ധമാന ത്രെന്തോസ എന്ന സൂനഹദോസിലെ കല്പനക്ക തക്കവണ്ണം ഇ സൂനഹദോസ കല്പിക്കുന്നു. എന്തെന്നാ. കെട്ടുന്നതിന മൂന്ന ദിവസത്തെക്ക മുമ്പെ മണവാളനും മണവാട്ടിയും കുമ്പസാരിച്ചുകൊള്ളണം എന്നും കുർബാന കൊള്ളുവാൻ തക്കവര എംകിലും കുർബാന കൊള്ളുകയും വേണം. ഇവണ്ണം ചെയ്യാത്തവരെക്കൊണ്ട പട്ടക്കാരൻ കെട്ടിക്കയും അരുത. വഴിയെ ഇത എല്ലാം ചെയ്ത പട്ടക്കാരൻ കെട്ടിപ്പാൻ അനേകം സൂക്ഷിച്ചുകൊള്ളുകയും വേണം.

ആറാംകാനോനാ.

ശുദ്ധമാന വിശ്വാസം ഉണ്ടായിരിക്കുന്നവക്കും പഴെ മാൎഗ്ഗത്തിലും പെണ്കെട്ടിന്ന മൊടക്കം ഒള്ള ചാൎച്ചെടെ പന്തികൾ ഉണ്ടായിരുന്നു. ആ പന്തികൾ ആ

malankaralibrary.com

യ ചാർച്ചയിൽ പെണ്ണുകെട്ടുന്നത വാസ്തവം അല്ലാതയും ഇരുന്നു. എന്നാൽ ഞായത്താലയും തമ്പുരാൻെറ പ്രമാണത്താലെയും പെങ്കെട്ടിന്നു വെലക്കപ്പെട്ട ചാർച്ചയായത ഇത. ഒരുത്താരെ തൊട്ട നെരെ മേല്പോട്ടും കീപ്പോട്ടും കാന്നവരും അനന്തരവരും നെരെ ആങ്ങളമാരു പെങ്ങൻമാരും ആയിട്ട ഒള്ള ചാർച്ച താനെ അല്ല പിന്നെയൊ പെങ്കെട്ടിന്നു മൊടക്കമായ ചർച്ചകൾ ഒണ്ടായിരുന്നു. എന്നാൽ ഇപ്പോൾ ശുദ്ധമാന ത്രൊന്തോസ എന്ന സൂനഹദോസിൻെറ കല്പനയാലെ പെണ്ണുകെട്ടിന്നു മൊടക്കം ഒള്ള ചാർച്ചകൾ ആകുന്നത നാല.

ഒന്നാമത. നേരെയുള്ള ജേഷ്ടൻ അനുജൻമാര രണ്ടാമത. ജേഷ്ടൻ അനുജൻമാരുടെ മക്കളും അപ്പൻെറ വഴിക്കും അമ്മെടെ വഴിക്കും ഒള്ള അമ്മാവന്മാരും മൂന്നാമത. ജേഷ്ടൻ അനുജൻമാരുടെ മക്കടെ മക്കളും അപ്പൻെറ താൻ അമ്മെടെ താൻ ജേഷ്ടൻ അനുജന്മാരുടെ എംകിലും ആങ്ങളമാരുടെ എംകിലും ആകുന്ന അമ്മാവൻമാരുടെ മക്കളെയും. നാലാമത ജേഷ്ടൻ അനുജന്മാരുടെ മക്കടെ മക്കടെ മക്കളെയും ആങ്ങളെടെയും പെങ്ങടെയും മക്കടെ മക്കടെ മക്കളെയും അപ്പൻെറ താൻ അമ്മെടെ താൻ ജേഷ്ടൻ അനുജന്മാരുടെ എംകിലും ആങ്ങളമാരുടെ എംകിലും മക്കടെ മക്കടെ മക്കളെയും മുത്തപ്പൻെറ താൻ മുത്തിടെ താൻ ജേഷ്ടൻ അനുജന്മാരുടെ എംകിലും ആങ്ങളമാരുടെ എംകിലും മക്കളെയും. ഇത്രനെരവും തങ്ങളിൽ നെരെ ഒള്ള ചാർച്ച കൊണ്ട പറഞ്ഞു. ഇപ്പോൾ ബന്ധു വഴി ഒള്ള ചാർച്ചകൊണ്ട പറവാൻ തൊടങ്ങുന്നു.

എന്നാൽ ഒരുത്തൻ ഒരുത്തിയെ കെട്ടിയാൽ അവൾ മരിച്ചുപോയാൽ അവളുടെ നാലാം കരുന്തലയിൽ ഒ

malankaralibrary.com

ള്ള ചാർച്ച ഒള്ള അവൻ കെട്ടരുത. അവണ്ണം അവ
ൻ മരിച്ചുപോയി എംകിൽ അവൻെറ നാലാം കരു
ന്തലയിലോളം ഒള്ള ചാർച്ചയിൽ അവളെയും കെട്ടരുത.
ഒൗവണ്ണം തന്നെ ഒരുത്തൻ ഒരുത്തിയോട കെട്ടാതെ പെ
ഴച്ചു എംകിൽ രണ്ടാം ചാർച്ച കടന്ന മൂന്നാം ചാർച്ച
യിൽ കെട്ടാവു. ഇത ആണിൻെറയും പെണ്ണിൻെറ
യും വഴിക്ക ഒരുപോലെ ആകുന്നു. മേൽ പറഞ്ഞ
ചാർച്ചകൾ കൂടാതെ മററു ചാർച്ചകൾ ഇല്ല, പെങ്കെ
ട്ടിന്ന മൊടക്കം ഒള്ളത. എന്നാൽ മെൽപ്പറഞ്ഞ മൊ
ടക്കം ചങ്കിരാതെ ആരാനും കെട്ടുകിൽ ചാവുദോഷം
അവക്ക ഒണ്ട. കെട്ട വാസ്തം അല്ല. കെട്ടാതെ വ
ച്ചിരിക്കുന്നതിന്ന ഒക്കം അത്രെ താനും എന്നാൽ ഒള്ള
ചാർച്ചെടെ പന്തികൾക്ക അകത്ത ആക്കാനും കെട്ടേ
ണ്ടുകിൽ ശുദ്ധമാന പാപ്പാടെ അനുവാദം ഒള്ള മേല്പട്ട
ക്കാരക്ക ഇത്രാം കരുന്തലയിൽ ഇന്ന അവകാശം കൊണ്ട
കെട്ടണം എന്ന എഴുതിക്കൊട്ടണം. അവകാശത്തിന്ന
തക്കവെണ്ണം അനേകം സൂക്ഷിച്ചു ഏത്തും ഒരു വസ്തു വാ
ങ്ങിക്കൊള്ളാതെ അനുവദിക്കയും ആം

## ഏഴാംകാനോനാ.

ഇ പറഞ്ഞ ചാർച്ചെടെ പന്തികൾ കൂടാതെ ആ
ത്മാവിന്നടുത്ത ചെല ചാർച്ചെടെ പന്തികളും ഒണ്ട.
പെങ്കെട്ടിൻെറ മൊടക്കത്തിന്നും ആ ചാർച്ചെടെ പ
ന്തികളിൽ പെങ്കെട്ട ഒണ്ടായെങ്കിൽ അത വാസ്തം അ
ല്ലായ്യാനും. അത ആയത. മേൽപറഞ്ഞപോലെ മാ
മ്മോദീസാ മുങ്ങുന്നവരും അവരുടെ തലതൊടുന്നവരും
മുങ്ങുന്നവരുടെ അപ്പനും അമ്മയും തലതൊടുന്നവരും
തങ്ങളിൽ ഒള്ള ചാർച്ച. ഇവണ്ണം തന്നെ, മുമ്പില
ത്തെ ഒപ്പ്രംശുമായ്ക്കും 'രൂശുമാ' കൈക്കൊള്ളുന്നവരും

malankaralibrary.com

രുശ്ശുമാ കൈക്കൊണ്ടവരുടെ അപ്പനും അമ്മയും ഒള്ള ചാർച്ച. ഈ ചാർച്ചയിലും പെണ്ണുകെട്ടുകയും അരുത. കെട്ടുകിൽ അത വാസ്തവവും അല്ല. എന്നാൽ ഇത്തരം ചാർച്ച ഒള്ളവര തങ്ങളിൽ കെട്ടുവാൻ മനസ്സ ഒണ്ടെംകിൽ ശുദ്ധമാന പാപ്പാടെ അനുവാദം ഒള്ള മേല്പട്ടക്കാരക്ക ഇന്ന ചാർച്ചയിൽ കെട്ടെണ്ടിയിരിക്കുന്നു എന്ന എഴുതിക്കാട്ടിയാൽ അനുവാദം ചെവാൻ തക്കത അല്ല എംകിലും അവകാശത്തിന്ന തക്കവണ്ണം മേല്പട്ടക്കാരര തങ്ങൾക്ക ഒള്ള അംശത്താലെ മൂളുകിലെ കെട്ടാവു എന്നാൽ അനേകം വലുതായിട്ടൊള്ള അവകാശത്തിനെ മൂളാവു. ഇങ്ങനെ അനുവാദം വാങ്ങിക്കൊള്ളാതെ കെട്ടുകിൽ കെട്ടാതെ വച്ചിരിക്കുന്നതിന്ന ഒക്കും അത്രെ.

## എട്ടാംകാനോനാ.

മേൽ എഴുത്തപ്പെട്ട ചാർച്ചെടെ പന്തികളിലും ആ പന്തികളിൽ കെട്ടുവാൻ ഇന്നാവക്കെ അനുവാദം ചെയാവു എന്നും മലംകര ഒള്ളവര ഇത്രനാളും അറിയാഞ്ഞിട്ടു കീഴിൽ ആയിരിക്കുന്ന മേൽപട്ടക്കാരൻ ശുദ്ധമാന പാപ്പാടെ അനുവാദം കൂടാതെ പലര ചാർച്ചക്കാരക്ക മൂളിക്കൊടുത്ത കെട്ടിച്ചതിനെക്കൊണ്ട മലംകര ഒണ്ടായ സൂനഹദോസിന്ന കൂടിയവക്ക തോന്നി ബഹുമാനപ്പെട്ട മാർ അല്ലേസോസു മെത്രാൻ തനിക്ക ശുദ്ധമാന പാപ്പാ കൊടുത്ത അനുവാദത്താലയും (സംപാളൂർ പാദ്രിമാക്ക ശുദ്ധമാന പാപ്പാ വഴങ്ങിയ അനുവാദത്താലയും) കീഴിൽ പലപല പന്തിയുള്ള ചാർച്ചയിൽ കെട്ടിയവരുടെ കെട്ട വാസ്തവം ആക്കിയേക്കണം. എന്നാതിനെക്കൊണ്ട മെത്രാൻ തനിക്ക ഒള്ള അംശത്താലയും മാർഗ്ഗത്തിന്റെറ പ്രമാണത്താൽ എത്രമെൽ തനിക്ക ആയിരുന്ന എന്നാൽ അവ്വണ്ണം താൻ കീഴിലേ

malankaralibrary.com

ത്തിന്റെ എപേരിന്നും അടക്കി അനുവദിക്കയും ചെയ്തു. വിശേഷിച്ചും കീഴിൽ ചാർച്ച ഉള്ളവര തങ്ങളിൽ കെട്ടിയതിന്ന ഏറെ തങ്ങടെ ആത്മാവിന്റെ ശുദ്ധതക്ക രഹസ്യത്താലെ ഒരു പട്ടക്കാരരയും ഇരിവര സാക്ഷിക്കാരരയും ക്രൂട്ടിക്കൊണ്ടു കൈ പിടിപ്പിച്ചുകൊള്ളണം എന്ന പ്രമാണിക്കുന്നു. ഇനിമേലിൽ വെലക്കപെട്ട പെങ്കെട്ടിന്ന അനുവാദം വേണമെങ്കിൽ ശുദ്ധമാന പാപ്പാടെ കട്ടദാശിയിൽ എഴുത്തുപെട്ട പ്രകാരത്തും വഴിയെ അനുവാദം ചെയാവു. അതല്ലാതെ കെട്ടുകിൽ ആ കെട്ട വാസ്തം അല്ല. കെട്ടാതെ വച്ചിരിക്കുന്നതിന്ന ഒക്കം അത്രെ എന്ന.

### ഒൻപതാം കാനോനാ.

സുവറാടെ ഒന്നാം ഞാറാഴ്ച തൊട്ട പതിമ്മൂന്നാം പെരുന്നാൾ കടപ്പോളം അൻപത നൊയമ്പിന്റെ (തലെനൊയമ്പു കടന്നുവരുന്ന ബൊധനാഴ്ചനാൾ) തൊട്ട പുതുഞാറാഴ്ച കടപ്പോളം കല്യാണം സ്മരിച്ച ആടരുത എന്ന നസ്രാണികളുടെ ക്രൂട്ടത്തിന്റെ പഴെ മരിയാതി ശുദ്ധമാന സൂനഹദോസ കൈക്കൊള്ളുന്നു. വിശേഷിച്ച മലംകര നസ്രാണികളുടെ മരിയാതക്ക തക്കവണ്ണം അൻപത നൊയമ്പിന്റെ മുമ്പിലത്തെ ഞാറാഴ്ച പെൺകെട്ട സ്മരിക്കരുത എന്ന ശുദ്ധമാന സൂനഹദോസ പ്രമാണിക്കുന്നു. ഇ വെലക്കപെട്ട ദിവസങ്ങൾ അല്ലാതെ ഉള്ള ദിവസങ്ങളിൽ കല്യാണം വേണ്ടുവോളം സ്മരിച്ച ആടിക്കൊള്ളുകയും ആം.

### പത്താം കാനോനാ.

മാർഗ്ഗത്തിൽ പെങ്കെട്ടിന്ന കല്പനപെട്ട പ്രായം ക്രൂടാതെ ഇ എടവകയിൽ കെട്ടി ഞായം എന്നതിനെ കൊണ്ടു ശുദ്ധമാന സൂനഹദോസ പ്രമാണിക്കുന്നു. കെ

malankaralibrary.com

ട്ടുന്ന ചെറുക്കന്നു പതിനാൽവയസ്സ തെകഞ്ഞെ ആവു എന്നും പെണ്ണിന പന്തിരണ്ട വയസ്സ തെകഞ്ഞെ ആവു എന്നും. ഇവണ്ണം പ്രായം തെകയാതെ കെട്ടുവാൻ മേൽപട്ടക്കാരക്ക അനുവാദം ചെയ്യക്കൂടാ എന്നറിക. വിശേഷിച്ച മേൽപറഞ്ഞ വയസ്സ തെകയും മുമ്പിൽ ആക്കാനും കെട്ടുവാൻ മനസ്സ ഒണ്ടെങ്കിൽ പെൺകെട്ടിന്നു വേണ്ടുന്ന വശം അവക്കൊണ്ടോ എന്നു മേൽപട്ടക്കാരൻ അറിയണം. അതുണ്ടെങ്കിൽ കൈ പിടിപ്പാൻ അനുവാദം ചെയ്യണം. എന്നാൽ കാവ്യരുടെ മര്യ്യാതക്ക തക്കവണ്ണം നടക്കാഴ്വാനും ആത്മാവിന്നു ദോഷം തട്ടാഴ്വാനും ശുദ്ധമാന സുന്നഹദോസ കൽപിക്കുന്നു. പെണ്ണുകെട്ടിന വേണ്ടുന്ന വശം അവക്ക ഒണ്ടെങ്കിൽ ചെറുക്കന്നു തെകയെണ്ടുന്ന വയസ്സിൽ നാലുമാസത്തെക്കു മുൻപെയും പെണ്ണിന്നു തെകയേണ്ടുന്ന വയസ്സിൽ ആറു മാസത്തേക്ക മുൻപെയും കെട്ടുവാൻ മേൽപട്ടക്കാരക്ക മൂളി അനുവാദം ചെയ്യാം. ഇവണ്ണം അല്ലാതെ കെട്ടുന്നത വാസ്തം അല്ല പറഞ്ഞ ഒക്കുന്നതിന്നു ഒക്കും അത്രെ. കെട്ടിക്കുന്ന പട്ടക്കാരൻ ആ മൂന്നുമാസത്തേക്ക തൻെറ പട്ടത്തിൻെറ അംശം പ്രൊത്തിക്കയും അരുത. അതുകൊണ്ടുള്ള ഒപകാരം അടക്കുകയും അരുത.

### പതിനൊന്നാം കാനോനാ.

മേൽപട്ടക്കാരരുടെ പ്രമാണംക്കൂടാതെ മലംകര എടവകയിൽ കെട്ടിയിരിക്കുന്നതിൽ ചെലര കെട്ടിയവനും കെട്ടിയവളും തങ്ങളിൽ പരിഞ്ഞിരുന്ന് പല ദോഷങ്ങളിൽ പൂകുന്നു എന്നാത ഇ സുന്നഹദോസ അറിഞ്ഞതിനെക്കൊണ്ട മഫറോൻെറ പ്രാശ്ചിതത്താലെ തങ്ങളിൽ വീണ്ട ഒരുമിച്ചിരുന്ന ചെലരണം എന്ന പ്രമാണിക്കുന്നു. വിശേഷിച്ച പിരിഞ്ഞിരിപ്പാൻ തക്ക

malankaralibrary.com

അവകാശം ഒണ്ടെങ്കിൽ മേൽപട്ടക്കാരനോട അറിയിച്ചു അവകാശത്തിനും ഞായത്തിനും തക്കവണ്ണം (മേൽപട്ടക്കാരൻ വിധിച്ചാൽ ആ വിധിക്കു തക്കവണ്ണം) ഇരുന്നുകൊള്ളുകയും വേണം.

പന്ത്രണ്ടാം കാനോനാ.

മലംകര നസ്രാണികളുടെ എടയിൽ ചെലര കഴുത്തിൽ വല്ലവരെക്കൊണ്ട കുംമ്പളത്താലിയും കെട്ടിച്ചു കൊണ്ടു കെട്ടി എന്നും ചൊല്ലി പെലരുന്നവൾ പലരു ഒണ്ടെന്ന സൂനഹദോസ അറിഞ്ഞതിനെക്കൊണ്ട ആ കെട്ട വാസ്തം അല്ലെന്നും ശാവുദോഷം ഒണ്ടെന്നും ശുദ്ധമാന സൂനഹദോസ വിധിച്ചു. അങ്ങനെ ഇരുന്ന പെലരുന്നവരുടെ പെലർച്ച നെടി ഉണ്ണുന്നവരുടെ പെലർച്ച അത്രെ ആയത. എന്നാൽ അത അത പള്ളിക്കൽ വിഗാരിമാരായി നിക്കുന്ന പട്ടക്കാരരുടെ കൈയാൽ മേൽ എഴുത്തുപെട്ടപോലെ പള്ളിക്കെന്ന കൈപിടിപ്പിച്ചു കൊള്ളുകയുംവേണം വിഗാരിമാര തന്റെ എടവകയിൽ ഇത്തരം ജനം ഉണ്ടൊ എന്ന സൂക്ഷിച്ച്. അറിഞ്ഞ വഴിയെ ഞായത്തുംമെൽ ഇരിപ്പാൻ കൈയും പിടിപ്പിച്ചു ഇരുത്തിയേക്കണം.

വിശേഷിച്ചു വീട്ടിന്ന കാന്നവര ആയിരിക്കുന്നവര തങ്ങടെ തങ്ങടെ സ്ഥലത്ത ഇവണ്ണം ഇരിക്കുന്ന തങ്ങടെ പിള്ളെരെ കൊണ്ടെന്ന പട്ടക്കാരനെക്കൊണ്ട കൈപിടിപ്പിക്കായിൽ മേൽപട്ടക്കാരൻ തനിക്ക ഒത്തവണ്ണം കുററപ്പെടുക്കയും വേണം. ഇ കുററപ്പാട്ടു ക്രൂടാതെ കാന്നവർ ആകുന്നവക്ക ആത്മാവിന്ന അനേകം ദോഷം ഒണ്ട.

malankaralibrary.com

### പതിമൂന്നാം കാനോനാ.

ഇ എടവകയിൽ ചെല ഗ്രമ്മാണര പെണ്ണകെട്ട എന്ന ക്രൂദാശേടെ മേനിക്ഷയം വരുത്തി പല സ്ത്രീക ളെ പള്ളിയും പട്ടക്കാരുംക്രൂടെ അറിഞ്ഞ കെട്ടി എന്ന ശുദ്ധമാന സുനഹദോസ അറിഞ്ഞാറെ വികാരിമാ രോട പ്രമാണിക്കുന്നു. തന്റെറ തന്റെറ എടവകയിൽ ചെന്ന ഉടനെ എടവകയിൽ ഇത്തരക്കാരര ഒണ്ടോ എ ന്ന സൂക്ഷിച്ചറിഞ്ഞ 'അവരോട വേണ്ടുന്നത എല്ലാം പറഞ്ഞ എല്ലായിലും മുമ്പിൽ കെട്ടിയോളെ' പെല ത്തുമാറാകണം. അത കേൾക്കയില്ലാ എംകിൽ അവ ളെത്തന്നെ പെലത്തുവോളം മഘറോൻ ചെല്ലി പൊറ ത്ത കളയണം. ഇന്നി അവ്വണ്ണം ആരാൻ കാട്ടുകിൽ അ വരോട ഇവ്വണ്ണം ചെയ്യണം.

### പതിന്നാലാം കാനോനാ.

മലംകര നസ്രാണികളുടെ എടയിൽ പെണ്കെട്ടിന്ന പൊരുത്തവും പൊഴുതും തണ്യദിവസവും ചോദിപ്പാറ എന്നും നെല്ലും നീരും വീഴ്ത്തുന്നതും മററും മാർഗ്ഗത്തി ൽ ചിതം അല്ലാത്ത പല വസ്തുക്കൾ ചെവാറ ഒണ്ട എന്ന സുനഹദോസ കേട്ടു. എന്നതിനെക്കൊണ്ട പ്രമാണിക്കുന്നു. നസ്രാണികൾ ഒക്കയോട്ടും ക്രൂടെ അ പേക്ഷിക്കുന്നു. ഇത്തരം അവസ്ഥകൾ ഒന്നും ചെയ്യരു ത എന്നും ചെയിപ്പിക്കരുത എന്നും ഇത കേളാതെ ഇത്തരം ഏതാനും ചെകിൽ അവരെ ആറുമാസത്തേ ക്ക എണങ്ങീന്ന പൊറത്താക്കുകയും വേണം.

### പതിനഞ്ചാം കാനോനാ.

മലംകര പെണ്കെട്ട പറഞ്ഞ ഒക്കുമ്പോൾ മാർഗ്ഗ ത്തിൽ അടാത്ത കാവ്യക്കുട്ടത്ത ചെല സത്യം

malankaralibrary.com

ചെയ്യുന്നു എന്നും കെട്ടുവാൻ ഇരിക്കുന്നവൎക്ക ദൃഢത ഉണ്ടാകും മുമ്പെയും അവരുടെ മനസ്സു ഒവ്വാതെയും പറഞ്ഞൊപ്പാറ എന്ന ശുദ്ധമാന സൂനഹദോസ കേട്ടതിനെക്കൊണ്ട എല്ലാവരോടുംകൂടെ പ്രമാണിക്കുന്നു. ഇനി തൊടങ്ങി. പെണ്ണു പറഞ്ഞ ഒക്കുംപോൾ കെട്ടുവാൻ ഇരിക്കുന്നവരുടെ ദൃഢത ഉണ്ടാകും മുൻപയും അവരുടെ മനസ്സു ഒവ്വാതെയും പറഞ്ഞ സത്യം ചെയ്യരുത എന്നും അങ്ങിനെ ചെയ്യുന്നെടത്ത പട്ടക്കാരെ കൂടരുത എന്നും അങ്ങിനെ ചെയ്യുന്നവരെ വഴിയെ കുററപ്പെടുക്കണം എന്നും: വിശേഷിച്ചു ഓരോരോ തറവാട്ടു തങ്ങളിൽ കെട്ടുപെടുവാനായിട്ട എംകിലും മറേറതാന്നാ അവകാശത്തെക്കുറിച്ചു എംകിലും മുൻപെ ഒത്തെ മതിയാവു എന്ന വരികിൽ കാന്നവന്മാർ തങ്ങളിൽ പറഞ്ഞ തങ്ങടെ മക്കളെ തങ്ങളിൽ കെട്ടിച്ചു കൊള്ളുമാറ എന്ന എഴുതിപ്പിടിച്ചുകൊള്ളുകെ ആവു. ഇവണ്ണം എഴുതിപ്പിടിച്ചാൽ പൈതങ്ങൾക്ക ദൃഢത വന്നാൽ അവൎക്ക തങ്ങളിൽ കെട്ടുവാൻ മനസ്സില്ലംകിൽ എഴുതിവച്ചതു കാൎയ്യം അല്ല.

## പതിനാറാം കാനോനാ,

മലംകര പെണ്ണുകെട്ടിയാൽ കെട്ടീട്ടു നാലാംപക്കം കുളിച്ചെ പള്ളിക്കൽ പോകുമാറ ഒള്ളു എന്ന സൂനഹദോസ കേട്ടു. അത പഴെ മാൎഗ്ഗത്തിലും കാവ്യരുടെയും മൎയ്യാത ആയതിനെക്കൊണ്ട ഇ വൎത്തമാനം സൂനഹദോസ ഉപേക്ഷിക്കുന്നു. മണവാളനും മണവാട്ടിയും നിത്തലും ആ എടക്ക പള്ളിക്കൽ പോക അത്രെ വേണ്ടു എന്ന അപേക്ഷിക്കുന്നു. കെട്ടിയാൽ നാലാംപക്കത്തിന്നു അകത്ത ഞൊറാഴ്ച താൻ പെരുനാൾ താൻ വന്നു എംകിൽ അന്ന പള്ളിക്കൽ ചെന്ന

malankaralibrary.com

കുർബാന കാണായ്കിൽ ചാവുദോഷം ഉണ്ടായി പെഴക്കും എന്ന നിശ്ചയം,

---

## ഏഴാം മൌത്വാ.

### ഏഴാം കൂടിവിചാരം.

### (Session VIII)

നസ്രാണികൾ ആകുന്ന പൈതങ്ങളുടെ പള്ളിയിൽ വേണ്ടുന്ന വസ്തുക്കൾമ്മെൽ.

#### ഒന്നാം കാനോനാ.

ശുദ്ധമാന കത്തോലിക്കാപ്പള്ളി റൂഹാദക്കുദശായാൽ രക്ഷപെടുകയും ബോധിപ്പിക്കയും ചെയ്യുന്ന എന്നതിനെക്കൊണ്ട നസ്രാണികളുടെ നന്മയായ രക്ഷക്ക വേണ്ടുന്ന ക്രുദാശകളെ വിരവിൽ കിട്ടുവാനും ആയിട്ട ഭൂമിയിൽ ഒള്ള രാജിതങ്ങളിൽ എല്ലായിടത്തും ആയിട്ട മെത്രാന്മാരെ എടവകകളിൽ കല്പിച്ച മെത്രാന്മാരുടെ ഓരോരൊ എടവകയിൽ പലപല എടവകകളും അതിന ഓരോരൊ എടയന്മാരെയും കൽപിച്ചു. അത എന്തെ. മെത്രാൻമാരുടെ എടവകക്കാരര മെത്രാൻമാരാൽ ശുദ്ധമാന പാപ്പാനെ വഴങ്ങുന്നു.

വിശേഷിച്ച ഓരോരൊ എടവകയിലെ എടയന്മാര എന്ന വികാരിമാരാൽ തങ്ങടെ മെത്രാനെ വഴങ്ങുന്നു. മെത്രാൻമാരാൽ നസ്രാണികൾ ഒക്കെക്കും തലവൻ ആകുന്ന ശുദ്ധമാന പാപ്പായ്ക്കു വഴങ്ങുന്നു. ഇങ്ങനെ ഓരോരൊ ക്രമത്താലെ വഴങ്ങുന്ന വഴക്കം നസ്രാ

malankaralibrary.com

ണികളുടെ കൂട്ടത്തിൽ എല്ലാ നാളും ഉണ്ടായിരുന്നു. ഇപ്പോൾ ഉണ്ടുതാനും. എന്നാൽ മലംകര നസ്രാണികളുടെ എടയിൽ ഇ ക്രമം ഇത്രനാളും ഇല്ലാഞ്ഞതിനെക്കൊണ്ടു മലംകര നസ്രാണികളുടെ ആത്മാവുകൾക്കു വേണ്ടുന്ന നന്മകൾക്കു അനേകം അന്തരം ഉണ്ടായിരുന്നു. ഇതിനെക്കൊണ്ടു ശുദ്ധമാന സൂനഹദോസ ഇന്നു തൊട്ടു മലംകര പല എടവകകൾ ഉണ്ടാകണം എന്നും ഓരോരൊ എടവകയിൽ മെത്രാൻ കൊള്ളാം എന്നു തോന്നുന്ന ഓരോരൊ പട്ടക്കാരരെ വിഗാരിമാരായിട്ടു നിറുത്തണം എന്നും ശുദ്ധമാന സൂനഹദോസ കൽപിച്ചു. വിശേഷിച്ചു വിഗാരിമാരായിരിക്കുന്ന പട്ടക്കാരരെ കൂടാതെയുള്ള കത്തങ്ങളും ശെമ്മാശൻമാരും തങ്ങടെ പട്ടത്തിൻെറ അംശം പ്രവൃത്തിച്ചുകൊള്ളണം. അതിനടുത്ത ഉപകാരം വാങ്ങി യാചിച്ചുംകൊള്ളണം. വിഗാരിമാരായി നിക്കുന്നവക്കു തൊണക്കാരരായി ഇരിക്കയുംവേണം. ഏറെ നരർ ഒത്ത വലിയ അങ്ങാടിയിൽ പല പള്ളി ഉണ്ടെങ്കിൽ എല്ലാ പള്ളികളിലും വെവ്വേറെ കൂടുവാൻ വേണ്ടുന്ന ജനം ഉണ്ടെംകിൽ ഓരോരൊ പള്ളിക്കൽ കൂടുവാൻ ലോകരെ പവുക്കയും വേണം. ഓരോരൊ പള്ളിക്കൽ ഓരോരൊ വിഗാരിമാരെ നിറുത്തുകയും വേണം. വിഗാരിമാര തങ്ങടെ എടവകയിൽ ഉള്ളവര ഇത്ര എന്നറിവാനും അവക്കു വേണ്ടുന്ന നന്മകളെ പ്രവൃത്തിപ്പാനും ആയിട്ടു തൻെറ തൻെറ എടവകയിലുള്ളവരുടെ പേരും ചോതിച്ചു കണക്കു എഴുതി വച്ചിരിക്കയും വേണം. വിശേഷിച്ചു ഓരോരൊ എടവകയിൽ വെന്തിച്ചവര തങ്ങടെ എടവകയിൽ നിന്നു തന്നെ വേണം കൂദാശകൾ കൈക്കൊള്ളുവാൻ. തങ്ങടെ വിഗാരീടെ അനുവാസം കൂടാതെ മററ എടവകയിൽ ചെന്നു കൂദാശകൾ കൈക്കൊള്ളരുത. എന്നാൽ

malankaralibrary.com

കുംപസാരം എന്ന കൂദാശ കുംപസാരിപ്പിപ്പാൻ അനുവാസം ഒള്ള പട്ടക്കാരരോട കുംപസാരിച്ചുകൊള്ളാം.

വിശേഷിച്ചു മെനക്കെട്ടനിന്ന വിഗാരിമാര വഴിയെ തൻെറ അംശങ്ങളെ പ്രവൃത്തിക്കുന്നിടത്തു അവക്ക് യാവനക്ക് എണങ്ങര കൊടുക്കുന്നത കൂടാതെ നാം നമ്മുടെ കണക്കിൽ എല്ലാവക്കും ആയിട്ട പതിനായിരം പ്പണം കൊടുപ്പുമാറ കല്പിച്ചു അത എല്ലാവക്കുമായി കണക്ക കണ്ടാൽ ഓരോരുത്തക്ക അടങ്ങുന്ന ഒപകരി നാം കൊടുക്കുന്നതാകുന്നു. എണങ്ങര കൂട്ടുവാൻ ഇല്ലാത്ത പള്ളിക്കൽ വിഗാരിനെ നിറുത്തണ്ടാ. ആ പള്ളി എണങ്ങര കൂടുന്ന പള്ളിക്കൽകൂടെ ചേരുന്നു അത്രെ.

## രണ്ടാം കാനോനാ.

പള്ളികളെ എടവകയായി തിരിപ്പാനും അത അത എടവകയിൽ വേണ്ടുംപോൾ ഓരോരുത്തരെ നിറുത്തുവാനും നീക്കുവാനും മലംകര മേല്പട്ടക്കാരനെ ആവൃ.

(വിശേഷിച്ചും മലംകരെടെ നല്ല വാഴ്ച്ചനെക്കുറിച്ചു ഒര എടവക ഒരുത്തക്ക മരിപ്പോളത്തെക്ക അടക്കികൊടുക്കരുത എന്ന ശുദ്ധമാന സൂനഹദോസ പ്രമാണിക്കുന്നു.)

## മൂന്നാം കാനോനാ.

ശുദ്ധമാന പള്ളിയുടെയും ത്രെന്തൊസ എന്ന സൂനഹദോസിൻെറയും കല്പന ആകുന്നു. ഒരു പട്ടക്കാരന രണ്ട പള്ളിക്കലേക്ക കൂടെ വിഗാരിയായി നിക്കരുതെന്നും രണ്ടു പള്ളിക്കലെ ഒപകാരം ഒരുമിച്ചു യാവരിക്കരുത എന്നും. എന്നാൽ ഇ മലംകര എടവകയിൽ ചെ

malankaralibrary.com

ല പട്ടക്കാരക്ക പല പള്ളികളിൽ വെന്തം ഒണ്ടെന്നും ആ വെന്തം കൊണ്ട അത അത പള്ളിക്കലെ അമിശക്രുക്രുടെ വാങ്ങുന്നു എന്നും ശുദ്ധമാന സൂനഹദോസ കേട്ടാറെ അത മാററണം എന്ന കല്പിച്ചു. വിശേഷിച്ച ഒരു പട്ടക്കാരന്റെറ കാന്നവര രണ്ട പള്ളി വച്ചിട്ടുണ്ടെംകിലും ആ രണ്ട പള്ളിയെയും അതിലെ ഒപകാരങ്ങളും ഒരു പട്ടക്കാരൻ അടക്കിക്രുടാ. രണ്ടാൽ ഒന്ന തനിക്ക അടക്കിക്കൊണ്ട മററത മേല്പട്ടക്കാരൻ ആക്കുന്നവക്ക ആക്കുകയും വേണം. ഇ കൽപ്പനക്ക തക്കവെണ്ണം ഇരിയാത്ത പട്ടക്കാരന്ന അനേകം ദോഷം ഒണ്ട. മേൽപ്പട്ടക്കാരര വഴിയെ കുററപ്പെടുക്കയുംവേണം. വിശേഷിച്ച വിഗാരിയാവാൻ തക്ക പട്ടക്കാരൻ ഇല്ലാത്തതുകൊണ്ടും ഏറിയോര ദിഷ്ടതി ആകുന്നതിനെക്കൊണ്ടും ഒരു പള്ളിയിലെ വിഗാരിയെ അതിനടുത്ത പള്ളിയിലെക്കുക്രുടെ വിഗാരിയാക്കുക അരുത. എന്നില്ല.

## നാലാം കാനോനാ.

മലംകര ചെല പള്ളികളിൽ പട്ടക്കാരര ഇല്ല. അതിനെക്കൊണ്ട പള്ളിയുടെ എടവകയിൽ ഒള്ളവരുടെ ആത്മാവുകൾക്ക അനേകം ചേതം ഒണ്ടായിരിന്നു എന്ന ശുദ്ധമാന സൂനഹദോസ അറിഞ്ഞാറെ ഓരോരൊ പള്ളിക്കൽ എടയരായി ഓരോരൊ പട്ടക്കാരര നിന്ന തന്റെറ എടവകയിൽ ഒള്ളവരുടെ ആത്മാവിന്നടുത്ത നല്ല പ്രവൃത്തികളയും പ്രവൃത്തിപ്പിച്ച നിക്കണം എന്ന കൽപ്പിച്ചു. ഓരോ ദേശത്ത കൽപിച്ച പട്ടക്കാരക്ക അവിടെ ചെന്ന നിപ്പാൻ ഒണ്ടെംകിൽ മലംകര മേൽപ്പട്ടക്കാരൻ ശുദ്ധമാന പള്ളി കൽപിച്ച കുററപ്പാടുകൾ കൊണ്ട കുററപ്പെടുത്ത തന്നെ കൽപ്പിച്ചെടത്ത നിൽപ്പാറ ആക്കുകയും വേണം.

malankaralibrary.com

### അഞ്ചാം കാനോനാ.

തിരുവാൻകോട്ട എന്ന ദേശത്ത മാമ്മോദീസായും ശേഷം മാർഗ്ഗത്തിന്ന വേണ്ടുന്നത ഏതും കൂടാതെ ചെല നസ്രാണികൾ ഒണ്ട എന്ന ശുദ്ധമാന സൂനഹദോസ അറിഞ്ഞാറെ അവരുടെ ആത്മാവുകൾക്ക വേണ്ടി മാർഗ്ഗത്തിന്ന അടുത്തത എല്ലാം പ്രവൃത്തിപ്പാൻ അവുടെയും എടയൻ ആയി ഒരു പട്ടക്കാരൻ നിക്കണം എന്ന കൽപിച്ചു. ആ പട്ടക്കാരക്ക മററ പട്ടക്കാരെക്കായിൽ ഏറെ ഏതാനും മാസപ്പടി കൂടെ കല്പിക്കണം. എന്നും സൂനഹദോസ കല്പിച്ചു.

### ആറാംകാനോനാ.

മലംകര നസ്രാണികളിൽ ചെലര അനേകം വടക്കെ അററത്ത തൊഡാ മല എന്ന് പേരൊള്ളടത്ത മാർഗ്ഗത്തിനടുത്തത ഏതും കൂടാതെ ഇരിക്കുന്നു എന്ന ശുദ്ധമാന സൂനഹദോസ അറിഞ്ഞിട്ട അവിടെയ്ക്ക ഒരു പട്ടക്കാരനെ അയച്ചുടണം എന്ന ബഹുമാനപ്പെട്ട മെത്രാനോട അപേക്ഷിച്ചു. അവ്വണ്ണം തന്നെ കല്പിക്കയും ചെയ്തു.

### ഏഴാം കാനോനാ.

കൂദാശകളും അതിന്ന ഇനായിന്ന സൈത്തും വേണമെന്ന എടയിൽ ആരും കൽപിച്ചത അല്ല. പിന്നെയൊ ഈശോമിശിഹാ കർത്താവ താൻ അത്രെ. ഇത്രക്കൂട്ടം സൈത്ത വേണം, എന്നും അതിനെക്കൊണ്ട എങ്ങനെ പെരുമാറേണ്ടു എന്നും മിശിഹാകർത്താവ പെസഹായ്ക്ക തന്റെറ ശ്ലീഹന്മാരെ പഠിപ്പിച്ചു. മൂറോൻ എന്ന സൈത്ത ഒരുശുമാടെ സാധനമായി കൽപിച്ചു. ക്ലേശക്കാരരുടെ സൈത്ത എന്ന ചെംല്ലുന്നത

malankaralibrary.com

ഒട്ടുക്കത്തെ ഒപ്പ്രം,ശ്ശുമാടെ സാധനം ആയി കൽപിച്ചു. മാമ്മോദീസാടെ സൈത്ത എന്ന ചൊല്ലുന്നതുകൊണ്ട മുങ്ങും മുൻപെ മങ്ങുന്നവൎക്ക തൊടണം എന്നും കൽപിച്ചു. ഇതിനെക്കൊണ്ട ശുദ്ധമാന സൂനഹദോസ കൽപിച്ചു. ഓരോരൊ പള്ളിക്കൽ സൈത്ത മൂന്നക്രുട്ടവും ചരസിച്ചു വെപ്പാൻ ഓരോരൊ ചെപ്പു ഉണ്ടാക്കിവെക്കണം എന്ന. എന്നാൽ ബഹുമാനപ്പെട്ട മെത്രാൻ മലംകരക്ക വേണ്ടുന്ന സൈത്തും ക്രുദാശ ചൈത ഓരോരൊ പള്ളിക്ക വേണ്ടുന്ന സൈത്തും അതിനെ ശരസിപ്പാൻ ചെപ്പും ഓരോരൊ സൂർപ്പീലീസ എന്ന ചൊല്ലുന്ന വെള്ളക്കുപ്പായവും കുർബാനക്കല്ലും ബഹുമാനപ്പെട്ട മെത്രാൻ തന്റെററ കണക്ക ഉണ്ടാക്കീട്ട ഉണ്ട. അത അവിടെ വിഗാരിമാരായി നിപ്പാൻ കൽപിച്ചു പട്ടക്കാരരെ ഇ സുനഹദോസ പിരിയും മുൻപെ തങ്ങടെ തങ്ങടെ പള്ളികൾക്ക മൂന്ന ക്രുട്ടവും വാങ്ങിക്കൊണ്ടു പോകണമെന്ന കൽപിച്ചു. വിശേഷിച്ചു ശുദ്ധമാന സൈത്ത ഇരിക്കുന്ന ചെപ്പു വിഗാരിമാരെക്കൊണ്ട തങ്ങൾ നിക്കുന്ന പള്ളിക്കൽ ചെന്നാൽ മദ്ബഹായിൽ ഒര പൊറത്തെ മതിലിൽ ഒട്ടു വെട്ടിച്ചെടുപ്പിച്ചു ഒര അകമായിത്തീൎത്ത അതിന്ന കതകും പൂട്ടും ഉണ്ടാക്കിച്ചു അതിൽ പച്ചു പട്ടുശീലകൊണ്ട മൂടി അടച്ചു പൂട്ടുകയും വേണം. മദ്ബഹായിൽ അല്ലെംകിൽ ചമയപ്പുരയിൽ താൻ മാമ്മോദീസാക്കുഴിയുടെ അരികെ താൻ മെൽ എഴുത്തുപെട്ടവണ്ണം പണി ചെയിപ്പിച്ചു ചരസിച്ചു വെക്കണം ശുദ്ധമാന സൂനഹദോസ പ്രമാണിക്കുന്നു. അനേകം ബഹുമാന്യവും ദൈവതയും തോന്നുവാൻ തക്കെടെത്ത വേണം അത ചരസിപ്പാൻ. വിശേഷിച്ചും വിഗാരിമാരാകുന്ന പട്ടക്കാരര പള്ളിക്കൽ സ്വാൽപം ദൂരെ ഇരിക്കിൽ തന്റെറ വീട്ടിൽ യോഗ്യമാകുന്ന ഒര

malankaralibrary.com

എടത്തിൽ വച്ചു പൂട്ടി അവിടന്നു തന്നെ വിളിക്കുന്നെടത്ത സൈത്തും കൊണ്ടു ചെന്നു അതുകൊണ്ടു വേണ്ടുന്നത പ്രവൃത്തിപ്പാൻ. വിശേഷിച്ചും സൈത്തും ചെപ്പും കൊണ്ടു പൊറപ്പെട്ടുന്നെടത്ത പട്ടക്കാരൻ താൻ തന്നെ അത്രെ വേണ്ടു. അത അല്ലംകിൽ ക്രൂദാശപട്ടം ഉള്ളതിൽ ഒരു ശെമ്മാശ വേണം അത എടുത്തുകൊണ്ടു പോവാൻ. വിശേഷിച്ചു പെസഹായ്ക്ക അകത്തു് ആ കാലത്തെ സൈത്ത വെളക്കിൽ വീത്തി എരിച്ചേക്കയും വേണം. അല്ലംകിൽ മാമ്മോദീസാക്കുഴിയിൽ വീത്തി ഒടുക്കണം. എന്നാൽ പെസഹാ കടന്നാൽ പഴെ സൈത്തുംകൊണ്ടു പെരുമാറാതെ പുത്തൻ സൈത്ത കൊണ്ടു പെരുമാറുകെ ആവൂ. അതിനെ കൈമാസാ പെരുന്നാൾ കടന്നാൽ മെത്രാൻ ഇരിക്കുന്നെടത്ത താൻ അവിടന്നു കൽപിക്കുന്നെടത്ത താൻ പട്ടക്കാരൻ ചെപ്പും കൊണ്ടു ചെന്നു സൈത്ത എല്ലാം വാങ്ങിക്കൊണ്ടു പോരികയും വേണം. മെത്രാൻ സൈത്ത ക്രൂദാശ ചെവാൻ മലംകരെ ഇല്ലാത്തപ്പോൾ കൊച്ചിയിലെ വലിയപള്ളിക്കൽ ചെന്നു കൊണ്ടു പോരികയുംവേണം. അവിടുത്തെ മെത്രാൻെറ അനുവാദത്തോടുകൂടെ മെത്രാൻ മലംകരെ ഇല്ലാത്തപ്പോൾ മലംകര മെത്രാൻെററ എടത്തിൽ ഇരിക്കുന്നവര അത കൽപിക്കയും വേണം. വിശേഷിച്ചു വിഗാരി താൻ താനെ എംകിലും മററ അതിന യോഗ്യമാകുന്നവര ആരാനും എംകിലും യാത്രയാക്കി കൈമാസാ പെരുന്നാൾ കടന്നു ഒരു മാസത്തിനകത്ത സൈത്ത തൻെററ ഉത്സാഹംകൊണ്ടു പള്ളിക്കലേക്ക കൊണ്ടുപോരണം. കൊണ്ടുവന്നു വെക്കാത്ത വിഗാരി ആറുമാസത്തേക്കു തൻെററ പട്ടത്തിൻെററ അംശം പ്രവൃത്തിക്കയും അരുത. അത കൊണ്ടു ഒള്ള യാവ്യം ഒണ്ടാകരുത. കാല

malankaralibrary.com

ത്ത അടുത്ത ഒള്ള പള്ളിക്കെന്നു കൊണ്ടുപോരുമാറ കൽപ്പിക്കയും വേണം.

എട്ടാംകാനോനാ.

മലംകര എടവകയിൽ കൊള്ളേണ്ടുന്ന പെരുനാൾകൾകൊണ്ട അനേകം കൊഴപ്പം ഒണ്ട എന്നതിനെക്കൊണ്ട ശുദ്ധമാന സുനഹദോസ കൊള്ളെണ്ടുന്ന പെരുനാളുകളും ആ പെരുനാളുകളിൽ വെലപ്രവൃത്തിയും കച്ചോടപ്പാട്ടും അരുത എന്നാളും ഇന്ന ദിവസങ്ങൾ കൽപ്പിക്കുന്നു. അതാകുന്നാത ആണ്ടിലെ ഞാറാഴ്ചകൾ ഒക്കെയും—::1:: മകര ഞായറ ഒന്നാംദിവസി. കത്താവിന്നാ വറുഗീസ ഇട്ട ദിവസം 6–ാംരു- മൂവരു രാജാക്കൾ മിശിഹായ്ക്ക കാഴ്ചവെച്ച ദിവസം. കുംഭഞായറ 2–ാംരു- മത്തമറിയത്തുമ്മാ മാറാനിശോമിശിഹാനെ ഓറശ്ലേം പള്ളിക്കൽ കൊണ്ടുചെന്നാ ദിവസം. 24ാംരു- മത്യാ ശ്ലീഹാടെ ദിവസം. 25ാംരു- കുത്തുള്ള എന്ന ആണ്ടിൽ മത്യാ ശ്ലീഹാടെദിവസം കൊള്ളണം. മീന ഞായറ 25ാംരു- മാലാഖാ വന്നാ വചനിച്ച ദിവസം. മെട ഞായറ 24ാംരു- മാർ ഗീവറുഗീസിന്റെ ദിവസം. എടവ ഞായറ 1ാംരു- മാർ പീലിപ്പോസ മാർ യാക്കോവ ശ്ലീഹന്മാരുടെ പെരുനാൾ. മിഥുന ഞായറ 24ാംരു- മാർ യോഹന്നാൻ മാംദാനാടെ ദിവസം. 28–ാംരു- പത്രോസ പൌലൊസ ശ്ലീഹന്മാരുടെ ദിവസം. കക്കടക ഞായറ 2ാംരു- മത്തമറിയത്തുമ്മായും എലിശബാ ഉമ്മായും തങ്ങളിൽ കണ്ട ദിവസം. 3ാംരു- മാർത്തൊമ്മെടെ ദിവസി. ചിങ്ങ ഞായറ 6ാംരു-. 25ാംരു-::(മാർ യാക്കൊ ശ്ലീഹാടെ ദിവസം. ചിങ്ങ ഞായറ 6ാംരു- ശെലിയാൻ നമ്മമാറാന്റെ ദിവസം.) 15ാംരു- മത്തമറിയത്തുമ്മാ ആകാശത്ത എഴുന്നാള്ളിയ ദിവസം. 24ാംരു- വത്തുൽമൈ ശ്ലീഹാടെ ദിവസം. കന്നി ഞായറ 8ാംരു- മത്തമറിയ

malankaralibrary.com

ത്തുമ്മാ പൊന്ന ദിവസം. 13ാം മാർ സ്ലീഹാടെ ദി വസം. 21ാം മത്തായി ശ്ലീഹാടെ ദിവസം. 29ാം മിഖായൽ എന്ന മാലാഖാടെ ദിവസം. തുലാ ഞായറ 28ാം-മാറ ശെമഹൊൻ കനാനായും യൂദാ എന്ന ശ്ലീഹാ ടെയും ദിവസം. വൃശ്ചിക ഞായറ 1ാം എല്ലാ പു ണ്യവാളന്മാരുടെയും ദിവസം. 20ാം മാർ അന്ത്രയോ സ ശ്ലീഹാടെ ദിവസം. ധനുവ ഞായറ 8ാം മത്തമ റിയത്തുമ്മാ അന്നാ ഉമ്മാടെ വയററിൽ ജനിക്കപ്പെട്ട ദിവസം. 18ാം മയിലാപ്പൂരു മാർ സ്ലീവാ വെയക്ക ന്ന ദിവസം. 25ാം മാർ തോമ്മാശ്ലീഹാടെ ദിവ സം. 21-ാംതീയതി മിശിഹാ പെറന്ന ദിവസം. അ തിനടുത്ത ദിവസം രണ്ടുംക്രുടെ കൊള്ളണം. അത ത്രൂക്കുന്നത. 26ാം മുമ്പിൽ മാർഗ്ഗം ചൊല്ലി മരിച്ചു എ സ്തപ്പാനോസ എന്ന പുരുഷൻെറ ദിവസം. 37ാം മാ ർ യോഹന്നാൻ ശ്ലീഹാ ഏവൻഗേലിസ്താടെ ദിവസം ദുഃഖവെള്ളിയാഴ്ചനാളിൻെറ തലെദിവസം ഉച്ചക്ക തൊടങ്ങി ആ വെള്ളിയാഴ്ചനാൾ അന്തിയോളം കൊ ള്ളെണ്ടുന്ന ദിവസം. അൻപതനൊയംപു വീടുന്ന ദി വസവും അതിനടുത്ത ശേഷം മൂന്നംക്രുടെ കൊള്ളണം. നാല്പതാം പെരുനാളും അതിനടുത്ത ശേഷം രണ്ടു ദിവ സം ക്രുടെ കൊള്ളണം. പുതുഞായാഴ്ച കടന്ന വരുന്ന വ്യാഴാഴ്ചനാൾ കുർബാന സ്തുതിക്കുന്ന ദിവസം. ഇരു പത്തഞ്ചെ നൊയംപു വീടിയാൽ അൻപതനൊയംപു വീടുവോളം എടയിലുള്ള വെള്ളിയാഴ്ചകൾ മലംകര ചെലടത്ത കൊള്ളുന്നത കൊള്ളണ്ടാ എന്ന ശുദ്ധമാന സൂനഹദോസ കൽപിച്ചു. ആ ചെല വെള്ളിയാഴ്ചക ളിൽ കൊള്ളുന്ന ചെല പെരുനാളുടെ പുണ്യാളക്ക വെവ്വെറെ ദിവസം കൽപിച്ചു എന്നതിനെക്കൊണ്ടു ചെല വെള്ളിയാഴ്ചകളിൽ വിശ്വാസത്തിന്ന എടത്തുട

malankaralibrary.com

കാരരുടെ ദിവസം ആയതിനെക്കൊണ്ടും.

ഒൻപതാം കാനോനാ.

മലംകര എടവകയിൽ കൊള്ളെണ്ടുന്ന പെരുന്നാളുകളൊക്കയും ഒരുപോലെ എല്ലാടത്തും കൊള്ളുമാറ ഇല്ലാഞ്ഞു. വിശേഷിച്ചും കല്പനയായിട്ട നൊയമ്പനൊൻെറ മതിയാവു എന്ന ദിവസങ്ങൾകൊണ്ടും കൊഴപ്പം ഒണ്ടായിരുന്നു. അതിനെക്കൊണ്ട ശുദ്ധമാന സൂനഹദോസ കല്പിക്കുന്നു കീഴിൽ ഒണ്ടായിരുന്ന നൊയമ്പുകളും ഇപ്പോൾ സൂനഹദോസ കല്പിച്ച നൊയമ്പുകളും ആകുന്നത ഇത. ശുദ്ധമാന ബഹുമാനപ്പെട്ട അൻപത നൊയമ്പും (ക്നങ്കശെസിമാ എന്ന ഞൊറാഴ്ച നാൾ കടന്ന വരുന്ന മുമ്പിലുത്തെതിങ്കളാഴ്ച നാൾ അൻപതനൊയമ്പിൻെറ തലെനൊയമ്പ മലംകരെ മുമ്പെ ഒള്ള മരിയാതക്കതക്കവണ്ണം ധനുവ) ഞായർ 1-ാനു- തൊട്ട ഇരുപത്തഞ്ചാം ദിവസിയോളം ഒള്ള ഇരുപത്തഞ്ചനൊയമ്പ കുംഭമാസം 1ാനു- 2-ാനു-ക്കും വരുന്ന പെരുനാളിൻെറ നൊയമ്പ. കുംഭം 23-ാനു-24-ാനു-വരുന്നത ശുദ്ധമാന മത്യാസ്ലീഹായുടെ പെരുന്നാളിൻെററ നൊയമ്പ വിധിന ഞായറ 23-ാനു- 24-ാനു- മാർയോഹന്നാൻമാംദാനാടെ പെരുന്നാളിൻെററ നൊയമ്പ 28-ാനു- 29-ാനു- വരുന്നത. പത്രൊസ പൌലൊസിൻെററ പെരുന്നാളിൻെററ നൊയമ്പ. കക്കടക ഞായറ 24-ാനു-25-ാനു-മാർ യാക്കോവസ്ലീഹാടെ പെരുന്നാളിൻെററ നൊയമ്പ ചിങ്ങഞായറ 24ാനു- 25-ാനു-മത്തമറിയത്തുമ്മാ ആകാശത്ത എഴുന്നള്ളിയ പെരുന്നാളിൻെററനൊയമ്പ. 23-ാനു-24-ാനു- മാർവത്തുൽമൈ സ്ലീഹാടെ പെരുന്നാളിൻെററ നൊയമ്പ. കന്നി ഞായറ 7-ാനു- 8-ാനു- മത്തമറിയത്തുമ്മാ പിറന്ന പെരുന്നാളിൻെററ നൊയമ്പ. 20-ാനു- 21-ാനു- മത്തായിസ്ലീഹാടെ പെരുന്നാളിൻെററ നൊയമ്പ.

malankaralibrary.com

തുലാമാസം 17-ാനു- 18-ാനു- വരുന്ന തമാറാചെമ ഹൊൻക്നാനായും യൂദാത്തൈന്ത്രൊ എന്ന ശ്ലീഹന്മാരുടെ പെരുന്നാളിന്റെറ നൊയമ്പ. 21-ാനു-, (വൃശ്ചികം 1-ാനു- വരുന്ന എല്ലാ പുണ്യവാളരുടെയും നൊയമ്പ) വൃശ്ചികഞായറ 29-ാനു- 30-ാനു- വരുന്നത അന്ത്രയോസ ശ്ലീഹായുടെ പെരുന്നാളിന്റെറ നൊയമ്പ. ധനുവഞായറ 20-ാനു- 21-ാനു- വരുന്നത മാറതോമ്മാശ്ലീഹാടെ പെരുന്നാളിന്റെറ നൊയമ്പ. 24-ാനു- 25-ാനു-, മിശിഹാ പെറന്ന പെരുന്നാളിന്റെറ നൊയമ്പ. ഈ നൊയമ്പുകൾ ഒക്കയുംക്രൂടാതെ എല്ലാററക്കൊണ്ടും എല്ലാ പള്ളിയോടുംക്രൂടെ ക്രൂടുവാൻ ശുദ്ധമാന സൂനഹദോസ മലംകര എടവകയോട പ്രമാണിക്കുന്നു. ആണ്ടിൽ പല കുറി മൂന്നു നൊയമ്പ വരുന്നത അറിയ്ണം എന്നത നോക്കണം എന്നും അൻപതനൊയമ്പിന്റെറ മുമ്പിലത്തെ ഞാറാഴ്ച കടന്നുവരുന്ന ബൊധനാഴ്ചയും വെള്ളിയാഴ്ചയും ചനിയാഴ്ചയും (കന്നിഞായററിൽ വരുന്ന മാർശ്ലീഹാടെ പെരുന്നാൾ കടന്നുവരുന്ന ബൊധനാഴ്ചയും വെള്ളിയാഴ്ചയും ചനിയാഴ്ചയും) ധനുവഞായറ 13-ാനു- വരുന്നു, ശുദ്ധമാന ലൂസ്യാ എന്ന സ്ത്രീയുടെ പെരുന്നാള്ള കടന്നുവരുന്ന ബൊധനാഴ്ചയും വെള്ളിയാഴ്ചയും, ചനിയാഴ്ചയും. 15 നൊയമ്പ അനേകം ശുദ്ധതയും ബഹുമാനവും ഒള്ള നൊയമ്പ ആകുന്നതിനെക്കൊണ്ട ശുദ്ധമാന സൂനഹദോസിനാ അപേക്ഷ ആകുന്നതിനെക്കൊണ്ട വിശ്വാസക്കാരര എല്ലാവരും അതിനെ നൊക്കണം എന്ന. എന്നാലും കൽപന ആയിട്ട ഒള്ള നൊയമ്പ അല്ല ഇവണ്ണംതന്നെ കന്നി ഞായററിൽ എട്ടുനൊയമ്പ് എന്ന ചൊല്ലുന്ന നൊയമ്പും ഇവണ്ണംതന്നെ ശ്ലീഹാ നൊയമ്പ എന്ന ചൊല്ലുന്നതും. അത ആകുന്നത അൻപതാം

malankaralibrary.com

പെരുനാൾ കടന്ന അൻപതാംദിവസം നോക്കുന്ന നൊയമ്പ. അതിനെ ചെലര നോക്കുന്നു എങ്കിലും കൽപന ആയിട്ട ഉള്ളത അല്ല. അൻപതനൊയമ്പ പിടിക്കുന്നതിന്ന 18-ാം മുൻപെ ഉള്ള മൂന്നു നൊയമ്പ അതിൻെറ ശുദ്ധത ഓൎത്തിട്ട ശുദ്ധമാന സൂനഹദോസിന്ന അപേക്ഷ ആകുന്നത അന്തരംകൂടാതെ ആ നൊയമ്പ നോക്കണം എന്ന. നൊയമ്പിന്നടുത്ത യാവ്വമെ എല്ലാവരും ആ മൂന്നു ദിവസങ്ങളിലും ജാവിക്കാവു.

വിഗാരിമാര ഞാറാഴ്ചതോറും ലോകൎക്ക ചെയ്യുന്ന കുൎബാന നേരത്ത അത അത ആഴ്ചവട്ടത്തിൽ വരുന്ന നൊയമ്പും പെരുനാളുകളും അറിയിക്കണം. അതിന്ന ആണ്ടിൽ കൊള്ളെണ്ടുന്ന പെരുന്നാളുകളും നോക്കെണ്ടുന്ന നൊയമ്പുകളും ഒരു പലകയിൽ എഴുതണം.

## പത്താം കാനോനാ.

എല്ലാ പള്ളിയിലും മരിയാത ആകുന്നത ഹാനാൻ വെള്ളം പള്ളിക്കൽ പോകുന്നൊടത്ത ഉണ്ടായിരിക്കുന്നത, പള്ളിക്കൽ പൂകുന്നവര അത തൊട്ട തങ്ങടെ മെൽ തളിച്ച തങ്ങടെ ചാവദോഷത്തെ തമ്പുരാൻ പൊറുക്കപ്പെട്ടുവാൻ മലംകര മിക്ക പള്ളികളിലും ചെയ്യുമാറ ഇല്ല. ചെലടത്ത വെക്കുന്നത ഒരുശൂമാ ചെതത അല്ലാതാനും. ചെലടത്ത ഹാനാൻ വച്ചു ഞായം. മയിലാപ്പൂരുന്ന കൊണ്ടുവരുന്ന മണ്ണ വെള്ളത്തിൽ ഇട്ട ചെല പള്ളികളിൽ മൈലാപ്പൂരെ മണ്ണ കൊണ്ടുവന്ന ശരസിച്ച ഉരിപ്പത്തും ഉണ്ട. ചെലടത്ത കുന്തിരിക്കം തന്നെ വെള്ളത്തിൽ ഇട്ട ഹാനാൻ വൈക്കുന്നതും ഉണ്ട. ഇത മിക്കടെത്തും പട്ടക്കാരര അല്ലാതെ കപ്പ്യാരൻമാര അത്രെ ചെയ്തു ഞായം. ഇതിനെക്കൊണ്ട ശുദ്ധമാന സൂനഹദോസ അറിയിക്കുന്നു. ഇ

malankaralibrary.com

ങ്ങനെ ഒണ്ടാകുന്ന വെള്ളം ഒന്നും ഹാനാൻ അല്ലാ എന്നും വിശ്വാസകാരര ഇത്തരം വെള്ളം കൊണ്ടു യാവരിക്കരുത എന്നും. ഹാനാന്റെ ഫലത്തിന മൈലാപ്പൂര മണ്ണു എത്തും പിടിയാതാനും. ഇതിനെക്കൊണ്ടു പട്ടക്കാരര തന്നെ വെള്ളം റൂശ്ശുമാ.....ഒള്ള ഉപ്പു ഇടണം എന്നും കല്പിച്ചു. റോമ്മാപ്പള്ളിയുടെ മരിയാതക്കതക്കവണ്ണം ഒള്ള ക്രിയക്കതെക്കവണ്ണം ഇ ക്രിയകൾക്ക എല്ലാ പട്ടക്കാരരും പെക്കയും വേണം. എല്ലാ പട്ടക്കാരരും ഇ ക്രിയകൾക്ക ഒത്തവണ്ണം പ്രവൃത്തിക്കണം എന്നും ശുദ്ധമാന സുന്നഹദോസ കൽപിക്കുന്നു. എല്ലാ ശനിയാഴ്ചതോറും വൈകിട്ടതാൻ ഞായറാഴ്ചതോറും മൈയലെ താൻ വെള്ളം റൂശ്ശുമാ ചെയ്ത വെക്കണം എന്നും കൽപിക്കുന്നു. എല്ലായിലും മീതെ ഇടുന്ന കുർബാനക്കുപ്പായം കൂടാതെ ഒള്ള ചമയം ഒക്കയും വേണം താനും. ഞായറാഴ്ചതോറും കുർബാന തൊടങ്ങും മുമ്പെ ആ ചമയത്തൊടുകൂടെത്തന്നെ ലോകക്ക റൂശ്ശുമാവെള്ളം തളിക്കയും വെണം. ആ നേരത്ത ചെല്ലെണ്ടുന്ന നമസ്കാരം എല്ലാം വെള്ളംറൂശ്ശുമാ ചെവാൻ ഒള്ളതിൽ കൂടെ ഒണ്ടുതാനും. വിഗാരിമാര ലൊകരൊട പഠിപ്പിക്കണം, പള്ളിയിൽ പുകുമ്പൊൾ ഹാനാൻവെള്ളം തൊട്ടു തങ്ങടെമേൽ തളിച്ചു സ്ലീവാ അടയാളം വരച്ചു റൂശ്ശുമാ ചെയ്യണം എന്നു.

## പതിനൊന്നാം കാനോനാ.

ശുദ്ധമാന സൂന്നഹദോസ ശുദ്ധമാന ക്വിംകീഗിസിമാ എന്ന ഞായറാഴ്ച കടന്ന തിങ്കളാഴ്ചനാൾ തന്നെ നൊയമ്പ തൊടങ്ങുന്ന പഴെ മരിയാത സംമതിക്കയും ബഹുമാനിക്കയും ചെയ്യുന്നു. എംകിലും എന്നാലും എല്ലാപള്ളിയോട്ടുംകൂടെ ഒരുമ്പെടുവാൻ നൊയമ്പ പി

malankaralibrary.com

ടിച്ച മുമ്പിൽ വരുന്ന ബൊധനാഴ്ചനാൾ കഴിഞ്ഞ കാലത്തെ ഓചാനഞാറാഴ്ചക്ക വൃശ്രമാ ചൈത കുരുത്തൊല ചുട്ട വെണ്ണീര ഒണ്ടാക്കി വൃശ്രമാ ചൈത ലൊകരുടെ നിറുകയിൽ പെരട്ടണം. ആ നെരത്ത ചൊല്ലെണ്ടുന്ന വചനങ്ങൾ ഇത. മാനുഷാ നീ പൊടി എന്നും പൊടി ആയി തിരിയുമെന്നും നീ ഓക്ക എന്ന. റൊമ്മാപ്പള്ളിയുടെ ക്രിയകൾക്ക തക്കവണ്ണം പെക്ക്നാതിൽ എഴുത്ത പെട്ടുംവണ്ണം ആ ദിവസങ്ങളിൽ ദേഹദെണ്ഡവും പ്രാശ്യത്താപവും എറെ ചെയ്യണമെന്നാറിക. ആയത മററ എത്തുമല്ലാ. ലോകക്ക നൊയമ്പിൽ വഴിയെ ദണ്ഡവും പ്രാശ്യത്താപവും കൈക്കൊള്ളണം എന്ന തോന്നുവാൻ തക്കൊര ശുദ്ധമാന ക്രിയഅത്രെ താനും.

### പന്ത്രണ്ടാം കനോനാ.

എല്ലാപള്ളിയുടെ മരിയാതക്ക തക്കവണ്ണം ഇ മലംകര പള്ളിയും കൂടെ ഒരുംപെടുവാൻ ശുദ്ധമാന സൂനഹദോസ ചാവദോഷത്തിന്റെ പ്രാശ്ചിത്തത്താൽ മിശിഹാ അടക്കപ്പെട്ടുത ഓത്ത ചനിയാഴ്ചനാൾ എറച്ചി തിന്നരുത എന്ന പ്രമാണിക്കുന്നു. മൊട്ടയും നെയ്യും പാലും ചനിയാഴ്ചനാൾ യാപിക്കയും ആം. നൊയമ്പ അല്ലാതെ മീൻ തിന്നുന്ന ദിവസം ഇത എല്ലാം യാപിക്കയും ആം. വിശേഷിച്ചു ഇ എടവകയിൽ മിക്കെടത്തും ബൊധനാഴ്ചനാൾ എറച്ചി തിന്നാത്ത മരിയാത അനെകംം ശുദ്ധതയും ബഹുമാനവും ആയതിനെക്കൊണ്ട അങ്ങനെ അത എത്തണം എന്ന ശുദ്ധമാന സൂനഹദോസിന്ന അപെക്ഷ. എംകിലും ആ ദിവസത്തിൽ എറച്ചി തിന്നുന്നത ശാവദോഷം എന്ന വരാ. ഇതിനെക്കൊണ്ട ബൊധനാഴ്ചനാൾ എറച്ചി

malankaralibrary.com

തിന്നരുത എന്നില്ലാ. വിശേഷിച്ചും ശുദ്ധമാന സൂനഹദോസ അറിയിക്കുന്നു, എറച്ചി തിന്നരുത എന്ന വെലക്കപ്പെട്ട ദിവസങ്ങൾ പാതിരായൊട പാതിരാക്ക പകർച്ച ആകുന്നു എന്ന. സന്ധ്യയൊട സന്ധ്യക്ക ദിവസം പകർച്ച എന്ന കൈക്കൊള്ളുന്നവര ശുദ്ധമാന പള്ളി ഉപേക്ഷിച്ച യൂദന്മാരുടെ മരിയാത അത്രെ എന്നറിക.

## പതിമൂന്നാം കാനോനാ.

മലംകര എടവകയിലെ ലൊകൎക്ക വെണ്ടുന്ന ഓത്തവഴിയെ പൊകാ എന്നും ഏതാനും പൊകുന്നവൎക്ക സുറിയാനി പെച്ചിലെ ആവൃത്തവുമ്മമൈയായും ശ്ലോമ്മലെഖമറിയവും ചൊല്ലപ്പൊകും. അതിന്റെറ അൎത്ഥം ഇന്നത എന്ന അറിയാതെ ചൊല്ലി ഞായം. ഇത പട്ടക്കാരരുടെ ഉത്സാഹം പൊരായ്കകൊണ്ട. ഇതിനെക്കൊണ്ട ശുദ്ധമാന സൂനഹദോസ പ്രമാണിക്കുന്നു. എല്ലാ പള്ളികളിലും ഒരുനാൾ ഒരിക്കൽ പള്ളിയിലെ വിഗാരി താൻ അയാടെ മാനുക്ഷം താൻ അങ്ങാടിയിൽ മണിയും തട്ടിനടന്ന ആണും പെണ്ണും കിടാങ്ങളെ പള്ളിക്കൽ വരുത്തി വിഗാരി താൻ അയാടെ മാനുക്ഷം ആകുന്ന ഒര കത്തനാരതാൻ ശെമ്മാശതാൻ അവൎക്ക ഓത്തചൊല്ലി പഠിപ്പിക്കണം എന്ന. പഠിപ്പിക്കേണ്ടുന്ന ഓത്ത ആകുന്നത ഇത. ശുദ്ധമാന സ്ലീവാടയും ആകാശങ്ങളിൽ ഇരിക്കുന്നതും നന്മനിറഞ്ഞ മറിയവും വിശ്വസിക്കുന്നതും തംപുരാന്റെറ പ്രമാണങ്ങൾ പത്തും പള്ളിയുടെ പ്രമാണങ്ങളും വിശ്വാസത്തിന്റെറ വകുപ്പുകളും ശേഷം ഓത്തുകളും. ഇത മലയാംഭാഷയിൽ വേണം. ലൊകൎക്ക അറിയാത്ത സുറിയാനിയിൽ അല്ലാ വെണ്ട. എല്ലാ പള്ളിയുടെ മരിയാത ആകുന്നത താ

malankaralibrary.com

ന്താൻ അറിയുന്ന ഭാഷയിൽ പഠിപ്പിക്കുന്നത. വിശേഷിച്ചും ഞായറാഴ്ചകളിലും പെരുന്നാൾകളിലും ലോകർ പള്ളിക്കൽ വന്നാൽ വലിയവൎക്കും ചെറിയവൎക്കും എല്ലാവൎക്കും പഠിക്കാൻ ആയിട്ട കുർബാനക്ക മുൻപ താൻ മയ്യലെ താൻ ചൊല്ലികൊടുത്ത പഠിപ്പിക്കണം. ഞായറാഴ്ചതൊറും വൈകിട്ട വല്ലജാതിയും മെൽ എഴുത്തപെട്ടവണ്ണം കിടാങ്ങൾക്ക ഓത്ത പഠിപ്പിക്കണം എന്ന. എല്ലാ പള്ളികളിലും മലയാം ഓത്ത എഴുത്തപെട്ട ഓരോരൊ പൊസ്തകം ഒണ്ടായിരിക്കണം. ഇതിനെകൊണ്ട ശുദ്ധമാന സൂനഹദോസ ചെന്നൊത്തെ മൂപ്പൻ പാദ്രിയോടും ശേഷം അവുടെ ഒള്ള പാദ്രിമാരൊടുംകൂടെ അപെക്ഷിക്കുന്നു. എല്ലാ പള്ളികളിലും ഓത്ത എഴുത്തപെട്ട ഓരോരൊ പൊസ്തകം എഴുതി വെപ്പിക്കണം എന്ന. വിശേഷിച്ചും ശുദ്ധമാന സൂനഹദോസ നസ്രാണികൾ ഒക്കയൊടുംകൂടെ അപേക്ഷിക്കുന്നു. തങ്ങൾ തങ്ങടെ സ്ഥലത്ത സന്ധ്യക്ക സന്ധ്യക്ക ഓത്ത പഠിപ്പിക്കണം എന്ന. തങ്ങടെ സ്ഥലത്ത ഒള്ള വെള്ളാട്ടികളും പിള്ളെരും അത കെട്ട ചൊല്ലി പഠിപ്പാൻ. കുംപസാരിപ്പിക്കുന്ന പട്ടക്കാരൻ തങ്ങളൊട പെഴ മൂളുന്നവൎക്ക ഓത്ത പൊകുമൊ എന്ന ശിക്ഷിച്ച അറികയും വെണം. വഴിയെ ശ്രമിച്ച പഠിപ്പിക്കണമെന്നും മുറുകെ ചൊല്ലണം. അത എന്തെന്നാൽ. ബഹുമാനപ്പെട്ട മെത്രാപൊലീത്താ ഓത്ത കൊണ്ട ചൊദ്യം ചെയ്തെടത്ത അൽമേനികൾക്ക തന്നെ അല്ല ഓത്ത പൊകാത്തു. പിന്നയൊ ക്രൂദാശപ്പട്ടം ഒള്ള ശെമ്മാശന്മാരിൽ പലൎക്കും ഓത്ത പൊകാ എന്നും (തംപുരാന്റെ പ്രമാണങ്ങളും പൊകാ എന്നും) അറിഞ്ഞതിനെക്കൊണ്ട സുറിയാനി പഠിപ്പിക്കുന്ന മല്പാന്മാരും എഴുത്ത പഠിപ്പിക്കുന്നവരും നിത്തലും പഠിതം തൊട

malankaralibrary.com

ങ്ങുംമുൻപെ ശിഷ്യക്ക ഓത്ത പഠിപ്പിക്കണം എന്നാ ശുദ്ധമാന സൂനഹദോസ കല്പിക്കുന്നു. ചെലര തങ്ങൾക്ക അൎത്ഥം അറിവാൻ വശമല്ലാത്ത സുറിയാനീലെ ഓത്ത പഠിപ്പിക്കുന്നത കൊണ്ട മതിയാക്കി ഞായം. അവ്വണ്ണം കീഴിൽ പഠിപ്പിച്ചതിനെക്കൊണ്ട. എന്നാൽ മലയാംഭാഷയിൽ ഒള്ള ഓത്ത ഒക്കയും വഴിയെ പഠിയാത്തവക്ക പട്ടം ഒന്നും പട്ടത്തിന്റെറ ആസ്ഥപ്പാടും കൊടുക്കരുത. ത്രെന്തൊസിലെ കല്പനക്ക തക്കവണ്ണം ഓത്തിന്റെറ അൎത്ഥം പട്ടത്തിന്നാ മുൻപെ ഏറെ ശ്രമിച്ച ചൊതിക്കണം.

## പതിന്നാലാം കാനോനാ.

മലംകര എടവകയിലെ വിശ്വാസക്കാരര ഒക്കയും തങ്ങടെ നമസ്കാരം എല്ലാ പള്ളിയൊടുംക്രുടെ ഒരു പൊലെ ഒരുംപെടുവാൻ തണ്യ നെസ്തൊറീസകാരരുടെ പഠിത്വവുംക്രുടാതെ ശ്ലാമ്മലെഖമറിയം എന്ന നമസ്കാരത്തിൽ ഒടുക്കത്തെ മൊഴികൾ ഇല്ല. അതിനെക്കൊണ്ട ശുദ്ധമാന സൂനഹദോസ അറിയിക്കുന്നു. ഇവണ്ണം അത്രെ ചെല്ലെണ്ടു എന്നാ. നന്മനെറഞ്ഞ മറിയമെ നിന്നൊട സ്വത്വം, കൎത്താവ നിന്നൊടുക്രുടെ, സ്ത്രീകളിൽ വാസ്തപ്പെട്ടതും നീയ്യേ. നിന്റെറ വയററിലെ ഫലം ആയ ഈശൊ വാസ്തപ്പെട്ട. ശുദ്ധമാന മറിയമെ തംപുരാന്റെറ അമ്മെ (ഞങ്ങൾ ദൊഷക്കാരക്കവെണ്ടി) ഇപ്പൊഴും ഞങ്ങടെ മരിപ്പുനേരത്തും തംപുരാനൊട അപെക്ഷിച്ചുകൊൾ ആമ്മേൻ. ഈശോ.

## പതിനഞ്ചാം കാനോനാ.

മലംകര എടവകയിൽ ശുദ്ധമാന ഈശൊ എന്നാ പെര ചൊല്ലുമ്പോൾ ഏത്തും ഒര ആശാരം ചെയ്യുമാ

malankaralibrary.com

റ ഇല്ല. ഇത നെസ്തൊറീസകാരരുടെ പെണക്കത്തീന്ന പൊറപ്പെട്ടു. ആശാരത്തിന്ന യൊഗ്യം ഒള്ള പെര അല്ല, ഇ പെര, അത എന്തെന്നാ. മാനുഷസൊകത്തിന്ന അടുത്ത പെര അത്രെ എന്ന അവരുടെ തിന്മയാലെ അവര പകുത്തു മിശിഹായ്ക്ക ഇ പെര വിളിച്ചു ഞായം. അനെകം ആശാരത്തിന്ന യൊഗ്യം ഒള്ള പെര ഇതാകുന്നു. അത എന്തെന്നാ. അനെകം ശുദ്ധമാന പെരുമകൾ തന്നിൽ അടങ്ങപ്പെട്ട പെര ആയതിനെക്കൊണ്ടു നമ്മുടെ രക്ഷയുടെ പെര ആയതിനെക്കൊണ്ടും പെരുകളിൽ ഒക്കയിലും മെല്പെട്ട പെര ഇത ആയതിനെകൊണ്ടും. ഇ പെർക്ക ആകാശമൊക്ഷത്തിലും ഭൂമിയിലും നരകത്തിലും ഒള്ളവര (കേൾക്കുമ്പോൾ) മുട്ടുകുത്തണം എന്ന മാർ പൌലൊസ ശ്ലീഹാ ചൊല്ലി. ഇതിനെക്കൊണ്ട ശുദ്ധമാന സൂനഹദോസ കല്പിക്കുന്നു. എവൻഗെലിയോൻ വായിക്കുന്നെടത്ത എംകിലും കുർബാനയിലെ ശുദ്ധമാന നമസ്കാരങ്ങളീന്ന എംകിലും പൊരുൾ പഠാത്ഥയിൽ എംകിലും മററം വല്ലടത്തു നിന്നെങ്കിലും ഇ പെര കെൾക്കുന്നവര ഒക്കയും നിക്കിലും ഇരിക്കിലും തല ചാച്ചു ആചാരം ചെയ്യണം. പട്ടക്കാരര എംകിലും അൽമെനികൾ എംകിലും തൊപ്പി ഇട്ടിട്ട ഒണ്ടെംകിൽ അത അഴിക്കയും വെണം. വിഗാരിമാരും പൊരുൾ പറയുന്നവരും എല്ലാ പള്ളിയിലെ മരിയാതക്ക തക്കവണ്ണം പല ഊടൊക്കയും ലൊകരൊട ഇത പറകയും വെണം. ദൈവത്തിന്റെ പുത്രന്റെ പെര ഈശൊ എന്ന പൊരായതിനെക്കൊണ്ട ആൎക്കും ഇ പെര വിളിക്കയും അരുത എന്ന വെലക്കുന്നു. ആൎക്കാനം ഇ പെര ഒണ്ടെംകിലും ഒപ്രൂശുമാ കൈക്കൊള്ളുമ്പോൾ മാററി മററ പെര വിളിച്ചുകൊള്ളണം. അത

malankaralibrary.com

എന്തെ. ഇത്ര വലിമയും ശുദ്ധതയും ഒള്ള ഇ പെര ആ ക്കും വിളിക്കരുത എന്നതിനെക്കൊണ്ട—

## പതിനാറാം കാനോനാ.

മലംകരെ മെത്രാൻെറ എടവകയിലുള്ള നസ്രാണികളുടെ പഴെ മാർഗ്ഗത്തിലെ യൂതന്മാരുടെ മരിയാത ആകുന്ന മരിയാത ഒണ്ടായിരുന്നു. അത ആകുന്നത നൊയമ്പുകടെയും ഞാറാഴ്ചെടെയും പെരുനാളുകളിടെയും ദിവസത്തിൻെറ പകർച്ച സന്തിക്ക തൊട്ട ആകുന്നാത. ഇവണ്ണം മലംകര എല്ലാവരും യാപരിച്ച ഇരിന്നു. എന്നാൽ ശുദ്ധമാന സൂനഹദോസ അറിയിക്കുന്നു. കൊള്ളെണ്ടും ദിവസത്തിൻെറ പകർച്ചയും നൊയമ്പിൻെറ പകർച്ചയും പാതിരായ്ക്കു തൊട്ടത്രെ ആകുന്നു എന്നു. ഇതിന്നു സദൃശം ശനിയാഴ്ചനാൾ പാതിരാ ചെന്നൊ ഞാറാഴ്ച ഫലം തൊടങ്ങു. ഞാറാഴ്ചനാൾ പാതിരാചെന്നൊ ഞാറാച്ചെടെ ഫലം കടന്നു തിങ്കളാച്ചെടെ ഫലം തൊടങ്ങു. ഇ പറഞ്ഞ എടക്ക അത അത ദിവസത്തിൽ വെലക്കപ്പെട്ടത എല്ലാം വെലക്ക ആയി ഇരിക്കെ ആവു. ഇതിനെ പള്ളികളിൽ നിക്കുന്ന വിഗാരിമാരര വഴിയെ സൂക്ഷിച്ച കാത്തുകൊള്ളണം. അത എന്തെ. മലംകര ശുദ്ധമാന ദിവസങ്ങൾ കൊള്ളുന്നതിൻെറ തുമക്ക അനെകം അന്തരം ഒണ്ട, ഒട്ടെറയും തന്നിയെ കിഴക്കും തെക്കും വടക്കും. ഇത ബഹുമാനപ്പെട്ട മെത്രാപൊലീത്താ താൻ നടന്നുകണ്ട അറികയും ചെയ്തു. കുടികളിൽ ഇരിക്കുന്നാവര വെലപ്രവൃത്തിയും വാണിഭവും മാറെണ്ടുന്ന ദിവസങ്ങളിൽ മാറാഞ്ഞാൽ വിഗാരിമാര അവരൊട വെറെവിളിച്ച കുററപ്പെടുത്തിപ്പറയണം. എന്നാൽ മാറിഇല്ലാ എംകിൽ പള്ളിക്ക പൊറത്ത ആക്കണം.

malankaralibrary.com

കെകെനസ്ത്രീയും കൊടുക്കരുത. വഴിയെ അറിഞ്ഞ പ്രവൃത്തികൾ മാറുവൊള്ളം അരുത.—

പതിനെഴാം കാനോനാ.

മിശിഹാ പെറന്ന ദിവസം എല്ലാവരും എല്ലായിടത്തും ഒരുപൊലെ കൊള്ളുവാൻ ശുദ്ധമാന സൂനഹദോസ പ്രമാണിക്കുന്നു. അത അത പള്ളിയിലെ എടവകക്കാരര ആകുന്ന പട്ടക്കാരരും എണങ്ങരും പെരുനാൾ അന്തിക്ക ഒക്കയും പള്ളിയിൽ യോഗം കൂടണം എന്നും ആവൊടത്തൊളം ചെതം ആയ ഘോഷത്തോടു കൂടെ അനാരായത്തെ നമസ്കാരം നമസ്കരിക്കയും വെണം. ചിററാംഷമ്മക്ക കൂട്ടുവാൻ തക്ക പട്ടക്കാരരുടെ കണക്കിന തക്കവണ്ണം ഒട്ട ഏകദെശം പാതിരായൊടു കൂടെ നമസ്കാരം നമസ്കരിക്കയും വെണം. നമസ്കാരം കൂട്ടുകയും വെണം. നമസ്കാരം കൂടിയാൽ നെററിയായിട്ട ഒള്ള കൊടിയും സ്ലീവായും എടുക്കണം. അത ഒടുങ്ങീയാൽ ഒര റാസകുർബാന ചെയ്യണം. അതിന്റെറ ശെഷം കത്തങ്ങൾക്ക സാമാന്യം ആയിട്ട ഒള്ള കുർബാന ചെകയും ആം. പുലർകാലെ അണഞ്ഞാൽ പിന്നെയും ഒര കുർബാന ചെയാം. മൂന്നാംകുർബാന കീഴിൽസാമാന്യമായി ചെയ്യുന്നനെരത്തെ ചെകയും. എന്നാൽ പട്ടക്കാരര അറിയണം. ആ ദിവസത്തിന്റെറ വല്ലിമകൊണ്ടും അതിൽ അടങ്ങുന്ന അത്ഥങ്ങൾകൊണ്ടും ആ ദിവസത്തിൽ ഓരോരൊ പട്ടക്കാരരക്ക മൂന്ന കുർബാന ചെവാൻ അനുസരിച്ചിരിക്കുന്നു. ഒന്ന പാതിരാക്കും ഒന്ന പുലർകാലയും ഒന്ന പണ്ടെ കീഴിൽ സാമാന്യമായി ചെയ്യുന്ന നെരത്തും. ഒന്നൊ റാസ ആവൃ. മുമ്പിലെ കുർബാന രണ്ടിലും ശരീരവും ചൊരയും എന്നിയെ ഏത്തും കൊള്ളരുത. ചൊ

malankaralibrary.com

ര കൊള്ളുന്നൊടത്ത അനെകം സൂക്ഷിച്ച വഴിയെ ഈ ന്പിക്കൊണ്ട വെള്ളവുംകൊണ്ട കാസാ കഴുകി വച്ചെ ക്കയും വെണം. കാസാ കഴുകുന്ന വെള്ളം ശുദ്ധമാന എടത്തിൽ എങ്കിലും വീഴത്തുകെ ആവൂ.

പതിനെട്ടാം കാനോനാ.

മാമ്മോദീസായും ഒപ്രൂശുമായും പെങ്കെട്ടും എന്ന ക്രൂദാശകൾ പരഹസ്യമായി പട്ടക്കാരര പ്രവൃത്തിക്കു മ്പൊൾ അതിന്റെറ ഏറെ ബഹുമാനത്തിനും ആയി ട്ട സൂർപ്പ്ലിലീസ എന്ന വെള്ളക്കുപ്പായവും അതിന്റെറ മെലെ ഊറാറയും ഇട്ട വെണം എന്ന ശുദ്ധമാന സൂന ഹദോസ പ്രമാണിക്കുന്നു. ഈ ക്രൂദാശകൾ റൊമ്മാപ്പ ള്ളിയിടെ അടവുകളും ക്രിയകൾക്കും തക്കവണ്ണം കണ്ട പെത്ത വെക്കയും വെണം. ഇതിനെക്കൊണ്ട ചെ ന്നൊത്തെ മൂപ്പൻ ആകുന്ന സംപാളൂർ പാദ്രിയോട ത ന്റെറ അവുടെ പഠിക്കുന്നവരെക്കൊണ്ട മലംകര എ ത്ര പള്ളി ഒണ്ട അത്രയും ക്രാസുകൾ ഈ മെൽ എഴുത്തു പെട്ട അടവുകൾ ഒക്കയും എഴുതിച്ച കൊടുക്കണം എ ന്ന സൂനഹദൊസ അപെക്ഷിക്കുന്നു. ഓരൊരൊ ക്രൂട്ടം ക്രാസുകൾ ഓരൊരൊ പള്ളിക്കൽ ഒണ്ടായിരിക്കണം. ആ ക്രാസുകളിൽ മാമ്മോദീസാ മുക്കുന്നതിന്റെറയും ഒ ടുക്കത്തെ ഒപ്രൂശുമാ ചെയ്യുന്നതിന്റെറയും പെണ്ണുകെ ട്ടികുന്നതിന്റെറയും കുംപസാരിച്ച പെഴ പൊക്കു മ്പൊൾ ചൊല്ലെണ്ടുന്നതിന്റെറയും കുർബാന കൊടുക്കു മ്പൊളത്തെ അടവും ചെത്താൻ ക്ലേശത്തിന്റെറ ഒ ള്ള അടവും ഹാനാൻ വെള്ളം റൂശുമാ ചെവാൻ ഒ ള്ള അടവും അൻപത നൊയമ്പിന്നു നിറുകയിൽ പെരട്ടുവാൻ വെണ്ണീർ റൂശുമാചെവാൻ ഒള്ള അട വും മെഴുകുതിരി റൂശുമാ ചെവാൻ ഒള്ള റൂശുമായും ഓ

malankaralibrary.com

ശാന ഞാറാഴ്ച്ചനാൾ കുരുത്തൊല ശുശ്രൂഷ ചെയ്യുന്നതിൻെറ അടവും വലിയവരെയും ചെറിയവരെയും അടക്കുവാൻ ഹന്ദായും അടവും പള്ളിയിൽ ചകം അടക്കുന്ന അടവും അശുദ്ധമാകപ്പെട്ടുപോയാൽ വീണ്ടു ശുദ്ധമാക്കുവാൻ ഉള്ള ശുശ്രൂഷയും അടവും ഇത എപ്പെരും എഴുത്തപെടുന്ന ക്രാസുകൾ ഒക്കയും കൂടെ ഒരു പൊസ്തകം ആയി കുത്തിച്ചു മൂപ്പൻെറ ഒപ്പും ഇടണം. അതിൽ എഴുത്തപെടുന്നതിന്ന അന്തരം വരായ്‌വാൻ ആരും ഇങ്ങിനെ എഴുതി വെക്കുന്ന പൊസ്തകം തങ്ങൾക്ക ആക്കിക്കൊള്ളുവാൻ അവകാശം ഉണ്ടാകരുത. പള്ളിക്കെ തന്നെ ഇരിക്കാവു.

## പത്തൊൻപതാം കാനോനാ.

മലങ്കര എടവകയിൽ പള്ളി പുണ്യവാളര ആയി കൈക്കൊള്ളാത ചെലരുടെ പെക്ക ചെല പള്ളി ഉണ്ടു. ഒട്ടെറയും ഈ പള്ളി സൊൽപ്പൻ കാലത്ത വിശ്വാസത്തിന്ന അന്തരം ഉള്ളവരാലും നെസ്തോറീസകാരരാലും വാഴ്ത്തപ്പെട്ട കാലത്തെ, അവര അങ്ങനത്തവരായ കാലത്ത അവക്ക പുണ്യവാളര എന്ന തൊന്നിയ വിശ്വാസക്കെട്ടുകാരരുടെ പെക്ക പള്ളി വെപ്പാൻ നിവൃഷമായി ഇരിക്കുന്നു അത എന്തെ. അങ്ങനത്തവരെ ചൊല്ലി പള്ളീന്ന നമസ്കരിക്കയും വാഴ്ത്തുകയും ചെത്തു ഞായം. ഇതിനെക്കൊണ്ടു ശുദ്ധമാന സൂനഹദോസ കത്തങ്ങളൊട പ്രമാണിക്കുന്നു. സൂനഹദോസിന്ന താൻ ബഹുമാനപ്പെട്ട മെത്രാൻ നടന്ന കാണുന്നൊടത്തുന്ന താൻ തന്നൊട പള്ളിയുടെ പെർ അറിയിക്കണം എന്ന. വിശെഷിച്ചു പട്ടവന പറവൂരും ഉദിയംപെരൂം മറ്റും ചെലടത്ത മാർ ചാവൊറ, മാർ അബ്രൊത്ത എന്നവരിടെ പെക്ക പള്ളി ഉണ്ടു. അവരെ പു

malankaralibrary.com

ണ്യവാളര എന്നാ വിളിക്കുന്നു. അവര ഇന്നാര എന്ന അറിയാതെ ഇങ്ങെ ദിക്കിൽ വന്നാ അനെകം പ്രത്യ ക്ഷം ചെയ്തു എന്നും ചൊല്ലി. അവര ചെതത ഇന്നാ ത എന്നാ എഴുത്തപെട്ടതും ഇല്ല. വഴിയെ പറഞ്ഞു കെൾപ്പാനും ഇല്ലാ. നെസ്തൊറീസകാരര എന്നാ എ ത്രെ നമുക്ക അവരെ തോന്നുന്നു. ഇതിനെക്കൊണ്ട ശുദ്ധമാന സൂനഹദോസ പ്രമാണിക്കുന്നു. ഇവണ്ണം പെ ര ഒള്ളപള്ളികളെ ഒക്കയും എല്ലാപുണ്യവാളരുടെ പെ ക്ക ആയി ഇരിക്കണം. വൃശ്ചിക ഞായറ ഒന്നാംദി വസി അവരുടെ പെരുനാൾക്ക ആ പള്ളിയിടെ പെ രുന്നാൾ കൊള്ളുകയും വെണം. ഇന്നിത്തുടങ്ങി മെട ഞായറ ഇരുപത്തൊൻപതാം ദിവസം മാർ ചാവൊറ മാർ അപ്രൊത്ത എന്നാ അവരിടെ പെക് പെരുന്നാൾ കൊള്ളുന്നത കൊള്ളരുത താനും. അവരുടെ പെക്പെ ള്ളികൾ വെക്കയും അരുത.

ഇരുപതാം കാനോനാ.

വിശ്വാസക്കാരരാൽ പള്ളിക്ക എതാനും നെച്ച് ആയിട്ടും പള്ളിക്കാര്യും ആയിട്ടും പള്ളികൾക്ക ഒണ്ടാകു ന്നാ മൊതൽ ഭണ്ഡാരത്തിൽവച്ചു പൂട്ടി പള്ളിയിൽ ത ന്നെ ഇരിക്കുന്നതിനെക്കൊണ്ട പലടത്തും പലകുറി കെട്ടു പോകുമാറ ഒണ്ട. അത സാമാന്യം ആയിട്ട എല്ലാവ രും അറിഞ്ഞല്ലൊ ഇരിക്കുന്നു. ഇത സൊൽപ്പൻകാ ലം ഭണ്ഡാരം തൊറക്കാതെ പള്ളിക്കൽ വച്ചിരിക്കുന്നാ തിനെക്കൊണ്ട വിശെഷിച്ചും ഭണ്ഡാരം അടുക്കെ അടു ക്കെ തൊറക്കായ്കകൊണ്ട പള്ളികൾക്ക വെണ്ടുന്നാ ചമയങ്ങളും കൊപ്പുകളും വെടിപ്പും ഇല്ലാത്തുതാനും. പ ള്ളികൾ വഴിയെ വഴിയെ തീരാതെ കിടക്കുന്നാതും. അ തിനെക്കൊണ്ട പള്ളികൾ പണിപ്പിച്ച തീർപ്പിപ്പാനും അതിന വെണ്ടുന്നാതെല്ലാം കൊണ്ട ഒണ്ടാക്കുവാനും

malankaralibrary.com

വെണ്ടുന്നാത ഇരിക്കയാലെ ഒക്കയും ചെതം ഇല്ലാതെ കെടക്കുന്നാത്തും പണ്ടാരം തൊറക്കായ്ക കൊണ്ടു്. ഇതിനെക്കൊണ്ട ശുദ്ധമാന സൂനഹദോസ പ്രമാണിക്കുന്നു. എല്ലാ പള്ളികളിലും ആണ്ടിൽ ഒരിക്കൽ മകരഞായറ ഒന്നാംദിവസി അത അത പള്ളിയിടെ കാൎയ്യം പ്രവൃത്തിക്ക. തംപുരാനെ ഭയവും പെടിയും ഒള്ളവരിൽ വെണ്ടത്തക്കവരെ നാലരെ പള്ളക്കാൎയ്യത്തിന കല്പിക്കണം എന്നാ. എന്നാൽ അവര നാൽവരും വിഗാരിയായിട്ട നിൽക്കുന്നാ പട്ടക്കാരനും കൂടികൊണ്ട ഓരോരൊ തിങ്ങടെ ഒടുക്കത്തെ ഭണ്ഡാരം തൊറന്ന അതിൽ ഒള്ളത എടുത്ത നാലരിൽ ഒരുത്തൻ അതിനെ ഒര പൊസ്തകത്തിൽ കണക്ക എഴുതുകയും വെണം. ആ മൊതൽ മൂന്നാ താഴും താക്കോലും ഉള്ളൊര പെട്ടകത്തിൽ വച്ചു പൂട്ടുകയും വെണം. ആ പെട്ടകം നാലിൽ ഒരുത്തരിടെ അവിടെ വൈക്കയും വെണം. മൂന്നാ താക്കോലിൽ ഒന്ന വിഗാരിടെ പക്കൽ ഇരിക്കണം. മറ്റെത രണ്ടും പണ്ടാരം വൈക്കുന്നാടത്തും കണക്ക എഴുതുന്നാവരിടെയും പക്കൽ അല്ലാതെ മററ ഇരിവരിടെയും പക്കൽ ഓരൊന്നാ ഇരിക്കണം. കണക്ക എഴുത്തുകാരന്റെ പക്കൽ രണ്ട പൊസ്തകം ഒണ്ടായിരിക്കണം. ഒന്നാ പള്ളിക്ക വരുന്നാ വരവ എഴുതുവാൻ. ഒന്നാ പള്ളിക്കവെണ്ടി അഴിയുന്നാ അഴിവ എഴുതുവാൻ. പള്ളിക്കവെണ്ടി അഴിയുന്നാ അഴിവ മരിയാതക്ക തക്കവണ്ണം എണങ്ങരെ അറുപത്തിനാലിനെയും ഒപ്പിച്ചുംകൊണ്ടു വെണം. പള്ളിമൊതൽ പള്ളിപണിക്കും പള്ളിക്കവെണ്ടുന്നാ ചമയത്തിന്നും വെണം അഴിപ്പാൻ. മെൽപട്ടക്കാരൻ അത അത പള്ളിക്കലെ അററകുററം നൊക്കുവാൻ ചെല്ലുമ്പൊൾ പൊസ്തകം രണ്ടും മെടിച്ചു കണ്ട

malankaralibrary.com

അതിന്റെറ വരവും അഴിവും അറികയും വെണം. പള്ളിക്ക എതാനും എതാനും ഉണ്ടാക്കേണ്ടത ഒണ്ടാക്കണം എന്ന കല്പിക്കയും വെണം. വിഗാരിയും പള്ളിക്കാര്യത്തിന ഒള്ളവര നാലരും കൂടെ കൂടിയെ പെട്ടകം തൊറക്കാവു. അതിൽ ഒരുത്തക്ക എതാനും മൊടക്കം ഒണ്ടായിട്ട എത്തിക്കൂടാ എങ്കിൽ അവരുടെ മനക്ഷം കൂടെ കൂട്ടുകിൽ മതി. ഒര കൂട്ടം പ്രവൃത്തിക്കാരര വച്ചു മററ ചെലര പ്രവൃത്തി എൽക്കുംപൊൾ വൈക്കുനാവര പെട്ടകവും അതിലെ മൊതലും കണക്ക കണ്ട എണ്ണി വരവ എഴുതുന്ന പൊസ്തകത്തിൽ എഴുതി എൽപിക്കയുവെണം. എൽക്കുന്നവര അതിൽ ഒപ്പ ഇടുകയും വെണം, എത്ര മൊതൽ തങ്ങൾ എറു എന്ന പിന്നെ അറിവാൻ. എന്നാൽ ശുദ്ധമാന സൂനഹദോസ പെരികെ പെരികെ ബഹുമാനപെട്ട മെത്രാപ്പൊലിത്തായെ അപെക്ഷിക്കുന്നു, താൻ ഇപ്പോൾ നടന്ന കാണുന്ന എല്ലാടത്തും പള്ളിക്ക അനെകം ഉപകാരം ആകുന്ന ഇക്കാര്യം ഇവണ്ണം തന്നെ കല്പിക്കണം എന്നും പള്ളിക്ക വെണ്ടുന്നത എല്ലാം ഒണ്ടാക്കണംഎന്നും കല്പിക്കണം എന്നു—

## ഇരുപത്തൊന്നാം കാനോനാ.

(മലംകര എടവകയിലെ പള്ളികളിൽ മിക്കതിലും രൂപങ്ങൾ ഇല്ലാതെ അത്രെ ആകുന്നു. ഓരൊരൊ കുരിശ സാമാന്യമായി ഒണ്ടായിരിപ്പൂ. ഇത വിശ്വാസത്തിന്ന അന്തരം ഒള്ള നെസ്തൊറിസകാരര ഇത്രനാളും ഇ എടവക വാണതിനെക്കൊണ്ട. അവരിടെ തണ്യ പെണക്കത്തിന്ന തക്കവണ്ണം രൂപങ്ങൾ തങ്ങടെ പള്ളികളിൽ വച്ചു ഞായം അല്ലാ. എന്നാൽ മലംകര ചെല പള്ളികളിൽ രൂപം ഒള്ളെടത്ത ഇന്ന രൂപം എന്ന വഴിയെ തിരിപ്പാൻ തക്കത അല്ല. എഴുതി

malankaralibrary.com

ന്റെ ചെതകെടെ കൊണ്ടും എഴുത്തുപെട്ട ശീലടെ
പഴക്കം കൊണ്ടും വഴിയെ തിരിപ്പാൻ തക്കതെ അല്ല.
ഇതിനെക്കൊണ്ട ശുദ്ധമാന സൂനഹദോസ പ്രമാണി
ക്കുന്നു. പള്ളിയിടെ പണി തീൎന്നാൽ നടെ മാമ്മോ
ദീസാ മുക്കുവാൻ ഒള്ളത മെൽ പറഞ്ഞവണ്ണം പണി
ക്കയും വേണം. അതിന്റെ ശെഷം ഒടനെ വെണ്ടുന്നത
ആകുന്നത പള്ളിക്കൽ വെയ്പാൻ രൂപങ്ങൾ ഒണ്ടാക്ക
ണം. പള്ളിയിടെ പെരുന്നാളുകൾക്ക തക്ക രൂപങ്ങൾ
വെണം താനും. മദുവായിൽ രൂപം തീൎന്നതിന്റെ
ശെഷം പൊറത്ത ത്രൊണൊസുകളും ഒണ്ടെങ്കിൽ പ
ള്ളിമൊതൽ അഴിച്ചു അതിന്നു രൂപങ്ങളും ഒണ്ടാക്ക
ണം. വിശെഷിച്ചും തമ്പുരാന്റെ അരുളപ്പാട നിന്നു
പറഞ്ഞ ലൊകരെ കെൾപ്പിപ്പാൻ പുൽപ്പത്തെ പ
ണിയിപ്പാൻ തക്ക പള്ളികളിൽ ഒടനെ അതും വെണം
എന്ന ശുദ്ധമാന സൂനഹദൊസിന്നു വെണ്ടിയിരിക്കു
ന്നു. ഇ എടവകയിൽ പുൽപ്പം ഒള്ള പള്ളി ചുരുക്കം.

### ഇരുപത്തിരണ്ടാം കാനോനാ.

മലങ്കര എടവകയിലെ പള്ളികൾ വഴിയെ പ
ല ഊടൊക്കയും അടിച്ചു തൂക്കാത്തതിനെക്കൊണ്ട ചെ
റും പൊടിയും പെരണ്ട കെടന്നു ഞായം. ഇത അ
തിന്റെ അററകുററം നൊക്കുന്നവര ഇല്ലായ്കകൊ
ണ്ട. ഇതിനെക്കൊണ്ട ശുദ്ധമാന സൂനഹദൊസ പ്ര
മാണിക്കുന്നു. പള്ളി പണ്ടാരത്തിന്ന എടുക്കുന്ന മൊത
ലിൽ തിങ്ങളിൽ എതാനും പള്ളിക്കാൎയ്യം പ്രവൃത്തി
ക്കുന്നവൎക്ക നാലക്കംകൂടെ ഒത്തതിനെ കപ്യാരന്മാൎക്ക
കൊടുക്കണം എന്നു. കപ്യാരന്മാൎക്ക അല്ലെങ്കിൽ മററ
ആരാനും ആഴ്ച്ചവട്ടത്തിൽ രണ്ടുകുറി അടിച്ചു തൂത്ത
വെടിപ്പു ആക്കുന്നു എന്നാൽ അവൎക്ക. പള്ളിയിലെ

malankaralibrary.com

വെളക്ക ഒക്കയും വഴിയെ തെച്ചു വെളുപ്പിക്കയും അ തിലൊന്നിൽ ഒര തിരി എപ്പൊഴും കത്തിച്ചിരി ക്കയും വെണം. പള്ളിയകത്തെ മതിലും ത്രൊണൊ സും ആച്ചവട്ടത്തിൽ രണ്ട കുറി അവര തൂക്കുകയും വെണം. വിശെഷിച്ചും കല്പിക്കുന്നു എല്ലാ പള്ളികളിലും മരംകൊണ്ട എംകിലും മററ വല്ലത കൊണ്ട എംകിലും ഓരൊ കുരിശ ത്രൊണൊസിന്റെറ പക്കൽ ഉണ്ടായിരിക്കയും വെണം. ഇരിട്ടപാരം ആകുന്ന മദ്ബഹാ യിൽ വെളിവു വാതലുകൾ പൊറമെ അഴിയും ആയി ട്ട ഉണ്ടാക്കുകയും വെണം. ഇത എല്ലാ പള്ളികളിലും വെണം താനും. എല്ലാ പള്ളികളിലും ചമയപ്പെരയും അതിൽ അലമാരിയും പെട്ടകവും ഉണ്ടായിരിക്കണം, കാസായും ശീലകളും ശെഷം ചമയങ്ങളും ചരസിപ്പാൻ ഇപ്പൊഴത്തെ നെററിക്ക കുപ്പായവും കാസായും ശീലക ളും ത്രൊണൊസിമ്മെൽ ആരും വൈക്കയും അരുത, ഒക്കയും നല്ല വെടിപ്പൊടെ വച്ചു പൂട്ടി വികാരിടെ പ ക്കൽ അതിന്റെറ താക്കൊൽ ഇരിക്കയും വെണം. ത്രൊണൊസ നല്ല വെടിപ്പായിരിക്കണം.

## ഇരുപത്തുമൂന്നാം കാനോനാ.

മലംകര എടവകയിലെ പള്ളികളിൽ മിക്കതി ലും മണിയില്ലാ. ചെലടത്ത ഒള്ളതിനെ പള്ളി അക ത്ത തന്നെ കെട്ടി തൂക്കി ഞായം. അതിനെക്കൊണ്ട വ ഴിയെ മണി തട്ടിക്കൂടാ താനും. അങ്ങിനെ അകത്ത കെ ട്ടിത്തൂക്കുന്നാത യോഗ്യം അല്ല. ഇതിനെക്കൊണ്ട ശുദ്ധ മാന സൂനഹദോസ കല്പിക്കുന്നു. എല്ലാ പള്ളികളിലും പൊറത്ത മണി തൂക്കുവാൻ പൊക്കത്തിൽ പണിച്ചു ഒ ണ്ടാക്കണം. എന്നാൽ അവുടെനെ കട്ടപൊകും എന്ന തൊന്നുന്നൊടത്ത എകരമായിട്ട തീൎത്ത പൂട്ടിക്കൊള്ളുക

malankaralibrary.com

യും വെണം. മലയാളരുടെ മുക്കാൽ വട്ടത്തിന്ന മണി
യിടെ സ്തുതി കെൾക്കുന്നത സംകടമെന്നും ചൊല്ലി. മ
ലയാം രാജാക്കൾ മണി പൊക്കത്തിൽ പണിച്ചു തൂക്ക
രുത എന്ന വെലക്കുന്നൊടത്ത പള്ളിയകത്ത തന്നെ ഒ
രെടത്ത തൂക്കിക്കൊള്ളുകയും ആം, ആവിടത്തൊളം
പൊക്കത്തിൽ, കൈകൊണ്ട എത്താത്തെടത്ത—

ഇരുപത്തിനാലാം കാനോനാ.

പള്ളിയിടെ പഴെ ഞായത്തിന്ന തക്കവണ്ണം
ചെല അശുദ്ധങ്ങൾ കൊണ്ട പള്ളിയിടെ റൂശുമാ അ
ഴിഞ്ഞു അതിൽ കുറുബാനയും ചൈവാൻ വശമല്ല.
വീണ്ട റൂശുമാ ചൈതെ എന്ന സുനഹദൊസ പഠി
പ്പിക്കയും അറിയിക്കയും ചെയ്യുന്നു. ആ പഴെ ഞാ
യം അറിയായ്ക കൊണ്ട ഇത്രനാളും ഇ എടവകയിൽ
അതിന്ന ഒത്തവണ്ണം ഇരുന്ന ഞായം അല്ലാ. പള്ളി
അഴിവാൻ ഒള്ളത ആകുന്നത ഇത. ഒന്നാമത മെനി
കെടൊട്ടുകൂടെ മാനുഷന്റെറ ചൊര പള്ളിയിൽ
ചിന്തുന്നത. അവ്വണ്ണം ചൊര ചിന്തുവാൻ ഹെതു
കൊടുക്കുവതും മരണത്തിന്ന ഹെതു കൊടുക്കുന്നതും.
മരണത്തിന്ന തക്കൊര മുറിവ പള്ളിന്ന ഒരുത്ത
രെ മുറിച്ചു എംകിൽ ചൊര അകത്ത വീഴാതെ
പൊറത്ത മുറിഞ്ഞവെനെ കൊണ്ടുപൊയ്ക്കൊണ്ടു എം
കിലും പള്ളി അശുദ്ധമായി. എന്നാൽ പൊറത്തുന്ന
അങ്ങനെ മുറിഞ്ഞിട്ടു പള്ളിയകത്ത വന്നപ്പൊ ചൊര
ചിന്തുകിലും പള്ളി അശുദ്ധം ആകയും ഇല്ല. രണ്ടാമ
ത മനസ്സ അറിഞ്ഞ മാനുഷന്റെറ വിത്ത പള്ളിയി
ൽ വീഴുന്നത കൊണ്ടു. മനസ്സ അറിഞ്ഞ മാനുഷന്ന
ഞായമായിട്ടു ഒള്ള കുടി പെലർച്ചു എംകിലും 3—ാമതു
മഹറൊൻ ഉള്ളവരെ അടക്കുന്നതുകൊണ്ട. നാലാമത
മാർഗ്ഗമല്ലാത്തവരെ ആരാനെയും പള്ളിയിൽ അടക്ക

malankaralibrary.com

ന്നതുകൊണ്ട. ഈ നാലാമത്തതിന പള്ളി വീണ്ട റൂശ്ശു
മാചെയ്താൽ തന്നെ പൊരാ. പിന്നെയൊ പള്ളിയി
ടെ മതിലിന്റെ അകത്ത പാട ഒക്കയും ചൊര
ണ്ടുകയും. അഞ്ചാമത—എല്ലാവരും അറികെ മ
ഹറൊൻ ഏററിരിക്കുന്ന മെത്രാൻമാരാൽ റൂശ്ശുമാ
ചെയ്യുന്നതുകൊണ്ട—ഈ മെൽപറഞ്ഞ ആപത്തുകളാൽ
ഒന്ന അകപ്പെട്ടുന്ന പള്ളി വീണ്ടു റൂശ്ശുമാ ചെയ്യാതെ
അതിന്ന കുർബാന ചെയ്തുക്കൂടാ. മെത്രാന്മാര കൂദാ
ശ ചെയ്ത പള്ളി അല്ലാതെ ഒള്ളത അശുദ്ധമായാൽ
ശുദ്ധമാന റൊമ്മാപ്പള്ളിയിടെ ക്രിയകളും നമസ്കാര
ങ്ങളും സുറിയാനിയിൽ എഴുതപ്പെട്ടത കൊണ്ട വി
ശാരിക്ക അതിനെ വീണ്ട ശുദ്ധം ആക്കുകയും ആം. പ
ള്ളി അശുദ്ധം ആക്കുംപൊൾ അതിനൊടുക്കൂടെ ചെർ
ന്നിട്ടുള്ള റൂശ്ശുമാപ്പെട്ട നെലവുംക്കൂടെ അശുദ്ധമാകും. പ
ള്ളിക്കെന്നു വെർതിരിഞ്ഞ അകലെയൊള്ള റൂശ്ശുമാ
നെലം അശുദ്ധം ആകയും ഇല്ല എന്നറിക. വിശെ
ഷിച്ചും പള്ളി അശുദ്ധമാകുംപൊൾ അതിനൊട ചെ
ന്ന റൂശ്ശുമാനെലവും അശുദ്ധമാം. പള്ളിയൊട
ചെന്ന റൂശ്ശുമാനെലം അശുദ്ധമാകുന്നതിനെക്കൊണ്ട
പള്ളിക്കൂടെ അശുദ്ധമാകയില്ലതാനും.

### ഇരുപത്തഞ്ചാം കാനോനാ.

ശുദ്ധമാന പള്ളിയിടെ ബഹുമാനത്തിന തക്കവ
ണ്ണം ബഹുമതിച്ചെ മതിയാവു. എന്നാൽ മലംകര
എടവകയിൽ ഒള്ള പള്ളികളിൽ ക്ലേശക്കാരര തങ്ങടെ
ദൈവനെക്കുറിച്ച തങ്ങളും തങ്ങടെ കെട്ടിയവരും തങ്ങ
ടെ വീട്ടിൽ ഒള്ളവരും ആയി പള്ളികളിൽ പൊറുത്ത
ഞായം. തങ്ങടെ ക്ലേശം ചൊല്ലി അവുടെ വിടുകളിലെ
പ്പൊലെ ചിററാഷ്മ എല്ലാം കൂടിയെല്ലൊ മതിയാവു.

malankaralibrary.com

ഇതിന ശുദ്ധമാന സുന്നഹദൊസ പ്രമാണിക്കുന്നു, ക്ലേശക്കാരര ആരും പള്ളികളിൽ പൊറുക്കരുത. അന്തിക്ക എന്നാൽ പ്രവൃത്തിക്ക രക്ഷയായിട്ട പൊറുക്കാമ്പൊഴെ ആവു. ക്ലേശക്കാരര തങ്ങടെ ദൈവതക്ക തക്കവെണ്ണം പള്ളിക്കെന്നൊ തംപുരാനൊട അപെക്ഷിച്ചുംകൊണ്ട തങ്ങടെ സ്ഥലത്ത പൊയി പൊറുത്തുകൊള്ളണം. പല ദിവസം എത്തിക്കണം എംകിൽ പള്ളിക്ക അരികെ ഒള്ള വീട്ടുകളിൽ താൻ പള്ളിയിടെ മൊണ്ടകത്തിൽ താൻ പൊറുത്തുകൊള്ളണം.

## ഇരുപത്താറാം കാനോനാ.

കുടികളിൽ ഇരിക്കുന്നവര ചെലര മരിച്ചാൽ അവരുടെ ചവം പള്ളികളിൽ കൊണ്ടുവരുവാൻ ഉത്സാഹം ഇല്ലായ്കകൊണ്ടും ചെലർ ദൃശ്യമാ ഇല്ലാതെടത്ത പട്ടക്കാരരയും കൂടാതെ അടക്കുന്നതിനെക്കൊണ്ടും ശുദ്ധമാന സുന്നഹദൊസ പ്രമാണിക്കുന്നു. മരിക്കുന്നവരിടെ ഒടയവര എംകിലും വീട്ട ഒടയവര എംകിലും, അനെകം ദൂരം പള്ളിക്കൽ ചവം കൊണ്ടവരുവാൻ എംകിലും, പള്ളിക്ക അരികെ കൊണ്ടുവന്നൊ മതിയാവു എന്നു, ചെതം ആയി ഒരെടത്ത. അവുടെ പട്ടക്കാരൻ സൂർപ്പിലീസ കുപ്പായവും, ഉറാറയും ഇട്ട പള്ളിയിലെ കുരിശും എടുപ്പിച്ച ഹന്നദായും ചൊല്ലിചെന്ന ചവം കൊണ്ടുവന്ന അടക്കുകയും വെണം. ഇവണ്ണം വികാരിമാരര എല്ലാവരൊട്ടും ചെതെ മതിയാവു. എത്തും തരുവാൻ ഇല്ലാത്തവര എംകിലും. കണക്കെ ചകം ആരാനും ദൂരെന്ന അടക്കുവാൻ കൊണ്ട വരുമ്പൊൾ പട്ടക്കാരൻ അവുടെ ഇല്ലാ എംകിലും എണങ്ങര അവുടെ ഉടനെ എത്തുവാൻ തക്കെടത്ത അല്ലംകിലും എണങ്ങര ആവിടത്തൊളം കൂടെ കൂട്ടി തങ്ങൾ അറിഞ്ഞ നമ

malankaralibrary.com

സ്സാരങ്ങളും ചൊല്ലി നമസ്കരിച്ചു തംപുരാനൊട അപേക്ഷിച്ചുംകൊണ്ട പള്ളിയിൽ താൻ പൊറത്ത ശുശ്രൂമാ ഒള്ള എടത്തിൽ എംകിലും താൻ അടക്കുകയും വെണം. മെൽപറഞ്ഞവണ്ണം ശ്രമിച്ചു ദൂരത്തെ ശവം പള്ളിക്കൽ കൊണ്ടുവരാതെ, ശുശ്രൂമാനെലത്ത അല്ലാതെ, അടക്കുന്നവരെ വഴിയെ കുററപ്പെടുക്കയും വെണം.

## ഇരുപത്തെഴാം കാനോനാ.

ശുദ്ധമാന സൂനഹദൊസ കല്പിക്കുന്നു, ഒരു അങ്ങാടിയിൽ പല പള്ളി വൈക്കണം എംകിൽ ഒരു പള്ളിയിടെ പെര മററ പള്ളിക്ക ഇടരുത എന്നാ. ഓരൊരൊ പള്ളിക്ക വെവ്വെറെ പെര ഒണ്ടാക്കണം, വെറെ പെരുന്നാളുകൾ ഒണ്ടായി തംപുരാനെ സ്തുതിപ്പാൻ. പള്ളിയിടെ പെരുന്നാൾകൾക്ക എല്ലാവരും ഒരുമിച്ചു അവുടെ കൂടുകയും വെണം, കൊള്ളുകയും വെണം. മുൻപിൽ ഒള്ള പള്ളിയിടെ പെരു തന്നെ പിന്നെ വെക്കുംന്നതിനും വിളിയായ്കിൽ മുൻപിലുത്തെ പള്ളിയിനെ മെനികെട്ടുകുന്നു എന്നാ ചെലക്ക തൊന്നുന്നത ശുദ്ധമാന സൂനഹദൊസ ഉപെക്ഷിക്കുന്നു. ഒന്നാമത്തെതിന്റെറ പെര തന്നെ രണ്ടാമത്തെതിനും വിളിയായ്കിൽ ഒന്നാമത്തെതിനെ മെനികെട്ടുക്കുന്നു എന്ന ചെലക്ക തൊന്നുകകൊണ്ട ചെല അങ്ങാടിയിൽ ഒരപെക്ക തന്നെ രണ്ട പള്ളി ഒണ്ടായത. വിശെഷിച്ചും കല്പിക്കുന്നു ഒര പള്ളിയിടെ പെരുന്നാൾക്ക വെറ കൂറ കൊണ്ട എല്ലാവരും ഒരുമിക്കാതെ ഇരിക്കരുത, നസ്രാണികളുടെ ഒരുംപാടൊടും കൂടെ സ്നെഹത്തൊടും കൂടെ എല്ലാവക്കും ഒത്ത പള്ളിക്കൽ ഒക്കയും ഒരുമിച്ചെ മതിയാവു എന്നും. ഇവണ്ണം തന്നെ ഒര പള്ളിക്കൽ കർബാനയും പൊരുൾപടാത്ഥയും ഇല്ലെംകിൽ

malankaralibrary.com

മററ അത ഒള്ള പള്ളിക്കൽ ഒരുമിച്ച കൂടണം എന്നും, പള്ളിയിടെ എടയിൽ ഒണ്ടാകരുതാത്ത ചെല വൈമൊസ്സ്യക്കെട്ടുകൾ ഒണ്ടെന്ന ശുദ്ധമാന സൂനഹദൊസ അറിഞ്ഞിട്ട നസ്രാണികളിടെ എടയിൽ യൊഗ്യം ഇല്ലാത്തത ഇത എന്നതിനെക്കൊണ്ട ഇ വൈമൊസ്സ്യക്കെട നീക്കണം എന്നും ശുദ്ധമാന സൂനഹദൊസിന്ന അപെക്ഷ ഒണ്ട. വിശെഷിച്ചും പള്ളിയിടെ നല്ല ചിററാഷ്മക്ക പള്ളികള്ളിൽ (കൊപ്രെരിയാ എന്ന മത്തമറിയത്തുമ്മാടെ സഭക്കൂട്ടം) കല്പിക്കണം, ഒട്ടെറെയും പള്ളിയിടെ പെര ചൊല്ലി. അത എന്തെ. മൊട്ടുതന്മാര പള്ളിയിടെ വസ്തുക്കളെ എററെ പെരിപ്പിപ്പാൻ എന്ന.

## ഇരുപത്തെട്ടാം കാനോനാ.

ഒരുത്തരുടെ മരണത്തുംനെരത്ത ഞായത്തിന്ന തക്കവണ്ണം തൻെററ വസ്തുകൊണ്ട എഴുതിവെക്കുന്നതിനെ അതിന തക്കവണ്ണം നടത്തുന്നവര നടത്താഞ്ഞാൽ അതിനെ അവരക്കൊണ്ട നടത്തുവാൻ ആകുന്നവര കാനോനാ കണക്കിൽ മെത്രാൻമാര എന്ന ശുദ്ധമാന സൂനഹദൊസ പ്രമാണിക്കുന്നു. ഇവണ്ണംതന്നെ ഇരിക്കണം എന്ന. എന്നാൽ നസ്രാണികളിൽ ആരാനും തൻെററ ഒട്ടുക്കത്തെ അററത്ത തൻെററ വസ്തുകൊണ്ട എഴുതി വെക്കുന്നത മരിയാതക്ക ഒത്തവണ്ണം വാസ്തം ആകുന്നത. എഴുതി വച്ചവണ്ണം ഒരാണ്ട കടന്നാൽ തെകച്ചില്ലെംകിൽ മെത്രാൻ എഴുതി വച്ചവരുടെ അനന്തരവരെക്കൊണ്ട എംകിലും അതിനെ തെകപ്പാൻ ആയിട്ട ഒള്ളവരെക്കൊണ്ട എംകിലും തെകക്കണം. അതിന്ന ഏതാനും കുററപ്പെട്ടുത്തീട്ടും വെണം.

malankaralibrary.com

## ഇരുപത്തൊൻപതാം കാനോനാ.

എല്ലാ പള്ളികളിലും നിക്കുന്ന വിഗാരിമാരൊട്ടും പട്ടക്കാരരൊട്ടുംകൂടെ ശുദ്ധമാന സൂനഹദൊസ ഉത്സാഹത്തൊട്ടുകൂടെ ചൊല്ലുന്നു. തങ്ങൾക്ക അയൽപക്കം ആയി ഒള്ള ശൂദ്രരൊട്ടും ഈഴവരൊട്ടും ശെഷം കമ്മാളരൊട്ടും ശുദ്ധമാന കത്തോലിക്കാ വിശ്വാസം പറഞ്ഞ രസവും ന്യായവും ആയ പ്രകാരങ്ങൾകൊണ്ടും ഒട്ടേറെയും ശുദ്ധമാന എവൻഗേലിയിൽ എഴുത്തുപെട്ട അരുളപ്പാടുകൾകൊണ്ടും പട്ടാങ്ങെടെ വിശ്വാസത്തിൽ വരുത്തുവാൻ ശ്രമിക്കണം എന്ന. കമ്മാളര നിവൃഷതത്താലെ മാർഗ്ഗത്തിൽ വരും എന്ന ശുദ്ധമാന സൂനഹദൊസ അറിഞ്ഞതിനെക്കൊണ്ട ഇങ്ങനത്തവര മാർഗ്ഗം പുക്കാൻ മറ്റൊള്ള നസ്രാണികളൊടകൂടെ ഒരുമിച്ച ഒര പള്ളിയിൽ കൂടുവാൻ കഴിവ ഒണ്ടാകണം എന്ന സൂനഹദോസിന്ന അപെക്ഷ ആയി. അത എന്തെ. എല്ലാവരും ഒര തമ്പുരാനെ തന്നെ കുമ്പിടുകയും ഒക്കെക്കും വിശ്വാസം ഒന്നാകയും എല്ലാവരും ഒര കൂദാശെടെ കീൾ അടങ്ങുകയും അതിനെക്കൊണ്ട തമ്പുരാനിൽ ഒള്ള ഭെദം ഇല്ല.

യൂദന്മാരിലും യെവനായ പരുഷയിലും ഭെദം ഇല്ല എന്ന പൌലൊസശ്ലീഹാ ചൊല്ലിയപൊലെ മെൽ അംശം എന്നും കീൾ അംശം എന്നും ഭെദവും ഇല്ല. ഈ തമ്പുരാനത്രെ എല്ലാവൎക്കും കൎത്താവ ആകുന്നത. എന്നാൽ തമ്പുരാനൊട അപെക്ഷിച്ചുംകൊണ്ട ക്രമത്താലെ വിജാരിച്ചു അപ്പൊൾ മലയാംരാജാക്കടെയും കൎത്താക്കടെയും എടയിൽ ഇരിക്കുന്നൊടത്ത ഇങ്ങിനെ വശമല്ല എന്ന കണ്ടു. അത എന്തെ. കീൾ അംശക്കാരര കൊലം പൂകുന്നവരും നസ്രാണി മാപ്പിളമാരും തങ്ങളിൽ ഒന്നിച്ചാൽ മെൽ അംശം ആകുന്നവരൊട പി

malankaralibrary.com

ന്നെ യാവരിച്ചു കൂടാ. എന്നതിനെക്കൊണ്ട ശുദ്ധമാന സൂനഹദൊസ പ്രമാണിക്കുന്നു. കീൾ അംശത്തിൽ ആൎക്കാനും മാൎഗ്ഗം പൂകുവാൻ മനസ്സു ഒണ്ടെങ്കിൽ മെത്രാനൊട അറിയിക്കണം എന്നാ. അത എന്തെ. അവൎക്ക വെറെ ഒര പള്ളിയും എടയരും അവരെ മെപ്പാൻ ഒണ്ടാക്കുവാൻ ആയി. എടവകയിൽ ഇങ്ങനത്തവൎക്ക അവരിടെ എന്നന്നെക്കുമുള്ള രക്ഷെട വാതൽ അടയ്ക്കപ്പെട്ട പൊകാതിരിപ്പാൻ അവൎക്ക വെറെ പള്ളി ഒണ്ടാവൊളം മറെറാള്ള പള്ളിയിടെ മൊണ്ടകത്തീന്ന കുൎബാന കാണുകയും വെണം. മറെറാര കഴിവ തംപുരാൻ ഒണ്ടാക്കി മലയാം രാജാക്കൾ കീൾ അംശം ആകുന്നവര കൊലംപുക്കാൽ മെൽ അംശക്കാരരെപ്പൊലെ മററ ഒള്ള നസ്രാണികളെ തൊട്ടുവാൻ അനുവാദം തരുവൊളം താൻ ഇത. ഇവണ്ണം വരുത്തിത്തരണം എന്ന ഇ എടവകെടെ രക്ഷയിടെ പ്രുത്തുക്കാൽ രാജാവ മലയാം രാജാക്കളൊട ശ്രമിച്ചു വരുത്തിത്തരണം എന്ന ശുദ്ധമാന സൂനഹദൊസ അപെക്ഷിക്കുന്നു.

### മുപ്പതാം കാനോനാ.

എല്ലാ പള്ളിയിടെ നെറിവും മരിയാതയും ആകുന്നത സ്ലീവാ അടയാളം വരക്കുംപൊഴും ദൃശുമാ ചെയ്യുംപൊഴും എടത്ത നിന്ന വലത്തൊട്ട ചെയ്യുണായം. ബാബാടെയും പുത്രൻെറയും റൂഹാദക്കുദശാടെയും നാമത്താൽ എന്ന ചൊല്ലുംപൊൾ കൈ നെററിമ്മെലും നെഞ്ചത്തും എടത്തെ ഉരത്തെലും അവിടന്ന വലത്തെ ഉരത്തെലും തൊട്ടുണായം. ഇതിൻെറ അൎത്ഥങ്ങളും പലതിലും ഒന്നായത. ദൈവത്തിനുടെ പുത്രൻെറ കുരിശിൻെറ ശക്തിയാൽ തിന്മ ഒടയവുരുടെ എടമാകുന്ന എടത്ത പുറത്തീന്ന നന്മ ഒടയവരുടെ എടമാകുന്ന വല

malankaralibrary.com

ത്ത പൊറം നമുക്ക കിട്ടി എന്ന അറിയിപ്പാൻ. എ ന്നാൽ ഇ മലംകര എടവകയിൽസ്ലീവാ അടയാളം വ ലത്തന്നാ എടത്തൊട്ട ചെയ്തു ഞായം. എല്ലാ പള്ളി യൊട്ടും ശുദ്ധമാന റൊമ്മാപ്പള്ളിയൊട്ടുംകൂടെ എല്ലാം കൊണ്ടും ഒരുപൊലെ ഒരുംപെടുവാൻ ശുദ്ധമാന സൂ നഹദൊസ പ്രമാണിക്കുന്നു, കിടാങ്ങൾക്ക, വിശ്വാസ ക്കാരര ആകുന്ന ലൊകക്ക് ഒക്കെക്കും നെററിമെലും വാ മെലും നെഞ്ഞത്തും വരക്കുന്ന സ്ലീവാ അടയാളങ്ങളും ഒട്ടുക്കത്തെ ക്രുശുമായും എടത്തനിന്ന വലത്തൊട്ട വെ ണം എന്ന. വിശെഷിച്ച ക്രുശുമാ അടയാളം ചെയ്യു ന്നടത്ത ഒക്കയും അങ്ങനെ ആവു. ഇവണ്ണംതന്നെ പട്ട ക്കാരര ഒക്കെയും വെണം. കുർബാനയിലും ശുദ്ധമാന ക്രുദാശകളിലും മററും ക്രുശുമാ വെണ്ടുന്നെടത്ത ഒക്കെ—

## മുപ്പത്തൊന്നാം കാനോനാ.

മഹറൊൻ കൂടാതെ, പലരും അറികെ ഒള്ള ദൊ ഷം ഒള്ളവര ആരാനും തങ്ങടെ മരിപ്പും നെരത്ത കുംപ സാരിക്കണമെന്ന അപെക്ഷിച്ചത എത്താത മരിക്കുന്ന വരിടെയും അസാരം ദൊഷം ചെവാൻ പൊരാ എ ന്ന നാമംകൊണ്ടും ഒള്ളവക്ക വെണ്ടി അന്നദായും മററും അവരിടെ ആത്മാവിന്ന വെണ്ടുന്ന നമസ്കാരങ്ങളും ചെ ലക്കവെണ്ടി ചെയ്തു ഞായം അല്ല. അത എംകിലും ചിതം ഒള്ള നെററിയും പള്ളിയിടെ മരിയാതയും അ ല്ല, അത എന്തെ. പരസ്യം ആയ നമസ്കാരങ്ങൾ, മ ഹറൊൻ എററത പൊക്കാതെ മരിക്കുന്നവക്ക പള്ളി യിൽ നമസ്കാരം മാററാവു. ഇതിനെക്കൊണ്ട ശുദ്ധ മാന സൂനഹദൊസ അറിയിക്കുന്നു. ഒരുത്തക്ക അ നെകം ദൊഷം ഒണ്ടാകിലും മഹറൊൻ ഇല്ലെംകിലും അ. വര മരിച്ചാൽ അവക്കവെണ്ടി വെണ്ടുന്ന നമസ്ക്കാ

malankaralibrary.com

ൾ ഏറ്റും മാററരുത. മറെറല്ലാവൎക്കും വെണ്ടി ഒള്ള അനുദായും നമസ്കാരങ്ങളും അവൎക്ക വെണ്ടിയും വെണം. വിശേഷിച്ച ക്ലേശമായി പലദിവസവും കെടന്ന കുമ്പസാരിച്ചുകൊള്ളാതെയും അതിന്ന ഉത്സാഹിക്കാതെയും, പട്ടക്കാരെ കുമ്പസാരിപ്പിപ്പാൻ വിളിക്കാതെയും സൂനഹദോസ കുമ്പസാരം എന്ന ക്രൂദാശയിൽ. 4. കാനോനായിൽ എഴുത്തപ്പെട്ടവണ്ണം മരിക്കുമ്പോൾ, ഏതാനും ഒരു ചാവദൊഷം ചെയ്തും ചെയ്തത വെണ്ടി ഇരിന്നില്ല എന്ന മനസ്സിലെ നൊമ്പരത്തൊടുകൂടിയല്ല മരിക്കുന്ന എന്ന തോന്നുകിലും ഇത അല്ലാതെ മരിക്കുന്നവൎക്ക നമസ്കാരം ഏറ്റും മൊടക്കരുത.

## മുപ്പത്തുരണ്ടാം കാനോനാ:

മലങ്കര എടവകയിൽ ചെന്നൊത്തും മററ എടവകയിൽ ചെലടത്ത ഇരിക്കുന്ന കുമ്പഞ്ഞിയാക്കൂട്ടം ആകുന്ന സാമ്പാളൂർക്കാരെ പാതിരിമാര മലങ്കര എടവകയിൽ വിശ്വാസക്കാരെ ആകുന്ന ലൊകൎക്ക അറിവ പറകയും പഠിപ്പിക്കയും വണ്ണം, ദൈഹദെണ്ഡം ചെയ്തിനെ ശുദ്ധമാന സൂനഹദൊസ പ്രിയത്തോടുകൂടെ കൈക്കൊണ്ട ഈ എടവകയിലെ ആത്മാവുകളിടെ ഏററെ ഉപകാരത്തിന്ന എടവകയിൽ ഇരിക്കുന്ന സാമ്പാളൂ പാതിരിമാര ഈ എടവകയിൽ ഒള്ള പള്ളികളിൽ ഒക്കെയിലും പുക്ക കുർബാന ചെയ്വാനും കുമ്പസാരിപ്പിപ്പാനും പൊരുൾ പറവാനും മററും ലൊകരിടെ ആത്മാവുകൾക്ക വെണ്ടുന്നത എപ്പെരും പള്ളിക്ക അടുത്ത മരിയാതക്ക തക്കവണ്ണം പരഹസ്യമായി വഴിയെ പ്രവൃത്തിപ്പാൻ ശുദ്ധമാന സൂനഹദൊസ അപെക്ഷിക്കുന്നു. ഇതിന്ന മററാരുടെയും അനുവാദം അവൎക്ക വെണ്ടാതാനും. വിശേഷിച്ച പെരുക്കെട്ട എന്ന ക്രൂദാശക്ക കൈ

malankaralibrary.com

പിടിപ്പിക്കുന്നതിന്നാ അവിടവുടെ നിക്കുന്ന (വകാരിമാരുടെ അൻവാദത്തൊടുകൂടെ ആവൃത്താന്നം. മലംകര എടവകയിൽ വികാരിമാരായി നിക്കുന്ന) കത്തങ്ങളും ശെഷം പട്ടക്കാരര ഒക്കയും ഈ പാതിരിമാരെ അനെകം പ്രിയത്തൊടും എണക്കത്തൊടും കൂടെ കൈക്കൊണ്ടു കൊള്ളണം എന്നാ കല്പിക്കുന്നു. അവരൊട, കൂദാശ കൊണ്ടു ഒള്ളതും, എടയവര ആകുന്നവൎക്ക അവരിടെ ആത്മാവിന്റെ യാവ്യങ്ങളെ കൊടുപ്പാൻ വെണ്ടുന്നതും പഠിപ്പാൻവെണ്ടുന്ന പ്രിയം ഒണ്ടായിരിക്കയും വെണം. വിഗാരിമാരൊടും മററ ഒള്ള പട്ടക്കാരരൊടും ഐമൊസ്ത്യപ്പെട്ടു എപ്പെരും പാതിരിമാര ചെയ്യും എന്ന ശുദ്ധമാന സൂനഹദൊസിന്നാ വിശ്വാസം താന്നം. വിഗാരിമാരും പട്ടക്കാരരും പാതിരിമാരര പാകയും പഠിപ്പിക്കയും ചെയ്യുന്നാതിന്നാ ലൊകരെ യൊഗം കൂട്ടുകയും ചെയ്യും.

## മുപ്പത്തുമൂന്നാം കാനോനാ.

ഗോവയിൽ ഒണ്ടായ സൂനഹദോസിന്റെറ കല്പനകളെ മററ മലനാട്ടിൽ ഒള്ള വിശ്വാസക്കാരരുടെ എടവകയിൽ ഒള്ള വിസ്പുമാരുടെ എടവകയിൽ ഒക്കയും കൈക്കൊണ്ടു അതിന്നാ ഒത്തവണ്ണം ഇരിക്കുമാറ കല്പിച്ചതിന്നാംപക്കം. വഴങ്ങപ്പെടെണ്ടുന്നാ എടവക ഇത ആയതിനെക്കൊണ്ടു ആ കല്പനകളെ മററ സൂനഹദോസുകൾ കൈക്കൊണ്ടവണ്ണം ഇ സൂനഹദൊസും വഴങ്ങി മലംകരക്ക തന്നെ ആയിട്ട കല്പനകൾ ആയ വസ്തുക്കൾ ഒണ്ടാകുവൊളത്തെക്ക ആ കല്പനകളിൽ ആകുന്നാത കൈക്കൊണ്ടു അതിന ഒത്തവണ്ണം ഇരിക്കണം എന്നാ കല്പിക്കുന്നു. വിശെഷിച്ചും മലംകര എടവകയിലെ മെല്പട്ടക്കാരര ഒന്നാ ഞായമായി വിധിച്ചാൽ അത മെത്രാപ്പൊലിത്താടെ അങ്ങ ചെന്നാ വിധിച്ചെ കെ

malankaralibrary.com

ൾപ്പു എന്ന ഒരുത്തര പറകിൽ അത കാന്തനാകൾക്ക തക്കവെണ്ണം ഔവണ്ണം ആം എന്ന സൂനഹദൊസ വിധിച്ചു.

---

## ഏഴാം മൌതബാ

## ഏഴാം കൂടിവിചാരം.

## മരിയാതീടെ തുമകൾമെൽ

## (Session IX)

### ഒന്നാം കാനോനാ.

പല മരിയാതകളിലും ലൊകരിടെ എടയിൽനിന്ന ഏറെ നീക്കെണ്ടുന്ന മരിയാതകൾ ആകുന്നത, മലയാംകൃത്യവും തിന്മകളും കാവ്യക്ക അടുത്ത രസങ്ങളും അത്രെ നീക്കവെണ്ടബാത. എന്നതിനെക്കൊണ്ട ശുദ്ധമാന സൂനഹദൊസ ഇ പറഞ്ഞ തിന്മകളെക്കൊണ്ട എടവകയിന്ന നീക്കി മാർഗ്ഗത്തിലെ വെടിപ്പിന്നും തുമയിലും നീക്കണം എന്ന പ്രമാണിക്കുന്നത. നീക്കിക്കളയെണ്ടുന്ന തണ്യമരിയാതകളിന്ന ഒന്ന ആകുന്നത—പെല കുളിക്കുന്നത ഒരുത്തര മരിച്ചാൽ അവരിടെ ഒടയവര കുളിയായ്കിൽ ദൊഷം എന്ന കല്പിച്ചു കുളിക്കുന്ന കുളി. പെണ്ണുകെട്ടിന്നുംമറവും ചെല വിശെഷത്തിന്നും നെലൊണ വീഴ്ത്തുന്നതും, പൊടകമുറിക്കുംപൊൾ ഒരുത്തൽ വെലങ്ങത്തിൽ വരുന്നത നന്ന എന്ന നെനക്കുന്നതും, നെല്ലു അളന്ന കൊട്ടത്താൽ ആ കൊട്ടത്തതിൽ രണ്ടുമണി നെല്ലെംകിലും വീണ്ടു നുള്ളി ഇടുന്നതും, തലനൊയമ്പിന്ന കുളിയായ്കിൽ നൊയമ്പ കാര്യം അല്ല എന്ന നെനക്കുന്നതും കെട്ടിയ നാലാംപക്കം കുളിക

ഴിഞ്ഞെ പള്ളിക്കൽ പൊകാവു എന്നും പുളികുടി കല്യാണവും തീണ്ടാന്ന കുളിയും, ഇത എപ്പെരും കാവ്യക്ക അടുത്ത തിന്മെടെ കൃത്യങ്ങൾ ആയതിനെക്കൊണ്ട ശുദ്ധമാന സൂനഹദൊസിന്ന ഇതിനെ പൊറത്ത കളഞ്ഞ ഇത്തരം ആരും ചെകയും അരുത എന്നാ അപെക്ഷ ആകുന്നു. ഒര വസ്തുവിന്നും കുളികൊണ്ട ആത്മാവിന്ന ഒര ഗുണം വരുത്തുവതില്ല, മിശിഹാകർത്താവെ ആത്മത്തിൻെറ നന്മക്ക വെണ്ടി വിശ്വസിച്ചു മുങ്ങുന്ന മാമ്മൊദീസാ എന്നിയെ—

രണ്ടാം കാനോനാ.

തണ്യമരിയാത ആകുന്ന തീണ്ടിക്കുളിയും തീണ്ടുന്നത ദൊഷവും എന്ന കല്പിച്ചു തീണ്ടുന്നവരെ വരകയും ചെയ്യുന്നത മാറണം എന്നാ അത്രെ അപെക്ഷ. എന്നാൽ മലംകര നസ്രാണിമാപ്പിളമാര മലയാം രാജാക്കളിടെ നാട്ടിലും അവരിടെ എടയിലും ഇരിക്കുമ്പൊൾ വിശ്വാസത്തിന്ന അന്തരം അല്ലാതെ ഉള്ളതെല്ലാം അവക്ക ഒത്തവണ്ണം ഇരിക്കാതെ തീണ്ടുകയും തീണ്ടിയാൽ കുളിക്കയും ചെയ്യുന്നത കൊണ്ട തങ്ങടെ പെലച്ചുക്കും കച്ചവടത്തിനും അന്തരം ഉണ്ടന്നിട്ട തീണ്ടുന്നത ദൊഷം അല്ലാ എന്നാ മനസ്സിൽ ഗ്രഹിച്ചും കൊണ്ട അവരിടെ എടയിൽ ഇരിക്കുന്നതിന്നാംപക്കം തീണ്ടുമരിയാതി അവര കാണുന്നൊടത്ത അവക്ക ഒത്തവണ്ണം ഇരുന്നുകളയണം എന്നും അവരാരും കാണുകയില്ലെന്നതൊന്നുന്നൊടത്ത അതിന്ന ഒത്തവണ്ണം ഇരിക്കൊണ്ടാ എന്നും ശുദ്ധമാന സൂനഹദൊസ അറിയിക്കുന്നു. തീണ്ടുമരിയാതി ഇല്ലാത്ത നഗരികളിന്ന കീൾ അമിശക്കാരരിൽ മാർഗ്ഗം പുക്കവെരെ കണ്ടാൽ ഒക്കയും ഒന്ന എന്നാ കണ്ട പ്രിയപ്പെട്ടുകയും അനുസരിച്ചു കൊള്ളുകയും വെണം.

malankaralibrary.com

തംപുരാന്റെ തിരുമുമ്പിൽ നല്ല കൊലം എന്നും തണ്യ കൊലം എന്നും അച്ചനും ചെറുക്കനും എന്നും എളിയവനും പെരിയവനും എന്നും ഇല്ല. അത എന്തെ. എല്ലാവൎക്കും ഒടയവനും തംപുരാനും താൻ ആയതിനെ ക്കൊണ്ട. നാം മാനുഷര ഒക്കയും ചൊദ്യത്തിനുടെ ദിവസത്തിൽ ഒരുമിച്ചു തന്റെറ തിരുമുൻപാകെ യൊഗം ക്രൂടുകയും മാൎഗ്ഗമായ നൊം ഒക്കയും ശുദ്ധമാന കുൎബാന കൊള്ളുന്നൊടത്ത ഒരുമിച്ചു മുട്ടുംകുത്തികൊള്ളുകയും വെണം. പള്ളിയിടെ ശുദ്ധമാന ക്രുദാശകൾക്ക ഒക്കയും നാം ഒരപൊലെ അത്രെ ആകുന്നതുമ്മെൽ പറഞ്ഞ അവകാശത്തിന്ന തൊടാത്തത എന്നിയെ ആരാനും കാണാതെ തൊട്ടു എങ്കിൽ അതിന്ന കുളിച്ചെ മതിയാവു എന്ന വരുന്നതൊക്കയും കാവ്യരുടെ കൃത്യം അത്രെ. കീൾ അംശക്കാരരെ അല്ലാതെ തൊട്ടാൽ കുളിക്കണ്ടാത്തവരെ തൊട്ടാൽ ചെലടത്ത കുളിച്ചു ഞായം. ഒട്ടെറെയും തെക്കെ ദിക്കിൽ ഇത ആകുന്നു. ഇതിനെക്കൊണ്ട മലയാളൎക്ക മെനികെടും വെറുപ്പും ഉണ്ടുതാനും, എന്ന ഇരിക്കുന്നൊടത്ത അവരെ തൊട്ടാൽ കുളിക്കുന്നതിനെ ക്കൊണ്ട വഴിയെ കുററപ്പെട്ടുത്തെ മതിയാവു. അത എന്തെ. കാവ്യരുടെ മരിയാതകൾക്ക ഒത്തവണ്ണം ഇരിക്കുന്നവരെപ്പൊലെ. ഇത പൊരുൾ പറകയും കുപെസാരിക്കയും ചെയ്യുന്ന പട്ടക്കാരര ലൊകരെ പലകുറിയും പറഞ്ഞ ബൊധിപ്പിക്കയും വെണം—

## മൂന്നാംകാനോനാ.

ചെലടത്ത നസ്രാണിമാപ്പിളമാരിടെ കൊളം എംകിലും കിണറ എംകിലും കമ്മാളര തൊട്ടു എംകിൽ മലയാളര ചെയ്യുന്ന ക്രിയ ചെയ്യാതെ പുണ്യമാക്കുമാറ ആകുന്നത പട്ടാങ്ങക്കും മാൎഗ്ഗത്തിന്റെ വെടിപ്പി

malankaralibrary.com

ന്നം മരുത്ത ആകുന്നു എന്നാതിനെക്കൊണ്ട അങ്ങിനെ ചെയ്യുന്നവരെ പള്ളിക്കും പള്ളിക്ക അടുത്ത വസ്തുക്കളിന്നും പൊറത്ത നിറുത്തണം. പട്ടക്കാരൻ അപ്പഴക്ക ആ നിറുത്തിയവന കൈകസ്തൂരിയും കൊടാതെ നിക്കണം. കൊറെ ഒരാണ്ടെക്ക അങ്ങനെ വെണംതാനും. ചെയ്യുന്ന ക്രിയകൾക്ക തക്കവണ്ണം ഒള്ള കുററപ്പാടുകളെക്കൊണ്ട കുററപ്പെട്ടുകയെയും വെണം.

## നാലാം കാനോനാ.

കാവ്യരിടെ മരിയാതകളിൽനിന്നും കൃത്യങ്ങളിൽനിന്നും തന്നെ അല്ല വിശ്വാസം ഒടെ നസ്രാണികൾ അകലെണ്ടു. പിന്നയെ ശുദ്ധമാന എവൻഗെലിയൊൻ വഴങ്ങിയതിൽ പിന്നെ പഴെ മാഗ്ഗത്തിലെ മരിയാതകളും കൃത്യങ്ങളുംക്രുടെ അകററിയെ മതിയാവൂ. പെറുന്ന നാല്പതാംപക്കം കിടാങ്ങളെ പെററ അമ്മമാര പള്ളിക്കൽ കാഴ്ച്ചയായിട്ട കൊണ്ട ചെല്ലുന്നാത നന്നു. എന്നും അങ്ങനെ വെണം എന്നും ശുദ്ധമാന സൂനഹദൊസിന്ന സന്തോഷവും തെളിവും അത്രെ. അത മത്ത മറിയത്തുമ്മാ ചെതത ചെയ്യുന്നാതിനെക്കൊണ്ട. എന്നാൽ പെററ നാല്പത ദിവസം കടക്കുന്നാതിന്ന അകത്ത് പള്ളിക്കൽ ചെല്ലുവാൻ അശുദ്ധം ഒണ്ടെന്നും ചൊല്ലി പള്ളിക്കൽ ചെല്ലാതെ ഇരിക്കുന്ന മരിയാത ശുദ്ധമാന സൂനഹദൊസ ഉപേക്ഷിക്കുന്നു. നാൽപത ദിവസത്തിനകത്ത പഴെ മാർഗ്ഗത്തിലെ മരിയാതക്ക തക്കവണ്ണം അല്ലാതെ പള്ളിക്കൽ ചെല്ലുന്നാത ദൊഷമെന്നും ചൊല്ലി ഇരിക്കുന്നാത ഉപെക്ഷിക്കുന്നു. ആൺ പൈതലെ പെറുന്നവര നാൽപത ദിവസവും പെൺകിടാങ്ങളെ പെറുന്നവര എൺപത ദിവസവും വരത്തെ ഇരിക്കണം എന്ന മരിയാത പഴെ മാർഗ്ഗത്തിലെത

malankaralibrary.com

ആകുന്നതിനെക്കൊണ്ട ഒപകാരകെടും ഒപെക്ഷയുംപെ ട്ടുന്നത അത ആകുന്നതിക്കൊണ്ട ശുദ്ധമാന സൂനഹദൊസ പ്രമാണിക്കുന്നു. അതിന് തക്കവണ്ണം ഇരിക്കരുത എന്നു. വിശേഷിച്ചു പൊറാൽ നാൽപത ദിവസത്തിനകത്ത പൊറപ്പെട്ട നടക്കുന്നതിനെക്കൊണ്ട സംകടമില്ലെന്ന വരികിൽ ഞാറാഴ്ചകളും പെരുന്നാൾക്കും പള്ളിക്കൽ ചെന്ന കുർബാന കണ്ടെ മതിയാവു എന്ന സൂനഹദൊസ അറിയിക്കുന്നു. നാൽപത ദിവസം ചെന്നാൽ മക്കളെ വിശ്വാസമുള്ളെ നസ്രാണികൾ ആയവര ദൈവതയൊടുകൂടെ തംപുരാൻെറ പുത്രന്ന കാഴ്ചയായിട്ട പള്ളിക്കൽ കൊണ്ടുചെല്ലുകയും ആം. അത ഒര പ്രമാണം എന്ന ഓൎത്ത ചെകയും അരുത താനും.

## അഞ്ചാം കാനോനാ.

തംപുരാൻെറ തിരുമുന്നിലെക്ക ഏറെ വലുതായിട്ടും വെലക്കപെട്ടിട്ടും എല്ലാ വൎഗ്ഗത്തിലും കുററപ്പെടുത്തീട്ടും ഒള്ള ദൊഷങ്ങളിൽ ചെലത ആകുന്നത ചൊതരവം കേൾക്കുന്നതും ചൈത്താൻെറ ചിററാഴ്മക്കാരരൊട വിചാരിക്കുന്നതും മലംകര എടവകയിലെ നസ്രാണികളിൽ പലരും ഒട്ടെറയും കുടികളിൽ ഇരിക്കുന്നവരും മലയാളരൊട്ടും കൂടൊത്രക്കാരൊട്ടും ചൊതരവക്കാരരൊട്ടും ഏറെ അണാവ ഒണ്ട എന്നതിനെക്കൊണ്ട പെംകെട്ട ഒണ്ടംകിൽ അതിന പൊരുത്തവും പൊഴുതും ചോദിച്ചു അവര ചൊല്ലുംവണ്ണം കെട്ടു പ്രൊത്തിച്ചു ഞായം എന്നും അവരിടെ ചൊല്ലിന്ന തക്കവണ്ണം ഇരിപ്പാൻ ആയിട്ട പല കെട്ട ഇഴക്കി മററ കൽപിക്കുന്നതും ക്ലേശക്കാരര തങ്ങടെ ക്ലേശത്തിന പൊറുതി ഒണ്ടാവാൻ മാൎഗ്ഗത്തിൽ അടാത്ത പ്രൊത്തിപ്രൊത്തിപ്പാൻ തക്കവരെ വിളിക്കുന്നതും അവരെക്കൊ

malankaralibrary.com

ണ്ട പ്രൊത്തിക്കുന്നതും കട്ടപൊയരത അറിവാനും മക്കൾ ഉണ്ടാവാനും ഇവണ്ണം ചെലതിന്ന മാർഗ്ഗത്തിനടാത്തത പ്രൊത്തിക്കുന്നതും ശുദ്ധമാന സൂനഹദൊസ അറിഞ്ഞിട്ട പ്രമാണിക്കുന്നു. ഇത്തരം പ്രൊത്തിയിൽ ഏതാനും പ്രൊത്തിക്കുന്നവരെ എണങ്ങിന്ന പൊറത്ത ആക്കണം ഏന്നും കത്തങ്ങൾ കൈകസ്തുരി കൊട്ടുക്കരുത ഏന്നും അവരിടെ സ്ഥലത്ത പട്ടക്കാരര ചെല്ലരുത ഏന്നും. ഇത മെൽപട്ടക്കാരന്ന ഒപ്പൊളം കൊറഞ്ഞത ഒരാണ്ടെക്ക അങ്ങനെ നിക്കണംതാനും. അത പൊക്കുമ്പൊൾ ചൈത കുററത്തിന്ന തക്കവണ്ണം മററ പ്രാശ്ചിത്തങ്ങൾകൊണ്ട വെണംതാനും.

### ആറാംകാനോനാ.

ചെല നസ്രാണികൾ ചൈത്താന്റെറ പ്രവൃത്തി ആകുന്ന പ്രവൃത്തി ചെയ്യുന്നവരിടെ അവിടെ ചെല്ലുകയും പാക്കയും ചെയ്യുന്നത കൂടാതെ തണ്യ പ്രവൃത്തിക്കാരരെ തങ്ങടെ സ്ഥലത്ത വരുത്തിക്കൊണ്ട മററ എണങ്ങരിടെ മെനിക്കെട വരുത്തുകയും മാർഗ്ഗത്തിനടാത്ത ചെല പ്രവൃത്തികളെ വെളിച്ചമെ ചെയിപ്പിക്കുന്നതും, തുള്ളിക്കയും പാടിക്കയും കൊഴി അറുത്ത വെലി കൊട്ടുപ്പിക്കയും ചെയ്യുന്നത ശുദ്ധമാന സൂനഹദൊസ അറിഞ്ഞതിനെക്കൊണ്ട പ്രമാണിക്കുന്നു. ഇത്തരം തന്റെറ സ്ഥലത്ത എങ്കിലും ആരാന്റെറ സ്ഥലത്ത എങ്കിലും അത്തരം പ്രവൃത്തിപ്പാൻ സ്ഥലം കൊടുക്കുന്നു എങ്കിലും അതിന്ന ചെഴി ആകുന്നു എങ്കിലും അത ഇവണ്ണം ചെയ്യുന്നു എങ്കിലും ചെയ്യുമ്പോൾ അവൎക്ക വലിയ ദൊഷം ഉണ്ട. അപ്പൊൾ തന്നെ മഹറൊൻ അവൎക്ക അനുവദിക്ക എന്നാ. അങ്ങനെ ഇന്നവര പ്രവൃത്തിച്ചു എന്നറിഞ്ഞാൽ പള്ളിക്കെന്നാ മഹറൊൻ

malankaralibrary.com

ഒണ്ടെന്ന വിളിച്ച ചൊല്ലുകയും വെണം. യൊഗ്യം ആയ പ്രാശ്ചിത്വവും ആവലാധിയൊടുക്രുടെ ഒള്ള മനഗ്ഗുണവും ചെയ്യണമെന്ന അപെക്ഷ ഒണ്ടാവൊളം അങ്ങനെ നിക്കണം. മനസ്സൊട ക്രുടെ ഒള്ള പ്രാശ്ചിത്വം എന്നറിഞ്ഞാൽ അകമെ മേല്പട്ടക്കാരന്ന അവരിടെ മഹറൊൻ പൊക്കാം. എന്നാൽ രണ്ടാണ്ടയ്ക്കു പള്ളിക്കൽ കടക്കയും അരുത, കൈസ്തുരിയും അരുത, പട്ടക്കാര അവരിടെ അവ്വുടെ ചെയ്യുകയും അരുത. വിശെഷിച്ച അവര മരിപ്പാൻ തക്ക സംകടം ഒണ്ട എന്ന തൊന്നുംപൊൾ പട്ടക്കാരക്ക അവിടെ ചെല്ലുകയും ആം. അവൻെറ നന്മക്ക വെണ്ടത ചെകയും ആം. വിശെഷിച്ചും ചെത്താൻമാരിടെ മുക്കാൽവട്ടത്ത ചെന്ന എത്താനും നെർച്ച നെരുകയും കണികളുടെ എത്രങ്ങളെ എഴുതിച്ച തങ്ങൾക്ക എംകിലും തങ്ങടെ കൃഷിക്ക എംകിലും മൃഗജാതിക്ക എംകിലും മററ ആക്കാനും എംകിലും ഇപ്പറഞ്ഞ ഒപകാരത്തിന്ന കൊടുക്കയും കെട്ടുകയും ചെയ്യുന്നവൎക്കും മെൽപറഞ്ഞ പ്രാശ്ചിത്വം തന്നെ ആകുന്നു. ആറുമാസത്തെക്ക പള്ളിക്ക പൊറത്ത നിക്കയും ആ എടയ്ക്കു പട്ടക്കാരര അവരിടെ സ്ഥലത്ത ചെല്ലുകയും കൈകസ്തുരി കൊടുക്കയും അരുത. മെൽപട്ടക്കാരന്ന ഒത്ത മററ പ്രാശ്ചിത്വങ്ങൾ കൊണ്ട കററപ്പെടുക്കയും വെണം. മെൽപട്ടക്കാരര എല്ലാടത്തെ അററകുററം നൊക്കുവാൻ നടക്കുന്നൊടത്ത ഇത്തരം പ്രവൃത്തി ഒള്ളതിനെ എററെ സൂക്ഷിച്ചും ശ്രമിച്ചും അറിയണം.

### എഴാംകാനോനാ.

തംപുരാൻെറ തിരുമുന്നിലെക്ക അനെകം വലിയ, ദൊഷം ആകുന്നത പലിശ കൊള്ളുന്നത. ദൈവിക എഴുത്തുകളിന്ന ഉപെക്ഷപ്പെട്ടതും പലിശ. നമ്മുടെ

malankaralibrary.com

കൎത്താവ മാറാനീശൊമശിഹാ അരുളിച്ചെയ്തു. നിങ്ങൾ തമ്മിൽതമ്മിൽ ഉഭയം കൂടാതെ വായ്പകൊടുപ്പിൻ എന്നും മത്തൊള്ളതാ ദൊഷം ആകുന്നത എന്നും, ഇ എടവകയിലെ നസ്രാണികളിൽ പലരും എങ്ങനെ വായിപ്പ കൊടുക്കെണ്ടു എന്നും, അതിന്ന ഇന്നതിന്ന ഇന്ന ഉഭയം വാങ്ങെണ്ടു എന്നും ഇന്നത അരുത എന്നും, ഇന്നത വീണ്ടുകൊടുത്തെ മതിയാവു എന്നും അറിയാതെ ദൊഷംകൊണ്ട വലയുന്നു എന്നതിനെക്കൊണ്ട ശുദ്ധമാന സൂനഹദൊസിന്ന അനെകം ദുഃഖം ഉണ്ട. ഇതിനെക്കൊണ്ട വിശ്വാസക്കാരര ഒക്കെയൊടുംകൂടെ അറിയിക്കുന്നു. അറിവും ദൃഢതയും പഠിത്വവും കൊണ്ട ഇന്നതിന്ന ഇങ്ങനെ ഉഭയം വാങ്ങാം എന്നും അരുത എന്നും ചൊല്ലുവാൻ തക്കവരൊട വിചാരിക്കണം എന്ന ഉഭയത്തിന്ന തന്നെ വച്ചിരിക്കുന്ന മൊതലിന ഉഭയം എങ്ങിനെ വാങ്ങുന്നു എന്ന അവരൊട ചൊദിച്ച അറികയും യൊഗ്യത്തൊടു വാങ്ങുന്നത ഇന്നത എന്നും അരുതാത്തത ഇന്നത എന്നും പഠിക്കണം. ശുദ്ധമാന സൂനഹദൊസ ദെശമരിയാതക്ക തക്കവണ്ണം സാമാന്യം ആയി വാങ്ങുന്ന ഉഭയം എങ്ങിനെ എന്ന ചൊദിച്ച അറിഞ്ഞ അതിന്ന തക്കവണ്ണം അറിയിക്കുന്നു. മെട്ടുകൂടാതെ കാരണം തന്നെ നൂറ്റിന്ന പന്തിരണ്ട ആണ്ടിൽ വാങ്ങുന്നതിൽ ഏറെ വാങ്ങുന്നത ഒക്കയും പലിശ എന്ന. ഇ എടവകയിൽ സാമാന്യം ആയി ഉഭയത്തിന്ന തക്കവണ്ണം നൂറ്റിന്ന പന്തിരണ്ട എന്ന പറഞ്ഞതുകൊണ്ടും അറിവാക്കന്മാരൊട വിചാരിക്കയും അത അത ദെശത്തെ ഉഭയത്തെ അവരെ കെൾപ്പിക്കയും വെണം, അത തന്നെയും വാങ്ങാമൊ എന്നറിവാൻ. അത എന്തെ. ചെലടത്ത ഇത്ര ഉഭയം അരുതാത്തെടവും യൊഗ്യം അല്ലാത്ത എടവും ഉണ്ടായിരിക്കും

malankaralibrary.com

എന്നതിനെക്കൊണ്ട മേട്ടകേട്ട ക്രൂടാതെ നൂററിന പ തിരണ്ടിൽ എററം ആരാനും വാങ്ങുകിൽ മൂന്നകുറി അത അരുത എന്ന വെലക്കണം. കെട്ടതിൻെററ ശെഷം എററം വാങ്ങുന്നത മാറായ്കിൽ മഹറൊൻ ചൊല്ലണം. അതിന്ന നീങ്ങാതെ അങ്ങനെ തന്നെ ചെല്ലുകിൽ മഹറൊൻ പൊക്കുകയും അരുത. മേട്ടകേട്ട ക്രൂടാതെ കരണം പണയപ്പാട്ടം വാങ്ങിക്കൊണ്ട തിങ്ങളിലെക്ക നൂററിന്ന വയ്പിച്ചത ഒന്ന വാങ്ങുന്നതും, പണയപ്പാട ഇല്ലായ്ക കൊണ്ട നൂററിന രണ്ട തിങ്ങളിലെക്ക വാങ്ങുന്നതും ഞായക്കെട്ടും വെളിച്ചമെ വലിയ പലിശയും അത്രെ ആകുന്നത. പണയപ്പാട ഇല്ലായ്കകൊണ്ടും മററും എതാനും ഞെരുക്കമറിച്ചും മെട്ടക്രൂടാതെ നൂററിന്ന രണ്ട വാങ്ങരുത തിങ്ങളിൽ എന്നും–

എട്ടാംകാനോനാ.

തംപുരാനെ പേടിക്രൂടാതെയും വിശ്വാസക്കാരക്ക തിന്മയായ ഇരുപ്പുകാട്ടിയും കൊണ്ട പലര ഒണ്ട. ഇ എടവകയിൽ കെട്ടാതെ വച്ചും കൊണ്ടിരിക്കുന്നവര. ഇങ്ങനത്തവരൊട്ടക്രൂടെ തങ്ങടെ വിഗാരിമാര പ്രിയത്തൊട്ടക്രൂടെ മൂന്നകുറി അത അരുത എന്ന അറിയിക്കണം. അതിൻെററ ശെഷം ആ ദൊഷത്തിന്ന നീങ്ങിയില്ലാ എങ്കിൽ അവക്ക മഹറൊൻ ചൊല്ലണം. വെമ്പായാലെ അതിന്ന നീങ്ങവൊളത്തെയ്ക്ക അവൻെററ കട്ടമക്ക തക്കവണ്ണം മെല്പട്ടക്കാരൻെററ മനസ്സിന്ന തക്കവെണ്ണം മററും പ്രാശ്ചിത്വംകൊണ്ടു കുററപ്പെട്ടക്കയും വെണം തങ്ങടെ വെള്ളാട്ടികളെ വച്ചിരിക്കിൽ വെമ്പായാലെ അവരെ വിഗാരിമാര അവരെ വീട്ടിന്നും നാട്ടിന്നും കളകയും വെണം.

malankaralibrary.com

## ഒൻപതാം കാനോനാ.

ശുദ്ധമാന സൂനഹദൊസ ഈ എടവകയിലെ വി ശ്വാസക്കാരര ഒക്കെയൊട്ടും കൂടെ അപേക്ഷിക്കുന്നു. എല്ലാവരും അങ്ങാടിയിൽ തന്നെകൂടെ എംകിലും അരികെ എംകിലും വെണം ഇരിപ്പാൻ എന്നാ. അത എന്തെ. സൂനഹദൊസ അറിഞ്ഞു, കുടികളിൽ ഇരിക്കുന്നവര അവിടെ ഇരിക്കുന്നാതിനെക്കൊണ്ട മലയാളരിടെ പ്രവൃത്തിയും കൃത്യങ്ങളും കൂടി പുലർച്ചയും ഒണ്ട എന്നാ. പള്ളികളിലും അടുക്കുംവണ്ണം വരികയില്ല. ആണ്ടിൽ ഒരിക്കൽ താൻ രണ്ട കുറി തന്നെ പള്ളിക്കൽ വരുന്നു. കുംപസാരിച്ചു പെഴപൊക്കിക്കുമാറും ഇല്ല. മാർഗ്ഗം എന്നാ പെര ഒഴിയെ മററ മാർഗ്ഗത്തിലെ പഠിതപം ഏതും ഇല്ലാതാനും. അങ്ങനെ ഇരിക്കുന്നാവരിടെ മക്കൾ പള്ളിക്കൽ വരിക എന്നും ഇല്ലാ. ശുദ്ധമാന ഓത്തുകളും മാർഗ്ഗത്തിലെ പഠിതപവും കൂടാതെ മലയായ്മയും അതിലെ പഠിതപവുമെ അവരിടെ പക്കൽ ഒള്ളു. വികാരിമാര എന്ത ഏത ഒരുത്തര കുടികളിൽ ഇരിക്കുന്നു എന്നാ അറികയും വെണം. ദിഷ്ടതിയായിട്ടുള്ള ഹെതു കൂടാതെ അങ്ങനെ ആരാനും ഇരിക്കിൽ പ്രാശ്ചിതപം കല്പിച്ചിട്ടും അങ്ങാടിയിൽ അവരെ വരുത്തി ഇരുത്തണം. അങ്ങനെ കല്പിച്ചാൽ വരാത്ത അവരെ പള്ളിക്കു പൊറത്ത ആക്കുകയും വെണം. കൈകസ്തൂരി കൊടുക്കയും അരുത. പട്ടക്കാരര അവരിടെ സ്ഥലത്ത പൊകയും അരുത. കുടികളിൽ ദൂരെ ഇരിക്കുന്നവരെ ഒരെടത്ത അങ്ങാടി വൈപ്പിപ്പാനും അവക്ക പള്ളി ഒണ്ടാവാനും തക്കവണ്ണം വികാരിമാര ശ്രമിക്കണം അങ്ങനെ ഒരുമിച്ച ഇരിക്കുമ്പൊൾ ഏറെ അങ്ങാടികളും ഒണ്ടാം. മാർക്കത്തിന്നും മരിയാതക്കും തക്കവണ്ണം

malankaralibrary.com

അവക്ക ഇരിക്കണം എന്നും പള്ളിക്കൽ കല്പിച്ചവണ്ണം വരുവാൻ ഹെതുവും ഒണ്ടാം.

## പത്താം കാനോനാ.

വീട്ടിൽ കാൎന്നവരൊടും അച്ചന്മാരൊടുംകൂടെ ശുദ്ധമാന സൂനഹദൊസ പ്രമാണിക്കുന്നു. തങ്ങടെ അടിയാരിടെയും വെള്ളാട്ടികളിടെയും ചിററാഴ്മക്കാരരിടെയും ചെലവും പെലൎച്ചയും എങ്ങിനെ എന്നു സൂക്ഷിച്ചു കൊള്ളണം എന്നു അപെക്ഷിക്കുന്നു. അത എന്തെ. ഇ മലംകര എടവകയിൽ ഒള്ള വെള്ളാട്ടികളും പിള്ളെരും മരിയാതക്കെടൊടും നെടി ഉണ്ണും അത്ര ഏറെ ആകുന്നു എന്നു സൂനഹദൊസ അറിഞ്ഞിട്ട ഇത ഒടയവരിടെ മനസ്സ അറിഞ്ഞ ആകുന്നു താനും. പള്ളിക്കൽ അവര പൊമാറും കുൎബാന കാണ്മാറും പെഴമുള്ളമാറും ഇല്ല. മാൎഗ്ഗത്തിനടുത്ത ഓത്ത ഏതും പൊകാതാനും. ഒടയവര ആകുന്നവര അവരിടെ ആത്മാവുകളിടെ നന്മകൾക്ക വെണ്ടുന്നത അന്വെഷിച്ചെ മതിയാവൂ എന്നാവര അത ചെയ്യുമാറും ഇല്ലാ. തന്റെറ വീടും വീട്ടിൽ ഒള്ളവരെയും സൂക്ഷിക്കാത്തവര വിശ്വാസം ഉപെക്ഷിക്കുന്നു എന്നും കാവ്യരില്യം ആകാത്തവര എന്നും പൌലൊസശ്ലീഹാ ചൊല്ലിയതും ഒണ്ട. ഇതിനെക്കൊണ്ട പള്ളികളിൽ നിക്കുന്ന വിഗാരിമാരര തങ്ങടെ എടവകയിൽ ഒള്ളവരിടെ പെലൎച്ചയും ഇരിപ്പും എങ്ങിനെ എന്നു അനെകം സൂക്ഷിക്കയും വെണം എന്നു അപെക്ഷിക്കുന്നു. അവരിടെ അവസ്ഥകൾ ഏതാനും ഒടയവരൊട അറിയിക്കണം എന്നു തൊന്നുന്നതിനെ അറിയിക്കയും വെണം.

malankaralibrary.com

## പതിനൊന്നാം കാനോനാ.

ക്നിംക്സെസിമാ എന്ന ഞാറാഴ്ച കടന്ന വരുന്ന തിങ്കളാഴ്ചനാൾ അൻപതുനൊയമ്പ പിടിക്കുന്നതും നൊയമ്പിൽ മീനും മൊരും വെററിലയും കുടിയും ഇല്ലാത്തതും പഴെ നെററിക്ക തക്കവണ്ണം ഒരുനെരം ഒയിക്കുന്നതും ശുദ്ധമാന സൂനഹദൊസ ഈ മരിയാത ഒക്കയും സമ്മതിക്കയും അവ്വണ്ണംതന്നെ ഇരിക്കയും വെണമെന്ന കല്പിക്കുന്നു. എന്നാൽ ചെല തണ്യനെററികൾ, അറിയാത്തവര പകന്ന, ഇതിൽ പുക്കതിനെ നീക്കുകയും വെണം. ഇതിനെ അറിയിക്കുന്നു. ചെല യാവ്യങ്ങൾ മാറി നൊയമ്പിൽ യാവിക്കുന്നത പല ഊട്ടുക്കയും യാവിക്കയും ആം. എന്നതിനെക്കൊണ്ട എല്ലാ നൊയമ്പ ആകുന്നത കല്പനയായിട്ട ഒള്ള നൊയമ്പ ഒരു നാള ഒരിക്കൽ കല്പിച്ച നെരത്തെ യാവിക്കാവൂ. അന്തിക്ക വെറും വെള്ളം കുടിച്ചാൽ എതാനും സംകടം ആം എന്ന തൊന്നുന്നവൎക്ക അനെകം തൊൽപം ആയിട്ട എതാനും പള്ളി അനുസരിക്കുംവണ്ണം തിന്ന തണ്ണീര കുടിച്ചുകൊള്ളാം. കല്പിച്ചതിൽ വെലക്കപ്പെട്ടവുത്താൽ എതാനും താൻ ഈ പറഞ്ഞവ രണ്ടും അല്ലാതെ എതാനും യാവിക്കയിൽ നൊയമ്പ വീട്ടുകയും ചാവ ദൊഷവും ഒണ്ട. വിശേഷിച്ചും അറിയിക്കുന്നു. അരുതായ്കകൊണ്ട എംകിലും നിച്ചിരിയതപം കൊണ്ട എംകിലും ഒര ദിവസം വീടി പൊയി എംകിൽ നൊയമ്പ ഒക്കയും വീടി പൊകും എന്ന ചെലര ചൊല്ലുംവണ്ണമല്ല പിന്നെയൊ ശെഷം നൊയമ്പ നൊൻെററ മതിയാവൂ. എത്ര ദിവസം നൊയമ്പ വീടി കളയുന്നു എടയിൽ എത്ര ദൊഷം ഒണ്ടാക്ക അത്രെ ആകുന്നു. വിശെഷിച്ചും നൊയമ്പിൽ അനെകം വല്യതായിട്ട പെരുനാൾ വരികിലും ആ ദിവസം നൊയമ്പ

malankaralibrary.com

നൊററെ മതിയാവു, ഞാറാഴ്ച എന്നിയെ. ഞാറാഴ്ച നാൾ നൊയമ്പ ഒണ്ട എംകിലും രണ്ട നെരവും യാവിച്ചുകൊള്ളാം. നൊയമ്പിന്ന രാവിലെ കുളിച്ചെ മതിയാവു എന്ന അറിയാത്തവര പറയുന്നാത. നൊയമ്പിന്ന എത്തും വെണ്ടുപത ഇല്ലാ. നൊയമ്പിൽ കീൾ അമിശക്കാരരെ എങ്കിലും മെൽ അമിശക്കാരര ആകുന്ന മാർഗ്ഗം അല്ലാത്തവരയും തൊട്ടാൽ കുളിക്കണം, നൊയമ്പ ൻെററ വെടിപ്പിന്ന, എന്ന തൊന്നുന്നാത ഒക്കയും കാവ്യരിടെ എട്ടപ്പും ക്രിയകള്ളും പള്ളിന്ന ഉപെക്ഷ പെട്ടത അത്രെ ആകുന്നാത ഇത എപ്പെരും വിശ്വാസക്കാരരിടെ മനസ്സിന്നാപറിച്ചു നീക്കണം എന്നാ കൽപിക്കുന്നു.

### പന്ത്രണ്ടാം കാനോനാ.

നൊയ്മ്പിൻെററ പ്രമാണം ഞെരുക്കം ആകുന്നാത എംകിലും ഇരുപത്തൊന്ന വയസ്സൊളം ഒള്ള വാലിഭക്കാരര ഒര നെരം ഒയിച്ചെ മതിയാവു എന്ന പ്രമാണം ഇല്ല. എറെ വയസ്സ ചെന്നവരും ക്ലെശക്കാരരും ഗർഭം ഒള്ളവരും മുലകൊടുത്ത കിടാങ്ങളെ വളത്തുന്നാവരും, ഒരുത്തൻ ചൈതെ മതിയാവു എന്ന പ്രൊത്തി അവന്ന ഒണ്ടംകിൽ നൊയമ്പ കൊണ്ട അത എത്തിച്ചുകൂടാ എന്നാവരും, ഇ പറഞ്ഞവര എല്ലാം ഒര നെരം ഒയിച്ചു നൊയമ്പ നൊക്കെണ്ടുപത ഇല്ല. പിന്നായൊ നൊയമ്പിന്ന അടുത്തത യാവിച്ചു നൊററുകൊണ്ടാൽ മതി.

### പതിമൂന്നാം കാനോനാ.

മലംകര എടവകയിൽ ഒള്ള നസ്രാണികൾ മാർഗ്ഗം അല്ലാത്ത രാജാക്കടെയും കത്താക്കടെയും നാടുകള്ളിൽ ഇരിക്കുന്നാതിനെക്കൊണ്ട എതാനും പെഴച്ചുതൊ ഇല്ല

malankaralibrary.com

യൊ എന്നറിവാൻ അവരെക്കൊണ്ട വെരൽ മുക്കിക്ക യും മഴു എടുപ്പിക്കയും നീന്തിതെളിവാൻ ഒള്ള എടത്തിൽ നീന്തിക്കയും ചെയ്തു ഞായം, പെഴയാത്തവക്ക സംകടം വരികയില്ലഎന്നും പെഴച്ചവരാ എംകിൽ ഒടനെ അത കൊണ്ട അറിയാം എന്നും ചൊല്ലി. അറിവ കൊറഞ്ഞ ചെലര നസ്രാണികൾ തങ്ങളെ ആരാനും കുററം ചൊല്ലി എംകിൽ ഇ മെൽപറഞ്ഞ അടയാളങ്ങൾ എതാനും ചെയിച്ചു തെളിയിച്ചു കൊള്ളണം എന്ന അപെക്ഷിച്ചു ഞായം. തങ്ങടെ പരമാൎത്ഥം കാട്ടുവാൻ. അങ്ങിനെ തെളിയുന്നൊടത്ത പരമാൎത്ഥവും കുററവും ഇല്ലന്നു കണ്ട തംപുരാൻ ചെഷി എംകിലും ആയി നിന്ന സംകടം ചെലപ്പൊൾ വരുത്തുകിലും അത അങ്ങനെ ചെയ്യുന്നത തംപുരാനെ പത്രുക്ഷിക്ക ചെയ്യുന്നത അത്രെ ആകുന്നതും, പ്രത്യക്ഷം ചെയ്യണം എന്ന വരുത്തുന്നതും. ആയത യൊഗ്യം ആകുന്നത അല്ല. ഇതിനെക്കൊണ്ട ശുദ്ധമാന സുനഹദൊസ പ്രമാണിക്കുന്നു. നസ്രാണികൾ ആരാനും ഇത്തരം തെളിവിന്ന തങ്ങൾ ആം എന്ന ചൊല്ലരുത എന്ന അങ്ങനെ തങ്ങളെ തെളിയിപ്പാൻ ആയിസ്ഥമാകുന്നത കൊണ്ട ശാവദോഷം ഒണ്ട എന്ന വഴിയെ അറിയണം, തംപുരാനെ പത്രുക്ഷിക്കുന്നതകൊണ്ട. ഇതിന്ന എടത്തുട ആരാനും ചെകിൽ വലുതായിട്ട കുററപ്പെട്ടക്കയും വെണം. വിശേഷിച്ചു നാട്ടുവാഴിയുടെ ബലം കൊണ്ട തന്റെറ എടവകയിൽ ഇരിക്കുന്നവരെ ആരാനെക്കൊണ്ട തെളിയിപ്പാൻ മുട്ടുകിൽ അതചെയ്യാതെ ഇരിപ്പാൻ കഴിവ ഇല്ലംകിൽ ആ മാൎഗ്ഗക്കാരിടെ ഞായക്കെട്ടുകൊണ്ട ഒള്ള ബലം തംപുരാൻെറ തിരുമുമ്പിൽ കയ്യാളിച്ചും കൊണ്ട അവരിടെ ബലം കയിക്കൊള്ളുകയല്ലൊ ആവു. വിശേഷിച്ചും മാൎഗ്ഗക്കാരര

malankaralibrary.com

തങ്ങളിൽ ഇത്തരം തെളിവുകൾ ചെയ്കയും അത്രം മെൽ പറകയും അരുത. പട്ടാങ്ങയും മാർഗ്ഗത്തിൽ അടുത്ത ആണയും സത്യവും കൊണ്ട തെളികെ ആവൂ. ഇ ലൊകത്തിലെ ഞെരിക്കങ്ങളിൽ ഒക്കയിലും പയപ്പെട്ടവാൻ തക്കത അത്രെ, മാർഗ്ഗത്തിൽ മരിയാത ആയിട്ട ഒള്ള ശവസങ്ങൾ. വിശെഷിച്ചും മാർഗ്ഗം അല്ലാത്തവര തങ്ങടെ മുക്കാൽ വട്ടത്തുംകൽ നിന്ന തെളിയണം എന്ന ചൊല്ലുകിൽ മരിക്കിലും അത കെൾക്കരുത. അത എന്തെ. സത്യത്തിന്റെ സാക്ഷി തമ്പുരാന്റെ പെരിമക്ക തന്നെ വഴങ്ങുകെ ആവൂ.

## പതിനാലാം കാനോനാ.

വിശ്വാസം ഒള്ള ലൊകരിടെയും ഇത ഇല്ലാത്തവരിടെയും ഭെദം പൊറമെ ഒള്ള ശമയംകൊണ്ടും ഒട്ട വെണം എന്ന പള്ളിക്ക ആതിന്ന ആതിനെ സൂക്ഷം ഒണ്ട. അത എന്തെ. രണ്ട കൂട്ടവും ചമയം കൊണ്ടറിവാൻ. ഇ എടവകയിൽ ഒള്ള നസ്രാണികളും മലയാളരും തങ്ങളിൽ ചമയം കൊണ്ടും തലമുടികൊണ്ടും കണ്ടറിവാൻ എത്തും ഭെദം ഇല്ലെന്ന ശുദ്ധമാന സൂനഹദൊസ കണ്ടിട്ട തങ്ങളിൽ ഭെദംകൊണ്ട കണ്ടറിവാൻ കല്പിക്കുന്നു. ആണങ്ങൾ ആരും ഇന്നി തൊടങ്ങി കാത കുത്തരുത എന്നും വളത്തരുത എന്നും. ഇതിന്ന എടത്തൂട ചെയ്യുന്നവരെ മെൽപട്ടക്കാരന്റെ മനസ്സിന്ന തക്കവണ്ണം കുററപ്പെടുക്കയും വെണം. കാതിൽ പൊന്ന ഇടുകയും അരുത. പൊന്ന ഇടുകിൽ പള്ളിക്ക പൊറത്ത ആക്കുകയും വെണം. കൈകസ്തൂരി പട്ടക്കാരര കൊടുക്കയും അരുത, വഴക്കം ചെവൊളം ഇപ്പൊൾ പെതങ്ങൾ അല്ലാതെ കാത ഒള്ളവക്ക കീഴിലെപ്പൊലെ വേണ്ടുന്നത കാതിൽ ഇട്ടുകൊള്ളാം.

malankaralibrary.com

## പതിനഞ്ചാം കാനോനാ.

മലംകര എല്ലാ ഞായത്തിന്നും എടത്തുട ഒര മരിയാത ഒണ്ടായിരുന്നു. അത ആയത ഈ എടവകയിലെ നസ്രാണികളിടെ ആൺ മക്കൾക്ക അനന്തരപ്പാട ഒണ്ടായിരുന്നു ഇത ആൺ മക്കൾ തന്നെ ഒള്ളെടത്ത തന്നെ അല്ല പിന്നെയൊ പെണ്ണുങ്ങൾ തന്നെ ഒള്ളെടത്ത അവൎക്ക അനന്തരപ്പാട്ടിൽ വെന്തം ഇല്ലാതെ ഇരുന്നു. കെട്ടിയ സ്ത്രീധനവും കൊണ്ട പൊയ പെണ്ണുങ്ങൾക്ക തന്നെ അല്ല അനന്തരപ്പാട ഇല്ലാഞ്ഞു. പിന്നെയൊ കെട്ടുവാനും വളരുവാനും ഇരിക്കുന്ന പെണ്ണുങ്ങൾക്കും കൂടെ അനന്തരപ്പാടിൽ വെന്തം ഇല്ലാതെ ഇരുന്നു അനേകം വലയുന്നവരും, ക്ഷയിച്ചു പൊകുന്നവരും ഒണ്ട. അവരിടെ കാൎന്നവർ ഒണ്ടാക്കിയതിനെ ആണങ്ങൾ എംകിലും അടുത്ത ചാൎന്നവര എംകിലും അടക്കി ഞായം. വസ്തു ഒടയവന്റെ പെൺമക്കൾക്ക ഏതാനും കൊടുക്കണം എന്ന ഓൎക്കുന്നും ഇല്ല. ഇത ഒക്കയും ഞായം ഒടെ മരിയാതക്കും മാൎഗ്ഗത്തിന്നും എടത്തുട ആകുന്നത. ഞായം ഒടെ മാൎഗ്ഗത്തിൽ കാൎന്നവരിടെ കടവും ധനവും ആൺമക്കൾക്കും പെൺമക്കൾക്കും ഒരുപൊലെ അത്രെ ആകുന്നത: ചാൎന്നവര ഒരുത്തരിടെ വസ്തു അടക്കിയാൽ വസ്തു നെടിയവന്റെ പെൺമക്കൾക്ക ഒക്കയും വീണ്ടുകൊടുത്തെ മതിയാവൂ. ഇതിന്ന ശുദ്ധമാന സൂനഹദൊസ പ്രമാണിക്കുന്നു. ഇത്രനാളത്തെ മരിയാത ഞായമായ മരിയാത അല്ലാ എന്ന, അടുത്ത ചാൎന്നവൎക്ക മരിക്കുന്നവൎക്ക പെൺമക്കൾ ഒണ്ടംകിൽ, തങ്ങൾക്ക ഏതും എടുത്ത അടക്കികൊള്ളരുത. അത അടക്കുകിൽ ദൊഷത്തിൽ ആകുന്നതാകുന്നു. വീണ്ടു, മരിച്ചു അവന്റെ പെൺമക്കൾക്ക, അടക്കിയ മൊതലും അതിനെക്കൊണ്ട ഒണ്ടാക്കി

malankaralibrary.com

യ ഒഭയവും കൊടുത്തെ മതിയാവു. ആൺമക്കൾ തന്നൊ കാന്നവരിടെ വസ്തു പവുത്തു കൊള്ളരുത. തങ്ങടെ പെങ്ങന്മാക്ക കൂടെ ഒപകരി കൊടുത്തെ മതിയാവു ഇവണ്ണം അല്ലാതെ ചൈകിൽ അവരും തങ്ങടെ പെങ്ങന്മാക്ക അടുത്ത ഒവകരി വീണ്ടുകൊടുത്തെ മതിയാവൂ. വസ്തു ഒണ്ടാക്കിയവൻ ഇന്നത ഇന്നാത ഇന്നാക്ക ഇത്ര എന്ന മരിക്കുമ്പൊൾ കല്പിക്കുന്നാത കൂടാതെ ഒള്ളത ഒക്കയും കൊണ്ടു ഒരുപൊലെ ഒവകരി വീണ്ടു കൊടുത്തെ മതിയാവു. കെട്ടിയ പെണ്ണുങ്ങൾക്ക കൊടുത്ത സ്ത്രീധനം മുതലും ആൺമക്കൾക്ക കച്ചവടത്തിന്ന കൊടുത്തതും കൂടെ ഒവകരിയിൽ അടങ്ങുകയും വെണം: ശുദ്ധമാന സുനഹദൊസ എല്ലാവക്കും പ്രമാണമായി കൽപിക്കുന്നു. ഇങ്ങിനെതന്നൊ യാവരിക്കണം എന്നും ഇത തങ്ങൾക്ക പ്രമാണം ആയിരിക്കണം എന്നും. തങ്ങടെ ആത്മാവിന്ന അടുത്തത ഇത ആയതിനെക്കൊണ്ടു. ഇതിന്ന എടത്തുട അടുത്ത ചാന്നവര പെൺമക്കൾക്ക അടുത്ത അനന്തരപ്പാട കൂടാതെ എംകിലും ആങ്ങങ്ങളമാര പെങ്ങന്മാക്ക ഓകരി കൊടുക്കായ്കിലും കൂടെ അടങ്ങെണ്ടുന്നാവക്ക കൊടുക്കാതെ തങ്ങൾ തന്നൊ അടക്കിയുംകൊണ്ടു ഇരിക്കിലും മെൽപട്ടക്കാരൻ പ്രാശ്ചിതങ്ങൾകൊണ്ടു അതിനെ വീണ്ടു മതിയാവു എന്നാ വരുത്തണം. ഇ കൽപനക്ക ഒത്തവണ്ണം ഇരിയാത്തവക്ക മഹറൊൻ ചൊല്ലണം. ആ മഹറൊൻ പൊക്കുവാൻ, ഇ കൽപനക്ക ഒത്തവണ്ണം ക്രിയയാലെ ഇരുന്നാ വീണ്ടുകൊടുക്കെണ്ടുന്നാവക്ക കൊടുത്തെ ഒള്ളു എന്നറിക.

### പതിനാറാം കാനോനാ.

ഇ എടവകയിലെ വസ്തുക്കൾ എപ്പെരും നസ്രാണികളിടെ മരിയാതകളും വഴിയെ കൽപിപ്പാൻ ശു

malankaralibrary.com

ഡമാന സൂനഹദൊസിന്ന അപെക്ഷ ആകുന്നു. ഇ എ ടവകയിലെ അങ്ങാടികളിലെ ഹമറാ വാണിഭം കൊ ണ്ട അനെകം കൊഴപ്പങ്ങളും കൊലയും ഒണ്ട. ഒട്ടെ റെയും എരപ്പാളികളിലും എളിയവരിലും ആകുന്നു, ഇ തിന്ന ആരും ഇവണ്ണം ആശും ചെയ്കയും അരുത. മാ പ്പിളമാരിടെ അങ്ങാടിയിൽ ഹമറാ വാണിഭം അരു തെന്ന—മാപ്പിളമാര ആശും ഇ വാണിഭം ചെയ്കയും അരുത. തങ്ങടെ സ്ഥലത്തെ രഹസ്യമായി ആക്കാനും വിപ്പാൻ ശരസിക്കയും അരുത. ഇത ചെയ്യുന്നവരെ മെല്പട്ടക്കാരന്റെറ മനസ്സിന്ന തക്കവണ്ണം കുററപ്പെട്ടുക്ക യും വെണം. ഇ കൽപനക്ക തക്കവണ്ണം ഇരിയാത്ത വരെ പ്രാശ്ചിതങ്ങളെകൊണ്ടും മഹറൊൻ വെണമെ ങ്കിൽ അത കൊണ്ടും കുററപ്പാടുകൾ വെണം. മാർഗ്ഗം അല്ലാത്തവരും മാർഗ്ഗക്കാരരും ഒരുമിച്ചു ഇരുന്നുകൊള്ളു കയും കുടിക്കയും ചെയ്യുന്നതിനെക്കൊണ്ട ഒള്ള ഒരിം പ്പാട മാററുവാനും മററും പലപല മരിയാതകൾ അ ങ്ങനത്തെ എടത്തിന്ന ഒണ്ടാകുന്നതിനെക്കൊണ്ട.

### പതിന്നേഴാം കാനോനാ.

രൂഹാദക്കുദശാ തമ്പുരാന്റെറ ശാസ്ത്രങ്ങളിൽ കൊ ള്ളുകയും വിക്കകയും ചെയ്യുന്നതിന്ന അളപ്പാനും തൂക്ക വാനും ഒള്ളത നെര അല്ലാത്തതിനെക്കൊണ്ട അത കു ററം എന്ന പഠിപ്പിക്കയും, തിന്മ ആയതിനെക്കൊണ്ട അതിനെ ഉപെക്ഷിക്കയും ചെയ്യുന്നു. എന്നാൽ മ ല കര എടവകയിൽ ഒള്ള കച്ചവടക്കാരിടെ പക്കൽ വിപ്പാനും കൊള്ളുവാനും വെവ്വെറെ തൂക്കവും അളവും ഒണ്ടെന്ന അറിഞ്ഞതിനെക്കൊണ്ട പ്രമാണിക്കുന്നു. ഓ രൊരൊ ദെശത്തെ മരിയാതക്ക തക്കവണ്ണം അത അ ത അങ്ങാടിയിൽ എല്ലാവീട്ടിലും ഒരുപൊലെ ഒള്ള അ

malankaralibrary.com

ളവും ദുഃഖവും കൊള്ളുവാനും കൊടുപ്പാനും ആവു. ഇ തിന്നു തക്കവണ്ണം (ഇരിയാത്തവക്ക വിഗാരിമാര ഇവ ണ്ണം) നടക്കണമെന്നു അറിയിക്കണം. അങ്ങിനെ അ റിയിക്കുമ്പൊൾ നടുവര വെണമെങ്കിൽ നടുവര കൂട്ടി ക്കൊള്ളണം. ഇതിനെക്കൊണ്ടും ഭെദം ഇല്ലെങ്കിൽ ഇ എടവകയിലെ നസ്രാണികൾ ഒക്കയും പള്ളിയിൽ വാഴുന്നതിനെക്കൊണ്ടു മെൽപട്ടക്കാരൻ തനിക്ക ഒ ത്തവണ്ണം കുററത്തിന്നു ഒത്തവണ്ണവും കുററപ്പെടുക്കയും വെണം. ഇതിന്നു പ്രാശ്ചിതം കൊണ്ടും മഹറൊൻ കൊണ്ടും കുററപ്പെടുത്ത അത കൊണ്ടും വ്യാപരിക്കയും വെണം,—

## പതിനെട്ടാം കാനോനാ.

ശുദ്ധമാന സൂനഹദൊസ മാർഗ്ഗത്തിലെക്ക അനെ കം മുക്ഷ്ക്കരതവും കിഴക്കെ ദിക്കിലെക്ക ഒക്കെക്കും ഒ രുവൻകത്താവും ആകുന്ന പ്രൊത്തുക്കാൽ രാജാവിനൊ ട അപെക്ഷിക്കുന്നു, ഇ മലംകര നസ്രാണികളെ ത ൻെറ കീഴിൽ വഴക്കി കൈക്കൊണ്ടുകൊള്ളണം എ ന്നു പല മലയാം രാജാക്കളിടെ കീഴ കിടക്കുന്നവക്ക ഒ ടയവനും തൊണയും വെണ്ടുവൊളം വെണം എന്നു ഒ ണ്ട. അവർ നസ്രാണികൾ ആയതിനാംപക്കം മാർ ഗ്ഗത്തിൻെറ മുഴുപ്പിന്നും വിശ്വാസത്തിന്നും വെണ്ടി മ രിച്ചെ മതിയാവുതാനും. ഇ സൂനഹദൊസ ശ്രമിക്കുന്നു. ബഹുമാനപ്പെട്ട, മെത്രാപ്പൊലീത്തായൊട സൂനഹദൊ സ അപെക്ഷിക്കുന്നു. രാജാവിന്നു ചിററാഴ്മ ചെവാൻ ഇ നസ്രാണികൾക്ക ഒള്ള അപേക്ഷ രാജാവിനോട കാട്ടണം എന്നു.

## പത്തൊൻപതാം കാനോനാ.

ഇ ശുദ്ധമാന സൂനഹദൊസിൽ കത്തൊലിക്കാ

malankaralibrary.com

വിശ്വാസംകൊണ്ടും പള്ളിയുടെ ശുദ്ധമാന ക്രുദാശകളെക്കൊണ്ടും പള്ളിയിടെ നല്ല മരിയാതകളെക്കൊണ്ടും വ്യാപരിച്ചതിനെക്കൊണ്ട പ്രമാണിക്കുന്നു. എല്ലാ പള്ളികളിലെ വിഗാരിമാര സൂനഹദൊസിലെ എഴുത്തപ്പെട്ടത ഒക്കയും പെർത്ത തന്റെറ പള്ളിക്കൽ വെക്കണം എന്ന-ഇ സൂനഹദൊസിലെത എപ്പെരും മുമ്പില്ലത്തെത കണ്ട നെരെ എഴുതി ഓരൊരൊ പൊസ്തകം മറെറല്ലാ പൊസ്തകങ്ങളൊടുംക്രൂടെ വെക്കണം എന്നും ഞാറാഴ്ച്ചതൊറും പൊരുൾപാരാത്ഥയും വെണം. പൊരുൾപാരാത്ഥ ഇല്ലാത്ത ദിവസം ഇ പൊസ്തകത്തിൽ എഴുത്തപ്പെട്ടവൃത്താൽ എതാനും ലൊകക്ക വായിക്കയും കെപ്പിക്കയും വെണം. അത കൊണ്ട എല്ലാവരും അതിലെത അറിഞ്ഞതിന തക്കവണ്ണം ഇരിപ്പാൻ. എല്ലാ വിഗാരിമാരൊടും പട്ടക്കാരരൊടും എണങ്ങരൊടും ക്രൂടെ ശുദ്ധമാന സൂനഹദൊസ തംപുരാന്റെ നാമത്താൽ ഇ സൂനഹദൊസിൽ എഴുത്തപ്പെട്ടതിന തക്കവണ്ണം തന്നാൽ തന്നാൽ ആകുംവണ്ണം ഇരിക്കണം എന്നും ഇരുത്തണം എന്നും അപെക്ഷിക്കയും പ്രമാണിക്കയും ചെയ്യുന്നു. എന്നന്നെക്കും ഇരിക്കയും വാഴുകയും ചെയ്യുന്ന ബാവായും പുത്രനും റൂഹാദക്കുദശായും മൂവരൊരുവൻ തംപുരാന്റെറ നാമത്താൽ ഇത ഒക്കയും എല്ലാവരും കൈക്കൊണ്ട അതിന്ന ഒത്തവണ്ണം ഇരിക്കും എന്ന ശുദ്ധമാന സൂനഹദൊസിന്ന അനുവാദം എന്ന ആമ്മെൻ.—

(End of Session IX)

സൂനഹദൊസിൽ എഴുത്തപ്പെട്ടത ഒക്കയും യൊഗത്തിങ്കൽ വായിച്ചതിന്റെറശെഷം എല്ലാ പള്ളികളിലും വിഗാരിമാരായി നിപ്പാൻ ഒള്ളവരിടെ പെര

malankaralibrary.com

തിരിച്ചു ഇന്നായിന്ന പള്ളിക്കൽ ഇന്നാര ഇന്നാര എന്ന വിളിച്ചു ചൊല്ലുകയും ചെയ്തു. ഇതിനെക്കൊണ്ട സൂനഹദൊസിൽ കൽപിക്കപ്പെട്ടവണ്ണം ഇ എടവക ഒക്കയുംപലപല പള്ളിഎടവകയായി പൊരുക്കയും ചെയ്തു. അത അത എടവകെടെ അരികെ മാനുഷര കൊറഞ്ഞിട്ട ഒള്ള ചെല ചെറിയ പള്ളികളെ എടവകയായി കൽപിച്ചെടത്തക്കൂടെ ചെൎക്കകയുംചെയ്തു. വിശാരിമാര നിൽപാൻ തക്ക പള്ളികൾ അല്ലായ്കകൊണ്ട അങ്ങനെ ചെയ്തതാനും. എഴുപത്തുരണ്ട വിശാരിമാരരും എഴുപത്തുരണ്ട എടവകകളും അതിന്നതിന്ന ഇന്നാതിന്ന ഇന്നാതിന്ന അകത്ത ഒട്ട ആംവണ്ണം കൽപിച്ചു വിളിക്കപ്പെട്ടുകയുംചെയ്തു. ഇവണ്ണം കൽപിച്ചു വിളിച്ചാറെ ഓരോരൊ വിശാരിമാര വന്ന മെത്രാപ്പോലീത്താടെ കൈ മുത്തുകയുംചെയ്തു. ഇത കഴിഞ്ഞാറെ ഓരോരൊ വിശാരിമാൎക്ക ഇന്നാര ഇന്നാടത്ത വിശാരി എന്നും അതിന്റെറ മരിയാതക്ക വെണ്ടുന്ന കടുദാശ്ശും കൊടുത്തു. തങ്ങടെ എടയര വിശാരിമാരെന്ന ലൊകര അറിയണം എന്നും അറിയിച്ചു. ശുദ്ധമാന സൂനഹദൊസിന്ന വിളിക്കപ്പെട്ടുന്നവര ആരും മലയാഴ്മയിലും കരുസ്സൊനിലും എഴുത്തുപെട്ട സൂനഹദൊസിൽ ഒപ്പുകുത്താതെ പൊകരുത എന്ന വഴക്കത്തിന്റെറയും മഹറൊന്റെറയും പ്രാശ്ചിത്തത്താലയും മെത്രാപ്പോലീത്താ ആലെ കൽപിക്കപ്പെട്ടു, എല്ലാവൎക്കും വായിപ്പാനും അറിവാനും തക്ക മലയാംപെച്ചിലും എഴുത്തിലും സൂനഹദൊസ എഴുത്തുപെട്ടു. സൂനഹദൊസിൽ അറിയിക്കുന്നതിൽ എത്രതാനും കൊണ്ട ആൎക്കാനും സംശയം ഒണ്ടംകിൽ വെളിച്ചമെ അറിയാത്തവര എണ്ണക്കത്തൊടുക്കൂടെ പറഞ്ഞാലും എന്ന മെത്രാപ്പോലീത്താ

malankaralibrary.com

യാലെ ചൊല്ലപ്പെട്ടുകയും ചൈതു. ഏതാനം ശെല സംശയങ്ങൾകൊണ്ട പറഞ്ഞ തെളിഞ്ഞാറെ എല്ലാവരിടെയും ഒരുപൊലെ ഒള്ള അനുവാസത്താൽ ഒക്കയും ഒപ്പുകുത്തുകയും ചൈതു. അതിന്റെറശെഷം മെത്രാപ്പോലീത്താ റാസെടെ ശമയം ശമഞ്ഞ (തെഡെയും ളാവുതാമ്മൂസം എന്നാ) തംപുരാനെ ഒത്തു സ്തുതിനമസ്കാരം ചൊല്ലുകയും ചൈതു. എല്ലാവരിടെയും സന്തൊഷത്തൊടും തെളിവൊടും കണ്ണുനീരൊടുംക്രൂടെ ഘൊഷിച്ചു പള്ളിക്ക ചുററും കൊടിയും സ്ലീവായും എടുത്ത ലത്തീനിൽ പൊകുന്നവര ലത്തീനിലും സുറിയാനിയാൽ പൊകുന്നവര സുറിയാനിയിലും ലൊകര തങ്ങൾക്ക പോകുന്ന സ്തുതിപ്പുകളും ചൊല്ലി വാദ്യങ്ങളും കുടെ പിടിപ്പിച്ചു ഓരോരൊ ഒരിംപാട്ടും സ്നെഹവുംകൊണ്ട മൂന്നു ഭാഷയിൽ, പല കാലം അപെക്ഷിച്ചു ഇരിന്നത ഒരുമിച്ചു എന്നാനൊക്കും ഇരിക്കയും വാഴുകയും ചൈയുന്ന ബാവായും പുത്രനും റൂഹാദക്കദശായും മൂവര ഒരുവൻ തംപുരാനെ സ്തുതിച്ചും കൊണ്ടാടിയും ആമ്മേൻ.

ഇങ്ങാനെ കൊടിയും സ്ലീവായും എടുത്ത പൊറപ്പെടാൻ തൊടങ്ങിയപ്പോൾ വലുതായിട്ടു മഴയും തൊടങ്ങിയ ഹെതുകൊണ്ട സൂനഹദൊസിലെതകൊണ്ട വഴിയെ തെളിയാതെ ഒള്ള ചെല തണ്യനപ്പ്രാണികൾ കാവ്യക്കെടുത്ത വഴി ഓത്ത തംപുരാന്ന തെളിവ ഒള്ളത അല്ല ഇ സൂനഹദൊസ എന്നാ പറഞ്ഞ് ആക്ഷെപിക്കയും ചൈതു. നല്ലവക്ക ഏതുംകൊണ്ട മനസ്സകെടും വൈരാഗ്യവും തൊന്നിയില്ല. മഴ പറപ്പൊളം പള്ളി അകത്ത തന്നെ കൊടിയും സ്ലീവായും പാക്കെവെണ്ടു എന്നാ അപെക്ഷിക്കയും ചൈതാർ. ആ നെരത്ത മെത്രാപ്പോലീത്താ കൊടിയും സ്ലീവായും പൊറത്ത പൊറ

malankaralibrary.com

പ്പെടട്ടെ എന്ന ചൊല്ലി. കുരിശുപള്ളിയിന്ന വാതുക്കെ പൊറത്ത പൊറപ്പെട്ടപ്പൊഴെ മഴയും പറന്നു. വഴിയെ എല്ലാവരിടെ സന്തൊഷത്തൊടും തണ്യവരിടെ ഇളിച്യത്താലയും പള്ളിക്ക ചുറവും കൊടിയും സ്ലീവായും എടുക്കയും ചൈതു. അത പ്രത്യക്ഷവും തംപുരാന്റെറ പ്രൊത്തിയും എന്നറിഞ്ഞ മനസ്സഴിഞ്ഞ ശുദ്ധമാന റൊമ്മാപ്പള്ളിയിടെ വഴക്കത്തിൽ ഒക്കയും ചൈതാർ. സൂനഹദൊസിലെത എപ്പെരും തംപുരാന്റെറ കായ്യം എന്ന നന്മ ആയത എന്നും ചൊല്ലിയത, വെളിച്ചമെ തംപുരാൻ അതിന തൊണ ചൈതമൂലം. കാവ്യരും കൂടെ ഇവണ്ണം ചൊല്ലിയാൽ. കൊടിയും സ്ലീവായും എടുത്തവന്ന അകംപൃക്കതിന്റെറശെഷം മെത്രാപ്പൊലീത്താ തന്റെറ സിംഹാസനത്തുംമ്മെൽ ഇരുന്ന സൂനഹദൊസ എന്ന യൊഗത്തൊട ഇ അവസ്ഥകൾ പറഞ്ഞു. നന്മയുടെ ഹെതുകാരൻ തമ്പുരാന്ന പെരികെ സ്തുതികൾ തരുന്നൊൻ, നമ്മൊടും നിങ്ങളൊടും ചൈത ഇ നന്മകളെക്കുറിച്ചു. ആത്മാവുകളിടെ ശത്രുക്കാരൻ ചൈത്താൻ അനെകരം "ഇ മൊടക്കങ്ങൾ" അനെകം ഇക്കൂടി വിചാരത്തിൽ പല ഊടുക്കയും ഒണ്ടാക്കിക്കൊഴപ്പിച്ചതിനെക്കൊണ്ട നസ്രാണികളാകുന്ന ലൊകരെ പള്ളിയിടെ വഴക്കത്തിന്ന നീക്കുവാൻ ശ്രമിച്ചതിനെ വഴിയെ കടന്നതിനെക്കൊണ്ട നിങ്ങൾ എല്ലാവരും കാണുംവണ്ണം അനെകം ഒരിപാടൊടും സാപതപത്തൊടും എണക്കത്തൊടുംക്കൂടെ ഇത തംപുരാൻ തന്റെറ അനുഗ്രഹത്താൽ ഒടുക്കണം എന്ന കല്പിച്ചതിനെക്കൊണ്ട പെരികെയും സ്തുതിക്കുന്നൊൻ. സ്നെഹപ്പെട്ട ജെഷ്ഠൻ അനുജന്മാരെ, നമ്മുടെ തൊണക്കാര ആകുന്ന പട്ടക്കാരരെ സ്നെഹപ്പെട്ടകയും കഴലപ്പെട്ടകയും ചൈത പുത്രർ ആകുന്ന ലൊകരെ, വഴിയെടെ ദൈഹദെണ്ഡവും

malankaralibrary.com

കാലംകൊണ്ട ഒള്ള സംകടവും പാക്കാതെ വന്നാവരെ, ശുദ്ധമാന മാതാവായ പള്ളിംഎന്നാ പട്ടങ്ങളയാലെ വഴങ്ങപ്പെട്ട ഒള്ള പുത്രരെ, നിങ്ങടെ ആത്മാവുകളിടെരക്ഷക്ക അപെക്ഷ ഒള്ളവാര, നമ്മുടെ പ്രമാണം വഴങ്ങി നിങ്ങടെ ആത്മാവുകളിടെ കഴിവുകളെക്കൊണ്ട വിചാരിപ്പാൻ വന്നാവരെ, നിങ്ങളെ നാം സ്തുതിക്കുന്നെൻ. ഇതിന്റെറ ഒപകാരം തംപുരാനാൽ പരലൊകത്തിൽ നിങ്ങൾക്ക കിട്ടും, ഇ ശുദ്ധമാന സൂനഹദൊസ നിങ്ങളെ പഠിപ്പിച്ച വെടിപ്പിനുടെ വിശ്വാസത്തിൽ ഒറെച്ചിരിക്കിലും സൂനഹദൊസിൽ കല്പിച്ചവണ്ണം നിങ്ങടെ ചീലങ്ങളെ ആക്കുകയും ചൈകിൽ. ശുദ്ധമാന കാത്തനാകൾ പ്രമാണിക്കുന്നു, സൂനഹദൊസിന്റെറ ഒട്ടുക്കത്തെ പട്ടക്കാരരെ തങ്ങടെ അമിശത്തിന തക്കതെ മെൽപ്പട്ടക്കാരൻ പറഞ്ഞ ബോധിപ്പിക്കണം എന്നാ. ഒട്ടെറെയും ഇപ്പോൾ വെണം. അത എന്നെതെ. കീഴിൽ ഇല്ലാത്തത ആകുന്നാ വിഗാരിമാര ഇപ്പൊൾ ഒണ്ടായതകൊണ്ട. എല്ലാംകൊണ്ടും കത്തനാകൾക്ക തക്കവണ്ണം ഇരിപ്പാൻ ബഹുമാനപ്പെട്ടതും സ്നെഹപ്പെട്ടതും ആയ ജെഷ്ഠൻഅനുജന്മാരാകുന്നാ പട്ടക്കാരരെ, നിങ്ങളൊടറിയിക്കുന്നൊൻ. യൊഗ്യം കൊറഞ്ഞ നമുക്ക അഹറൊൻ മേൽപട്ടക്കാരന്റെറ എടംഒണ്ട. നിങ്ങൾക്ക എലിയാസറ എന്നും ഇത്തിന്മാറ എന്നും ഒള്ള കീഴപട്ടക്കാരരിടെ എടവും ഒണ്ട. നാം പന്ത്രണ്ട ശ്ലീഹന്മാരിടെ എടത്തിലും അംമിശത്തിലും നിങ്ങൾ എഴുപത്തുരണ്ട ശിഷ്യവർഗ്ഗങ്ങളിടെ എടത്തിലും അമിശത്തിലും പെറക്കപ്പെട്ടുന്നു. വിധിപ്പിനുടെ ദിവസത്തിൽ നാം നിങ്ങടെ കണക്ക കൊടുക്കണം, നിങ്ങൾ ഇപ്പോൾ നിങ്ങൾക്ക വഴങ്ങുന്ന ലൊകരിടെയും, അന്നാ തംപുരാന്റെറ നല്ലചിറാഴ്മക്കാരരായി തംപുരാന നമ്മെ കാണ്മാൻ അതി

malankaralibrary.com

നെക്കൊണ്ട മിശിഹായാൽ സ്നേഹപ്പെട്ടവരെ നിങ്ങടെയും നമ്മുടെയും സംകടം സൂക്ഷിച്ചു കാണ്മിൻ. ഇതിനെക്കൊണ്ട നിങ്ങളൊട തംപുരാന്റെ നാമത്താൽ അറിയിക്കയും അപെക്ഷിക്കയും ചെയ്യുന്നൊൻ, ഇപ്പൊൾ നാം നിങ്ങളൊട പറയുന്നത നിങ്ങടെ ബുദ്ധിയിൽ ശരസിക്കണം എന്ന. ഒട്ടെറെയും വെണ്ടാത ഇത്തിന്ന ഒത്തവണ്ണം ഇരിക്കുന്നത.

ഒന്നാമത തംപുരാന്റെ നാമത്താൽ നിങ്ങളൊട അപെക്ഷിക്കയും അറിയിക്കയും ചെയ്യുന്നത. നിങ്ങടെ ഇരിപ്പും പെലർച്ചയും ശിക്ഷപെടണ്ടാത്തത ആയിരിക്കണം. എന്നും തംപുരാന്റെ ലൊകൎക്ക നല്ല ഇരിപ്പിന്ന സൌരഭ്യവും കൊടുക്കണമെന്നും, നിങ്ങടെ സ്ഥലത്ത പെണ്ണുങ്ങൾ ഇരിക്കയും അരുത. വെള്ളാട്ടി പെണ്ണുങ്ങളും അരുത. ഒട്ടെറയും സംശയം തൊന്നുന്ന പെണ്ണുങ്ങളൊട എറെ സംസാരിക്കയും അരുത. നിത്തലും രാ എഴുന്നൊറ്റ പള്ളിയിൽ നമസ്കാരം നമസ്കരിക്കയും വെണം. കല്പിച്ച നെരത്തും മുഴുവനായി നമസ്കാരം എത്തിക്കയും വെണം. നിങ്ങളിൽ ആരും പാതിരാതൊട്ട എത്തും തിന്നുകയും കുടിക്കയും ചെയ്യാതെ എപ്പൊഴും വെടിപ്പായി ഇരിക്കെ വെണ്ടു എന്ന. ശുദ്ധമാന കുപ്പായങ്ങളും ഇട്ട വെണം നിങ്ങൾ കുർബാന ചൈവാൻ. അനെകം എളിമയൊടും ദൈവതയൊടും പേടിയൊടുംകൂടെ കുംപസാരിച്ചെ മതിയാവു എന്ന ഒള്ള ചങ്കു ഒണ്ടെംകിൽ കുംപസാരിച്ചുംകൊണ്ടു വെണം മിശിഹാകൎത്താവിന്റെ ശരീരവും ചൊരയും കൊള്ളുവാൻ.

കല്ലിന്റെ എല്ലായിലും മീതെ വിരിക്കുന്ന ചീലയും കാസാടെ വാ മൂടുന്ന ചീലയും പഞ്ഞിയിടെ നൂൽകൊണ്ട നെയ്ത ഒള്ള ശീലകൊണ്ട അരുത. പ്രൊത്തുക്കാൽ ശീലകൊണ്ട ഒള്ളതെ ആവു. വെറെ പ്രമാ

malankaralibrary.com

ണം കൂടാതെ മററ ശീല അതിന്ന അരുത. ആ ശീലകൾ അനെകം വെടിപ്പായി ഇരിക്കയും വെണം. ഇശ്ശീലകളും ശുദ്ധമാന പാത്രങ്ങളും വെണം. നിങ്ങൾ തങ്ങടെ കൈകൾകൊണ്ട വെണം കഴുകുവാൻ. അതിന്ന വെറെ പാത്രങ്ങളും വെണം. അത കഴുകുന്ന വെള്ളം മാമ്മൊദീസാ കുഴിയിൽ എംകിലും മററ ശുദ്ധമാന എടത്തിൽ എംകിലും വെണം വീഴ്ത്തുവാൻ. വെടിപ്പു ഒള്ള തുവാലകൊണ്ട ത്രൊണൊസ മൂടുകയും വെണം. കല്ലിന്ന മീതെ മൂന്ന ശീലകൾ വെണം. കൂദാശ ചെയ്യുന്നെടത്ത ശുദ്ധമാനയവരിടെ അസ്ഥികളും വെണം. ശുദ്ധമാന വസ്തുക്കളെ ത്രൊണൊസിന്റെറ മീതെ വെക്കാവു. നിങ്ങളിടെ കുർബാനപൊസ്തകവും നമസ്കാരപൊസ്തകവും മുഴുവനായി ഇരിക്കയും വെണം. നിങ്ങടെ പള്ളികൾ കെട കൂടാതെ വഴിയെ കെട്ടിച്ചു കെടക്കയും വെണം. ത്രൊണൊസുംകൽ ശുദ്ധമാന പാത്രങ്ങളും ശീലകളും സൈത്തും തൊടുന്ന കൈകൾ കഴുകുന്ന വെള്ളം വീഴ്ത്തുവാനും, വെള്ളം അതിൽ വലിഞ്ഞ പൊവാനും തക്കവണ്ണം ഒന്ന പണിക്കയും വെണം. ചമയപ്പെട്ടിയിൽ നല്ല വെള്ളം വെടിപ്പൊടുകൂടെ വച്ചിരിപ്പാൻ ഒര പാത്രം വെണം. പട്ടക്കാരക്കും ശെഷം ത്രൊണൊസുംകൽ ചിററാഴ്മ ചെയ്യുന്നവക്കും കൈകഴുകുവാനും തൊടപ്പാനും നല്ല വെടിപ്പൊടുകൂടെ ഒരു തുവാലയും അവുടെ തൂക്കണം. പള്ളിയുടെയും മൊകമണ്ഡപത്തിന്റെറയും കതകുകൾ നല്ല ഒറപ്പു ഒള്ളത ആയിരിക്കണം, വഴിയെ അടച്ചു പൂട്ടുവാൻ. മെത്രാന്മാരിടെ അനുവാദം കൂടാതെ ലൊകര തന്നെ അപെക്ഷിക്കിലും പള്ളി ശ്രമിപ്പാൻ നിങ്ങൾ പൊകരുത. തങ്ങൾക്ക എടവകയായി കിട്ടിയ പള്ളിയെയും ഇട്ടെച്ചു മററ പള്ളിക്കൽ പൊയി നിക്കരുത. മെൽപ

malankaralibrary.com

ട്ടക്കാരന്റെറ അനുവാദം കൂടാതെ ശുദ്ധമാന കാന്തനാ കളിടെ പ്രമാണത്തിന്ന എടുത്തുട പല പള്ളികളിടെ ചൊമട ഏൾക്കരുത. ഒര എടവക മററ ഒര എടവക യിലെക്ക പവുക്കരുത. ഒര എടവക തന്റെറ പാട്ടിൽ തന്നെ നിക്കെ ആവൂ. ആരും പള്ളിക്ക പൊറത്ത കുർബാന ചെയ്യരുത. ആയുധം ആകുന്നത എതാൻമെങ്കിലും കത്തി എങ്കിലും മെയിമ്മെൽ വച്ചുംകൊണ്ട കുർബാന ചെയ്കയും അരുത. ആരും ആരാന്റെറ എടവകയിലുള്ളവൎക്ക എടവക ഒടയവന്റെറ അനുവാസം കൂടാതെ ശുദ്ധമാന കുർബാന കൊടുക്കരുത. എങ്ങാനും പെരുവഴി പൊകുമ്പൊഴ വഴിപൊക്കർ എന്ന കണ്ട കൊടുക്കയും ആം. ഒരുത്തന്റെറ എടവകയായ പള്ളിയിൽ ഒടയവന്റെറ പ്രമാണം കൂടാതെ ആ പള്ളിക്കെന്നെ കുർബാന ചെയ്കയും അരുത. കുർബാനെടെ അടവ എല്ലാവരും ഒരുപൊലെ ചെയണം. പകപ്പും കൊഴപ്പവും വരുത്തായ്യാൻ. കാസായും പാതൊറയും പൊന്നും വെള്ളിയും തുത്തനാകവും വെളുത്ത ഈയവും കൊണ്ടെ ആവു. ഇരിമ്പ കൊണ്ടും ഓട കൊണ്ടും ചെമ്പ കൊണ്ടും കുപ്പി കൊണ്ടും മരം കൊണ്ടും അരുത. പട്ടക്കാരര തങ്ങൾ തന്നെ ക്ലെശക്കാരരെ കാൺകയും പറഞ്ഞ അനുസരിപ്പിക്കയും വെണം. കുംപസാരിക്കയും വെണം. തങ്ങൾ തന്നെ ശുദ്ധമാന കുർബാന കൊടുക്കയും വെണം. ഒടുക്കത്തെ ഒപ്രുംശുമാ വെണ്ടുന്നവൎക്ക ഒപ്രുംശുമായും തങ്ങൾതന്നെ ചെയണം. ക്ലെശക്കാരരിടെ ക്ലെശം കാണ്മാൻ ചെല്ലുംപൊൾ സങ്കടത്തിന്ന ഒപ്രുംശുമാ വെണം എന്ന അവർ തങ്ങളെ അപെക്ഷിപ്പാൻ വെണ്ടുന്നത അറിയിച്ചെക്കയും വെണം. മാമ്മൊദീസാ മുങ്ങുന്നതിന്നും മററ കൂദാശകൾ ഏതാനും ചെയ്യുന്നതിന്നും ചവം അടക്കുന്നതി

malankaralibrary.com

ന്നം ഏത്തും ഉപകാരം ആരും വാങ്ങുകയും അരുത, തങ്ങടെ കുററംകൊണ്ട മാമ്മൊദീസാ മുങ്ങാതെയും കുംപസാരിക്കാതെയും കുർബാന കൈക്കൊള്ളാതെയും ആരും മരിക്കാല്വാനും. നിങ്ങളിൽ ആരും കണക്കിൽ ഏററം കൂടിയെര എന്ന തൊന്നുവാൻ തക്കവണ്ണം കുടിക്കരുത. കൂട്ടത്തിന്നും കലക്കത്തിന്നും കുററക്കാരര ആകയും അരുത. ആരും തങ്ങൾ ആയുധമായി നടക്കരുത ഫമറാവാണിഭം ഒള്ളെടത്തിന്ന നിങ്ങൾ ആരും തിൻകയും കുടിക്കരും അരുത. മാർഗ്ഗമല്ലാത്ത യൂദന്മാരിടെയും ജൊനകരിടെയും കാവ്യരെടെയും കൂടെ ഇരുന്ന യാപിക്കയും അരുത. നെരംപൊക്കിന്നാരും നായാട്ടിന്നും പറവജാതികളെക്കൊണ്ട പക്ഷികളെ പിടിപ്പിപ്പാനും പൊകരുത. ശുദ്ധമാന ശാസ്ത്രത്തിൽ എഴുത്തപ്പെട്ടതും ഏവൻഗെലിയൊനും അറിഞ്ഞവർ തന്റെറ ലൊകരിടെ ഉപകാരത്തിന്ന ഞായറാഴ്ചകളിലും പെരുന്നാളുകളിലും പൊരുൾ പറയണം. ഏരപ്പാളികളിടെയും അകുദിപരദെശികളിടെയും ശരട വാങ്ങിയവരിടെയും ക്ലെശക്കാരരിടെയും, അപ്പനമമ്മയും ഇല്ലാത്തവരിടെയും മെൽ സൂക്ഷിച്ചും ശ്രമിച്ചുംകൊൾ. അകുതിപരദെശികൾക്ക യാവ്യംകൊണ്ട മററ എല്ലാവൎക്കും പഠിപ്പാൻ തക്കവണ്ണം നീ നല്ല അനുസരിപ്പ കാട്ട. എല്ലാ ഞായറാഴ്ചക്കും കുർബാന ചെയ്യുംമുമ്പെ വെള്ളത്തിൽ ഉപ്പുകൂടി ഉറുശ്ലുമാ ചെയ്ത ലൊകൎക്ക തളിക്കണം. അതിന്ന പാത്രങ്ങൾ ഉണ്ടായിരിക്കയും വെണം. ശുദ്ധമാന പാത്രങ്ങളും ചമയങ്ങളും മാർഗ്ഗക്കാരൎക്കും അല്ലാത്തവൎക്കും പണയം വെക്കരുത, പലിശ കൊള്ളുകയും കച്ചൊടം ചെയ്കയും വകവാങ്ങുകയും അരുത. പട്ടം ഏററതിന്റെറ ശെഷം ഉണ്ടാകുന്ന വസ്തു ആൎക്കും കൊടുക്കയും അരുത.

malankaralibrary.com

പള്ളിയിട്ടെ വസ്തു ഏതും വില്ക്കയും മാറുകയും അരുത. മാമ്മൊദീസാകുഴി ഒള്ളെടത്ത അത വഴിയെവെടിപ്പാക്കികൊള്ളണം. അത ഇല്ലാത്തെടത്ത മാമ്മൊദീസാമുക്കുവാൻ തന്നെ വെടിപ്പൊടെ ഒര പാത്രം ഒണ്ടായിരിക്കണം. അത പള്ളി അകത്ത എംകിലും ചമയപ്പെരയിൽ എംകിലും യൊഗ്യം ആകുന്ന ഒര എടത്ത ഇരിക്കണം. നിന്റെറ ലൊകരെ ഒത്ത പഠിപ്പിക്കണം, ഒട്ടെറയും കിടാങ്ങൾക്ക വിശ്വാസവും വിശ്വാസത്തിന്റെറ വകുപ്പുകളും ആകാശങ്ങളിൽ ഇരിക്കുന്നാതും തംപുരാന്റെറ പ്രമാണം പത്തും, പള്ളിയിടെ പ്രമാണങ്ങളും, ആണ്ടിൽ വരുന്ന പകർച്ച നൊയമ്പ അറിയിക്കയും അൻപത നൊയമ്പ പിടിക്കുംമുമ്പെ കുംപസാരിപ്പാൻ വെണ്ടുന്നത ലൊകരൊട പറകയും വെണം. നിന്റെറ എടവകയിൽ ഒള്ളവരെ സ്നെഹത്തൊടുകൂടെ കുംപസാരിപ്പിക്കയും വെണം. മിശിഹാ പെറന്ന പെരുനാൾക്കും അൻപതാംപെരുനാൾക്കും കുർബാന കൊള്ളണം എന്ന അറിയിക്കണം. അൻപതനൊയമ്പ വീട്ടുന്ന പെരുന്നാൾക്കും കുർബാനകൊള്ളണം. കുർബാനെടെ ശക്തി അറിയുന്നാതിൽ ആരും കുർബാന കൊള്ളാതെ നിന്നപൊകാതെ സൂക്ഷിച്ചു കൊള്ളണം. വലുതായിട്ട ഒള്ള പെരുന്നാളുകളിലും നൊയമ്പിലും കെട്ടിയിരിക്കുന്നവര സ്ത്രീ വെന്തം ചെയ്യാതെ ഇരിക്കണെണം എന്നും അറിയണം. നിങ്ങളിൽ ആരും പട്ടക്കാരക്ക അടുത്ത നെറം ആകുന്ന വെള്ളപ്പും കറുപ്പും അല്ലാതെ ഒള്ള നെറം ആകുന്നാത കൊണ്ട ചമകയും അരുത, ഞൊറാഴ്ചക്കും പെരുന്നാൾക്കും കൈപ്രൊത്തി പ്രൊത്തിക്കയും അരുത എന്നും അറിയിച്ചാർ. പെണ്ണുങ്ങടെ പാട്ടും കളിയും പള്ളിക്കെന്നെ ഒണ്ടാകാതെ കാത്തുകൊള്ളുകയും വേണം. മഹറൊൻ ഒള്ളവരൊട യാവ

malankaralibrary.com

രിക്കയും അരുത, അവരിടെ മുമ്പീനാ കുർബാന ചൈ
കയും അരുത. ഒരുത്തക്ക പറഞ്ഞ ഒത്തവരെ മറ്റാ
രും കെട്ടരുത എന്നും, ചാർച്ചയിൽ കെട്ടരുത എന്നും
അപ്പന്റെറ വീട്ടിൽ നിന്ന കട്ട പുറപ്പെട്ടുന്നവര തങ്ങ
ളിൽ കെട്ടരുത എന്നും അറിയിക്കണം. പള്ളിക്കെന്നാ
വെലക്കപ്പെട്ട ദിവസങ്ങളിൽ പെങ്കെട്ട കല്യാണം ക
ഴിക്കയും മണവാളന്റെറ വീട്ടിൽ മണവാട്ടിയെ കൊ
ണ്ടുപൊകയും അരുത. കന്നുകാലികൾ മെച്ച നടക്കുന്ന
എടയരെയും പ്രൊത്തിക്കുന്ന പിള്ളെരയും കൊറഞ്ഞത
ഞാറാഴ്ചതൊറും കുർബാനക്ക വരുത്തുകയും വെണം.
തലതൊട്ടുന്നവര തങ്ങൾ തലതൊട്ടവക്ക ആകാശങ്ങളി
ൽ ഇരിക്കുന്നതും വിശ്വസിക്കുന്നതും പഠിപ്പിക്കണം
എന്ന അവരൊട അറിയിക്കണം. ശുദ്ധമാന സൈ
ത്തുകൾ പള്ളികൾ പള്ളിക്കൽ യൊഗ്യവും വിശ്വാസ
വും വെടിപ്പും ഒള്ള എടത്തിൽ വച്ച പൂട്ടുകയും വെ
ണം. അത ഔഷധമായിട്ട ആൎക്കും കൊടുക്കയും അരു
ത. അത എന്തെ. അനെകം വലിയ ദൊഷം അത.
നിങ്ങളിൽ ഒരുത്തക്ക തുൽമ്മാദ എന്ന പൊസ്തകവും
വിശ്വാസത്തിന്റെറയും പള്ളിയിടെ സ്ലൊത്താകളിടെ
അൎത്ഥവും കാസൊയിക്കാ മൽപ്പാൻമാര തിരിച്ചവ
ണ്ണം ശ്രമിച്ച ഒണ്ടാക്കിക്കൊള്ളണം. അത കൊണ്ട ത
ങ്ങൾക്കും മറ്റുള്ളവക്കും ഉപകാരവും ഒണ്ടാവാനായി
ശുദ്ധമാന സൂനഹദൊസും ശ്രമിച്ച ഒണ്ടാക്കിക്കൊള്ള
ണം. അതിലെത കൊണ്ട നിന്റെറ ലൊകരെ രക്ഷി
പ്പാനും ശുദ്ധമാന കത്തൊലിക്കാ വിശ്വാസം അതി
ൽ ഒള്ളതിനെ നിന്റെറ ലൊകരെ പഠിപ്പിപ്പാനും കു
ർബാനെടെ തൊടക്കവും സ്ലൊസാകളും ശ്ലീഹായും എവ
വൻഗാലിയും മഹൈമ്മനീന്നാനും കുർബാനയിൽ ചൊ
ല്ലുമ്പൊൾ ഒറച്ച എല്ലാവക്കും അറിവാൻ തക്കവണ്ണം

malankaralibrary.com

ചൊല്ലണം. കുർബാനയുടെ രഹസ്യം ആയ സ്ലൊസാക
ളും കൂദാശവചനങ്ങളും മെല്ലെ ക്രമത്താലെ മൊഴിതി
രിച്ചു ചൊല്ലണം. ഹല്ലലായായിലെ മൊഴികളും പള്ളി
നമസ്കാരത്തിന്റെറ മൊഴികളും വഴിയെ തിരിച്ചു ചൊ
ല്ലണം. കൂടിനമസ്കാരത്തും നെരത്ത ഏററ ചൊല്ലുന്നാ
വര ചൊല്ലികൂടിയെ തൊടങ്ങാവൂ. ഒട്ടൊട്ട ഒട്ടംഒട്ടംപൊ
ഴെ ചൊല്ലിത്തൊടങ്ങുന്ന നമസ്കാരം കൊഴയ്ക അ
ത്രെ ചെയ്യുന്നത. മാറ അത്താനാസീസ ഉണ്ടാക്കിയ
വിശ്വാസം കാണാതെ പഠിച്ചു നിത്തലും ചൊല്ലുവാൻ
ശ്രമിക്കയും വെണം. ചൈത്താൻ ക്ലെശത്തിന്ന പ്രവൃ
ത്തിപ്പാൻ ഉള്ളതും മാമ്മൊദീസാടെ അടവും ഒട്ടുക്ക
ത്തെ ഒപ്രുശുമായും മരിപ്പാൻ തൊടങ്ങുന്നവൎക്ക വെ
ണ്ടി ചൊല്ലുന്നതിന്റെറ അടവും. അന്നദായും ശുദ്ധമാ
ന കാന്തുനാകളിടെയും എല്ലാ പള്ളിയിടെ അമ്മയും
മല്പാനും ആകുന്ന ശുദ്ധമാന മാതാവായ റൊമ്മാപള്ളി
യിടെയും നെററിക്ക തക്കവണ്ണം ഉണ്ടാക്കി പെരുമാറി
ക്കൊള്ളുകയും വെണം. ഹാസാൻ ആകുന്നതിന്റെറ
അടവും പള്ളിയിടെ സവത്ത പഠിപ്പാൻ ശ്രമിച്ചുകൊ
ള്ളുകയും വെണം.

കുർബാന പൊസ്തകത്തിന്റെറയും നമസ്കാര
പൊസ്തകത്തിന്റെറയും കണക്ക കണ്ട വെണ്ടുന്നത
നൊക്കി എടുപ്പാൻ ഉള്ള കണക്കും പകർപ്പു ആയി
വരുന്ന പെരുനാളുകളിടെയും ക്യംതാടെയും കണക്കും
അറിഞ്ഞിരിക്കണം. നിങ്ങടെ പള്ളികളിൽ അതിന്ന
കൊറച്ചിൽ വരായിവാൻ എല്ലാ പുണ്യവാളരിടെ പെ
രും കണക്കും ഉള്ള പൊസ്തകം നിങ്ങടെ പക്കൽ ഉണ്ടാ
യിരിക്കണം. നിത്തലും പള്ളിക്കൊ വായിപ്പാൻ സു
റിയാനിപ്പെച്ചിൽ നിങ്ങൾക്ക പെത്ത തരുവാൻ നാം
ശ്രമിക്കുന്നതും ഉണ്ട. ഇത ഒക്കയും ചെവിൻ. അത

malankaralibrary.com

കൊണ്ടും മററു നല്ല പ്രവൃത്തികൊണ്ടും തമ്പുരാന്റെറ തൊണയാൽ നിങ്ങൾ ചെയ്യുംതാനും. അതകൊണ്ട നിങ്ങൾ കൈയാളിച്ച ലൊകക്ക്വെണ്ടി എന്നന്നെക്ക മൊള്ള മൊക്ഷം കിട്ടുവാൻ എന്നെന്നെക്കം ഇരുന്ന വാഴുന്ന ബാവാടെയും പുത്രന്റെറയും റൂഹാദക്കുദശായും മൂവര ഒരുവൻ തമ്പുരാന്റെറ മനഗുണത്താൽ ആമ്മെൻ.

ഇവണ്ണം വിഗാരിമാരൊട്ടും ശെഷം പട്ടക്കാരരൊട്ടും പറഞ്ഞ അറിയിച്ചതിന്റെറശെഷം മുടിയും നീക്കി മെത്രാപ്പോലീത്താ എഴുന്നേററ കെഴക്കൊട്ട തിരിഞ്ഞുനിന്ന കർത്താവെ ഞങ്ങളെ കെൾക്കെണമെ എന്ന സ്ലൊസാ ഒക്കയും റാസെടെ പൊസ്തകത്തിൽ എഴുത്തപെട്ടവണ്ണം ലൊകരിടെമെൽ ഉറുശ്ലേമായും ചൈത്തു. അക്തെയാക്കൊൻ ഒറച്ച ചൊല്ലി, സെപാതപത്തൊട നാം പിരികാ എന്ന. മിശിഹാടെ നാമത്താൽ ആമ്മെൻ എന്ന. ലൊകര എററ ചൊല്ലുകയും ചൈത്തു. ശുദ്ധമാന സൂനഹദൊസ മിശിഹാ പെറന്ന ആയിരത്തഞ്ഞൂററിത്തൊണ്ണൂററഒൻപതാംകാലം (മിഥുനഞായറ ഇരുപത്തി ആറാംദിവസി) ഇതിന്ന യൊഗം ക്രുടീട്ട ഒണ്ടായിരുന്നവര എണ്ണൂററിഒരുപത്തമൂന്ന നാലും അഞ്ചും ആറും പട്ടം ഒള്ള ശമ്മാശമാരക്രുടാതെ പട്ടക്കാരരുററുപത്തമൂന്ന. ഇത ക്രുടാതെയും പലര പൊറത്തുന്ന വന്ന. ഉദിയംപെരൂർനിന്ന ഇത ആയി, ആ ദെശത്ത ഒള്ളവര ഒക്കയും. ഇതക്രുടാതെ പ്രത്തുക്കാൽ പലരും ഉണ്ടായിരുന്ന. പട്ടക്കാരര ആയിട്ടും അൽമെനികളായിട്ടും. ശുദ്ധമാന സൂനഹദൊസിന്ന കല്പനകൾ മുഴുവൻ ആവാൻ ബഹുമാനപ്പെട്ട മെത്രാപ്പോലീത്താ ഒരൊരൊ വിഗാരിമാരെ അവക്ക ഓരോരൊ കർബാനക്കല്ലും, മററ ഒണ്ടായിരുന്നതിന്റെറ ക്രുദാശമെൽ ഒള്ള

malankaralibrary.com

സംശയംകൊണ്ട, അവ്വണ്ണംതന്നെ ഓരോരൊ ചെപ്പും
അതിൽ വെണ്ടുന്ന സൈത്ത വീത്തുവാൻ ഒള്ള പാത്ര
ങ്ങളും ശുദ്ധമാന സൈത്തും, എങ്ങിനെ അതകൊണ്ട
പെരുമാറെണ്ടു എന്നും, ഓരോരൊ സൂപ്പ്ലീസ എ
ന്ന കുപ്പായവും കുദാശകളെ പ്രവൃത്തിക്കുമ്പൊൾ
പെരുമാറുവാൻ ഇവിടെ പററിയ ഇ മരിയാത ഇല്ലാ
ഞ്ഞു. കുർബാനകുപ്പായങ്ങൾ ഇട്ട താൻ അത ക്രൂടാതെ
താൻ മുമ്പിൽ ചെയ്തു ഞായം.

ഇത എല്ലാം കൊടുക്കുന്നാപ്പൊൾക്രൂടെ ക്രൂടാഞ്ഞ
വിഗാരിമാക്ക വന്ന വിഗാരിമാരിടെ പക്കൽ കൊടുത്ത
യക്കയുംചെയ്തു. ചെലടത്ത പള്ളിയിടെ അററകുററം
നൊക്കുമ്പൊൾ കൊടുക്കുമാറും ആയി. തൻെറ ത
ൻെറ പ്രവൃത്തിക്ക വെണ്ടുന്നത എല്ലാവക്കും കിട്ടുക
യും ചെയ്തു. സൂന്നഹദൊസീന്ന ഏതാനും സംശയം
കൊണ്ടുവന്നവര എല്ലാം പറഞ്ഞ തെളിഞ്ഞ പൊക
യുംചെയ്തു. മെത്രാപ്പൊലീത്താ പുത്തനായിട്ട എല്ലാ
പള്ളികളിലും കാണ്മാനും സൂന്നഹദൊസിലെ കല്പന
കല്പിപ്പാനും ആയിട്ട പൊറപ്പെട്ടുകയുംചെയ്തു. അവ്വ
ണ്ണം തന്നെ എല്ലാ പള്ളികളിലും ഏറെ ദിഷ്ടതി ആകു
ന്നതിനെ കൽപിക്കയും ചെയ്തു. പള്ളികൾക്കും മററും
ചെലക്കും ഒള്ള പൊസ്തകങ്ങൾ എല്ലാം നമ്മെ ഏൽപ്പി
ക്കയും ചെയ്തു. അതിൻെറ പെണക്കങ്ങൾ എല്ലാം കു
ത്തുകയും ചെയ്തു. സൂന്നഹദൊസീന്ന വെലക്കപ്പെട്ടത
ഒടുക്കുകയും ചെയ്തു. കുംപസാരിപ്പാൻ പഠിതം ചൊ
ദിക്കയും അതിന്ന മതിയാകുന്നവക്ക പ്രമാണം എഴുതി
കൊടുക്കയും ചെയ്തു. യൊഗ്യം അല്ലാത്തവരെ കുംപസാ
രിപ്പിക്കരുത എന്ന മൊടക്കുകയുംചെയ്തു. വിഗാരിമാ
രെ കൽപിച്ചെടത്ത ആക്കി ലൊകരാൽ ഒള്ള മാസപ്പ
ടിയു ഓരൊരുത്തക്ക വെവ്വെറെ തിരിച്ച മെത്രാപ്പൊലീ

malankaralibrary.com

ത്താ കൽപിച്ചതക്രൂടെ പകൎത്ത ഒക്കയും എല്ലാ പള്ളി കളിലും എഴുതിവെക്കയുംചെയ്തു. പള്ളിപണ്ടാരങ്ങൾ തൊറന്നു വെണ്ടുന്ന പണി പണിയുമാറു കൽപിക്കയും ചെയ്തു. സൂനഹദോസിന്റെ കൾപിച്ചവണ്ണം എന്നു. അവിടെ ക്രൂടാത്ത പട്ടക്കാരരും ശെമ്മാശന്മാരും വിശ്വാസത്തുമ്മേൽ വഴങ്ങി സത്യവും ചെയ്താൻ. എ ല്ലാവരെ ഒപ്പ്രൂശുമായും ചെകയും അങ്ങാടികളിലും പൊറത്തന്നും മാമോദിസാ ക്രൂടാതെ വരുന്ന കിടാങ്ങ ളെ മാമോദിസാ മുക്കകയും ചെയ്തു. ചെലര ഒട്ടവലിയ വരും ഒണ്ടായിരുന്നു. ലോകരുടെ കാൎയ്യവും സംസാരവും കേട്ടു വിധിക്കയുംചെയ്തു. പല പല പ്രമാണങ്ങളെക്ക റിച്ച മഹറോൻ ഏററിരുന്നവരുടെ മഹറൊൻ പോ കയുംചെയ്തു. ഇതിൽ ചെലര ആയിട്ടു പന്തിരാണ്ടു. ഇനി പന്തിരാണ്ടു മഹറോൻ ഏററവരും ഒണ്ടായിരു ന്നു. കൊലകൊണ്ടു മഹറോൻഏററവരും ഏറെ. അവ രുടെ മഹറോൻ പോക്കമാറും ഇല്ലാഞ്ഞുതാനും. പള്ളി കളിൽ മലയാംഭാഷെയിൽ കിടാങ്ങൾക്ക പഠിപ്പിക്ക മാറും ആക്കി. വഴിയെ ഓത്തുപോകുന്നവർ ചുരുക്കമാ യിരുന്നു താനും. ചെലൎക്ക തങ്ങൾക്ക അൎത്ഥം അറി വാൻ വശമല്ലാതെ സുറിയാനിയിൽ ആബൂൻദവശ്ശു മായൊ പോയിരുന്നു. പള്ളികൾക്ക വെണ്ടപത്തു ഒട്ടു ആംവണ്ണംക്രൂടെ കൽപിച്ചു. ശേഷം പിന്നെ ഒണ്ടാകു വാൻ എഴുതുകയുംചെയ്തു. കാലത്തിന്ന തക്കവണ്ണം സൂനഹദോസിന്ന കൽപിച്ചത എല്ലാം ഒട്ടു ആകുംവ ണ്ണം കൽപിക്കയുംചെയ്തു. എന്നന്നൊക്കം ഇരുന്നുവാഴു ന്ന തമ്പുരാൻ മൂവരൊരുവന്റെ പെരിമയാൽ ആ മ്മീൻ.

മലങ്കര എടവകയിലെ പള്ളികൾക്ക ഒക്കെക്കും ഏറ്റും കൊറച്ചിൽവരാതെ ഒരുപോലെ യാപരിപ്പാൻ

malankaralibrary.com

ഇന്ന ദിവസത്തിൽ നൊയമ്പു നോക്കണം എന്നും ഇന്ന ദിവസത്തിൽ പെരുനാൾ കൊള്ളണം എന്നും പട്ടക്കാരര അറിഞ്ഞു തന്റെ എടവകക്കാരോട്ട അറിയിക്കണം. പട്ടക്കാരര അമിശത്തിന്നും കൽപനക്കും തക്കവണ്ണം പ്രവൃത്തിക്കുന്നതും അതുകൊണ്ടു അമ്മെനികൾ നല്ലവണ്ണം യാപരിക്കയും ചെയ്താൽ തമ്പുരാന്റെ എന്നന്നേക്കുമുള്ള മൊക്ഷം എല്ലാവർക്കും കിട്ടും. അതിന്റെശേഷം മെത്രാൻമുടിയും നീക്കി കെഴക്കോട്ടു തിരിഞ്ഞു തക്സായിൽ എഴുത്തുപെട്ട സ്ലോസായും ചൊല്ലി പടിഞ്ഞാറോട്ടു തിരിഞ്ഞ ലൊകരുടെമെൽ റുശ്മമായും ചെയ്തു. അതിന്റെശെഷം സപതപത്തൊട്ട നമുക്കു പൊക എന്ന അക്ദെയാക്കൊൻചൊല്ലി. മിശിഹാടെ നാമത്താലെ പൊക എന്ന സൂനഹദൊസുംചൊല്ലി മിശിഹാ പൊറന്നിട്ട ആയിരത്തെഞ്ഞൂററിത്തൊണ്ണൂറെറാൻപതാംകാലം വിധിന ഞായറ ഇരുപത്തഞ്ചാം ദിവസി വെള്ളിയാഴ്ചനാൾ ഇങ്ങനെ യോഗം പിരിഞ്ഞു.

INVENTORY
1.10.1981
ST. THOMAS APOSTOLIC LIBRARY KOTTAYAM SEMINARY

malankaralibrary.com

MALANKARA
LIBRARY

malankaralibrary.com